Government of Kerala

# HAND BOOK
# ON
# FARMS

Agriculture Development and Farmers' Welfare Department

FARM INFORMATION BUREAU

Government of Kerala
Agriculture Development and Farmer's Welfare

# Hand Book on Farms

**Farm Information Bureau**
Kowdiar, Thiruvananthapuram -695003
web: https://www.fibkerala.gov.in
e-mail : piofibtvm@gmail.com

*Chief Editor:*
**George Sebastian**
Principal Information Officer

*Editor*
**Bindu A.K.**
Publication Officer

*Assistant Editors*
**Vishnu S.P.**
Agricultural Officer (Media Laison)

**Al Unais A.J.**
Asst. Editor (Circulation)

**Dr. Yamuna S.**
Asst. Editor (Editorial)

*Cover page layout & design*
**Maya Santhosh**

കേരള സർക്കാർ

കൃഷി വകുപ്പ്



# സന്ദേശം

ഫാം ഇൻഫർമേഷൻ ബ്യൂറോ ' Hand book on Farms' എന്ന പേരിൽ ഒരു കൈപുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. കർഷകർക്കും പൊതുജനങ്ങൾക്കും കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ ഫാമുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ, ഓരോ ഫാമിൽ നിന്നും ലഭ്യമാകുന്ന നടീൽ വസ്തുക്കളുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ച അറിവ് നൽകുന്ന ഒരു പ്രസിദ്ധീകരണവും ഇപ്പോൾ നിലവിലില്ല. ഈ കൈപ്പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തോടെ ടി വിവരങ്ങൾ കർഷകർക്ക് എളുപ്പത്തിൽ ലഭ്യമാകും എന്ന് ഞാൻ കരുതുന്നു.

ജൈവ വൈവിധ്യങ്ങളുടെ ഒരു കലവറ കൂടിയാണ് നമ്മുടെ ഫാമുകൾ. വിവിധ ഫലവൃക്ഷങ്ങളുടെ വ്യത്യസ്ത ഇനങ്ങൾ ഫാമുകളിൽ സംരക്ഷിച്ചിട്ടുണ്ട്. പ്രസ്തുത ഇനങ്ങളുടെ ഗ്രാഫ്റ്റുകൾ, ലെയറുകൾ എന്നിവയാണ് അതാത് ഫാമുകളിൽ നിന്നും തയ്യാറാക്കി കർഷകർക്ക് വിതരണം ചെയ്യുന്നത്. ഇത്തരത്തിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

കൈപുസ്തകം തയ്യാറാക്കുന്നതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ ഉദ്യോഗസ്ഥരെയും ഞാൻ ഹാർദ്ദവമായി അഭിനന്ദിക്കുന്നു. ഈ സംരംഭത്തിന് എന്റെ എല്ലാ വിധ ആശംസകളും നേരുന്നു.

**വി.എസ്. സുനിൽകുമാർ**

കൃഷി വകുപ്പ് മന്ത്രി

കേരള സർക്കാർ

**കൃഷി വകുപ്പ്**



# സന്ദേശം

കൃഷിയ്ക്കാവശ്യമായ ഉത്പാദനോപാധികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വിത്തുകൾ/നടീൽവസ്തുക്കൾ. ഇവയുടെ ഗുണനിലവാരവും, ലഭ്യമാക്കുന്ന സമയവും വളരെ പ്രധാനപ്പെട്ടതാണ്. സംസ്ഥാനത്തെ കർഷകർക്കും പൊതുജനങ്ങൾക്കും കൃഷിചെയ്യുന്നതിനാവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ/നടീൽവസ്തുക്കൾ എന്നിവ യഥാസമയം ലഭ്യമാക്കുക എന്നതാണ് കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാമുകളുടെ പ്രധാനലക്ഷ്യം.

ഗവേഷണസ്ഥാപനങ്ങളിൽ നിന്നും പുറത്തിറക്കുന്ന നെല്ലിന്റെ പുതിയ ഇനങ്ങൾ കൃഷിവകുപ്പിന്റെ വിത്തുത്പാദനകേന്ദ്രങ്ങളിൽ വംശവർദ്ധനവ് നടത്തി കർഷകർക്ക് ലഭ്യമാക്കുന്നു. അതുപോലെ ശാസ്ത്രീയ രീതിയിൽ ശേഖരിക്കുന്ന വിത്തുതേങ്ങകൾ പാകി മുളപ്പിച്ച് ഗുണമേന്മയുള്ള തെങ്ങിൻതൈകളും കർഷകർക്ക് വിതരണം ചെയ്യുന്നു. അത്യുത്പാദന ശേഷിയുള്ള വിവിധ ഫലവൃക്ഷങ്ങളുടെ മാതൃവൃക്ഷങ്ങൾ ഫാമുകളിൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. അവയിൽ നിന്നും ഗ്രാഫ്റ്റിംഗ്, ബഡ്ഡിംഗ്, ലെയറിംഗ് തുടങ്ങിയ പ്രജനന രീതിയിലൂടെ നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. കൂടാതെ കിഴങ്ങുവർഗ്ഗവിളകൾ, അലങ്കാരച്ചെടികൾ എന്നിവയുടെ നടീൽവസ്തുക്കളും ഇവിടെ ലഭ്യമാണ്.

കൃഷിവകുപ്പ് ഫാമുകളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധവും നടീൽ വസ്തുക്കളുടെ ലഭ്യത എന്നിവ സംബന്ധിച്ച അറിവുകൾ കർഷകർക്ക് നൽകുന്നതിനു വേണ്ടിയാണ് 'Hand Book on Farms' എന്ന ഈ കൈപ്പുസ്തകം ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ തയ്യാറാക്കപ്പെട്ടിരിക്കുന്നത്. കൃഷിയെ സ്നേഹിക്കുന്ന എല്ലാവർക്കും ഇത് ഉപയോഗപ്രദമായിരിക്കുമെന്ന് ഞാൻ കരുതുന്നു.

ഈ ഉദ്യമത്തിനായി പ്രവർത്തിച്ച എല്ലാവർക്കും എന്റെ അഭിനന്ദനങ്ങൾ.

**ഇഷിതാറോയി. ഐ.എ.എസ്**

പ്രിൻസിപ്പൽ സെക്രട്ടറി & കാർഷികോത്പാദന കമ്മീഷണർ

കേരള സർക്കാർ

**കൃഷി വകുപ്പ്**



# സന്ദേശം

കർഷകർക്കും പൊതുജനങ്ങൾക്കും വിവിധ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുക എന്നതാണ് കൃഷി വകുപ്പിൻ കീഴിലുള്ള 64 ഫാമുകളുടെ പ്രാഥമിക ലക്ഷ്യം. എല്ലാത്തരം വിളകൾക്കും അനുയോജ്യമായ സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ് നമ്മുടെ മണ്ണും ഭൂപ്രകൃതിയും. ഈ സവിശേഷതകൾ കൊണ്ടുതന്നെയാണ് സംസ്ഥാനത്തെ വിവിധ കാർഷിക പാരിസ്ഥിതിക മേഖലകളായും അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായും തരംതിരിച്ചിരിക്കുന്നത്.

ഓരോ കാർഷിക പാരിസ്ഥിതിക മേഖലകൾക്ക് അനുയോജ്യമായ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനമാണ് പ്രധാനമായും കൃഷി വകുപ്പിന്റെ ഫാമുകളിൽ നടക്കുന്നത്. സംസ്ഥാനത്തുടനീളം 64 ഫാമുകളാണ് നിലവിലുള്ളത്. ഇതിൽ 9 ജില്ലാ കൃഷിത്തോട്ടങ്ങളും, 33 സംസ്ഥാന വിത്തുത്പാദന കേന്ദ്രങ്ങളും, 14 സ്പെഷ്യൽ ഫാമുകളും, 8 തെങ്ങിൻതൈ ഉത്പാദന കേന്ദ്രങ്ങളും ഉൾപ്പെടുന്നു. കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള നെൽവിത്തിനങ്ങൾ, തെങ്ങിൻതൈകൾ, പച്ചക്കറി വിത്തുകൾ/ തൈകൾ, കിഴങ്ങുവർഗ്ഗ വിളകളുടെ നടീൽ വസ്തുക്കൾ, ടിഷ്യൂകൾച്ചർ തൈകൾ എന്നിവയാണ് പ്രധാനമായും ഫാമുകളിൽ നിന്നും ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നത്. നടീൽ വസ്തുക്കളുടെ ഉത്പാദനമാണ് പ്രധാന ലക്ഷ്യമെങ്കിലും മൂല്യവർദ്ധനവും, ഫാം ടൂറിസവും പലഫാമുകളും ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ഗുണമേന്മയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലൂടെ ഫാമുകളുടെ വരുമാന വർദ്ധനവിനും കാരണമായിട്ടുണ്ട്. ഫാമുകളിൽ നിന്ന് സ്ക്വാഷ്, ജാം, ജെല്ലി, ജ്യൂസ്, കാൻഡി, ഫ്രൂട്ട് ബാർ, സിറപ്പ് തുടങ്ങിയ മൂല്യവർദ്ധിത ഉത്പന്നങ്ങളാണ് പ്രധാനമായും തയ്യാറാക്കി വിതരണം ചെയ്യുന്നത്. ഇതുകൂടാതെ സുഗന്ധ വ്യഞ്ജനങ്ങളുടെ പൗഡറുകൾ അടക്കം പ്രാഥമിക സംസ്കരണം നടത്തപ്പെട്ട ബ്രാൻഡഡ് ഉത്പന്നങ്ങളും ഫാമുകളിൽ ലഭ്യമാണ്. എല്ലാ ഫാമുകളിലും ഇന്ന് സംയോജിത കൃഷി രീതികൾ അവലംബിച്ചുകൊണ്ട്

മാതൃക സൃഷ്ടിക്കുകയാണ്. കാർഷിക വിളകൾക്കു പുറമെ പശുവളർത്തൽ, കോഴി വളർത്തൽ, ആട് വളർത്തൽ, മുയൽ വളർത്തൽ, മത്സ്യകൃഷി എന്നീ കൃഷി അനുബന്ധ പ്രവർത്തനങ്ങളും ഇന്ന് വൈവിധ്യ വത്കരണത്തിന്റെ ഭാഗമായി ഫാമുകൾ ഏറ്റെടുത്തിട്ടുണ്ട്. പൊതുജനങ്ങൾക്കും കർഷകർക്കും, വിദ്യാർത്ഥികൾക്കും ഫാമുകൾ സന്ദർശിച്ച് കൃഷി രീതികൾ പഠിക്കുന്നതിനുള്ള സൗകര്യവും നിലവിലുണ്ട്.

സംസ്ഥാനത്തെ 64 ഫാമുകളുടെയും വിവരങ്ങൾ ക്രോഡീകരിച്ചുകൊണ്ട് കൃഷി വകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയിട്ടുള്ള കൈപുസ്തകമാണ് 'Hand Book On Farms.' ഓരോ ഫാമുകളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ, പ്രധാന പ്രവർത്തനങ്ങൾ, ലഭ്യമായ നടീൽ വസ്തുക്കൾ/ ഉത്പന്നങ്ങൾ/ സേവനങ്ങൾ, ഫാമിന്റെ പ്രത്യേകതകൾ എന്നിവയെല്ലാം തന്നെ ഈ കൈപുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്.

ഇതിനുപിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ഈ അവസരത്തിൽ ഞാൻ അഭിനന്ദനം അറിയിക്കുന്നു.

**ഡോ. കെ. വാസുകി IAS**
കൃഷി ഡയറക്ടർ

# മുഖവുര

ഗുണമേന്മയുള്ള അത്യുത്പാദനശേഷിയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തിയാൽ മാത്രമേ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും അതുവഴി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുവാനും സാധിക്കൂ. ഗുണമേന്മയുള്ളതും അത്യുത്പാദന ശേഷിയുള്ളതുമായ നടീൽവസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിവിധ ഫാമുകൾ സർക്കാർ മേഖലയിൽ ആരംഭിച്ചത്. കൃഷിവകുപ്പിനു കീഴിൽ സംസ്ഥാനത്ത് 64 ഫാമുകളാണ് നിലവിലുള്ളത്. ഇതിൽ 14 സ്പെഷ്യൽ ഫാമുകളും 9 ജില്ലാ കൃഷിത്തോട്ടങ്ങളും 8 തെങ്ങിൻതൈ ഉത്പാദന കേന്ദ്രങ്ങളും 33 സംസ്ഥാന വിത്തുത്പാദനകേന്ദ്രങ്ങളും ഉൾപ്പെടുന്നു. ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതോടെ സ്പെഷ്യൽ ഫാമുകൾ ഒഴികെയുള്ള മറ്റു ഫാമുകളുടെ മേൽനോട്ടം അതാത് ജില്ലാപഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിട്ടുള്ളതാണ്.

കൃഷിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഓരോ ഫാമിലെയും ജൈവവൈവിധ്യങ്ങൾ, ഏതെല്ലാം നടീൽവസ്തുക്കളാണ് /മൂല്യവർദ്ധിത ഉത്പന്നങ്ങളാണ് ലഭ്യമാകുക തുടങ്ങിയ വിവരങ്ങൾ കർഷകർക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നതിന്, എല്ലാ ഫാമുകളിലെയും വിവരങ്ങൾ ഉൾപ്പെടുത്തി ഒരു കൈപ്പുസ്തകം തയ്യാറാക്കണമെന്ന ബഹു. കൃഷിവകുപ്പ് മന്ത്രി ശ്രീ. വി. എസ്. സുനിൽകുമാറിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് 'Handbook on Farms' എന്ന ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

കൂടാതെ കൃഷിവകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഓരോ ഫാമുകളും എവിടെ സ്ഥിതിചെയ്യുന്നു, ആയത് സ്ഥാപിച്ച വർഷം, വിസ്തീർണ്ണം തുടങ്ങിയ അടിസ്ഥാനവിവരങ്ങൾ, ഓരോ ഫാമിൽ നിന്നും ലഭ്യമാകുന്ന നടീൽവസ്തുക്കൾ, മറ്റു മൂല്യവർദ്ധിത ഉത്പന്നങ്ങൾ, കർഷകർക്കും പൊതുജനങ്ങൾക്കും ലഭ്യമാകുന്ന മറ്റു സേവനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ വിവരങ്ങളും ഈ കൈപ്പുസ്കത്തിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിച്ചിട്ടുണ്ട്. കൂടാതെ ഓരോ ഫാമിലേയും ഭാവി വികസന സാധ്യതകളും ഈ കൈപ്പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

തിരുവനന്തപുരം മുതൽ കാസറഗോഡ് വരെ ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന ഫാമുകളുടെ വിവരങ്ങൾ ജില്ല തിരിച്ച് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഓരോ ഫാമിലേയും വിവരങ്ങൾ എളുപ്പത്തിൽ കണ്ടുപിടിക്കുന്നതിന് സാധിക്കും.

സംസ്ഥാനത്തെ 64 ഫാമുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറേറ്റിന്റെ സഹകരണത്തോടെയും പരിശോധനയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ കൈപ്പുസ്തകം ഫാമുകളെ സംബന്ധിച്ച അടിസ്ഥാനവിവരശേഖരണത്തിനും, പരിഷ്കരണത്തിനും ഉതകുന്ന ഒരു മികച്ച ഗ്രന്ഥമാണ്.

ഈ കൈപ്പുസ്തകം തയ്യാറാക്കുന്നതിന് സഹകരിച്ച ഫാം ഉദ്യോഗസ്ഥർ, ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾ എന്നിവരെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു.

**ജോർജ്ജ് സെബാസ്റ്റ്യൻ**
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ
ഫാം ഇൻഫർമേഷൻ ബ്യൂറോ

# കൃതജ്ഞത

കേരളത്തിലെ കാർഷികമേഖല വിളകളുടെ വ്യത്യസ്തതയാൽ സമ്പന്നവും വൈവിധ്യമാർന്നതുമാണ്. കാലാവസ്ഥാവ്യതിയാനവും ഗുണമേന്മയുള്ള ഉത്പാദനോപാധികൾ യഥാസമയം ലഭിക്കാത്തതും മറ്റനേകം സാമൂഹ്യഘടകങ്ങളോടൊപ്പം ഈ ജൈവവൈവിധ്യത്തിന് ഭീഷണി ഉയർത്തുന്നുണ്ട്. കാർഷികോത്പാദനത്തിലെ നിർണായകമായ ഉത്പാദനോപാധിയായ നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന കൃഷിവകുപ്പിന് കീഴിൽ 64 ഫാമുകൾ സ്ഥാപിച്ചിട്ടുള്ളത്. വ്യാപകമായി കൃഷി ചെയ്യപ്പെടുന്ന വിളകളുടെ നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനുപുറമെ അതത് പ്രദേശത്തിനും മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ വിളകളുടെ നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും പ്രസ്തുത ഫാമുകളിൽ പ്രത്യേക ഊന്നൽ നൽകുന്നുണ്ട്.

നെൽവിത്ത് ഉത്പാദനത്തിന് വേണ്ടിയുള്ള 33 സംസ്ഥാന വിത്തുത്പാദന കേന്ദ്രങ്ങളും, 8 തെങ്ങിൻ തൈ ഉത്പാദനകേന്ദ്രങ്ങളും, 9 ജില്ലാകൃഷിത്തോട്ടങ്ങളും, 14 സ്പെഷ്യൽ ഫാമുകളും ചേർന്നതാണ് കൃഷിവകുപ്പിന് കീഴിലുള്ള ഈ 64 ഫാമുകൾ. ഓരോ ഫാമിലും ഏതെല്ലാം നടീൽവസ്തുക്കൾ, മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവ ലഭിക്കും, ഈ ഫാമുകൾ എവിടെ സ്ഥിതിചെയ്യുന്നു, ഇവിടേക്ക് എപ്രകാരം എത്തിച്ചേരാം എന്ന് തുടങ്ങി കർഷകർക്കാവശ്യമായ എല്ലാ വിവരങ്ങളും കർഷകർക്ക് ലഭിക്കുന്ന എല്ലാ സേവനങ്ങളും ഉൽപ്പെടുത്തി ഒരു കൈപ്പുസ്തകം തയ്യാറാക്കണമെന്ന ബഹു. കൃഷിവകുപ്പ് മന്ത്രി ശ്രീ.വി.എസ്.സുനിൽകുമാറിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഫാം ഇൻഫർമേഷൻ ബ്യൂറോ 'Handbook on Farms' എന്ന കൈപ്പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. കൈപ്പുസ്തകം തയ്യാറാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയത് കാർഷികോത്പാദന കമ്മീഷണർ ശ്രീമതി. ഇഷിതറോയ് ഐ.എ.എസ്, കൃഷിവകുപ്പ് സെക്രട്ടറി ഡോ.രത്തൻ ഖേൽക്കർ ഐ.എ.എസ്, കൃഷി ഡയറക്ടർ ഡോ.കെ.വാസുകി ഐ.എ.എസ് എന്നിവരാണ്. ഈ കൈപ്പുസ്തകം തയ്യാറാക്കുന്നതിനായി ഒരു സാങ്കേതിക സമിതി രൂപീകരിച്ചിരുന്നു. ആ സമിതിയിലെ അംഗങ്ങളുടെ ആത്മാർത്ഥമായ ശ്രമഫലമായിട്ടാണ് കൈപ്പുസ്തകം തൃപ്തികരമായി തയ്യാറാക്കാൻ കഴിഞ്ഞത്. മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയും കൈപ്പുസ്തകം തയ്യാറാക്കുന്നതിൽ സാങ്കേതികമായും സഹകരിച്ച എല്ലാ മേലുദ്യോഗസ്ഥർക്കും സമിതിഅംഗങ്ങൾക്കും കൃഷിവകുപ്പിന്റെ നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു.

**ബി. ശ്രീകുമാരി**

കൃഷി അഡീഷണൽ ഡയറക്ടർ (ഫാംസ്)

# ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾ

1. **ശ്രീകുമാരി. ബി**
   കൃഷി അഡീഷണൽ ഡയറക്ടർ, (ഫാംസ്), കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറേറ്റ്
2. **ജോർജ്ജ് സെബാസ്റ്റ്യൻ**
   പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, എഫ്. ഐ.ബി. തിരുവനന്തപുരം
3. **വി. ശിവരാമകൃഷ്ണൻ**
   കൃഷി ജോയിന്റ് ഡയറക്ടർ, (ഫാംസ്), കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറേറ്റ്
4. **സുനിൽകുമാർ ആർ**
   കൃഷി ഡെപ്യൂട്ടി ഡയറക്ടർ, എഫ്. ഐ.ബി. തിരുവനന്തപുരം
5. **ശ്രീകല. എസ്**
   എഡിറ്റർ കം പ്രസ്റിലേഷൻ ഓഫീസർ, എഫ്. ഐ.ബി. തിരുവനന്തപുരം
6. **ബിന്ദു. എ. കെ**
   പബ്ലിക്കേഷൻ ഓഫീസർ, എഫ്. ഐ.ബി. തിരുവനന്തപുരം
7. **ഡോ. എസ്. ആർ. മോഹനചന്ദ്രൻ നായർ**
   ക്യാമ്പയിൻ ഓഫീസർ എഫ്. ഐ.ബി. തിരുവനന്തപുരം
8. **ശ്രീലത. എസ്**
   കൃഷി അസിസ്റ്റന്റ് ഡയറക്ടർ (വീഡിയോ പ്രൊഡക്ഷൻ) എഫ്. ഐ.ബി. തിരുവനന്തപുരം
9. **ഡോ. വി. ശ്രീദേവി**
   എഡിറ്റർ (ഫാം ന്യൂസ്), എഫ്. ഐ.ബി. തിരുവനന്തപുരം
10. **ശ്രീ. ജോണി ജോസ്**
    സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, കോങ്ങാട്
11. **ശ്രീകുമാരി. പി. കെ**
    സീനിയർ കൃഷി ഓഫീസർ, എഫ്. ഐ.ബി. തിരുവനന്തപുരം
12. **ഡോ. അനിത. എ. വി**
    ഇൻഫർമേഷൻ ഓഫീസർ, എഫ്. ഐ.ബി. തിരുവനന്തപുരം
13. **ജോൺ ഷെറി**
    സീനിയർ കൃഷി ഓഫീസർ, എഫ്. ഐ.ബി., എറണാകുളം
14. **നിഷ പി.റ്റി**
    അസിസ്റ്റന്റ് ഡയറക്ടർ എഫ്. ഐ.ബി., കോഴിക്കോട്
15. **നിർമ്മല സിസിലി ജോർജ്ജ്**
    കൃഷി അസിസ്റ്റന്റ് ഡയറക്ടർ, (ഫാംസ്), കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറേറ്റ്
16. **രജനി റ്റി. എസ്.**
    സീനിയർ കൃഷി ഓഫീസർ, കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറേറ്റ്
17. **വിഷ്ണു. എസ്.പി.**
    കൃഷി ഓഫീസർ, എഫ്. ഐ.ബി. തിരുവനന്തപുരം
18. **അൽഉനൈസ്. എ.ജെ**
    അസിസ്റ്റന്റ് എഡിറ്റർ (സർക്കുലേഷൻ), എഫ്. ഐ.ബി. തിരുവനന്തപുരം
19. **ഡോ. യമുന എസ്**
    അസിസ്റ്റന്റ് എഡിറ്റർ (എഡിറ്റോറിയൽ), എഫ്. ഐ.ബി. തിരുവനന്തപുരം

# ഉള്ളടക്കം


| | | |
|---|---|---|
| | **തിരുവനന്തപുരം** | |
| 1 | കഴക്കൂട്ടം തെങ്ങിൻതൈ ഉത്പാദന കേന്ദ്രം | 17 |
| 2 | വലിയതുറ തെങ്ങിൻതൈ ഉത്പാദന കേന്ദ്രം | 22 |
| 3 | ഉള്ളൂർ സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 26 |
| 4 | ചിറയിൻകീഴ് സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 31 |
| 5 | പെരിങ്ങമ്മല ബനാന നഴ്സറി | 36 |
| 6 | പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടം | 44 |
| | **കൊല്ലം** | |
| 7 | കടയ്ക്കൽ സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 49 |
| 8 | അഞ്ചൽ ജില്ലാ കൃഷിത്തോട്ടം | 54 |
| 9 | കൊട്ടാരക്കര സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 63 |
| 10 | കൊട്ടാരക്കര കശുമാവിൻത്തോട്ടം | 68 |
| 11 | കരുനാഗപ്പള്ളി തെങ്ങിൻതൈ ഉത്പാദന കേന്ദ്രം | 72 |
| | **പത്തനംതിട്ട** | |
| 12 | അടൂർ സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 77 |
| 13 | പന്തളം കരിമ്പിൻതൈ ഉത്പാദന കേന്ദ്രം | 82 |
| 14 | കോന്നി മാതൃകാ ജൈവകൃഷിത്തോട്ടം | 86 |
| 15 | പുല്ലാട് സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 87 |
| | **ആലപ്പുഴ** | |
| 16 | അറുന്നൂറ്റിമംഗലം സംസ്ഥാന വിത്തുത്പാദനകേന്ദ്രം | 92 |
| 17 | മാവേലിക്കര ജില്ലാ കൃഷിത്തോട്ടം | 97 |
| 18 | വീയപുരം സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 102 |
| | **കോട്ടയം** | |
| 19 | വാലാച്ചിറ സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 107 |
| 20 | കോഴാ സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 112 |
| 21 | കോഴാ ജില്ലാ കൃഷിത്തോട്ടം | 117 |
| | **ഇടുക്കി** | |
| 22 | വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറിത്തോട്ടം | 123 |
| 23 | കരിമണ്ണൂർ സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 130 |
| 24 | അരിക്കുഴ ജില്ലാ കൃഷിത്തോട്ടം | 134 |
| | **എറണാകുളം** | |
| 25 | വൈറ്റില തെങ്ങിൻതൈ ഉത്പാദന കേന്ദ്രം | 140 |
| 26 | നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം | 144 |
| 27 | ആലുവ സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 148 |
| 28 | ഒക്കൽ സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 153 |

| | | |
|---|---|---|
| | **തൃശ്ശൂർ** | |
| 29 | നടവരമ്പ് സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 158 |
| 30 | ഇരിങ്ങാലക്കുട തെങ്ങിൻതൈ ഉത്പാദന കേന്ദ്രം | 163 |
| 31 | കോടശ്ശേരി സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 168 |
| 32 | എടത്തുരുത്തി സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 173 |
| 33 | മണ്ണുത്തി സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 179 |
| 34 | കണ്ണാറ മാതൃക ഹോർട്ടികൾച്ചർ ഫാം | 185 |
| 35 | പാണഞ്ചേരി സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 189 |
| 36 | പഴയന്നൂർ സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 194 |
| 37 | ചേലക്കര ജില്ലാ കൃഷിത്തോട്ടം | 199 |
| | **പാലക്കാട്** | |
| 38 | നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാം | 204 |
| 39 | മുതലമട സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 211 |
| 40 | ആലത്തൂർ സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 217 |
| 41 | എരുത്തിയാമ്പതി സംയോജിത വിത്തുവികസനത്തോട്ടം | 222 |
| 42 | കുന്നന്നൂർ സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 229 |
| 43 | അനങ്ങനടി സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 233 |
| 44 | പട്ടാമ്പി സെൻട്രൽ ഓർച്ചാഡ് | 237 |
| 45 | മലമ്പുഴ ഹോർട്ടിക്കൾച്ചർ ഡെവലപ്മെന്റ് ഫാം | 241 |
| 46 | കോങ്ങാട് സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 246 |
| | **മലപ്പുറം** | |
| 47 | തവനൂർ സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 250 |
| 48 | പരപ്പനങ്ങാടി നെങ്ങിൻതൈ ഉത്പാദനകേന്ദ്രം | 255 |
| 49 | ആനക്കയം സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 260 |
| 50 | ചോക്കാട് സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 263 |
| 51 | ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടം | 267 |
| 52 | മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സ് | 274 |
| | **കോഴിക്കോട്** | |
| 53 | പുതുപ്പാടി സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 280 |
| 54 | തിക്കോടി തെങ്ങിൻതൈ ഉത്പാദന കേന്ദ്രം | 284 |
| 55 | പേരാമ്പ്ര സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 288 |
| 56 | കൂത്താളി ജില്ലാ കൃഷിത്തോട്ടം | 292 |
| | **കണ്ണൂർ** | |
| 57 | പാലയാട് തെങ്ങിൻതൈ ഉത്പാദന കേന്ദ്രം | 297 |
| 58 | വേങ്ങാട് സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 302 |
| 59 | ചാലോട് കോക്കനട്ട് ഹൈബ്രിഡൈസേഷൻ കേന്ദ്രം | 307 |
| 60 | തളിപ്പറമ്പ ജില്ലാകൃഷിത്തോട്ടം | 312 |
| 61 | കാങ്കോൽ സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 321 |
| | **കാസർഗോഡ്** | |
| 62 | പുല്ലൂർ സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 325 |
| 63 | കാസർഗോഡ് സംസ്ഥാന വിത്തുത്പാദന കേന്ദ്രം | 329 |
| 64 | ആദൂർ ഗ്വാളിമുഖ കാഷ്യൂ പ്രോജനി ഓർച്ചാഡ് | 334 |

# കഴക്കൂട്ടം
# തെങ്ങിൻതൈ ഉത്പാദന കേന്ദ്രം

**കോക്കനട്ട് നഴ്സറി, കഴക്കൂട്ടം, വെട്ടുറോഡ്, കഴക്കൂട്ടം പി.ഒ.**
**തിരുവനന്തപുരം - 695 582**
**ഫോൺ:** 0471-2415656, 93834 70302
**ഇ-മെയിൽ:** cnkazhakuttom@gmail.com

തിരുവനന്തപുരം കഴക്കൂട്ടത്തുനിന്നും ആറ്റിങ്ങൽ റോഡിൽ വെട്ടുറോഡ് ജംഗ്ഷനിൽ നിന്നും 50 മീറ്റർ ദൂരത്താണ് ഫാം സ്ഥിതി ചെയ്യുന്നത്.

തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടത്ത് കേരള കൃഷി വകുപ്പിന്റെ കീഴിൽ 2.4 ഹെക്ടർ സ്ഥലത്ത് 1962 ൽ ആരംഭിച്ച കമുകിൻ തൈ ഉൽപാദന കേന്ദ്രമാണ് 1971 ൽ തെങ്ങിൻ തൈ ഉൽപാദന കേന്ദ്രമായി മാറിയത്. BMFC ക്ക് 1 ഹെക്ടറും KSTP റോഡ് വികസനത്തിന് കുറച്ച് സ്ഥലവും കൈമാറിയതിനാൽ നഴ്സറിയുടെ കൈവശം ഇപ്പോൾ 1.56 ഹെ. സ്ഥലം മാത്രമേ ഉള്ളൂ. അതിൽ തന്നെ RATTC, കഴക്കൂട്ടം കൃഷിഭവൻ, കഴക്കൂട്ടം ADA ഓഫീസ് എന്നീ സ്ഥാപനങ്ങളും ഉണ്ട്. കൃഷിയോഗ്യമായിട്ട് 1.2 ഹെ മാത്രമേ ഉള്ളൂ. തെങ്ങിൻതൈക്ക് പുറമേ പച്ചക്കറി തൈ, വിത്ത്, ടിഷ്യൂകൾച്ചർ വാഴ എന്നിവയും ഉൽപാദിപ്പിക്കുന്നു. ഇവ കൂടാതെ മുട്ടക്കോഴി വളർത്തൽ, മുയൽ വളർത്തൽ, ചകിരിചോറ് കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് എന്നിവയുടെ നിർമ്മാണവും നടത്തുന്നു.

## അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — $8.28^0$ 12.5' N
  രേഖാംശം — $76.55^0$ 51.4' E
- ജില്ല — തിരുവനന്തപുരം
- ബ്ലോക്ക് — പോത്തൻകോട്
- താലൂക്ക് — തിരുവനന്തപുരം
- കോർപ്പറേഷൻ — തിരുവനന്തപുരം
- വാർഡ് — 1

## വിസ്തീർണ്ണം

| ക്രമ. നം. | ഇനം | വിസ്തീർണ്ണം / എണ്ണം |
|---|---|---|
| 1 | ആകെ വിസ്തീർണ്ണം | 1.56 ha |
| 2 | കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | 1.2 ha |
| 3 | കൃഷിയോഗ്യമായതരിശുഭൂമി | ഇല്ല |
| 4 | നിലം | ഇല്ല |

| | | |
|---|---|---|
| 5 | കുളങ്ങൾ, മറ്റു ജലസ്രോതസ്സുകൾ | ഫിൽറ്റർ പോയിന്റ് ട്യൂബ് വെൽ - 4 എണ്ണം |
| 6 | മന്ദിരങ്ങൾ, റോഡ് | 0.36 ha |
| 7 | നഴ്സറി | 1.2 ha |

## ജൈവവൈവിധ്യം സംബന്ധിച്ച വിവരങ്ങൾ

ഫാമിൽ സംരക്ഷിക്കപ്പെട്ടിട്ടുള്ള മാതൃവൃക്ഷങ്ങളുടെയും നിലവിലുള്ള മറ്റു വിളകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സംരക്ഷിക്കുന്ന വിള | ഇനം | എണ്ണം |
|---|---|---|---|
| 1 | തെങ്ങ് | WCT | 70 |
| 2 | കമുക് (ഇടവിള) | മംഗള | 40 |
| 3 | മാവ് (ഇടവിള) | നാടൻ | 8 |
| 4 | പ്ലാവ് (ഇടവിള) | വരിക്ക | 2 |
| | - | കൂഴ | 8 |
| 5 | പുളി | | 2 |
| 6 | വാഴ | നേന്ത്രൻ | 55 |
| 7 | പച്ചക്കറി (ഇടവിള) | | 1 ഏക്കർ |
| 8 | മരച്ചീനി (ഇടവിള) | | 5 സെന്റ് |
| 9 | ചേമ്പ്, ചേന, കാച്ചിൽ, മഞ്ഞൾ, ഇഞ്ചി (ഇടവിള) | | 20 സെന്റ് |



## പ്രധാന പ്രവർത്തനങ്ങൾ / സേവനങ്ങൾ

തെങ്ങിൻ തൈ ഉൽപാദനമാണ് ഫാമിന്റെ പ്രധാന പ്രവർത്തനം. അതിനു പുറമേ കമുകിൻതൈ, പച്ചക്കറി തൈ, വിത്ത്, ടിഷ്യൂകൾച്ചർ വാഴ, പപ്പായ, ഫാഷൻഫ്രൂട്ട് തുടങ്ങിയ നടീൽ വസ്തുക്കളും ഉൽപാദിപ്പിക്കുന്നു. തെങ്ങിൻ തൈ ഉത്പാദനത്തിനാവശ്യമായ വിത്തുതേങ്ങ പ്രധാനമായും കൃഷി വകുപ്പിന്റെ കീഴിൽ കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന വിത്തു സംഭരണ യൂണിറ്റുകളാണ് നൽകുന്നത്. WCT,TXD,DXT, കുറിയ ഇനം വിത്തുതേങ്ങകളാണ് ഫെബ്രു-മാർച്ച് മാസങ്ങളിൽ ലഭിക്കുന്നത്. വിത്തുതേങ്ങ സംഭരിച്ച് വച്ചശേഷം June - July മാസങ്ങളിൽ ആണ്പാകുന്നത്. തെങ്ങിൻ തൈകൾ 2019-20 സാമ്പത്തിക വർഷത്തിൽ 32042-ഉം 2020-21 ൽ 30093 തൈകളും ഉൽപാദിപ്പിച്ച് വിതരണം ചെയ്തു.

## വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ

| | May | June | July | Aug | Sep | Oct | Nov | Dec | Jan | Feb | Mar | Apr |
|---|---|---|---|---|---|---|---|---|---|---|---|---|
| തെങ്ങ് | | | | | | | | | | | | |
| കവുങ്ങ് | | | | | | | | | | | | |
| മാവ് | | | | | | | | | | | | |
| പ്ലാവ് | | | | | | | | | | | | |
| പുളി | | | | | | | | | | | | |
| മറ്റ് വൃക്ഷങ്ങൾ | | | | | | | | | | | | |
| പച്ചക്കറി | | | | | | | | | | | | |
| വാഴ | | | | | | | | | | | | |
| മരച്ചീനി | | | | | | | | | | | | |
| ചേമ്പ്, ചേന, കാച്ചിൽ, മഞ്ഞൾ, ഇഞ്ചി | | | | | | | | | | | | |

## നിർമ്മിതികൾ

| | | |
|---|---|---|
| ഓഫീസ് കെട്ടിടം | - | 700 ച. മീ. |
| വിശ്രമമുറി | - | 500 ച. മീ. |
| പോളി ഹൗസ് | - | 500 ച. മീ. |
| പോട്ടേ നഴ്സറി | - | 110 ച. മീ. |
| ടിഷ്യൂ കൾച്ചർ ഹാർഡനിംഗ് യൂണിറ്റ് | - | 50 ച. മീ. |
| മഴമറ | - | 100 ച. മീ. |
| ട്രെയിനിംഗ് ഹാൾ | - | 700 ച. മീ. |
| സെയിൽസ് കൗണ്ടർ - 2 എണ്ണം | - | 100 ച. മീ. |

## യന്ത്രോപകരണങ്ങൾ

നാപ്സാക് സ്പ്രെയർ - 5 എണ്ണം, റോക്കർ സ്പ്രെയർ - 1 എണ്ണം, പവർ സ്പ്രെയർ - 1 എണ്ണം, ഗാർഡൻ ടില്ലർ - 1 എണ്ണം, ഇലക്ട്രിക് പമ്പ്സെറ്റ് - 4 എണ്ണം

## ജലസേചനം

ഫാമിലുള്ള 4 കുഴൽകിണറുകളിൽ നിന്നും ഹോസുപയോഗിച്ച് നനയ്ക്കുകയാണ് ചെയ്യുന്നത്.

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | അസിസ്റ്റന്റ് ഡയറക്ടർ | 1 | 1 |
| 2 | കൃഷി അസിസ്റ്റന്റ് | 1 | 1 |
| 3 | ഓഫീസ് അറ്റൻഡന്റ് | 1 | 1 |
| 4 | വാച്ച്മാൻ | 1 | 1 |

## തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമ നം | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരംതൊഴിലാളികൾ | 11 | 1 |
| എ | അനുവദിച്ചിട്ടുള്ള തസ്തികകൾ | 11 | 1 |
| ബി | നിലവിലുള്ളവ | 11 | 1 |
| സി | ഒഴിവ് | ഇല്ല | ഇല്ല |
| 2 | ദിവസവേതന തൊഴിലാളികൾ | ഇല്ല | ഇല്ല |

## മൂല്യവർദ്ധനവ്

ഫാമിൽ നിലവിൽ ജൈവവളക്കൂട്ടായ പഞ്ചഗവ്യം, കുണപജല, ഫിഷ്അമിനോ, എഗ്ഗ്അമിനോ, കയർപിത്ത് കമ്പോസ്റ്റ്, സമ്പുഷ്ടീകരിച്ച ചാണകം, മണ്ണിര കമ്പോസ്റ്റ് തുടങ്ങിയവ ഉൽപാദിപ്പിച്ച് വിതരണം നടത്തിവരുന്നു.

## ഫാം ടൂറിസം

നടീൽ വസ്തുക്കളുടെ ഉത്പാദനം, തെങ്ങിൻതൈ ഉൾപ്പെടെയുള്ളവ നടുന്നത് നിരീക്ഷിക്കുന്നതിനും യഥേഷ്ടം വാങ്ങുന്നതിനും സൗകര്യം ഒരുക്കിയിട്ടുള്ളതിനാൽ കൂടുതൽ സന്ദർശകർ ഫാമിൽ എത്തുന്നുണ്ട്.

## പ്രത്യേകതകൾ

ഫാമിന്റെ സ്ഥാനം, തെങ്ങിൻ തൈ നഴ്സറിക്ക് അനുയോജ്യമായ മണൽ പ്രദേശമാണ്. പട്ടണത്തിന്റെ ഹൃദയഭാഗത്താണ് ഫാമിന്റെ സ്ഥാനം. സാങ്കേതിക വിദ്യാർത്ഥികൾക്കും കർഷകർക്കും പരിശീലനം നൽകുന്നതിന് ഫാമിൽ അവസരമുണ്ട്.

കൂടുതൽ നടീൽ വസ്തുക്കളുടെ ഉൽപാദനം, ജൈവവളങ്ങൾ, ജൈവ കീടനാശിനികളുടെ ഉത്പാദനം എന്നിവയ്ക്ക് നല്ല സാധ്യതയാണുള്ളത്

## ഫാമിൽ നിന്നുള്ള ഉത്പന്നങ്ങൾ

| ക്രമ നം | | ഇനം | വാർഷിക ഉൽപാദനം |
|---|---|---|---|
| 1 | | നടീൽ വസ്തുക്കൾ | |
| | a | തെങ്ങിൻ തൈകൾ | 30093 |
| | b | ടിഷ്യൂകൾച്ചർ വാഴ | 7989 |
| | c | പച്ചക്കറി, പഴവർഗ്ഗസസ്യങ്ങൾ, അലങ്കാര സസ്യങ്ങൾ | 3 ലക്ഷം |
| 2 | | മൂല്യ വർദ്ധിത ഉൽപന്നങ്ങൾ | |
| | a | പഞ്ചഗവ്യം, കുണപജല, | 250 Ltr |
| | b | ഫിഷ് അമിനോ, എഗ്ഗ് അമിനോ | |
| | c | വളച്ചായ | |
| 3 | | ഉൽപന്നങ്ങൾ | |
| | a | ഫലവൃക്ഷ തൈകൾ | 25,000 No |
| | b | പച്ചക്കറി (ചീര, പയർ, പാവൽ, പടവലം, കോവൽ etc | 250kg |
| | d | പാൽ | 3600 ltr |
| | e | പച്ചക്കറി വിത്ത് | 29kg |
| | f | തേങ്ങ | 750kg |
| 4 | | മറ്റ് ഇനങ്ങൾ | |
| | a | സംപുഷ്ടീകരിച്ച ചാണകം | 25 ton |
| | b | കയർപിത്ത് കമ്പോസ്റ്റ് | 10 ton |
| | c | വെർമി കമ്പോസ്റ്റ് | 4ton |

## സംയോജിത കൃഷിരീതികൾ (IFS)

ഫാമിൽ പശു, ആട്, കോഴി, മുയൽ, തേനീച്ച, മീൻ എന്നിവയുടെ കൃഷി വിജയകരമായി നടത്തി വരുന്നു. 3 പശു, 2 കിടാവ്, 16 ആടുകൾ (കനേഡിയൻ, മലബാറി ഇനത്തിൽ) ഗിഫ്റ്റ് തിലാപ്പിയ മീനുകൾ, 10 തേനീച്ച കൂടുകൾ, വാത്ത, താറാവ്, കരിങ്കോഴി, നാടൻ കോഴി, തുടങ്ങിയവയെ വളർത്തി ലാഭകരമായി വിൽപന നടത്തുന്നു.

| ക്രമ. നം | ഇനം | എണ്ണം |
|---|---|---|
| 1 | പശു (ജഴ്സി) | 5 |
| 2 | മുയൽ (വൈറ്റ് ജയന്റ്) | 20 |
| 3 | ആട് (കനേഡിയൻ മലബാറി) | 16 |
| 4 | കരിങ്കോഴി | 10 |
| 5 | നാടൻ കോഴി | 10 |
| 6 | താറാവ് (വിഗോവ) | 15 |

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

നടീൽ വസ്തുക്കളുടെ ഉത്പാദനം, തെങ്ങിൻ തൈകളുടെ ഉത്പാദനം എന്നിവ ഇരട്ടിയാക്കിയാൽ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുമെന്നതിനാൽ ആയതിനുള്ള പദ്ധതികൾ ആലോചനയിലുണ്ട്.

# വലിയതുറ
## തെങ്ങിൻതൈ ഉത്പാദന കേന്ദ്രം

**കോക്കനട്ട് നഴ്സറി, വലിയതുറ, വള്ളക്കടവ് പി.ഒ., തിരുവനന്തപുരം - 695 009**
**ഫോൺ:** 0471-2508222, 9383 47030
**ഇ-മെയിൽ:** cnvlaiyathura@gmail.com

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിനടുത്തായാണ് നഴ്സറി സ്ഥിതി ചെയ്യുന്നത്. ഡൊമസ്റ്റിക് ടെർമിനലിന്റെ ഇടതുവശത്തുള്ള മതിലിനോടു ചേർന്ന കിടക്കുന്ന ഭാഗത്താണ് നഴ്സറി.

കൃഷിവകുപ്പിന്റെ കീഴിൽ 1951 ൽ തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ വില്ലേജിൽ സർവ്വേ നം 2609 ൽ 2 ഹെക്ടർ (5 ഏക്കർ) സ്ഥലത്താണ് വലിയതുറ കോക്കനട്ട് നഴ്സറി സ്ഥാപിതമായത്. വർഷത്തിൽ ഒന്നരലക്ഷത്തോളം അത്യുൽപാദന ശേഷിയുള്ള തെങ്ങിൻ തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്തിരുന്നു. എന്നാൽ 1995 ൽ തിരു: എയർപോർട്ട് വികസനത്തിനായി 3.5 ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുത്തു. ഇപ്പോൾ 0.57 ഹെ സ്ഥലം മാത്രമാണുള്ളത്. നഴ്സറി പ്രവർത്തിക്കുന്ന സ്ഥലവും, മണ്ണും, കാലാവസ്ഥാ പ്രത്യേകതകളും ഇവിടെ ഉൽപാദിപ്പിക്കുന്ന തെങ്ങിൻ തൈകൾക്ക് ഗുണമേന്മയും രോഗപ്രതിരോധ ശേഷിയും നൽകുന്നു.

### അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ▪ അക്ഷാംശം | 763229$^0$N |
| രേഖാംശം | 9458$^0$E |
| ▪ ജില്ല | തിരുവനന്തപുരം |
| ▪ കോർപ്പറേഷൻ | തിരുവനന്തപുരം |
| ▪ താലൂക്ക് | തിരുവനന്തപുരം |
| ▪ വാർഡ് | 88, വള്ളക്കടവ് |
| ▪ വില്ലേജ് | മുട്ടത്തറ |

### വിസ്തീർണ്ണം

| ക്രമ. നം. | ഇനം | വിസ്തീർണ്ണം / എണ്ണം |
|---|---|---|
| 1 | ആകെ വിസ്തീർണ്ണം | 0.57 ha |
| 2 | കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | 0.45 ha |
| 3 | കൃഷിയോഗ്യമായതരിശുഭൂമി | ഇല്ല |
| 4 | നെൽപ്പാടം | ഇല്ല |
| 5 | കുളങ്ങൾ, മറ്റു ജലസ്രോതസ്സുകൾ | ഫിൽറ്റർ പോയിന്റ് ട്യൂബ് വെൽ - 2 എണ്ണം |
| 6 | മന്ദിരങ്ങൾ, റോഡ് | 0.12 ha |

## ജൈവവൈവിധ്യ വിവരങ്ങൾ

| ക്രമ. നം. | വിളകൾ | ഇനം | എണ്ണം |
|---|---|---|---|
| 1 | തെങ്ങ് | WCT 25<br>കുള്ളൻ തെങ്ങ് 15 | 40 |
| 2 | മാവ് | ചാമ്പ 3<br>കോട്ടുക്കോണം 2 | 5 |
| 3 | പ്ലാവ് | കുഴ | 2 |

## പ്രധാന പ്രവർത്തനങ്ങൾ / സേവനങ്ങൾ

ഫാമിന്റെ പ്രധാന പ്രവർത്തനം തെങ്ങിൻ തൈ ഉൽപാദനമാണ്. അതോടൊപ്പം പച്ചക്കറി വിത്ത്, ടിഷ്യൂകൾച്ചർ വാഴതൈകൾ, അലങ്കാര ചെടികൾ മുതലായവയും ഉൽപാദിപ്പിച്ച് കർഷകർക്ക് നൽകിവരുന്നു.

## വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ

## നിർമ്മിതികൾ

| | | May | June | July | Aug | Sep | Oct | Nov | Dec | Jan | Feb | Mar | Apr |
|---|---|---|---|---|---|---|---|---|---|---|---|---|---|
| തെങ്ങ് 40 എണ്ണം (ഇടവിള) | | | | | | | | | | | | | |
| മാവ് 5 എണ്ണം (ഇടവിള) | | | | | | | | | | | | | |
| പ്ലാവ് - 2എണ്ണം (ഇടവിള) | | | | | | | | | | | | | |
| പച്ചക്കറി ഗ്രോബാഗ് - 200എണ്ണം | | | | | | | | | | | | | |
| വാഴ - 06 ഹെ (ഇടവിള) | | | | | | | | | | | | | |
| മരച്ചീനി - .04 ഹെ (ഇടവിള) | | | | | | | | | | | | | |
| ചേമ്പ്, ചേന, കാച്ചിൽ - .02 ഹെ | | | | | | | | | | | | | |

ഓഫീസ് കെട്ടിടം + ഷെഡ് - 500 ച. മീ.
ഗ്രീൻ ഹൗസ് - 100 ച. മീ.

## യന്ത്രോപകരണങ്ങൾ

ബ്രഷ് കട്ടർ - 1 എണ്ണം
പവർ സ്പ്രേഷർ - 1 എണ്ണം
നാപ്സാക് സ്പ്രേയർ - 1 എണ്ണം

## ജലസേചനം

ഫാമിനുള്ളിലെ 2 കുഴൽ കിണറിൽ നിന്നും പമ്പുസെറ്റുപയോഗിച്ചാണ് നഴ്സറിയിലേയ്ക്ക് ജലസേചനം നടത്തുന്നത്.

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | സീനിയർ അഗ്രികൾച്ചർ ഓഫീസർ | 1 | Additional charge |
| 2 | കൃഷി അസിസ്റ്റന്റ് | 1 | 1 |
| 3 | വാച്ച്മാൻ | 1 | |

## തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമ നം | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരംതൊഴിലാളികൾ | 4 | 1 |
| a | അനുവദിച്ചിട്ടുള്ള തസ്തികകൾ | 4 | 1 |
| b | നിലവിലുള്ളവ | 4 | 1 |
| c | ഒഴിവ് | ഇല്ല | ഇല്ല |
| 2 | ദിവസവേതന തൊഴിലാളികൾ | ഇല്ല | ഇല്ല |

## ഫാം ടൂറിസം

സ്ഥലപരിമിതി കാരണം ഫാം ടൂറിസത്തിനുള്ള സാധ്യത കുറവാണ്.

## ഫാമിൽ നിന്നുള്ള ഉത്പന്നങ്ങൾ

| ക്രമ നം | ഇനം | വാർഷിക ഉൽപാദനം (കഴിഞ്ഞവർഷം) |
|---|---|---|
| 1 | നടീൽ വസ്തുക്കൾ | |
| a | തെങ്ങിൻ തൈകൾ | 27,000 |
| b | പച്ചക്കറി തൈകൾ | 30,000 |
| c | ഫലവർഗ്ഗ സസ്യങ്ങൾ | 25,000 |
| 2 | ഉത്പന്നങ്ങൾ | |
| a | തേങ്ങ | 500 kg |
| b | മാങ്ങ | 750kg |
| c | കപ്പ, കാച്ചിൽ, ചേമ്പ്, ചേന | 750 kg |

## പ്രത്യേകതകൾ

- തെങ്ങിൻതൈ ഉൽപാദനത്തിന് അനുയോജ്യമായ മണൽ പ്രദേശം
- സ്ഥല ലഭ്യതകുറവ് നിലവിലെ ഒരു പോരായ്മയാണ്.

- കൂടുതൽ തെങ്ങിൻ തൈകളുടെ ഉൽപാദനത്തിന് സാധ്യത
- വിമാനത്താവളത്തോട് ചേർന്ന് കിടക്കുന്നതിനാൽ അതികഠിനമായ ശബ്ദവും ചൂടും. വിമാനത്താവള വികസനത്തിനായി സ്ഥലം ഏറ്റെടുക്കൽ ഭീഷണിയും ഉണ്ട്.

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

തെങ്ങിൻതൈ ഉത്പാദനം വർദ്ധിപ്പിച്ച് തലസ്ഥാന നഗരിയിലെ പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള കൂടുതൽ തെങ്ങിൻ തൈകൾ ലഭ്യമാക്കണമെന്നാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

# ഉള്ളൂർ
## സംസ്ഥാന വിത്തുത്പാദന കേന്ദ്രം

**സംസ്ഥാന വിത്തുത്പാദന കേന്ദ്രം, ഉള്ളൂർ, നാലാഞ്ചിറ പി.ഒ.**
**തിരുവനന്തപുരം**-695 015
**ഫോൺ** : 0471-2530035, 93834 70298
**ഇ-മെയിൽ**: aossfu@gmail,com

തിരുവനന്തപുരം റെയിൽവേസ്റ്റേഷനിൽ നിന്നും, തമ്പാനൂർ ബസ്സ്റ്റേഷനിൽ നിന്നും ഒൻപതു കിലോമീറ്റർ ദൂരത്തിൽ എം.സി റോഡിൽ പാണൻവിള ജംഗ്ഷനിൽ നിന്നും അര കിലോമീറ്റർ ഉള്ളിൽ കൃഷിഭവൻ ഉള്ളൂരിന് സമീപമായാണ് ഫാം സ്ഥിതിചെയ്യുന്നത്.

1962 ആണ് ഉള്ളൂർ വിത്തുത്പാദന കേന്ദ്രം സ്ഥാപിതമായത്. ഗുണ നിലവാരമുള്ള നെൽ വിത്തുകൾ ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെസ്ഥാപിച്ച ഈ ഫാം ഇപ്പോൾ നെൽ വിത്ത്കൂടാതെ, പച്ചക്കറിവിത്തുകൾ, തെങ്ങിൻ തൈകൾ, എന്നിവ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. ഇതു കൂടാതെ സർക്കാർ നിർദേശിക്കും പ്രകാരമുള്ള നടീൽവസ്തുക്കൾ ഉത്പാദിപ്പിച്ച് കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നമുണ്ട്. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് കൈമാറ്റം ചെയ്ത സ്ഥാപനമാണിത്.

### അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ▪ അക്ഷാംശം | 8.5399'N |
| രേഖാംശം | 76.9369'S |
| ▪ ജില്ല | തിരുവനന്തപുരം |
| ▪ താലൂക്ക് | തിരുവനന്തപുരം |
| ▪ കോർപ്പറേഷൻ | തിരുവനന്തപുരം |
| ▪ വാർഡ് | നാലാഞ്ചിറ |

### വിസ്തീർണ്ണം

| ക്രമ നം. | ഇനം | വിസ്തീർണ്ണം/എണ്ണം |
|---|---|---|
| 1 | ആകെവിസ്തീർണ്ണം | 7.51 ഹെക്ടർ |
| 2 | കൃഷിചെയ്യുന്ന സ്ഥലത്തിന്റെവിസ്തീർണ്ണം | 6.14 ഹെക്ടർ |
| 3 | കൃഷിയോഗ്യമായ തരിശുഭൂമി | ഇല്ല |
| 4 | നെൽപ്പാടം | 5 ഹെക്ടർ |
| 5 | മറ്റുജലാശയങ്ങൾ | Pond 45 cent |
| 7 | കുളങ്ങൾ, മറ്റുജല സ്രോതസ്സുകൾ | കിണർ |

| | | |
|---|---|---|
| 8 | വിളകൾ | |
| | നെല്ല് | 5 ഹെക്ടർ |
| | പച്ചക്കറി | 0.08 ഹെക്ടർ |
| | തെങ്ങ് | 0.40 ഹെക്ടർ |
| | കവുങ്ങ് | 0.10 ഹെക്ടർ |
| | കിഴങ്ങു വർഗ്ഗങ്ങൾ | 0.54 ഹെക്ടർ |
| | മറ്റുവിളകൾ | 0.02 ഹെക്ടർ |

## ജൈവവൈവിധ്യം സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം. | വിളകൾ | എണ്ണം |
|---|---|---|
| 1 | നെൽകൃഷി | |
| | വിരിപ്പ് | 04.50 ഹെക്ടർ |
| | മുണ്ടകൻ | 03.50 ഹെക്ടർ |
| | പുഞ്ച | 03 ഹെക്ടർ |
| 2 | പച്ചക്കറി | 0.08 ഹെക്ടർ |
| 3 | മരച്ചീനി | 0.5 ഹെക്ടർ |
| 4 | മറ്റുകിഴങ്ങുവർഗ്ഗങ്ങൾ | 0.04 ഹെക്ടർ |
| 5 | വാഴ | 0.25 ഹെക്ടർ |
| 6 | മറ്റുവിളകൾ | 0.02 ഹെക്ടർ |
| 7 | തെങ്ങ് | 0.4 ഹെക്ടർ |
| 8 | കവുങ്ങ് | 0.10 ഹെക്ടർ |



## വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ




## നിർമ്മിതികൾ

| ക്രമ നമ്പർ | ഇനം | എണ്ണം | വിസ്തീർണ്ണം |
|---|---|---|---|
| 01 | പോളിഹൗസ് | 01 | 45 ച.മീ |
| 02 | മഴമറ | 01 | 250 ച.മീ |
| 03 | ട്യൂബുലാർഷേഡ് നെറ്റ്ഹൗസ് | 03 | 100 ച.മീ |
| 04 | ഫ്ളാറ്റ്ഷേഡ് നെറ്റ്ഹൗസ് | 05 | 100 ച.മീ |

## യന്ത്രോപകരണങ്ങൾ

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 01 | ഗാർഡൻ ടില്ലർ | 01 |
| 02 | വീഡ് കട്ടർ | 02 |
| 03 | സ്പ്രേയർ | 03 |

## ജീവനക്കാരുടെ വിവരങ്ങൾ

| | തസ്തിക | അനുവദിച്ച എണ്ണം | നിലവിലെഎണ്ണം |
|---|---|---|---|
| 01 | കൃഷിഅസിസ്റ്റന്റ്ഡയറക്ടർ | 01 | 01 |
| 02 | കൃഷിഅസിസ്റ്റന്റ് | 01 | 01 |
| 03 | ക്ലാർക്ക് | 01 | 01 |
| 04 | ഓഫീസ്/അറ്റൻഡർ | 01 | 01 |
| 05 | പി ടിഎസ് | 01 | 01 |

## തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമനമ്പർ | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരംതൊഴിലാളികൾ | | |
| a | അനുവദിച്ചിട്ടുള്ള തസ്തികകൾ | 09 | 11 |
| b | നിലവിലുള്ളഎണ്ണം | 09 | 10 |
| c | ഒഴിവ് | | |
| 2 | കാഷ്വൽതൊഴിലാളികൾ | 0 | 06 |

## പ്രധാന പ്രവർത്തനങ്ങൾ / സേവനങ്ങൾ

ഗുണനിലവാരമുള്ള വിത്തുകളും തൈകളും ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം. പ്രധാനമായും നെൽ വിത്തുത്പാദനമാണ് ഈ ഫാമിൽ ചെയ്തുവരുന്നത്. ശ്രേയസ്സ്, ഉമ എന്നീ നെൽ വിത്തിനങ്ങളാണ് കൃഷി ചെയ്തുവരുന്നത്.

നാടൻ പച്ചക്കറികളുടെ വിത്തുത്പാദവും ഫാമിൽ ചെയ്തുവരുന്നുണ്ട്. പച്ചക്കറി വിത്ത് കൂടാതെ ഹൈബ്രിഡ് തൈകളും ഉത്പാദിപ്പിച്ച വിൽപ്പന നടത്താറുണ്ട്. കുള്ളൻ തെങ്ങിൻ തൈകൾ, ഫാമിൽ നിലവിലുള്ള മംഗള ഇനത്തിലുള്ള കവുങ്ങുതൈകളുടെ ഉത്പാദനം എന്നിവയും ചെയ്തുവരുന്നു.

## പ്രത്യേകതകൾ

- വേനലിലും ഉള്ള ജലലഭ്യത, ഫാമിൽ നിലവിലുള്ളകുളം, കിണർ എന്നിവ എല്ലാസീസണിലും കൃഷി സാധ്യമാക്കുന്നു.
- ഫാമിലെ വാട്ടർലെവൽ വളരെ ഉയർന്നതായതുകൊണ്ട് തന്നെ കള ശല്യം രൂക്ഷമാണ്.
- ഫാമിൽ നിലവിലുള്ള 45 സെന്റ് കുളത്തിൽ വലിയതോതിൽ മത്സ്യകൃഷി സാധ്യമാണ്.
- ചുറ്റുമുള്ള പ്രദേശങ്ങളിൽ നിന്നുംവളരെ താഴ്ന്നാണ് ഫാം സ്ഥിതിചെയ്യുന്നത് ആയതിനാൽ ശക്തമായിമഴ പെയ്താൽ ചുറ്റുമുള്ള ഏകദേശം 3 കി.മീ. ചുറ്റളവിൽ നിന്നും മഴവെള്ളം ഒലിച്ച കൃഷി സ്ഥലത്താണ് പതിക്കുന്നത് നെൽപാടം യാതൊരുവിധ മെഷിനറിയും പോലും ഇറക്കാൻ പറ്റാത്ത രീതിയിൽ ചതുപ്പ നിലമായി മാറികഴിഞ്ഞു. ആയതിനാൽ നെൽപാടത്തെ എല്ലാ ജോലികളും തൊഴിലാളികളെ ഉപയോഗിച്ച് മാത്രമേ നടത്തുവാൻ സാധിക്കുകയുള്ളു.

## ഫാമിൽ നിന്നുള്ള വസ്തുക്കളുടെ വിൽപ്പന വിവരം

**നടീൽവസ്തുക്കൾ**

| ക്രമ. നം | ഇനം | എണ്ണം / അളവ് |
|---|---|---|
| 1 | നെൽവിത്ത് | 12 ടൺ |
| 2 | പച്ചക്കറിതൈകൾ | 1,00,000 എണ്ണം |
| 3 | ഫലവൃക്ഷതൈകൾ | 45,000 എണ്ണം |
| 4 | മറ്റു വൃക്ഷത്തൈകൾ | 10,000 എണ്ണം |
| 5 | പച്ചക്കറിവിത്തുകൾ | 04 കിലോ |
| 6 | ടിഷ്യൂകൾച്ചർവാഴ | 3000 എണ്ണം |

## സംയോജിതകൃഷിരീതികൾ (IFS)

സംയോജിത കൃഷിയുടെ ഭാഗമായി ആട് വളർത്തലും, മത്സ്യകൃഷിയും ആരംഭിച്ചിട്ടുണ്ട്.നിലവിൽ ഫാമിൽ 03 കനേഡിയൻ, 04 മലബാറി എന്നീ ഇനത്തിലുള്ള ആടുകളും അവയുടെക്രോസ് ഇന ത്തിലുള്ള 07 ആട്ടിൻ കുഞ്ഞുങ്ങളും ഉണ്ട്. ഇതു കൂടാതെ തിലാപ്പിയ ഇനത്തിലുള്ള ആയിരം മീൻ കുഞ്ഞുങ്ങളെ കുളത്തിൽ വളർത്തുന്നുണ്ട്.

## വികസനത്തിനുള്ള ഭാവി പരിപാടികൾ

കള ശല്യം ഇല്ലാതാക്കുന്നതിനായി കരകൃഷി പൂർണ്ണമായും 'വീഡ് മാറ്റ്' ഉപയോഗിച്ച് കൃഷിചെയ്യു ന്നതിനും ഫാം റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിനും പദ്ധതിയുണ്ട്.

നിലവിലുള്ള ഡ്രൈനേജ് കം ഇറിഗേഷൻ ചാനൽ ആഴം കൂട്ടി കര ഭൂമിയിലുംഎല്ലാസീസണിലും കൃഷി സാധ്യമാക്കുന്നതിനുള്ള പദ്ധതിയും ഉണ്ട്.

# ചിറയിൻകീഴ്

GOK-AGRI-SSF-2

## സംസ്ഥാന വിത്തുത്പാദന കേന്ദ്രം

**സ്റ്റേറ്റ് സീഡ് ഫാം, ചിറയിൻകീഴ് പി.ഒ.**
**തിരുവനന്തപുരം - 695 304**
**ഫോൺ:** 0470-2644291, 93834 70299
**ഇ-മെയിൽ:** adassfckl@rediffmail.com

തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ നിന്ന് ചിറയിൻകീഴ് റോഡിൽ പാലക്കുന്ന് ജംഗ്ഷന് സമീപമാണ് ഫാം സ്ഥിതിചെയ്യുന്നത്. ചിറയിൻകീഴ് റെയിൽവേ സ്റ്റേഷനിൽ നിന്നും, ബസ് സ്റ്റാന്റിൽ നിന്നും രണ്ട് കിലോമീറ്റർ ദൂരം ഫാമിലേയ്ക്കുണ്ട്.

1958 ലാണ് സീഡ് ഫാം പ്രവർത്തനം ആരംഭിച്ചത്. ചിറയിൻകീഴ്, കിഴുവില്ലം ഗ്രാമപഞ്ചായത്തുകളിലായാണ് ഫാം സ്ഥിതിചെയ്യുന്നത്. കിഴുവിലം ഗ്രാമപഞ്ചായത്തിലെ വലിയേല പാടശേഖരത്തിലാണ് ഫാമിന്റെ നെല്പാടമുള്ളത്. കയറിന്റെയും കായലിന്റെയും നാടായ ചിറയിൻകീഴിൽ കർഷകർക്ക് ഏറെ പ്രയോജനം ചെയ്യുന്ന സ്ഥാപനമായി ഫാം പ്രവർത്തിച്ചുവരുന്നു.

### അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — $8.666327^0$N
  രേഖാംശം — $76.792158^0$E
- ജില്ല — തിരുവനന്തപുരം
- താലൂക്ക് — ചിറയിൻകീഴ്
- ബ്ലോക്ക് — ചിറയിൻകീഴ്
- വില്ലേജ് — കീഴുവില്ലം, ശാർക്കര
- വാർഡ് — ചിറയിൻകീഴ് പഞ്ചായത്തിലെ 7-ാം വാർഡിലും കീഴുവില്ലം പഞ്ചായത്തിലെ 19, 20 വാർഡുകളിലുമായാണ് ഫാം സ്ഥിതിചെയ്യുന്നത്

### വിസ്തീർണ്ണം

| നമ്പർ | ഇനം | വിസ്തീർണ്ണം |
|---|---|---|
| 1 | ആകെ വിസ്തീർണ്ണം | 10.60 ഹെ. |
| 2 | കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തിർണ്ണം | 10.20 ഹെ. |
| 3 | കൃഷിയോഗ്യമായ തരിശുഭൂമി | ഇല്ല |
| 4 | നെൽപ്പാടം | 8.34 ഹെ. |
| 5 | കരഭൂമി | 2.26 ഹെക്ടർ |




| | | |
|---|---|---|
| 6 | കൃഷിയോഗ്യമല്ലാത്ത തരിശ്ഭൂമി | ഇല്ല |
| 7 | കുളങ്ങൾ, മറ്റു ജലസ്രോതസ്സുകൾ | 0.3 ഹെ. |
| 8 | മന്ദിരങ്ങൾ, റോഡ് | 0.4 ഹെ. |
| 9 | അഗ്രോമെറ്റ്ഒബ്സർവേറ്ററി | 0.012 ഹെ. |
| 10 | വിളകൾ (തെങ്ങ്, കവുങ്ങ്,വൃക്ഷവിളകൾ,വാഴ, പച്ചക്കറി) | 1.048 ഹെ. |
| 11 | നഴ്സറി | 0.2 ഹെ. |
| 12 | മറ്റിനങ്ങൾ (തെങ്ങിൻതൈ നഴ്സറി ) | 0.2ഹെ. |

## ജൈവവൈവിധ്യം സംബന്ധിക്കുന്ന വിവരങ്ങൾ

| നമ്പർ | സംരക്ഷിക്കുന്ന വൃക്ഷം/ചെടികൾ | ഇനം | എണ്ണം |
|---|---|---|---|
| 1 | തെങ്ങ് | WCT | 30 |
| 2 | കവുങ്ങ് | മംഗള | 65 |
| 3 | മാവ് | നാടൻ | 6 |
| 4 | പ്ലാവ് | വരിക്ക | 4 |
| 5 | കുടംപുളി | | 2 |
| 6 | സപ്പോട്ട | | 2 |
| 7 | പേര | | 2 |
| 8 | മാതളം | | 2 |
| 9 | നാരകം | | 3 |
| 10 | റംബൂട്ടാൻ | | 1 |
| 11 | ബ്രെഡ്ഫ്രൂട്ട് | | 1 |

## ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ

1. നെൽ വിത്ത് ഉത്പാദനം- ഉമ ഇനം

## വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ

| | | May | June | July | Aug | Sep | Oct | Nov | Nov | Dec | Dec | Jan | Jan | Feb | Mar | Apr |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഒന്നാംവിളനെൽകൃഷി | ഉമ | | | | | | | | | | | | | | | |
| രാാംവിളനെൽകൃഷി | ഉമ | | | | | | | | | | | | | | | |
| പച്ചക്കറി വിത്തുത്പാദനം | പടവലം | | | | | | | | | | | | | | | |
| പച്ചക്കറി വിത്തുത്പാദനം | പയർ | | | | | | | | | | | | | | | |
| പച്ചക്കറി വിത്തുത്പാദനം | ചീര | | | | | | | | | | | | | | | |
| പച്ചക്കറി വിത്തുത്പാദനം | വെ | | | | | | | | | | | | | | | |
| പച്ചക്കറി വിത്തുത്പാദനം | വെള്ളരി | | | | | | | | | | | | | | | |
| പച്ചക്കറി വിത്തുത്പാദനം | മത്തൻ ,കുമ്പളം | | | | | | | | | | | | | | | |
| പച്ചക്കറി വിത്തുത്പാദനം | മുളക് | | | | | | | | | | | | | | | |
| ഫവല്യക്ഷതൈകൾ | | | | | | | | | | | | | | | | |

2. പച്ചക്കറി വിത്ത് ഉത്പാദനം.
3. തെങ്ങിൻതൈ ഉത്പാദനം- WCT
4. ഫലവൃക്ഷ തൈകളുടെ ഉത്പാദനം- പേര, പാഷൻഫ്രൂട്ട്, മാതളം
5. ജൈവവള ഉത്പാദനം- ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകവളം

## നിർമ്മിതികൾ

സ്പ്രിംഗ്ളർ നന- 1.5 ഹെക്ടർ, കുളം- 3, കിണർ-2, ബോർവെൽ-1, പോളി ഹൗസ് - 320m² -1 , മഴമറ - 1 (80m²), ഗ്രീൻഹൗസ് - 2 (80m²), റെയിൻഹോസ് സ്പ്രേ നന - 1.6 ഹെക്ടർ (നെൽകൃഷി), മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് - 1, സീഡ് സ്റ്റോർ - 1, പൗൾട്രി ഷെഡ് - 1, കാലിത്തൊഴുത്ത് - 1

## യന്ത്രോപകരണങ്ങൾ

ട്രാക്ടർ - 1 എണ്ണം, മെതിയന്ത്രം - 3 എണ്ണം, ഇലക്ട്രിക്ക് പമ്പ്സെറ്റ് - 4 എണ്ണം, ഡീസൽ പമ്പ് സെറ്റ് - 1 എണ്ണം, റോക്കർ സ്പ്രെയർ - 3 എണ്ണം, ബ്രഷ്കട്ടർ - 2 എണ്ണം, സ്പ്രേയർ - 5 എണ്ണം

## ജലസേചനം

ഫാമിനുള്ളിൽ തന്നെ 3 കുളങ്ങൾ, 2കിണർ, ഒരു കുഴൽകിണർ എന്നിവയുണ്ട്. ഇതിൽ നിന്നും പമ്പ് സെറ്റ് ഉപയോഗിച്ചാണ് ജലസേചനം നടത്തുന്നത്. രണ്ടാം വിള നെൽകൃഷിയ്ക്ക് റെയിൻഹോസ് സ്പ്രേ നനയും ചെയ്യുന്നുണ്ട്.

## ജീവനക്കാരുടെ വിവരങ്ങൾ

| നമ്പർ | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 1 | 1 |
| 2 | കൃഷി അസിസ്റ്റന്റ് | 1 | 1 |
| 3 | ക്ലാർക്ക്/സീനിയർ ക്ലാർക്ക് | 1 | 1 |
| 4 | മെക്കാനിക്ക് | 1 | 0 |
| 5 | പി.ടി.എസ് | 1 | 1 |

## തൊഴിലാളികളുടെ വിവരം

| നമ്പർ | തൊഴിലാളികൾ | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരം തൊഴിലാളികൾ | | |
| a | അനുവദിച്ചിട്ടുള്ള തസ്തികകൾ | 5 | 20 |
| b | നിലവിലുള്ളവ | 5 | 20 |
| c | ഒഴിവ് | 0 | 0 |
| 2 | കാഷ്വൽ തൊഴിലാളികൾ | 1 | 17 |

## മൂല്യവർദ്ധനവ്

വെളിച്ചെണ്ണ, മഞ്ഞൾപ്പൊടി, കൂവപ്പൊടി എന്നീ മൂല്യവർദ്ധിത ഉത്പന്നങ്ങൾ തയ്യാറാക്കി വിപണനം നടത്തിവരുന്നു.

## ഫാം ടൂറിസം

ഫാമിൽ നടക്കുന്ന വിത്തുത്പാദന പ്രക്രിയയും വളങ്ങൾ തയ്യാറാക്കലും നിരീക്ഷിക്കുന്നതിന് സൗകര്യം നിലവിലുണ്ട്. വിത്തുകളും വളങ്ങളും വാങ്ങുകയും ചെയ്യാവുന്നതാണ്.

## ഫാമിൽ നിന്നുള്ള ഉത്പന്നങ്ങൾ

| ക്രമ നം | ഇനം | വാർഷിക ഉത്പാദനം (കഴിഞ്ഞ വർഷം) |
|---|---|---|
| 1 | നടീൽവസ്തുകൾ | |
| | നെൽവിത്ത് | 30 ടൺ |
| | പച്ചക്കറിവിത്ത് | 75 കി.ഗ്രാം |
| | പച്ചക്കറിതൈകൾ | 1 ലക്ഷം |
| 2 | മൂല്യവർദ്ധിത ഉത്പന്നങ്ങൾ | |
| | വെളിച്ചെണ്ണ | 60 ലിറ്റർ |
| | മഞ്ഞൾപ്പൊടി | 20 കി.ഗ്രാം |
| | കൂവപ്പൊടി | 30 കി.ഗ്രാം |
| 3 | ഉത്പ്പന്നങ്ങൾ | |
| | ജൈവവളം | 20 ടൺ |
| | മണ്ണിര കമ്പോസ്റ്റ് | 2 ടൺ |
| | ഗ്രോബാഗ് | 10,000 എണ്ണം |
| | ചകിരി കമ്പോസ്റ്റ് | 5 ടൺ |
| 4 | മറ്റ് ഇനങ്ങൾ | |
| | അലങ്കാരസസ്യങ്ങൾ | 500 എണ്ണം |
| | അസോള | 50 കി.ഗ്രാം |

| | | |
|---|---|---|
| | കോഴി, താറാവ് | 400 എണ്ണം |
| | മുട്ട(കോഴി, താറാവ് ) | 2100 എണ്ണം |
| | തെങ്ങിൻതൈ | 4000 എണ്ണം |
| | ഫല വൃക്ഷതൈകൾ | 50,000 എണ്ണം |
| | ടിഷ്യൂകൾച്ചർ വാഴക്കന്നുകൾ | 10,000 എണ്ണം |

## സംയോജിത കൃഷിരീതികൾ (IFS)

നെൽകൃഷി, പുരയിടകൃഷി എന്നിവയോടൊപ്പം, കന്നുകാലികൾ, കോഴി, താറാവ്, ആട് എന്നിവയെ ഉൾപ്പെടുത്തി സംയോജിത കൃഷിയുടെ നേർക്കാഴ്ച ഒരുക്കുകയാണ് ചിറയിൻകീഴ് ഫാം. ഫാമിലെ വിവിധ ഇനത്തിപ്പെട്ട പക്ഷി മൃഗാദികളുടെ ഇനം ചുവടെ ചേർക്കുന്നു.

| മൃഗങ്ങൾ | ഇനം | എണ്ണം |
|---|---|---|
| പശു | ജഴ്സി | 1 |
| | കാസർഗോഡ് കുള്ളൻ | 1 |
| | നാടൻ | 2 |
| | ആകെ | 4 |
| ആട് | കനേഡിയൻ ഡ്വാർഫ് | 1 |
| | നാടൻ | 31 |
| | ആകെ | 32 |
| കോഴി | ഗ്രാമപ്രിയ | 100 |
| | കരിങ്കോഴി | 100 |
| | നാടൻ | 30 |
| | ആകെ | 230 |
| താറാവ് | വിഗോവ | 4 |
| | കുട്ടനാടൻ | 34 |
| | ആകെ | 38 |

## പ്രത്യേകതകൾ

- ഫാമിന്റെ സ്ഥാനം, ഫലഭൂയിഷ്ഠമായ മണ്ണ്, ജലസേചനത്തിനുള്ള അടിസ്ഥാന സൗകര്യം എന്നിവ അനുകൂല സാഹചര്യങ്ങളാണ്.
- കരഭൂമിയുടെ വിസ്തീർണ്ണക്കുറവ് ഒരു പ്രശ്നമായി നിലനിൽക്കുന്നു.
- ഗുണമേന്മയുള്ള വിത്തിന്റെയും നടീൽ വസ്തുക്കളുടെയും ആവശ്യകത ദിനംപ്രതി വർദ്ധിക്കുന്നുണ്ട് എന്നത് നല്ലൊരു സാധ്യതയാണ്.
- വേനൽക്കാലത്ത് ജലദൗർലഭ്യം, ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സ്വന്തം വാഹനത്തിന്റെ കുറവ് എന്നീ പ്രതിസന്ധികൾ പരിഹരിക്കുവാൻ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

പച്ചക്കറി വിത്തുത്പാദനവും തൈ ഉല്പാദനവും ഇരട്ടിയാക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്. ഒരു  ഹൈടെക് നഴ്സറി സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ട്. കർഷകർക്കും വിദ്യാർത്ഥികൾക്കും ഫാമിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, നെല്ലിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക, കുളങ്ങളുടെ സംരക്ഷണം മെച്ചപ്പെടുത്തുക എന്നീ പദ്ധതികളും പരിഗണനയിലുണ്ട്.

GOK-AGRI-SF-1

# പെരിങ്ങമ്മല
## ബനാന നഴ്സറി

**ബനാന ഡെവലപ്മെന്റ് ഓഫീസർ, ബനാന നഴ്സറി, പെരിങ്ങമ്മല**
**കൊച്ചുവിള പി.ഒ., തിരുവനന്തപുരം - 695 563**
**ഫോൺ:** 938347 0305,
**ഇ-മെയിൽ:** bananLanurserytvm@gmail.com

ബനാന നഴ്സറി, പെരിങ്ങമ്മല 1963 നവംബർ മാസം 11-ാം തീയതി തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല പഞ്ചായത്തിൽ പൊൻമുടി മലയുടെ അടിവാരത്തായി പ്രവർത്തനം ആരംഭിച്ചു. കേരളത്തിലെ പ്രത്യേക ഫാമുകളുടെ ഗണത്തിൽ ഇത് പെടുന്നു. ഗുണനിലവാരമുള്ള വാഴക്കന്നുകൾ കർഷകർക്ക് നൽകുന്നതിനാണ് ഈ ഫാം തുടങ്ങിയത്. നിലവിൽ വാഴക്കന്നുകൾക്ക് പുറമെ പച്ചക്കറി വിത്തുകൾ, ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകൾ, ലെയറുകൾ, തൈകൾ, വേര് പിടിപ്പിച്ച കുരുമുളക് വള്ളികൾ, ഉദ്യാനസസ്യങ്ങൾ, തെങ്ങിൻതൈ, കമുകിൻതൈ, ടിഷ്യുകൾച്ചർ വാഴതൈകൾ, പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ, വാഴക്കുല, മറ്റ് ഫലങ്ങൾ, സമ്പുഷ്ടീകരിച്ച ചാണകം, സംയോജിത കൃഷി ഉത്പന്നങ്ങളായ തേൻ, പാൽ, മുട്ട, കോഴി, താറാവ്, ആട്ടിൻകുട്ടികൾ, ശുദ്ധജലമത്സ്യം തുടങ്ങിയ വൈവിദ്ധ്യമാർന്ന ഉത്പന്നങ്ങൾ ഇവിടെ നിന്നും വിതരണം ചെയ്യുന്നുണ്ട്.

### അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — 11.3171061$^0$N
  രേഖാംശം — 76.2640775$^0$E
- ജില്ല — തിരുവനന്തപുരം
- ബ്ലോക്ക് — വാമനപുരം
- താലൂക്ക് — നെടുമങ്ങാട്
- പഞ്ചായത്ത് — പെരിങ്ങമല
- വാർഡ് — കൊച്ചുവിള

### വിസ്തീർണ്ണം

| ക്രമ നം. | ഇനം | റിമാർക്ക്സ് |
|---|---|---|
| 1 | ആകെ വിസ്തീർണ്ണം | 26.31 ഹെക്ടർ |
| 2 | കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | 22.1655 |
| 3 | കൃഷിയോഗ്യമായ തരിശുഭൂമി | 1 ഹെക്ടർ |
| 4 | കുളങ്ങൾ, മറ്റു ജലസ്രോതസ്സുകൾ | 3 എണ്ണം 0 .0545 ഹെക്ടർ |

| | | |
|---|---|---|
| 5 | മന്ദിരങ്ങൾ, റോഡ് | 3.09 ഹെക്ടർ ഓഫീസ് മന്ദിരം, ക്വാർട്ടേഴ്സ് - 5 എണ്ണം, സീഡ് സ്റ്റോർ, ട്രാക്ടർ ഷെഡ്ഡ്, വിൽപ്പന കേന്ദ്രം |
| 6 | അഗ്രോമെറ്റ് ഒബ്സർവേറ്ററി | ഇല്ല |
| 7 | വനപ്രദേശം | ഇല്ല |
| 8 | വിളകൾ (വിസ്തീർണ്ണം ഉൾപ്പെടെ) | വാഴ - 7 ഹെക്ടർ |
| | | പച്ചക്കറി - 4 ഹെക്ടർ |
| | | തെങ്ങ് - 4 ഹെക്ടർ |
| | | പ്രോജനിഓർച്ചാർഡ് - 3 ഹെക്ടർ |
| | | കിഴങ്ങുവിളകൾ - 1 ഹെക്ടർ |
| | | വിദേശഫലവർഗ്ഗത്തോട്ടം - 1 ഹെക്ടർ |
| | | കുരുമുളക് - 0 .5 ഹെക്ടർ |
| | | ആർ.എം.പി. - 0.4 ഹെക്ടർ |
| | | അലങ്കാര സസ്യത്തോട്ടം - 0.3 |
| | | കമുക് - 0.2655 ഹെക്ടർ |
| | | കശുമാവ് -0.2 ഹെക്ടർ |
| | | ജാതി - 0.2 ഹെക്ടർ |
| | | കൊക്കോ - 0.3 ഹെക്ടർ |

## നിർമ്മിതികൾ

പോളിഹൗസ് - 0.06 ഹെക്ടർ
ഷെയ്ഡ് ഹൗസ് - 0.04 ഹെക്ടർ
ഹാർഡെനിംഗ് യൂണിറ്റ് - 0.04 ഹെക്ടർ

## യന്ത്രോപകരണങ്ങൾ

1. ഡ്രില്ലിംഗ് മെഷീൻ - 1 എണ്ണം
2. ചോപ്സാ - 1 എണ്ണം
3. കട്ടിംഗ് മെഷീൻ - 1 എണ്ണം
4. ഇലക്ട്രിക്ക് ചാഫ് കട്ടർ - 1 എണ്ണം
5. സബ്മെഴ്സിബിൾ പമ്പ് സെറ്റ് - 2 എണ്ണം
6. ഗാർഡൻ ടില്ലർ - 2 എണ്ണം
7. കോക്കനട്ട് ക്ലൈബർ - 2 എണ്ണം
8. ഡീസൽ ജനറേറ്റർ - 1 എണ്ണം
9. ഡീസൽ മോട്ടോർ - 1 എണ്ണം
10. ബ്രഷ് കട്ടർ - 3 എണ്ണം

11. ഇലക്ട്രിക്ക് പമ്പ് - 30 എച്ച്.പി.- 1, 15 എച്ച്.പി.- 2, 20 എച്ച്.പി. -2
12. ട്രാക്ടർ - 1 എണ്ണം
13. കൾട്ടിവേറ്റർ - 1 എണ്ണം
14. റൊട്ടവേറ്റർ - 1 എണ്ണം
15. ട്രെയിലർ - 1 എണ്ണം
16. പോസ്റ്റ് ഹോൾ ഡിഗ്ഗർ - 1 എണ്ണം
17. മാമ്പർ പൾവറൈസർ - 1 എണ്ണം

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം. | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | ബനാന ഡെവലപ്മെന്റ് ഓഫീസർ | 1 | 1 |
| 2 | കൃഷി ഓഫീസർ | 1 | 1 |
| 3 | ക്ളാർക്ക് | 1 | 1 |
| 4 | കൃഷി അസിസ്റ്റന്റ് | 3 | 3 |
| 5 | ടൈപ്പിസ്റ്റ് | 1 | 1 |
| 6 | ഓഫീസ് അറ്റൻഡന്റ് | 2 | 2 |
| 7 | വാച്ചർ | 2 | 2 |
| 8 | ട്രാക്ടർ ഡ്രൈവർ | 1 | 1 |
| 9 | ട്രാക്ടർ ക്ളീനർ | 1 | 1 |
| 10 | പാർട്ട്ടൈം സ്വീപ്പർ | 1 | 1 |

## തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമ നം. | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരം തൊഴിലാളികൾ - 56 | | |
| a | അനുവദിച്ചിട്ടുള്ള തസ്തികകൾ | 34 | 27 |
| b | നിലവിലുള്ളവ | 25 | 31 |
| c | ഒഴിവ് | 9 | |
| 2 | കാഷ്വൽ തൊഴിലാളികൾ -71 | 11 | 60 |

## കൃഷി ചെയ്യുന്ന വിവിധ വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ

1) ചീര — ഡിസംബർ, ജനവരി മുതൽ മാർച്ച് വരെ
2) മുളക് — മെയ് - ജൂൺ
3) വഴുതന, കത്തിരി — ജൂലൈ - ആഗസ്റ്റ്
4) വെണ്ട — ഫെബ്രുവരി - മാർച്ച്, ജൂൺ - ജൂലൈ
5) മരച്ചീനി — ജൂൺ - ജൂലൈ ഒക്ടോബർ - നവംബർ

| | | |
|---|---|---|
| 6) | ചെറുകിഴങ്ങ് | ഫെബ്രുവരി - മാർച്ച് |
| 7) | നനകിഴങ്ങ് | ഫെബ്രുവരി - മാർച്ച് |
| 8) | കാച്ചിൽ | ഫെബ്രുവരി - മാർച്ച് |
| 9) | ചേന | ഫെബ്രുവരി - മാർച്ച് |
| 10) | ചേമ്പ് | ഫെബ്രുവരി - മാർച്ച് |
| 11) | മഞ്ഞൾ | ഏപ്രിൽ - മെയ് |
| 12) | ഇഞ്ചി | മെയ് |
| 13) | പാവൽ | ആഗസ്റ്റ് |
| 14) | പടവലം | ജനുവരി - മാർച്ച്, സെപ്റ്റംബർ- ഡിസംബർ |
| 15) | വെള്ളരി | നവംബർ - മാർച്ച്, ജൂൺ - സെപ്റ്റംബർ |
| 16) | മത്തൻ | ജൂൺ - സെപ്റ്റംബർ, സെപ്റ്റംബർ - ജനുവരി |
| 17) | കുമ്പളം | ജൂൺ - സെപ്റ്റംബർ |
| 18) | കഴുത്തൻ | ജൂൺ - സെപ്റ്റംബർ |
| 19) | തടിയൻ | ജൂൺ - സെപ്റ്റംബർ |
| 20) | കോവൽ | ജൂൺ - ജൂലൈ, ഫെബ്രുവരി - മാർച്ച് |
| 21) | സലാഡ് വെള്ളരി | ജൂൺ - ജൂലൈ, ഫെബ്രുവരി - മാർച്ച് |
| 22) | പയർ | സെപ്റ്റംബർ - ഡിസംബർ |
| 23) | ചതുരപ്പയർ | ജൂൺ -ജൂലൈ |
| 24) | ചോളം | ഡിസംബർ - ജനുവരി |
| 25) | വാഴകൾ | ഒക്ടോബർ - നവംബർ |



## ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ

ഈ ഫാമിലെ പ്രധാന കൃഷി വാഴയാണ്. വാണിജ്യ പ്രാധാന്യമുള്ള ഇനം വാഴകളും മറ്റ് അപൂർവ്വ ഇനത്തിൽപ്പെട്ട നാൽപ്പതോളം വാഴകളും ഇവിടെ പരിപാലിച്ചുപോരുന്നു. ഇതിന്റെ കന്നുകൾ കർഷകർക്ക് ആവശ്യാനുസരണം കൃഷി ഭവൻ വഴിയും നേരിട്ടും നൽകി വരുന്നു. കൂടാതെ പച്ചക്കറി വിത്തുകളും തൈകളും ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നു. തദ്ദേശിയവും വിദേശ ഇനത്തിൽപ്പെട്ടതുമായ നൂറിൽപരം ഫലവൃക്ഷങ്ങളുടെ ജനിതകശേഖരം ഈ ഫാമിലുണ്ട്. ഇതിൽ ഭൂരിഭാഗം ഫലവൃക്ഷങ്ങളുടെയും തൈകൾ ഉൽപാദിപ്പിച്ച് വരുന്നുണ്ട്. വേരുപിടിപ്പിച്ച കുരുമുളകു വള്ളികളും വിവിധ തരത്തിലുള്ള കിഴങ്ങു വർഗ്ഗവിളകളും ഇവിടെ കൃഷി ചെയ്ത് വിതരണം ചെയ്തു വരുന്നു. സംയോജിത കൃഷി രീതിയുടെ ഭാഗമായി പശു, ആട്, കോഴി, താറാവ്, മത്സ്യം, തേനീച്ച എന്നിവയും ഇവിടെ പരിപാലിച്ച് പോരുന്നു.

## പ്രത്യേകതകൾ

ഫലഭൂയിഷ്ഠമായ വനമണ്ണ് ഇവിടുത്തെ കൃഷിക്ക് അനുയോജ്യമാണ്. ശരാശരി 3000 മില്ലിമീറ്റർ മഴ ഒരു വർഷം ലഭിക്കുന്നു. വർഷത്തിൽ രണ്ട് മാസം മാത്രമാണ് വരൾച്ച അനുഭവപ്പെടുന്നത്. ആവശ്യത്തിന് തൊഴിലാളികൾ ഇപ്പോൾ ഫാമിൽ ലഭ്യമാണ്. ജലസേചനത്തിനാവശ്യമായ വെള്ളം ചിറ്റാറിൽ നിന്നും ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ആവശ്യമായ ജലസേചന നിർഗ്ഗമന മാർഗ്ഗങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

ഫാമിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ സമയബന്ധിതമായി വിറ്റഴിക്കുന്നതിന് മതിയായ സൗകര്യങ്ങൾ ഇല്ലാത്തത് ഈ ഫാമിന്റെ ഒരു പോരായ്മയാണ്. നെടുമങ്ങാട് കാർഷികമൊത്ത വ്യാപാര വിപണിയിലാണ് ഉത്പന്നങ്ങൾ വിൽക്കുന്നുണ്ട്. കൂടാതെ ഫാമിന്റെ തന്നെ വിതരണ കേന്ദ്രത്തിൽ നിന്നും സാധനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. ആന, പന്നി, മാൻ, കുരങ്ങ്, തുടങ്ങിയ വന്യജീവികളുടെ ആക്രമണത്തിൽ കൃഷിനാശം നിത്യസംഭവമാണ്. വന്യജീവികളെ അകറ്റുന്നതിന് വനത്തിനോട് ചേർന്ന ഭാഗത്ത് കാന എടുക്കുന്നതും വൈദ്യുതവേലി ഫാമിനു ചുറ്റും സ്ഥാപിക്കുന്നതും ഒരു പരിധിവരെ കൃഷിനാശം തടയുന്നതിന് ഉപകരിക്കും.

## ഫാം ടൂറിസം

ഈ ഫാമിൽ വർഷത്തിൽ മുഴുവൻ സമയവും വറ്റാത്ത നീരുറവ നാലാം ബ്ളോക്കിൽ സ്ഥിതി ചെയ്യുന്നു. ഇത് ചിറ്റാറിലാണ് ചേരുന്നത്. ഇതിന്റെ ചുറ്റും താഴ്വാരപ്രദേശമാണ്. ഫാമിന്റെ അതിർത്തിയിൽ ചിറ്റാറിനോട് ചേർന്ന പ്രദേശത്ത് ഒരു ചെക്ക് ഡാം പണിതാൽ ചിറ്റാറിനെ ആശ്രയിക്കാതെ ജലസേചനത്തിന് സൗകര്യം ഉണ്ടാവുകയും ഡാമിൽ മത്സ്യം, താറാവ്, എന്നിവ വളർത്തുന്നതിനും വിനോദത്തിനുമായി ഇത് മാറ്റി എടുക്കുകയും ചെയ്യാം. ഇത് ഫാം ടൂറിസത്തിന് നല്ലതായിരിക്കും. ചിറ്റാറിന് സമീപമുള്ള ഫാമിന്റെ പ്രദേശം നിത്യഹരിത മരങ്ങളുടെയും വൈവിദ്ധ്യമാർന്ന പക്ഷികളുടെയും സങ്കേതമാണ്. ഇതിൽക്കൂടി നടപ്പാത നിർമ്മിച്ചാൽ സഞ്ചാരികളെ ആകർഷിക്കാം. ഏറുമാടങ്ങളുടെ നിർമ്മാണത്തിൽക്കൂടി സഞ്ചാരികൾക്ക് ഫാമിന്റെ പ്രവർത്തനങ്ങളുടെ കാഴ്ചയും വിശ്രമവും ഒരുക്കാൻ സാധിക്കും തദ്ദേശീയമായ നാടൻ പശുക്കളുടെ ഒരു ശേഖരം ഫാമിൽ ഒരുക്കിയാൽ അത് ജൈവകൃഷിക്കും പൊതുജനങ്ങൾക്ക് വിജ്ഞാനത്തിനും കാരണമാകും. ഒരു പരിശീലന, വ്യാഖ്യാന കേന്ദ്രം ഫാമിൽ നിർമ്മിക്കുന്നത് വഴി കർഷകർക്കും

മറ്റു വിജ്ഞാന കുതുകികൾക്കും ഇവിടുത്തെ പ്രവർത്തനം സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ഫാം ടൂറിസം വർദ്ധിപ്പിക്കുന്നതിനും സാധിക്കും

## മൂല്യവർദ്ധനവ്

നിലവിൽ തേൻ, മഞ്ഞൾപൊടി, വെളിച്ചെണ്ണ തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാണ് ഫാമിൽ ഉത്പാദിപ്പിക്കുന്നത്. വർഷം മുഴുവൻ ലഭ്യമാക്കത്തക്കവണ്ണം സ്ക്വാഷ്, സിറപ്പ്, പച്ചക്കറി ഉൽപ്പന്നങ്ങൾ, പഴങ്ങളിൽ നിന്നും ഉള്ള ഉൽപ്പന്നങ്ങൾ, എന്നിവ ആരംഭിക്കുന്നതിനുള്ള പുതിയ സംരംഭങ്ങൾ ഫാമിൽ നടത്തേണ്ടതാണ്.

## ഫാമിൽ നിന്നുള്ള വസ്തുക്കളുടെ വിൽപ്പന വിവരം

| ക്ര. | നടീൽ വസ്തുക്കൾ | എണ്ണം |
|---|---|---|
| 1 | പ്ളാവ് ഗ്രാഫ്റ്റ് | 2116 |
| 2 | മാവ് ഗ്രാഫ്റ്റ് | 1854 |
| 3 | സപ്പോട്ട ഗ്രാഫ്റ്റ് | 150 |
| 4 | പേര ലെയർ | 268 |
| 5 | മാതള നാരകം ലെയർ | 774 |
| 6 | കശുമാവ് ഗ്രാഫ്റ്റ് | 256 |
| 7 | ചെറി ലെയർ | 30 |
| 8 | പാഷൻഫ്രൂട്ട് കട്ടിംഗ്സ് | 177 |
| 9 | കുടംപുളി ഗ്രാഫ്റ്റ് | 396 |
| 10 | തെങ്ങിൻ തൈ | 18 |
| 11 | വേരു പിടിപ്പിച്ച കുരുമുളക് വള്ളി | 235168 |
| 12 | റ്റി.സി. വാഴ | 12427 |
| 13 | പച്ചക്കറി തൈകൾ | 1598 |
| 14 | കമുകിൻ തൈ | 1404 |
| 15 | അലങ്കാര ചെടികൾ | 1499 |
| 16 | പപ്പായ തൈകൾ | 2294 |
| 17 | കോവൽ വള്ളി | 1508 |
| 18 | നാരകം കട്ടിംഗ്സ് | 1227 |
| 19 | കറിവേപ്പ് | 565 |
| 20 | അഗത്തി തൈ | 1706 |
| 21 | വാഴക്കന്ന് | 99 |
| 22 | മുരിങ്ങ തൈ | 973 |
| 23 | റംബൂട്ടാൻ ഗ്രാഫ്റ്റ് | 619 |
| 24 | റംബൂട്ടാൻ തൈ | 122 |
| 25 | ശീമപ്ളാവ് ലെയർ | 5 |
| 26 | കുറ്റി കുരുമുളക് | 1852 |
| 27 | കൊക്കോ | 245 |
| 28 | ജാമ്പ ലെയർ | 190 |

| | | |
|---|---|---|
| 29 | ജാമ്പ തൈ | 5 |
| 30 | ഔഷധസസ്യങ്ങൾ | 18 |
| 31 | മുള്ളാത്ത തൈ | 154 |
| 32 | നെല്ലി തൈ | 392 |
| 33 | മാംഗോസ്റ്റീൻ തൈ | 4 |
| 34 | പച്ചക്കറി വിത്ത് പായ്ക്കറ്റ് | 5547 |
| 35 | മാതളം തൈ | 277 |
| 36 | ആകാശവെള്ളരി | 52 |
| 37 | മധുര പുളിഞ്ചി | 52 |
| 38 | അസോർട്ടഡ് പച്ചക്കറി വിത്ത് പായ്ക്കറ്റ് | 14286 |
| 39 | വള്ളിച്ചീര | 380 |
| 40 | പ്രോട്രേ പച്ചക്കറി തൈകൾ | 50000 |
| ബി. | ഉത്പന്നങ്ങൾ | |
| 1 | നേന്ത്രവാഴക്കുല | 4944.2 |
| 2 | വാഴക്കുല മറ്റുള്ളവ | 20785.35 |
| 3 | തേങ്ങ | 7171.9 |
| 4 | കിഴങ്ങു വർഗ്ഗം (ചേന, ചേമ്പ്) | 3124.3 |
| 5 | പച്ചക്കറികൾ | 8905.89 |
| 6 | ചക്കപ്പഴം | 3975.5 |
| 7 | പപ്പായ ഫ്രൂട്ട് | 211.35 |
| 8 | സമ്പുഷ്ടീകരിച്ച ചാണകം | 4144 |
| 9 | മരച്ചീനി | 1130.5 |
| 10 | വാഴയില | 18210 |
| 11 | മാങ്ങ | 9.5 |
| 12 | പൈനാപ്പിൾ | 31.75 |
| 13 | പാൽ (ലിറ്റർ) | 6010.65 |
| 14 | പപ്പായ ഫ്രൂട്ട് | 211.35 |
| 15 | വാഴക്കുമ്പ് | 107 |
| 16 | കരിക്ക് | 301 |
| 17 | ചെറുപഴവർഗ്ഗങ്ങൾ | 228.8 |
| 18 | ഇഞ്ചി | 126.95 |
| 19 | കോഴി | 206 |
| 20 | കൊക്കോക്കായ് | 132 |
| 21 | താറാവ് | 272 |
| 22 | കോഴിമുട്ട | 1770 |
| 23 | പാക്ക് | 100 |
| 24 | ശീമച്ചക്ക | 23.2 |
| 25 | വിത്ത് പായ്ക്കറ്റ് | 5547 |

| | | |
|---|---|---|
| 26 | പാഷൻഫ്രൂട്ട് | 0.25 |
| 27 | പേരയ്ക്ക | 208.35 |
| സി. | മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ | |
| 1 | തേൻ | 77.7 |
| 2 | മഞ്ഞൾപ്പൊടി | 52.35 |
| ഡി. | വിത്തിനങ്ങൾ | |
| 1 | ചീര | 44.978 |
| 2 | മുളക് | 3.785 |
| 3 | വെണ്ട | 10.6 |
| 4 | വെള്ളരി | 11.1 |
| 5 | പടവലം | 16.5 |
| 6 | പാവൽ | 11.32 |
| 7 | പയർ | 28.305 |
| 8 | വഴുതന | 7.41 |
| 9 | ചുരയ്ക്ക | 3.5 |

## സംയോജിത കൃഷി രീതികൾ

ഈ ഫാമിൽ 2016 മുതൽ സംയോജിത കൃഷി രീതി അനുവർത്തിക്കുന്നു. ഇപ്പോൾ നാല് വിദേശ ജനുസുകളിൽപ്പെട്ട പശുക്കളെ പരിപാലിക്കുകയും ഇതിന്റെ പാൽ പ്രാദേശിക സംഘത്തിനും പൊതുജനങ്ങൾക്കുമായി നൽകി വരുന്നുണ്ട്. മലബാറി ഇനത്തിൽപ്പെട്ട 15 പെണ്ണാടുകളും ഒരു മുട്ട നാടും കനേഡിയൻ ഡ്വാർഫ് ഇനത്തിൽപ്പെട്ട രണ്ട് ആടുകളും ഉണ്ട്. ഒരു വർഷം ശരാശരി മുപ്പതോളം ആട്ടിൻകുട്ടികളെ ഫാമിൽ നിന്നും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. ഫാമിൽ 15 ഇനം ഫാൻസി കോഴികളെ പരിപാലിക്കുന്നുണ്ട്. ഇത് സന്ദർശകരുടെ ഒരു പ്രധാന ആകർഷണമാണ്. ഒരു ദിവസം പ്രായമായ വിഗോവ താറാവിൻ കുഞ്ഞുങ്ങളെ വാങ്ങി ഫാമിൽ മത്സ്യകുളത്തിനു സമീപമായി വളർത്തി വിൽപ്പന നടത്തിവരുന്നു. പ്രതിവർഷം ഇരുന്നൂറ് താറാവിനെയും ഇരുന്നൂറ് കോഴികളെയും കർഷകർക്ക് വിതരണം നടത്തുന്നുണ്ട്. ഫാമിൽ സജ്ജീകരിച്ചിട്ടുള്ള കുളങ്ങളിൽ ഗിഫ്റ്റ് തിലാപ്പിയ മത്സ്യത്തെ വളർത്തി വിൽപ്പന നടത്തുന്നു. ഫാമിൽ സ്ഥാപിച്ചിട്ടുള്ള നൂറോളം തേനീച്ച കോളനികളിൽ നിന്നും പ്രതിവർഷം 100 കിലോഗ്രാം ഗുണമേൻമയുള്ള തേൻ വിൽപ്പന നടത്തുന്നു.

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

തൊഴിലാളികൾക്കാവശ്യമായ വിശ്രമസ്ഥലങ്ങളോ, ശുചിമുറികളോ ഇല്ല. ആയതിനാൽ അടിയന്തിരമായി ഇത്തരം സംവിധാനങ്ങൾ ഫാമിൽ ഒരുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കൂടുതൽ തൈകൾ ഉത്പാദിപ്പിക്കുന്നതിനായി 600 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള ഒരു പോളിഹൗസ് കൂടി നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. നിലവിലെ പഴകി കേടായ ചെറിയ ഷെയ്ഡ് ഹൗസുകൾ പുനഃക്രമീകരിച്ച് ഈ സ്ഥലത്ത് വലിയ ഷെയ്ഡ് ഹൗസ് നിർമ്മിച്ചാൽ കൂടുതൽ നടീൽ വസ്തുക്കൾ സൂക്ഷിക്കുന്നതിന് സാധിക്കും.

GOK-AGRI-DAF-1

# പെരിങ്ങമ്മല
## ജില്ലാ കൃഷിത്തോട്ടം

**പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടം,**
**കൊച്ചുവിള.പി.ഒ., തിരുവനന്തപുരം - 695 563**
**ഫോൺ - 93834 70306.**
**ഇ-മെയിൽ: dafperingamala@gmail.com**

തിരുവനന്തപുരം ചെങ്കോട്ട റോഡിൽ തിരുവനന്തപുരത്ത് നിന്ന് 45 കിലോമീറ്ററും പാലോട് ജംഗ്ഷനിൽ നിന്നും 9 കിലോമീറ്ററും അകലെ പെരിങ്ങമ്മല ജില്ലാകൃഷിത്തോട്ടം സ്ഥിതി ചെയ്യുന്നു. ഫാമിന്റെ കിഴക്കും വടക്കും അതിരുകളിൽ കൂടി ചിറ്റാർ പുഴ ഒഴുകുന്നു. ഫാമിന്റെ പടിഞ്ഞാറ് ബനാന നഴ്സറിയും തെക്ക് വശത്ത് ഏത്തൂർ റിസർവ്വ് ഫോറസ്റ്റും സ്ഥിതിചെയ്യുന്നു.

തിരുവനന്തപുരം ജില്ലാപഞ്ചായത്തിനു കൈമാറിയ ഈ സ്ഥാപനം 1963 ൽ വകുപ്പിൽ നിന്നും 98.25 ഏക്കർ ഭൂമി ഫാമിനായി കൈമാറുകയും 1964 ജൂൺമാസം 4 ാം തീയതി ഫാം പ്രവർത്തനമാരംഭിക്കുകയും ചെയ്തു. തുടർന്ന് 2 ഏക്കർ സ്ഥലം ബനാന നഴ്സറിയിൽ നിന്നും ഇതിനോട് കൂട്ടി ച്ചേർത്തു ഫാമിനെ 4 ബ്ലോക്കുകളായി തിരിച്ചാണ് കാർഷിക പ്രവർത്തനങ്ങൾ ചെയ്തു വരുന്നത്.

### അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — $8.7502232^{0}$N
  രേഖാംശം — $77.0451125^{0}$E
- ജില്ല — തിരുവനന്തപുരം
- ബ്ലോക്ക് — വാമനപുരം
- താലൂക്ക് — നെടുമങ്ങാട്
- പഞ്ചായത്ത് — പെരിങ്ങമ്മല
- വാർഡ്

### വിസ്തീർണ്ണം

| ക്രമ നം. | ഇനം | വിസ്തീർണ്ണം/എണ്ണം |
|---|---|---|
| 1 | ആകെവിസ്തീർണ്ണം | 40.6 ഹെക്ടർ |
| 2 | കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | 37.6 ഹെക്ടർ |
| 3 | കൃഷിയോഗ്യമായതരിശുഭൂമി | 3 ഹെക്ടർ |
| 4 | നെൽപ്പാടം | ഇല്ല |
| 5 | മറ്റുജലാശയങ്ങൾ | കുളം-2, കിണർ-1, കുഴൽകിണർ 1 |
| 6 | കൃഷിയോഗ്യമല്ലാത്ത തരിശ്ഭൂമി | .1 ഹെക്ടർ |

| | | |
|---|---|---|
| 7 | കുളങ്ങൾ, മറ്റു ജലസ്രോതസ്സുകൾ | 500 ച മീ |
| 8 | മന്ദിരങ്ങൾ, റോഡ് | .5 ഹെക്ടർ |
| 9 | അഗ്രോമെറ്റ്ഒബ്സർവേറ്ററി | |
| 10 | വനപ്രദേശം | |
| 11 | വിളകൾ | |
| | 1. തെങ്ങ് | 4.2 ഹെക്ടർ |
| | 2. കമുക് | .4 ഹെക്ടർ |
| | 3. മാവ് | 2 ഹെക്ടർ |
| | 4. കശുമാവ് | 4 ഹെക്ടർ |
| | 5. സപ്പോട്ട | 2 ഹെക്ടർ |
| | 6. കുരുമുളക് | .5 ഹെക്ടർ |
| | 7. കൊക്കോ | 2 ഹെക്ടർ |
| | 8. പച്ചക്കറി | 9 ഹെക്ടർ |

DISTRICT AGRICULTURAL FARM, PERINGMMALA, THIRUVANANTHAPURAM



| | | |
|---|---|---|
| | 9. വാഴ | 5 ഹെക്ടർ |
| | 10. ജാതി | 1 ഹെക്ടർ |
| | 11. മരിച്ചീനി, ചേന | 6 ഹെക്ടർ |
| | 12. പ്രോജനി ഓർച്ചാർഡ് | 2 ഹെക്ടർ |
| 12 | നഴ്സറി | 20 സെന്റ് |

## നിലവിലെ നിർമ്മിതികൾ

ഓഫീസ് കെട്ടിടം, സീഡ് സ്റ്റോർ, പ്രോസ്സസ്സിംഗ് യൂണിറ്റ്, ക്വാർട്ടേഴ്സ്, ക്യാന്റീൻ 2 പോളി ഹൗസ്, 4 റെയിൻ ഷെൽട്ടർ, 5 ഗ്രീൻ ഹൗസ്, വെർമി കംപോസ്റ്റ്

## ലഭ്യമായ യന്ത്രോപകരണങ്ങൾ

1. ഇലക്ട്രിക് പമ്പ് സെറ്റുകൾ- 15 എച്ച് പി 1 എണ്ണം
2. ഇലക്ട്രിക് പമ്പ് സെറ്റുകൾ- 20 എച്ച് പി 2 എണ്ണം
3. ഇലക്ട്രിക് പമ്പ് സെറ്റുകൾ- 2 എച്ച് പി 1 എണ്ണം
4. ഡീസൽ പമ്പ് സെറ്റ് 5 എച്ച് പി 1 എണ്ണം
5. ഡീസൽ പമ്പ് സെറ്റ് 10 എച്ച് പി 1 എണ്ണം
6. ട്രാക്ടർ 2 എണ്ണം കെ.എൽ 21 ക്യൂ 9274, 2 എണ്ണം
7. മിനി ട്രാക്ടർ 1 എണ്ണം കെഎൽ 21 ജെ 4545 1 എണ്ണം

## ജീവനക്കാരുടെ വിവരം

| ക്രമ നം | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | സൂപ്രണ്ട് | 1 | 1 |
| 2 | കൃഷി ഓഫീസർ | 1 | 1 |
| 3 | കൃഷി അസിസ്റ്റന്റ് | 3 | 3 |
| 4 | ജൂനിയർ സൂപ്രണ്ട് | 1 | 1 |
| 5 | ക്ലർക്ക് | 2 | 1 |
| 6 | ടൈപ്പിസ്റ്റ് | 1 | 1 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 | 1 |
| 8 | ഡ്രൈവർ | 1 | 1 |
| 9 | വാൻ ക്ലീനർ | 1 | 1 |
| 10 | വാച്ച്മാൻ | 2 | 2 |
| 11 | പിറ്റിഎസ്സ് | 1 | 1 |

## തൊഴിലാളികളുടെ വിവരം

| ക്രമ നം | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരംതൊഴിലാളികൾ | 39 | 40 |
| a. | അനുവദിച്ചിട്ടുള്ളതസ്തികകൾ | 39 | 40 |

| | | | |
|---|---|---|---|
| b. | നിലവിലുള്ളവ | 39 | 39 |
| c. | ഒഴിവ് | | 1 |
| 2 | ദിവസവേതന തൊഴിലാളികൾ | ഇല്ല | |

## മൂല്യവർദ്ധിത ഉത്പന്നങ്ങൾ

മൂല്യവർദ്ധിത ഫാംഉൽപന്നങ്ങളുടെ വ്യാപനത്തിനായി പഴം പച്ചക്കറി സംസ്കരണ യൂണിറ്റ് പ്രവർത്തിച്ചവരുന്നു. പാഷൻ ഫ്രൂട്ട്, വാഴപ്പിണ്ടി, പച്ചമാങ്ങ എന്നിവയുടെ സ്ക്വാഷുകളാണ് പ്രധാനമായും മൂല്യവർദ്ധിത ഉൽപന്നങ്ങളായി തയ്യാറാക്കി വിപണനം നടത്തുന്നത്.

## കൃഷിചെയ്യുന്ന വിവിധ വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ




## നടീൽ വസ്തുക്കൾ/ ഉത്പന്നങ്ങളുടെ വിവരം

| ക്രമ നം | ഇനം | വാർഷിക ഉത്പാദനം |
|---|---|---|
| 1 | നടീൽവസ്തുക്കൾ | |
| a | തൈകൾ(ഗ്രാഫ്റ്റ്, ലെയർ, കട്ടിംഗ്സ്) | 40000 എണ്ണം |
| b | പച്ചക്കറി വിത്ത് ഉൽപാദനം | 100 കിലോ ഗ്രാം |
| c | വേര് പിടിപ്പിച്ച കുരുമുളക് വള്ളി | 400000 എണ്ണം |
| 2 | മൂല്യവർദ്ധിത ഉത്പന്നങ്ങൾ | |
| 1 | സ്ക്വാഷ് | 100 ലിറ്റർ |

| | | |
|---|---|---|
| 2 | വെർമി കംപോസ്റ്റ് | 5 ടൺ |
| 3 | | |
| 3 | ഉത്പന്നങ്ങൾ | |
| 1 | വാഴ, പച്ചക്കറി | 15 ടൺ |
| 2 | കിഴങ്ങ് വർഗ്ഗങ്ങൾ | 10 ടൺ |
| 3 | പഴവർഗ്ഗങ്ങൾ | 500 കിലോ |
| 4 | മറ്റ് ഇനങ്ങൾ | |

## സംയോജിത കൃഷിരീതികൾ (IFS)

സമ്മിശ്രകൃഷിയുടെ ഭാഗമായി 16 പശുക്കളും 21 മലബാറി ഇനത്തിൽപ്പെട്ട ആടുകളും 18 കനേഡിയൻ ഡാർഫ് ആടുകളും ഉള്ള ഒരു ഡയറി യൂണിറ്റും 200 തേനീച്ച കോളനികളും മുട്ടക്കോഴികളും, അലങ്കാര പക്ഷികളുടെയും യൂണിറ്റുകളും ഈ ഫാമിൽ പ്രവർത്തിച്ചുവരുന്നു.

GOK-AGRI-SSF-4

# കടയ്ക്കൽ

## സംസ്ഥാന വിത്തുത്പാദന കേന്ദ്രം

**സംസ്ഥാന വിത്തുത്പാദന കേന്ദ്രം, കടയ്ക്കൽ, കൊല്ലം** - 691 536.
**ഫോൺ:** 0474-2426666, 93834 70334
**ഇ-മെയിൽ:** adassfkadakkal@gmail.com

1960-ൽ ആണ് കടയ്ക്കൽ സംസ്ഥാന വിത്തുത്പാദന കേന്ദ്രം സ്ഥാപിതമായത്. കടയ്ക്കൽ പ്രൈവറ്റ് ബസ് സ്റ്റാന്റിൽ നിന്നും 1 കി.മീ. കിഴക്ക് മാറി സംസ്ഥാന ഹൈവേ 64മീ. അരികിലായി കേന്ദ്രം സ്ഥിതി ചെയ്യുന്നു.

നെൽ വയലുകളിൽ രണ്ട് പൂവ് നെൽകൃഷിയും കരപുരയിടങ്ങളിൽ തെങ്ങ് വാഴ, പച്ചക്കറികൾ, കുരുമുളക്, കിഴങ്ങ് വർഗ്ഗങ്ങൾ, മറ്റ് വൃക്ഷ വിളകൾ എന്നിവ കൃഷിചെയ്ത് വരുന്നു. ആകെയുള്ള 3.07 ഏക്കർ കരപുരയിടത്തിൽ ഓഫീസ്, ക്വാട്ടേഴ്സ് കെട്ടിടങ്ങൾ, ഫാം ഷെഡുകൾ, യാഡുകൾ, കുളങ്ങൾ എന്നിവ കഴിച്ച് ഏകദേശം 2 ഏക്കർ സ്ഥലം മാത്രമേ കൃഷിയോഗ്യമായുള്ളൂ.

### അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — 8$^0$49'38.6"N
  രേഖാംശം — 76$^0$55'22.6"E
- ജില്ല — കൊല്ലം
- ബ്ലോക്ക് — ചടയമംഗലം
- താലൂക്ക് — കൊട്ടാരക്കര
- പഞ്ചായത്ത് — കടക്കൽ
- വാർഡ് — 19

### വിസ്തീർണ്ണം

| No. | Item | Remarks |
|---|---|---|
| 1 | ആകെ വിസ്തീർണ്ണം | 8.89 ഹെ. |
| 2 | കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | 8.25 ഹെ |
| 3 | കൃഷി യോഗ്യമായ തരിശ് ഭൂമി | ഇല്ല |
| 4 | നെൽപ്പാടം | 7.5 ഹെ |
| 5 | മറ്റു ജലാശയങ്ങൾ (വിസ്തീർണ്ണം ഉൾപ്പെടെ) | ഇല്ല |
| 6 | കൃഷിയോഗ്യമല്ലാത്ത തരിശ് | ഇല്ല |
| 7 | കുളങ്ങൾ,മറ്റു ജലാശയങ്ങൾ (വിസ്തീർണ്ണം ഉൾപ്പെടെ) | 0.43 ഹെ |

| | | |
|---|---|---|
| 8 | മന്ദിരങ്ങൾ, റോഡ്(വിസ്തീർണ്ണം ഉൾപ്പെടെ) | 0.64 ഹെ |
| 9 | അഗ്രോമെറ്റ് ഒബ്സർവേറ്ററി | 2 നം. (0.0004 ഹെ) |
| 10 | വനപ്രദേശം | അല്ല |
| 11 | വിളകൾ | മാവ്, പ്ലാവ്, ഫലവൃക്ഷങ്ങൾ, തെങ്ങ് 0.2796 ഹെ |
| 12 | നഴ്സറി(വിസ്തീർണ്ണം ഉൾപ്പെടെ) | 0.04 ഹെ |
| 13 | മറ്റ് കാര്യങ്ങൾ | |

## കൃഷി ചെയ്യുന്ന വിവിധ വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ




| ക്ര.നം. | വിള | സമയക്രമം |
|---|---|---|
| 1 | നെല്ല് | ഏപ്രിൽ -മേയ് മുതൽ സെപ്റ്റംബർ -ഒക്ടോബർ വരെ ഒന്നാം വിള യും നവംബർ മുതൽ മാർച്ച് വരെ രണ്ടാം വിള യും |
| 2 | വാഴ | ഒക്ടോബർ മുതൽ സെപ്റ്റംബർ വരെ |
| 3 | കുരുമുളക് | ജൂൺ മുതൽ ജനുവരി വരെ |
| 4 | പച്ചക്കറി തൈ | ജനുവരി മുതൽ ഡിസംബർ വരെ |
| 5 | ഗ്രാഫ്റ്റ് | ജനുവരി മുതൽ മേയ് വരെ |

## ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ / സേവനങ്ങൾ

അത്യുൽപാദന ശേഷിയുള്ള വിവിധ ഇനം നെൽ വിത്തുകളുടെ ഉദ്പാദനവും പച്ചക്കറിയും പച്ചക്കറി തൈകളുടേയും വിത്തുകളുടെ ഉൽപാദനവും വിപണനവും വഴി കർഷകർക്ക് ആവശ്യമായ വിത്തും നടീൽവസ്തുക്കളും യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്ന എന്നതാണ് ഫാമിന്റപ്രധാന പ്രവർത്തനം. കൂടാതെ നല്ല ഇനം വേരുപിടിപ്പിച്ച കുരുമുളക് വള്ളി, ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റ് തൈകൾ എന്നിവ ഉൽപാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുന്നു.






## നിർമ്മിതികൾ

മഴമറ - 498 ച.അടി., ഗ്രീൻഹൗസ് - 100 ച.അടി.

## യന്ത്രോപകരണങ്ങൾ

ടില്ലർ - 3 എണ്ണം, ത്രഷർ കം വിന്നോവർ - 1 എണ്ണം, വിന്നോവർ - 2 എണ്ണം, റീപ്പർ - 1 എണ്ണം, ബ്രഷ്കട്ടർ - 3 എണ്ണം, ഗാർഡൻടില്ലർ - 1 എണ്ണം, ട്രാൻസ്പ്ലാന്റർ - 1 എണ്ണം.

## സ്റ്റാഫ് പാറ്റേൺ

| ക്ര.നം. | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | സീനിയർ അഗ്രിക്കൾച്ചറൽ ആഫീസർ | 1 | 1 |
| 2 | അസിസ്റ്റന്റ് കൃഷി ആഫീസർ | 1 | 1 |
| 3 | അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് | 1 | 1 |
| 4 | സീനിയർ ക്ലാർക്ക് | 1 | 1 |
| 5 | ഓഫീസ് അറ്റൻഡന്റ് | 1 | 1 |
| 6 | നൈറ്റ് വാച്ച്മാൻ | 1 | 1 |
| 7 | പാർട്ട് ടൈം സ്വീപ്പർ | 1 | 1 |

## തൊഴിലാളികളുടെ വിവരം

| ക്ര.നം. | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരം തൊഴിലാളികൾ | 6 | 10 |
| a | അനുവദിച്ചിട്ടുള്ള തസ്തികകൾ | 6 | 12 |
| b | നിലവിലുള്ളവ | 6 | 10 |
| c | ഒഴിവ് | ഇല്ല | 2 |
| 2 | ദിവസവേതന തൊഴിലാളികൾ | ഇല്ല | ഇല്ല |

## മൂല്യവർദ്ധനവിനുള്ള നടപടികൾ/പ്രവർത്തനങ്ങൾ

കരിങ്കോഴിയുടെ കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വെച്ചൂർപശുവിന്റെ ചാണകം ഉപയോഗിച്ച് ഭസ്മം നിർമ്മിച്ച് വിൽപന നടത്തിവരുന്നു. അതുപോലെ തന്നെ വെച്ചൂർപശുവിന്റെ ചാണകം ഉപയോഗിച്ച് വിവിധ തരം വളർച്ചാ ത്വരിതങ്ങളും ജൈവവളവും നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു

## ഫാം ടൂറിസം

സന്ദർശകരെ ആകർഷിക്കുക എന്ന ഉദ്ദേശത്തോടെ നെൽകൃഷിയും അവയുടെ ഉൽപാദനവുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങൾ കർഷകർക്ക് കണ്ട് മനസിലാക്കുവാനും അത്തരം പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നതിനും കർഷകർക്കും പൊതുജനങ്ങൾക്കും അവസരം നൽകുന്നു. ഫാമിൽ വെർട്ടിക്കൽ ഗാർഡൻ, തിരിനന യൂണിറ്റ്, അക്വാപോണിക്ക് യൂണിറ്റ് എന്നിവ സ്ഥാപിച്ച് കർഷകർക്കും വിദ്യാർത്ഥികൾക്കും വിജ്ഞാന വ്യാപനം നൽകിവരുന്നു. കാർഷിക യന്ത്രങ്ങളുടെ പ്രദർശനവും അവയുടെ പ്രവർത്തന രീതിയും കർഷകർക്ക് നേരിൽ കണ്ട് മനസിലാക്കുന്നതിനുള്ള അവസരവും ഫാമിൽ ലഭ്യമാണ്

## ഫാമിൽനിന്നുള്ള വസ്തുക്കളുടെ വിൽപന വിവരം (2020-21)

| ക്ര.നം. | ഇനം | വാർഷിക ഉൽപാദനം | |
|---|---|---|---|
| **1** | **നടീൽ വസ്തുക്കൾ** | | |
| | 1 | പച്ചക്കറി തൈ | 35000 എണ്ണം |
| | 2 | കുരുമുളക് വള്ളി | 62000 എണ്ണം |
| | 3 | നെൽവിത്ത് | 20 ടൺ |
| | | പച്ചക്കറി വിത്ത് (10 രൂപ) | 5100 പാക്കറ്റ് |
| **2** | **മൂല്യവർദ്ധിത ഉൽപന്നങ്ങൾ** | | |
| | 1 | ഭസ്മം 5 കി. | 5 കി. |
| **3** | **ഉൽപന്നങ്ങൾ** | | |
| | 1 | കോഴിമുട്ട | 600 എണ്ണം |
| | 2 | പാൽ | 300 ലിറ്റർ |
| **4** | **മറ്റ് ഇനങ്ങൾ** | | |
| | 1 | പച്ചക്കറി പഴവർഗ്ഗങ്ങൾ | 500 കി. |

## സംയോജിത കൃഷി രീതികൾ (IFS)

ഫാമിൽ 2 വെച്ചൂർ പശുവിനേയും കാസർകോഡ് കുള്ളൻ ഇനത്തിലെ 1 പശുവിനേയും പരിപാലിച്ചു വരുന്നു. ഇവയുടെ വംശ വർദ്ധനവിലൂടെ 5 കിടാക്കൾ ഉൾപ്പെടെ 8 പശുക്കളെ നിലവിൽ പരിപാലിച്ചു വരുന്നു.

കനേഡിയൻ ഡ്വാർഫ് ഇനത്തിൽ 9 ആടുകൾ നിലവിലുണ്ട്. ഇവയുടെ വംശവർദ്ധനവിനായി ഒരു ഇൻക്യുബേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ചെറുതേനീച്ച വളർത്തൽ മൽസ്യകൃഷി എന്നിവയും ചെയ്തുവരുന്നു.

## പ്രത്യേകതകൾ

അത്യുൽപ്പാദന ശേഷിയുള്ള ഗുണമേന്മയുള്ള നെൽവിത്തുകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. അതുപോലെ തന്നെ വിഷ രഹിതമായ പച്ചക്കറികളും പഴങ്ങളും ആവശ്യക്കാർക്ക് നൽകി വരുന്നു.

മഴയെ മാത്രം ആശ്രയിച്ച് കൃഷിചെയ്യേണ്ടിവരുന്നു എന്നതാണ് ഫാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. വേനൽക്കാലത്ത് ജലദൗർലഭ്യം അനുഭവപ്പെടുകയും മഴക്കാലത്ത് നെൽപ്പാടങ്ങൾ ദിവസങ്ങളോളം വെള്ളത്തിലാകുകയും ചെയ്യുന്നു എന്നതും പ്രകൃതി ദത്ത നീരുറവകൾ ഇല്ല എന്നതും, ഫാമിന്റെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് തടസമായി നിൽക്കുന്നു.

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

ഇടവിള കൃഷി വ്യാപിപ്പിക്കുക, ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റ് ഉൽപാദനം വർദ്ധിപ്പിക്കുക, കൂൺകൃഷി ആരംഭിക്കുക, മൽസ്യകൃഷി വിപുലീകരിക്കുക, പച്ചക്കറിതൈകളുടേയും വിത്തുകളുടേയും ഉൽപാദനവും വിപണനവും വർദ്ധിപ്പിക്കുക, ജൈവ വള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക മുതലായ പദ്ധതി നടപ്പിലാക്കി വരുമാന വർദ്ധനവിന് ലക്ഷ്യമിടുന്നു.

# അഞ്ചൽ

## ജില്ലാ കൃഷിത്തോട്ടം

**അഞ്ചൽ ജില്ലാ കൃഷിത്തോട്ടം, അഞ്ചൽ**
**കോട്ടുക്കൽ.പി.ഒ., കൊല്ലം ജില്ല, പിൻ - 691 306**
**ഫോൺ: 93834 70361,**
**ഇ-മെയിൽ: dafanchal@gmail.com**

കൊല്ലം കുളത്തുപ്പുഴ റോഡിൽ അഞ്ചലിൽ നിന്ന് 4 കി.മീ മാറി ഫാം സ്ഥിതി ചെയ്യുന്നു. പുനലൂർ റെയിൽവ്വേ സ്റ്റേഷനിൽ നിന്ന് 20 കി.മീ ദൂരവും അഞ്ചൽ-കടയ്ക്കൽ റോഡിലെ കോട്ടുക്കലിൽ നിന്നും 2 കി.മീ. ദൂരവുമുണ്ട്.

നിലവിൽ കൊല്ലം ജില്ലാപഞ്ചായത്തിനു കൈമാറിയിട്ടുള്ള ഈ സ്ഥാപനം കൊല്ലം ജില്ലയിൽ ചടയമംഗലം ബ്ലോക്ക്പഞ്ചായത്തിന്റെ പരിധിയിൽ, ഇട്ടിവ ഗ്രാമപഞ്ചായത്തിൽ കോട്ടുക്കൽ എന്ന സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. 2000 സ്ക്വയർ ഫീറ്റിൽ ഫാർമേഴ്സ് സ്റ്റേ ഹോം എന്ന പേരിൽ നിർമ്മിച്ച കെട്ടിടത്തിലാണ് നിലവിൽ ഓഫീസ് പ്രവർത്തിക്കുന്നത്. ഓഫീസ് കെട്ടിടം നവീകരിച്ച് ടിഷ്യൂകൾച്ചർ ലാബായി പ്രവർത്തിക്കുന്നു. പശ്ചിമഘട്ട മലനിരയിൽ ഉൾപ്പെടുന്ന കുളത്തുപ്പുഴയിൽ നിന്നും ഉത്ഭവിക്കുന്ന ഇത്തിക്കരയാറിന്റെ ഓരത്ത്, 1971- ൽ ഫാം പ്രവർത്തനം ആരംഭിച്ചു. കടലും കായലും, സംരക്ഷിത വന മേഖലയും മലനിരകളും ഉൾപ്പെട്ട പ്രകൃതി രമണീയമായ കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയിലാണ് ജില്ലാ കൃഷിത്തോട്ടത്തിന്റെ സ്ഥാനം എന്നത് ഇതിന്റെ ദൃശ്യഭംഗി വർദ്ധിപ്പിക്കുന്നു. 140.54 ഹെക്ടർ സ്ഥലത്ത് നിന്നും 8 ഹെക്ടർ സ്പോർട്സ് കൗൺസിലിനും കേന്ദ്രീയ വിദ്യാലയത്തിനും കൊടുത്തതിന് ശേഷം ഇപ്പോൾ 132.54 ഹെക്ടർ സ്ഥലമാണുള്ളത്.

### അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — 8.901336°N
  രേഖാംശം — 76.920305°E
- ജില്ല — കൊല്ലം
- ബ്ലോക്ക് — ചടയമംഗലം
- താലൂക്ക് — കൊട്ടാരക്കര
- പഞ്ചായത്ത് — ഇട്ടിവ
- വാർഡ് — നെടുപുരം

### വിസ്തീർണ്ണം

| നമ്പർ | ഇനം | Remarks |
|---|---|---|
| 1 | ആകെവിസ്തീർണ്ണം | 132.54 ഹെക്ടർ |
| 2 | കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | 124.84 ഹെക്ടർ |




| | | |
|---|---|---|
| 3 | കൃഷിയോഗ്യമായ തരിശുഭൂമി | ഇല്ല. |
| 4 | നെൽപ്പാടം | ഇല്ല. |
| 5 | മറ്റ ജലാശയങ്ങൾ | 0.7 ഹെക്ടർ |
| 6 | കൃഷിയോഗ്യമല്ലാത്ത തരിശുഭൂമി | .ഇല്ല |
| 7 | കുളങ്ങൾ, മറ്റ ജലസ്രോതസ്സുകൾ | 0.5 ഹെക്ടർ പുഴ-1, കുളം -1, ഇലക്ട്രിക് മോട്ടോർ -2 |
| 8 | മന്ദിരങ്ങൾ, റോഡ് | 4.5 ഹെക്ടർ |
| 9 | അഗ്രോമെറ്റ് ഒബ്സർവേറ്ററി | 0.1 ഹെക്ടർ |
| 11 | വിളകൾ | 124.84 ഹെക്ടർ |
| 12 | നഴ്സറി | 1.5 ഹെക്ടർ |
| 13 | മറ്റുള്ളവ | 0.3 ഹെക്ടർ |

## ജൈവവൈവിധ്യ വിവരങ്ങൾ

| നമ്പർ | വിള | ഇനം | നമ്പർ/വിസ്തീർണ്ണം |
|---|---|---|---|
| 1 | മാവ് | നീലം, കലപ്പാടി, അൽഫോൻസ, ബംഗ്ലൂര, ദശേരി, ബെങ്കനപ്പള്ളി | 2 ഹെ. |
| 2 | പ്ലാവ് | വിയറ്റ്നാം സൂപ്പർ ഏർളി | 50 nos |

| | | | |
|---|---|---|---|
| | | സിന്ദൂരം | 50 nos |
| | | ചെമ്പാലക്ക് | 20 nos |
| | | മുട്ടൻ വരിക്ക | 0.5 ha |
| 3 | പേര | ലക്നൗ, അലഹബാദ് സഫേഡ് | 0.8 ha |
| 4 | കശുമാവ് | പൂർണിമ, മാടക്കത്തറ, ധന, ധാമോദർ, ധരശ്രീ, അനഘ | 6.5 ha |
| 4 | കുരുമുളക് | കരിമുണ്ട | 0.5 ha |
| 5 | സപ്പോട്ട | ക്രിക്കറ്റ് ബാൾ | 0.05 ha |
| 6 | റംപൂട്ടാൻ | | 0.05 ha |
| 7 | കുടംപുളി | | 0.05 ha |

## നിലവിലെ നിർമ്മിതികൾ

| | | |
|---|---|---|
| പോളി ഹൗസ് | - | 600 m2 |
| റെയിൻ ഷെൽറ്റർ | - | 800 m2 |
| ഹാർഡനിംഗ് യൂണിറ്റ് | - | 900 m2 |
| ഡ്രൈയിംഗ് യാർഡ് | - | 200 m2 |
| ഫലവർഗ്ഗസംസ്കരണയൂണിറ്റ് | - | 1000 sq feet |
| ഫാം സൂപ്രണ്ടിന്റെ ക്വാർട്ടേഴ്സ് | - | 1500 sq feet |
| സീഡ് സ്റ്റോർ | - | 700 sq feet |
| സെയിൽസ് കൗണ്ടർ | - | 500 sq feet |
| കാന്റീൻ | - | 500 sq feet |



തൊഴിലാളികളുടെ വിശ്രമ കേന്ദ്രം - 700 sq feet

## ലഭ്യമായ യന്ത്രോപകരണങ്ങൾ

| നമ്പർ | ഇനം | എണ്ണം | രജിസ്ട്രേഷൻ നമ്പർ |
|---|---|---|---|
| 1 | ട്രാക്ടർ (John Deere) | 1 | KL 02 AJ 7777 |
| 2 | ട്രാക്ടർ ട്രെയിലർ (Mahindra & Mahindra) | 1 | KL 2M 8160 |
| 3 | പവർ ടില്ലർ | 1 | |
| 4 | വീഡ്കട്ടർ | 2 | |
| 5 | പവ്വർ സ്പ്രേയർ | 4 | |
| 6 | റോക്കർ സ്പ്രേയർ | 2 | |
| 7 | നാപ്സാക് സ്പ്രേയർ | 5 | |

## ജീവനക്കാരുടെ വിവരങ്ങൾ

| നമ്പർ | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | ഫാം സൂപ്രണ്ട് | 1 | 1 |
| 2 | അഗ്രിക്കൾച്ചറൽ ഓഫീസർ | 2 | 2 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 | 1 |
| 4 | അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് | 3 | 3 |
| 5 | ക്ലർക്ക് | 1 | 1 |
| 6 | ക്ലർക്ക് ടൈപ്പിസ്റ്റ് | 1 | 1 |
| 7 | ടൈപ്പിസ്റ്റ് | 1 | 1 |
| 8 | ഓഫീസ് അറ്റന്റന്റ് | 1 | 1 |
| 9 | പാർട് ടൈം സ്വീപ്പർ | 1 | 1 |

## തൊഴിലാളികളുടെ വിവരം

| ക്രമ നം | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരംതൊഴിലാളികൾ | | |
| a. | അനുവദിച്ചിട്ടുള്ള തസ്തികകൾ | 111 | 34 |
| b. | നിലവിലുള്ളവ | 36 | 23 |
| c. | ഒഴിവ് | 75 | 11 |




| | | | |
|---|---|---|---|
| 2 | ദിവസവേതന തൊഴിലാളികൾ | 0 | 0 |

## വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ

| നമ്പർ | വിള | ഇനം | ഏപ്രിൽ- മെയ് മുതൽ ആഗസ്റ്റ്- സെപ്റ്റംബർ വരെ | സെപ്റ്റംബർ- ഒക്ടോബർ മുതൽ ഡിസംബർ- ജനുവരി വരെ | ജനുവരി- ഫെബ്രുവരി മുതൽ മാർച്ച്- ഏപ്രിൽ വരെ |
|---|---|---|---|---|---|
| 1 | പച്ചക്കറി | | | | |
| | പയർ | വെള്ളായണി ജ്യോതിക, അഞ്ചൽ ലോക്കൽ | | 0.5 ഹെക്ടർ | 0.5 ഹെക്ടർ |
| | പാവൽ | പ്രീതി | 0.5 ഹെക്ടർ | 0.5 ഹെക്ടർ | |
| | പടവലം | കൗമുദി | 0.3 ഹെക്ടർ | 0.3 ഹെക്ടർ | |
| | ചീര | അരുൺ | | 0.5 ഹെക്ടർ | 0.5 ഹെക്ടർ |
| | വെള്ളരി | മുടിക്കോട് ലോക്കൽ | 0.2 ഹെക്ടർ | 0.2 ഹെക്ടർ | |

| | | | | | |
|---|---|---|---|---|---|
| | മുളക് | ജ്വാലാമുഖി | 0.1 | 0.1 | |
| | വഴുതന | ഹരിത, വേങ്ങേരി | 0.1 | | 0.1 |
| 2 | തെങ്ങ് | | 51 ഹെക്ടർ | | |
| 3 | കശുമാവ് | | 48 ഹെക്ടർ | | |
| 4 | മാവ് | | 7.5 ഹെക്ടർ | | |
| 5 | പ്ലാവ് | | 0.5 ഹെക്ടർ | | |
| 6 | പാഷൻ ഫ്രൂട്ട് | | 2 ഹെക്ടർ | | |
| 7 | കുരുമുളക് | | 2 ഹെക്ടർ | | |
| 8 | മഞ്ഞൾ | | 1.5 ഹെക്ടർ | | |
| 9 | വാഴ | നേന്ത്രൻ | 2 ഹെക്ടർ | | |
| | | മറ്റിനങ്ങൾ | 3 ഹെക്ടർ | | |
| 10 | ചേന | | 0.5 ഹെക്ടർ | | |
| 11 | കാച്ചിൽ | | 0.1 ഹെക്ടർ | | |

## പ്രധാന പ്രവർത്തനങ്ങൾ

ജില്ലാ കൃഷിത്തോട്ടത്തിൽ  കൊല്ലം ജില്ലാ പഞ്ചായത്തിന്റെയും കൃഷി വകുപ്പിന്റെയും ആഭിമുഖ്യത്തിൽ വിവിധപദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്ലാവ്, മാവ്, റംബൂട്ടാൻ, കുടംപുളി, കശുമാവ് തുടങ്ങിയവയുടെ മികച്ചതരം ഗ്രാഫ്റ്റ് തൈകളും അലങ്കാരസസ്യങ്ങളും  ഉൽപ്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നു. വിവിധയിനം  പച്ചക്കറിവിത്തുകൾ,  തൈകൾ എന്നിവ വിതരണം നടത്തുന്നുണ്ട്. കൂടാതെ  ഫാമിനോടനുബന്ധിച്ചുള്ള ടിഷ്യൂകൾച്ചർ ലാബിൽ നിന്നും ടിഷ്യൂകൾച്ചർ വാഴതൈകളും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. സസ്യസംരക്ഷണത്തിനായുള്ള സ്യൂഡോമോണാസ്, ഫെറമോൺ കെണികൾ എന്നിവയും കർഷകർക്ക്  ന്യായവിലയ്ക്ക് ഈ സ്ഥാപനത്തിൽ നിന്നും ലഭ്യമാണ്. ഫാമിലെ വെർമി കമ്പോസ്റ്റ് യൂണിറ്റിൽ നിന്നും  ഉൽപ്പാദിപ്പിക്കുന്ന വെർമി കമ്പോസ്റ്റ് കർഷകർക്ക്  ലഭ്യമാക്കുന്നുണ്ട്.

## പ്രത്യേകതകൾ

- ഇത്തിക്കരയാറിന്റെ തീരത്ത് ഫലഭൂയിഷ്ഠമായ മണ്ണിനാൽ സമ്പന്നമായ പ്രദേശത്താണ് അഞ്ചൽ ജില്ലാ കൃഷി ഫാം സ്ഥിതി ചെയ്യുന്നത്.  ആയതിനാൽതന്നെ ആവശ്യമായ ജലസേചന സൗകര്യവും നിലവിലുണ്ട്. ചടയമംഗലത്തെ ജടായു ടൂറിസം പാർക്ക്, കോട്ടുക്കലിലെ പുരാതനമായ ഗുഹാക്ഷേത്രം, അലയമൺ പഞ്ചായത്തിലെ കുട്ടുക്കത്തുപാറ എന്നിവ സമീപസ്ഥലങ്ങളാകയാൽ ജില്ലാ കൃഷി ഫാമിൽ ഫാം ടൂറിസത്തിന്റെ അനന്ത സാദ്ധ്യതകളുണ്ട്.
- രൂക്ഷമായ തൊഴിലാളിക്ഷാമം:- 145 സ്ഥിരം തൊഴിലാളികളുടെ തസ്തികയുള്ളതായ ജില്ലാ കൃഷി ഫാമിൽ നിലവിൽ 59 സ്ഥിരം തൊഴിലാളികൾ മാത്രമാണ് ഉള്ളത്. തൊഴിലാളികളുടെ അപര്യാപ്തത മൂലം പ്രധാന പ്രവർത്തനങ്ങളൊന്നും കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്.
- ഫാമിനുള്ളിലൂടെയുള്ള പൊതുവഴി:- ഫാമിന്റെ മധ്യത്തിലൂടെയും ഇതരഭാഗങ്ങളിലേയ്ക്കും ഉള്ളതായ പൊതുജനഗതാഗതത്തിനുള്ള റോഡും ഇടറോഡുകളും ഫാമിന്റെ സുരക്ഷയ്ക്ക് ഏറെ ഭീഷണി ഉയർത്തുന്നു.  വർഷങ്ങളായി നിലനിൽക്കുന്ന ഈ സംവിധാനം ഫാം ഉൽപന്നങ്ങളു

ടെ മോഷണത്തിനും ഫാമിലെ വിളകൾ അടക്കമുള്ള സ്ഥാവര ജംഗമ വസ്തുക്കളുടെ നാശ നഷ്ടങ്ങൾക്കും ഇടയാക്കുന്നു.

- കൊല്ലം ജില്ലയിലേയും സമീപ പ്രദേശങ്ങളിലേയും കർഷകർക്കും പൊതുജനങ്ങൾക്കും ആവശ്യാനുസരണം ഗുണമേന്മയുള്ള വിത്തിനങ്ങളും മറ്റ് നടീൽ വസ്തുക്കളും ലഭ്യമാക്കുവാനുള്ള അവസരം.
- കാട്ടുപന്നി, മയിൽ, കേഴ, മുയൽ, തത്ത എന്നിവമൂലമുള്ള രൂക്ഷമായ കൃഷി നാശം.
- ചുറ്റുമതിലിന്റെ അഭാവം ഫാമിനുള്ളിലൂടെയുള്ള പൊതുവഴി

## ഫാം ടൂറിസം

ഫാം ടൂറിസത്തിന്റെ ഭാഗമായി ഒരേക്കർ സ്ഥലത്ത് വിവിധയിനം ഔഷധസസ്യങ്ങൾ ഉൾപ്പെടുന്ന നക്ഷത്രവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്ത് പ്രോജക്റ്റ് മുഖേന ഒരേക്കറിൽ ചിത്രശലഭ പാർക്കും നിർമ്മിച്ചിട്ടുണ്ട്. സംയോജിത കൃഷിയുടെ മാതൃകയായി വെച്ചൂർ, കാസർകോഡ് ഡ്വാർഫ് ഇനങ്ങളിൽപ്പെട്ട അഞ്ച് നാടൻ പശുക്കൾ, 125 മുട്ടക്കോഴികളുടെ പൗൾട്രി യൂണിറ്റ്, 60 പുതിയ തേനീച്ച കോളനി എന്നിവയും നിലവിലുണ്ട്. ഫാം ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്കായി സുസജ്ജമായ വിപണനകേന്ദ്രവും ഒരുക്കിയിട്ടുണ്ട്. നയനാനന്ദകരമായ അലങ്കാര സസ്യങ്ങളുടെ നിരയും പനിനീർ പുഷ്പവാടിയും ആമ്പൽ കുളവും ഫാമിന്റെ പ്രത്യേകതയാണ്. കൃഷിഫാമിന്റെ കാനന പ്രതീതി ഉളവാക്കുന്ന ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി ഫാം ടൂറിസത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി പ്രകൃതി ഭോജനം, ഏറുമാടങ്ങളിലെ താമസം, കൃഷിയിട സന്ദർശനങ്ങൾ, വിള പരിചയപ്പെടുത്തൽ, ജലധാര സൗകര്യത്തോടു കൂടിയ റോക്ക് ഗാർഡൻ എന്നിവയൊക്കെ ഒരുക്കാവുന്ന സൗകര്യങ്ങളിൽ ചിലതുമാത്രം. അഡ്വഞ്ചർടൂറിസം കേന്ദ്രങ്ങളായ ജടായുപാറ, കുടക്കത്തുപാറ എന്നിവയും പൗരാണികതയുടെ പ്രൗഢി പേറുന്ന കോട്ടുക്കൽ ഗുഹാക്ഷേത്രവും അഞ്ചൽ ജില്ലാ കൃഷി തോട്ടത്തിന് സമീപത്ത് ആയതിനാൽ തന്നെ ഇവിടെ ഫാം ടൂറിസത്തിന് അനന്തസാദ്ധ്യതയാണുള്ളത്.

## മൂല്യവർദ്ധനവ്

പഴവർഗ്ഗങ്ങളുടെ മൂല്യവർദ്ധിത ഉത്പാദനം ലക്ഷ്യമിട്ടുകൊണ്ട് ജില്ലാപഞ്ചായത്ത് പ്രോജക്റ്റിന്റെ ഭാഗമായി പഴവർഗ്ഗസംസ്ക്കരണ യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. കാഷ്യൂ ആപ്പിൾ, പൈനാപ്പിൾ, മാങ്ങ, പാഷൻഫ്രൂട്ട് എന്നിവയുടെ ജ്യൂസ്/സ്ക്വാഷ്, വിവിധ പഴവർഗ്ഗങ്ങളുടെ ജാം, ജെല്ലി എന്നിവ ഉൽപ്പാദിപ്പിച്ച് വിപണനം ആരംഭിച്ചിട്ടുണ്ട്.

## നടീൽ വസ്തുക്കൾ/ ഉത്പന്നങ്ങളുടെ വിവരം

| നമ്പർ | ഇനം | വാർഷിക ഉത്പാദനം |
|---|---|---|
| 1 | നടീൽവസ്തുക്കൾ | |
| a | പച്ചക്കറി വിത്ത് | 600 kg |
| b | വേര് പിടിപ്പിച്ച<br>കുരുമുളക് വള്ളി | 175000 എണ്ണം |
| c | ഫലവൃക്ഷ തൈകൾ | 100000 എണ്ണം |
| d | അലങ്കാര സസ്യങ്ങൾ | 20000 എണ്ണം |

| | | |
|---|---|---|
| e | ടിഷ്യൂകൾച്ചർ വാഴ | 75000 എണ്ണം |
| 2 | മൂല്യവർദ്ധിത ഉത്പന്നങ്ങൾ | |
| a | പൈനാപ്പിൾ, മാങ്ങാ, പാഷൻ ഫ്രൂട്ട്സ് സ്ക്വാഷ് | ഉൽപാദനം 2/2021 ൽ ആരംഭിച്ചു. |
| 3 | ഉത്പന്നങ്ങൾ | |
| a | തേൻ | 300 കി.ഗ്രാം |
| b | പാൽ | 250 ലിറ്റർ |
| c | വെർമി കമ്പോസ്റ്റ് | 2 ടൺ |
| d | സ്യൂഡോമോണാസ് | 1500 കി.ഗ്രാം |
| e | ഫിറമോൺ ട്രാപ്പ് | 500 എണ്ണം |
| 4 | മറ്റ് ഇനങ്ങൾ | |
| a | കിഴങ്ങ് വർഗ്ഗങ്ങൾ | 2.5 ടൺ |
| b | വാഴക്കുല | 1 ടൺ |
| c | ഇഞ്ചി | 1 ടൺ |
| d | മഞ്ഞൾ | 1.2 ടൺ |

## ഉത്പാദനക്ഷമത

| ക്രമ. നം. | ഇനം | ഉത്പാദന ക്ഷമത |
|---|---|---|
| 1 | പച്ച കശുവണ്ടി | 8.5 |
| 2 | പച്ചക്കറി വിത്ത് | 0.75 |
| 3 | കിഴങ്ങുവർഗങ്ങൾ | |
| | ചേന | 1.5 |
| | കാച്ചിൽ | 1 |
| 4 | ഇഞ്ചി | 1 |
| 5 | മഞ്ഞൾ | 1.2 |
| 6 | മയിലാഞ്ചി | 4 |
| 7 | ചക്ക | 1.5 |
| 8 | മാവ് | 1 |
| 9 | മറ്റിനങ്ങൾ | 0.4 |

## സംയോജിത കൃഷിരീതികൾ (IFS)

സംയോജിത കൃഷിയുടെ മാതൃകയായി വെച്ചൂർ, കാസർകോഡ് ഡ്വാർഫ് ഇനങ്ങളിൽപ്പെട്ട അഞ്ച് നാടൻ കന്നുകാലികൾ, 125 മുട്ടക്കോഴികളുടെ പൗൾട്രി യൂണിറ്റ്, 60 പുതിയ തേനീച്ച കോളനി എന്നിവയും നിലവിലുണ്ട്. കൂടാതെ ഫാമിൽ നിന്ന് ലഭിക്കുന്ന ജൈവ മാലിന്യങ്ങളെ സംസ്കരിച്ച് വളമാക്കുന്നതിന് മണ്ണിര കമ്പോസ്റ്റ് യൂണിറ്റും പ്രവർത്തിച്ചു വരുന്നു.

## വികസനത്തിനായുള്ള  ഭാവി പദ്ധതികൾ

1. അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകളുടെ ഉൽപാദനം വർദ്ധിപ്പിക്കുക.
2. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെമാതൃകാ തോട്ടം തയ്യാറാക്കുക.
3. നിലവിലെ ടിഷ്യൂകൾച്ചർ ലാബിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി സുസജ്ജമായ ലാബ് നിർമ്മിക്കുക.
4. ഫാം ടൂറിസത്തിന്റെ ഭാഗമായി ചിത്രശലഭ പാർക്കിനോടനുബന്ധ മായി ബാംബൂ ഫെൻസിംഗ് നിർമ്മാണം ജലധാരാ സംവിധാനമുള്ള റോക്ക് ഗാർഡൻ.
5. പ്രധാന കൃഷിയിടങ്ങളിൽ ചെയിൻ ലിങ്ക് ഫെൻസിംഗ് പൂർത്തീകരിക്കുക.
6. പ്രധാന കുരുമുളക് ഇനങ്ങളുടെ പ്രദർശനത്തോട്ടം.
7. ആധുനികമായ ഓഫീസ് കെട്ടിടം.
8. ഫലവൃക്ഷതൈകളുടെ ഉൽപാദനം വർദ്ധിപ്പിക്കുക.

GOK-AGRI-SSF-3

# കൊട്ടാരക്കര
## സംസ്ഥാന വിത്തുത്പാദന കേന്ദ്രം

**സ്റ്റേറ്റ് സീഡ് ഫാം, ഇ.റ്റി.സി പി.ഒ, കൊട്ടാരക്കര, കൊല്ലം - 691 531**
**ഫോൺ:** 0474-2450602, 93834 70366
**ഇ-മെയിൽ:** ssfkottarakkara@gmail.com

1972 ൽ 3.71 ഹെക്ടറിൽ ഫാം പ്രവർത്തനം ആരംഭിച്ചു. നെല്ല്, വാഴ, പച്ചക്കറി തുടങ്ങിയവ പ്രധാനമായും കൃഷി ചെയ്തു വരുന്നു. ഗുണമേൻമയുള്ള വിത്തും, നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നു. സീഡ് ഫാമിനോട് ചേർന്ന് കൃഷി വകുപ്പിന്റെ കാഷ്യൂഫാമും പ്രവർത്തിക്കുന്നു. ഗ്രാമവികസന വകുപ്പിന്റെ വികസന പരിശീലന കേന്ദ്രം, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സമുച്ചയത്തിന്റെ വിവിധ ഭാഗങ്ങൾ എന്നിവിടങ്ങളിൽ എ, ബി, സി ബ്ലോക്കുകളിലായാണ് സീഡ് ഫാമിന്റെ കൃഷി സ്ഥലങ്ങൾ സ്ഥിതി ചെയ്യുന്നത്. കൊല്ലം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലാണ് ഫാം പ്രവർത്തിക്കുന്നത്.

### അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — $9.00613^0$N
  രേഖാംശം — $76.78299^0$E
- ജില്ല — കൊല്ലം
- ബ്ലോക്ക് — കൊട്ടാരക്കര
- താലൂക്ക് — കൊട്ടാരക്കര
- മുൻസിപ്പാലിറ്റി — കൊട്ടാരക്കര
- വാർഡ് — 17

### വിസ്തീർണ്ണം

| ക്രമ. നം | ഇനം | വിസ്തീർണ്ണം |
|---|---|---|
| 1 | ആകെ വിസ്തീർണ്ണം | 3.71 ഹെക്ടർ |
| 2 | കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | 3.5 ഹെക്ടർ |
| 3 | കൃഷിയോഗ്യമായ തരിശുഭൂമി | ഇല്ല |
| 4 | നിലം | 3.2 ഹെക്ടർ |
| 5 | ജലാശയങ്ങൾ | 0.19 ഹെക്ടർ |
| 6 | കുളങ്ങൾ, മറ്റു ജല സ്രോതസ്സുകൾ | 0.1 ഹെക്ടർ |
| 7 | മന്ദിരങ്ങൾ, റോഡ് | 0.04 ഹെക്ടർ |
| 8 | അഗ്രോമെറ്റ്ഒബ്സർവേറ്ററി | |

| | | |
|---|---|---|
| 9 | വിളകൾ | നെല്ല് -1.5 ഹെക്ടർ<br>പച്ചക്കറി - 1 ഹെക്ടർ<br>വാഴ- 0.5<br>തെങ്ങ്- 0.15 ഹെക്ടർ |

## ജൈവവൈവിധ്യം സംബന്ധിച്ചുള്ള വിവരങ്ങൾ

ഫാമിൽ സംരക്ഷിക്കപ്പെട്ടിട്ടുള്ള മാതൃവൃക്ഷങ്ങളുടെയും നിലവിലുള്ള മറ്റു വിളകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | സംരക്ഷിക്കപ്പെട്ടിട്ടുള്ള വിളകൾ | ഇനം | എണ്ണം |
|---|---|---|---|
| 1 | തെങ്ങ് | WCT | 14 |
| 2 | പച്ചക്കറികൾ<br>(a) പയർ (വിത്തുത്പാദനം)<br>(b) വെണ്ട | ഗീതിക<br>ജ്യോതിക<br>അർക്ക അനാമിക | |
| 3 | ചീര, പാവൽ, പടവലം,വഴുതന | നാടൻ ഇനങ്ങൾ | |
| 4 | വാഴ | നേന്ത്രൻ | 500 |



## വിളകളുടെ സീസൺ അനുസരിച്ചുള്ള  കാലങ്ങൾ

| | | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ഓഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| നെല്ല് (വിരിപ്പ്) | ഉമ | | | | | ■ | ■ | ■ | ■ | ■ | | | |
| നെല്ല് (മുണ്ടകൻ) | ഉമ | ■ | ■ | | | | | | | | | ■ | ■ |
| പച്ചക്കറി വിത്ത് | പയർ | | | | | ■ | ■ | ■ | ■ | ■ | | | |
| പച്ചക്കറി വിത്ത് | ചീര | ■ | ■ | ■ | | | | | | ■ | ■ | ■ | ■ |
| പച്ചക്കറി വിത്ത് | പാവൽ | ■ | | | | ■ | ■ | ■ | ■ | ■ | | ■ | ■ |
| പച്ചക്കറി വിത്ത് | പടവലം | ■ | | | | ■ | ■ | ■ | ■ | ■ | | ■ | ■ |
| പച്ചക്കറി വിത്ത് | വഴുതന | ■ | ■ | ■ | ■ | ■ | ■ | ■ | ■ | ■ | ■ | ■ | ■ |
| പച്ചക്കറി വിത്ത് | വെണ്ട | | | | | ■ | ■ | ■ | ■ | ■ | ■ | ■ | ■ |
| വാഴ | | ■ | ■ | ■ | ■ | ■ | ■ | ■ | ■ | ■ | ■ | ■ | ■ |
| ഫലവൃക്ഷ തൈകളും, ഗ്രാഫ്റ്റുകളും | | ■ | ■ | ■ | ■ | ■ | ■ | ■ | ■ | ■ | ■ | ■ | ■ |
| പച്ചക്കറി പ്രോട്രെ തൈ ഉൽപ്പാദനം | | | | | | ■ | ■ | | | ■ | ■ | | |
| കുരുമുളക് തൈകൾ | | ■ | ■ | ■ | ■ | ■ | | | | | | | ■ |

## പ്രധാന പ്രവർത്തനങ്ങൾ / സേവനങ്ങൾ

- നെല്ല്, പച്ചക്കറി വിത്തുൽപ്പാദനം,
- പച്ചക്കറി പ്രോട്രെ തൈ ഉത്പാദനം, കുരുമുളക് തൈകൾ, ഫലവൃക്ഷതൈകൾ, ഗ്രാഫ്റ്റുകൾ എന്നിവയുടെ ഉൽപ്പാദനം.

## നിർമ്മിതികൾ

ഓഫീസ് കെട്ടിടം - 1, സ്റ്റോർ റൂം- 3, മെതിക്കളം - 1

## ലഭ്യമായ യന്ത്രോപകരണങ്ങൾ

പവർ ടില്ലർ - 1 എണ്ണം
നടീൽ യന്ത്രം - 1 എണ്ണം
കൊയ്ത്ത് യന്ത്രം - 1 എണ്ണം
മെതിയന്ത്രം  - 2 എണ്ണം

## ജലസേചനം

ജലസേചനത്തിന്റെ പ്രധാന സ്രോതസ്സ് ഫാമിൽ തന്നെയുള്ള വലിയ ഒരു കിണർ ആണ്. അതിൽ നിന്നും പമ്പ് സെറ്റ് മുഖാന്തിരം ജലസേചനം നടത്താൻ സാധിക്കും. കല്ലട ഇറിഗേഷൻ പ്രോജക്റ്റിന്റെ ഭാഗമായുള്ള കനാൽ ഫാം ഉൾപ്പെടുന്ന കോംപ്ലക്സിൽ കൂടി കടന്നുപോകുന്നതിനാൽ വേനൽ സമയത്ത് കനാലിൽ നിന്നും ആവശ്യത്തിനു ജലം ഉപയോഗിക്കുവാനും കഴിയുന്നുണ്ട്.

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | സീനിയർ അഗ്രികൾച്ചറൽ ഓഫീസർ | 1 | 1 |
| 2 | അഗ്രികൾച്ചറൽ അസിസ്റ്റന്റ് | 1 | 1 |

| | | | |
|---|---|---|---|
| 3 | സീനിയർ ക്ലർക്ക് | 1 | 1 |
| 4 | ഓഫീസ് അറ്റൻ്റൻ്റ് | 1 | 1 |
| 5 | വാച്ച്മാൻ | 1 | 1 |
| 6 | പാർട്ട് ടൈം സ്വീപ്പർ | 1 | 1 |

## തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമ നം | തൊഴിലാളികൾ / ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരം തൊഴിലാളികൾ | | |
| എ | അനുവദിച്ചിട്ടുള്ള തസ്തികകൾ | 2 | 4 |
| ബി | നിലവിലുള്ളവ | 2 | 4 |
| സി | ഒഴിവ് | 0 | 0 |
| 2 | ദിവസവേതന തൊഴിലാളികൾ | 0 | 4 |

## ഫാം ടൂറിസം

ഫാം ഓഫീസുമായി ചേർന്ന് നടീൽ വസ്തുക്കളുടെയും, മറ്റ് ഉൽപ്പന്നങ്ങളുടെയും വിപണനത്തിനായി വിപണനകേന്ദ്രം നിർമ്മിക്കുന്നതിനും, അലങ്കാര സസ്യ നഴ്സറി ആരംഭിച്ച് കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിനും ഫാമിൽ സാധ്യതയുണ്ട്.



## ഫാമിൽ നിന്നുള്ള ഉത്പന്നങ്ങൾ

| ക്രമ നം | ഇനം | വാർഷിക ഉത്പാദനം |
|---|---|---|
| 1 | നടീൽ വസ്തുക്കൾ | |
| a | നെൽവിത്ത് | 6000 കിലോഗ്രാം |
| b | പച്ചക്കറി വിത്ത് | 150 കിലോഗ്രാം |
| c | പച്ചക്കറി പ്രോട്രെ തൈകൾ | 25000 എണ്ണം |
| d | പച്ചക്കറി തൈകൾ | 10000 എണ്ണം |
| e | വേര് പിടിപ്പിച്ച കുരുമുളക് വള്ളികൾ | 25000 എണ്ണം |
| 2 | ഫലവൃക്ഷതൈകൾ | 10000 എണ്ണം |
| 3 | ഉത്പന്നങ്ങൾ | |
| | വാഴക്കുല | 2500 കി.ഗ്രാം |

## പ്രത്യേകതകൾ

- ജലലഭ്യത, ഫലഭൂയിഷ്ടമായ കൃഷിസ്ഥലങ്ങൾ, വിദഗ്ധരായ തൊഴിലാളികൾ എന്നിവ അനുകൂല ഘടകങ്ങൾ.
- വിവിധ ഇടങ്ങളിലായിട്ടുള്ള കൃഷി സ്ഥലങ്ങൾ, ഫാം റോഡുകളുടെ അഭാവം, തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഹരിത ഗൃഹങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥലക്കുറവ് എന്നിവ പ്രതികൂല ഘടകങ്ങളാണ്.
- തൊഴിലാളിക്ഷാമം പരിഹരിച്ചുകൊണ്ട് ഉത്പാദന വർദ്ധനവിനുള്ള പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് അവസരങ്ങൾ ഉണ്ട്.
- നെൽകൃഷിയിൽ പുതയൽ നിലങ്ങളായതിനാലും, ഒറ്റപ്പെട്ട കൃഷിയായതിനാലും ഉത്പാദനം കുറവാണ്. ജലസേചന, നീർവാർച്ച സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്.

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

വിപണനകേന്ദ്രം സജ്ജീകരിച്ച് അലങ്കാര സസ്യങ്ങളും മറ്റ് നടീൽ വസ്തുക്കളും ലഭ്യമാക്കുന്നത് വഴി കൂടുതൽ ജനങ്ങളെ ആകർഷിക്കുന്നതിനുള്ള പദ്ധതി ഉണ്ട്. ഫാമിന്റെ കൃഷി സ്ഥലങ്ങൾ സംരക്ഷിക്കുന്നതിനും, ഫാം റോഡുകൾ നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ലഭ്യമായ ഭൂമിയിൽ നിന്നും പരമാവധി ഉത്പാദനം ലഭിക്കുന്നതിനുള്ള നൂതന കൃഷി രീതികൾ അവലംബിക്കുന്നതിനും, യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു.

# കൊട്ടാരക്കര
## കശുമാവിൻ തോട്ടം

കാഷ്യു ഫാം, ഇ.റ്റി.സി പി.ഒ, കൊട്ടാരക്കര, കൊല്ലം - 691 531
ഫോൺ നം. 0474 - 2450602, 93834 70366
ഇ-മെയിൽ: ssfkottarakkara@gmail.com

1952 നവംബർ 15-ാം തീയതി കേരള സർക്കാരിന്റെയും, ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെയും സംയുക്ത സംരംഭമായി കശുമാവ് ഗവേഷണ കേന്ദ്രം സ്ഥാപിക്കപ്പെട്ടു. എന്നാൽ 1962 ൽ കൗൺസിലിന്റെ സഹായം അവസാനിപ്പിച്ചതുമൂലം 1966-ൽ സംസ്ഥാന സർക്കാർ സ്ഥാപനം ഏറ്റെടുക്കുകയും ഗവേഷണ പ്രവർത്തനങ്ങൾ നിർത്തലാക്കി കശുമാവ് തോട്ടം എന്ന പേരിൽ പ്രവർത്തനം തുടരുകയും ചെയ്തു. കർഷകർക്ക് നല്ലയിനം കശുമാവിൻ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിൽ ഈ സ്ഥാപനം സ്തുത്യർഹമായ പങ്ക് വഹിക്കുന്നു. 12.51 ഹെക്ടർ സ്ഥലത്ത് നിന്നും 5.15 ഹെക്ടർ നവോദയ സ്കൂളിനും IHRD എഞ്ചിനീയറിംഗ് കോളേജിനും നൽകിയതിന് ശേഷം നിലവിൽ 7.36 ഹെക്ടർ സ്ഥലമാണുള്ളത്.

### അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ▪ അക്ഷാംശം | 9.00613°N |
| രേഖാംശം | 76.78299°E |
| ▪ ജില്ല | കൊല്ലം |
| ▪ ബ്ലോക്ക് | കൊട്ടാരക്കര |
| ▪ താലൂക്ക് | കൊട്ടാരക്കര |
| ▪ മുൻസിപ്പാലിറ്റി: | കൊട്ടാരക്കര |
| ▪ വാർഡ് | 17 |

### വിസ്തീർണ്ണം

| ക്രമ. നം. | ഇനം | വിസ്തീർണ്ണം/എണ്ണം |
|---|---|---|
| 1 | ആകെ വിസതീർണ്ണം | 7.36 ഹെക്ടർ |
| 2 | കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | 7 ഹെക്ടർ |
| 3 | കുളങ്ങൾ, മറ്റു ജല സ്രോതസ്സുകൾ | 0.01 ഹെക്ടർ കുളം-2 |
| 4 | മന്ദിരങ്ങൾ, റോഡ് | 0.35 ഹെക്ടർ |
| 5 | വിളകൾ | കശുമാവ്-5 ഹെക്ടർ ഫലവൃക്ഷ തൈകൾ - 0.5 ഹെക്ടർ |
| 6 | നഴ്സറി | 0.5 |




## ജൈവവൈവിധ്യ വിവരങ്ങൾ

കശുമാവ് - പ്രിയങ്ക, ധന, ഗംലെസ്സ്, മാടക്കത്തറ-2, കനക, പൂർണ്ണിമ, കെ-22, മാടക്കത്തറ-1, ആനക്കയം

വിസ്തീർണ്ണം - 5 ഹെ

## നിർമ്മിതികൾ

| | | |
|---|---|---|
| പോളി ഹൗസ് | - | 3 എണ്ണം |
| ഗ്രീൻ ഹൗസ് | - | 3 എണ്ണം |
| മഴമറ | - | 3 എണ്ണം |
| പോട്ടിംങ്ങ് ഷെഡ് | - | 3 എണ്ണം |

## യന്ത്രോപകരണങ്ങൾ

കാട് വെട്ടിയെന്ത്രം - 4 എണ്ണം
പോർട്ടബിൾ പമ്പ് സെറ്റ് - 2 എണ്ണം

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | സീനിയർ കൃഷി ഓഫീസർ | 1 | 1 |
| 2 | അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ | 1 | 1 |
| 3 | കൃഷി അസിസ്റ്റന്റ് | 0 | 1 |
| 4 | വാച്ച്മാൻ | 1 | 1 |
| 5 | പാർട്ട് ടൈം സ്വീപ്പർ | 1 | 1 |

## തൊഴിലാളികളുടെ വിവരം

| ക്രമ നം | തൊഴിലാളികൾ / ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരം തൊഴിലാളികൾ | 0 | 0 |
| a | അനുവദിച്ചിട്ടുള്ള തസ്തികകൾ | 6 | 0 |
| b | നിലവിലുള്ളവ | 3 | 0 |
| c | ഒഴിവ് | 0 | 0 |

## കൃഷിചെയ്യുന്ന വിവിധ വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ

- പച്ചക്കറി - മെയ് -സെപ്റ്റംബർ, ഒക്ടോബർ - ജനുവരി
- കശുമാവ് - പരിപാലനം - ജൂൺ - നവംബർ, വിളവെടുപ്പ് - ഡിസംബർ - ഏപ്രിൽ

## ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ

- കശുമാവ് കൃഷി പരിപാലനം
- കശുമാവ് , മാവ് ഗ്രാഫ്റ്റുകളുടെ ഉത്പാദനം
- കുരുമുളക് തൈകളുടെ ഉൾപ്പാദനം
- പച്ചക്കറി വിത്ത്, തൈ ഉത്പാദനം
- ഫലവൃക്ഷ തൈ പരിപാലനം

## പ്രത്യേകതകൾ

- അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് മാതൃ വൃക്ഷങ്ങൾ ഗ്രാഫ്റ്റിംങ്ങ് - വിദഗ്ധതൊഴിലാളികൾ എന്നിവ ഫാമിന്റെ സവിശേഷതകളാണ്
- തൊഴിലാളികളുടെ ക്ഷാമം, വിവിധ ഇടങ്ങളിലായിട്ടുള്ള കൃഷി സ്ഥലങ്ങൾ, സംരക്ഷണവേലി യുടെ അഭാവം, ജലക്ഷാമം എന്നിവ പ്രതിസന്ധികളുമാണ്.
- തൊഴിലാളി ക്ഷാമം പരിഹരിച്ചുകൊണ്ട് ഉത്പാദന വർദ്ധനവിനുള്ള പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിലൂടെയും ഗ്രാഫ്റ്റിംങ്ങ് വിദഗ്ധതൊഴിലാളികളെ മറ്റ് കൃഷിപ്പണി കൾക്കായി ഉപയോഗിക്കുന്നത് മൂലമുള്ള വരുമാന നഷ്ടം പരിഹരിക്കുന്നതിന് വേണ്ടി കാഷ്വൽ

തൊഴിലാളികളുടെ നിയമനം നടത്തുകയും ചെയ്താൽ കൂടുതൽ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താം.

- വർഷം മുഴുവനും വിവിധ കൃഷികളും മറ്റ് നടീൽ വസ്തുക്കളുടെ ഉത്പാദനവും, ഫാമിന്റെ പരിപാലനവും ചെയ്യുന്നതിന് ആവശ്യമായ തൊഴിലാളികളുടെ ആവശ്യകത ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അത്യന്താപേക്ഷിതമാണ്.

## ഫാമിൽ നിന്നുള്ള വസ്തുക്കളുടെ വിൽപ്പന വിവരം

| ക്രമ നം | ഇനം | വാർഷിക ഉത്പാദനം | ഉത്പാദന ക്ഷമത |
|---|---|---|---|
| 1 | നടീൽ വസ്തുക്കൾ | | |
| 1 | കുരുമുളക് വള്ളി | 75000 എണ്ണം | 75000 എണ്ണം |
| 2 | കാഷ്യു ഗ്രാഫ്റ്റ് | 10000 എണ്ണം | 10000 എണ്ണം |
| 3 | പച്ചക്കറി വിത്ത് | 100 കിലോഗ്രാം | 100 കിലോഗ്രാം |
| 4 | ഫലവൃക്ഷ തൈകൾ | 20000 എണ്ണം | 20000 എണ്ണം |
| 2 | ഉത്പന്നങ്ങൾ | | |
| 1 | കശുവണ്ടി | 1500 കിലോഗ്രാം | 1500 കിലോഗ്രാം |

## സംയോജിത കൃഷിരീതികൾ (IFS)

വികസന പരിശീലന കേന്ദ്രം, ബ്ലോക്ക് പഞ്ചായത്ത്, കില തുടങ്ങിയ ഓഫീസ് സമുച്ചയങ്ങളുടെ വിവിധ ഭാഗങ്ങളിലായി കൃഷിയിടങ്ങൾ സ്ഥിതി ചെയ്യുന്നതിനാൽ സംയോജിത കൃഷി രീതികൾ പ്രായോഗികമല്ല.

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

കാഷ്യൂഫാം ഓഫീസ് കെട്ടിടം നവീകരിച്ച് ഫാമിന് ചുറ്റും മുള്ളുവേലി സ്ഥാപിക്കുക, പണ്ടാരവിള പ്ലോട്ടിൽ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക, ജലക്ഷാമം പരിഹരിക്കുന്നതിന് ഉള്ള നടപടികൾ സ്വീകരിക്കുക, സെയിൽസ് കൗണ്ടർ നവീകരിച്ച് പ്രവർത്തനസജ്ജമാക്കുക, അലങ്കാരചെടികളുടെ നഴ്സറി തുടങ്ങുക.

GOK-AGRI-CN-3

# കരുനാഗപ്പള്ളി
## തെങ്ങിൻതൈ ഉത്പാദന കേന്ദ്രം

സ്റ്റേറ്റ് കോക്കനട്ട് നഴ്സറി, കരുനാഗപ്പള്ളി, തഴവ പി.ഒ., കൊല്ലം - 690 523
ഫോൺ: 0476-260290, 93834 70336
ഇ-മെയിൽ: scnkarunagappally@gmail.com

കൊല്ലം ചിറ്റൂമല റെയിൽവെ ക്രോസ്സിനുസമീപം പുതിയകാവ് -ചാക്കവള്ളി റോഡിൽ നഴ്സറി ജങ്ഷനിൽ നിന്നും അഞ്ച് മീറ്റർ ദൂരത്തിൽ ആണ് ഈ സ്ഥാപനം സ്ഥിതിചെയ്യുന്നത്.

1967 -ൽ 3.67 ഹെക്ടർ കരഭൂമിയിലാണ് നഴ്സറി പ്രവർത്തനം ആരംഭിക്കുന്നത്. ഗുണമേന്മയുള്ള വിത്തുൽപാദനത്തിനായി കോക്കനട്ട് നഴ്സറിക്കൊപ്പം പ്രവർത്തിച്ചുവരുന്ന സ്റ്റേറ്റ് സീഡ് ഫാം 1989 കാലയളവിൽ നിർത്തലാക്കുകയുണ്ടായി. എന്നാലും ഇന്ന് പ്രതിവർഷം അരലക്ഷത്തോളം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്ന നിലയിലേയ്ക്ക് നഴ്സറി മാറിയിട്ടുണ്ട്. തെങ്ങിൻതൈകളിൽ തുടങ്ങി ഫലവൃക്ഷങ്ങൾ, കുരുമുളക്, പച്ചക്കറിതൈകൾ തുടങ്ങി പലനടീൽ വസ്തുക്കളും ഇന്ന് ഫാമിൽ ഉത്പാദിപ്പിക്കുന്നു.

### അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — 76°3229'N
  രേഖാംശം — 9°458'E
- ജില്ല — കൊല്ലം
- ബ്ലോക്ക് — ഓച്ചിറ
- താലൂക്ക് — കരുനാഗപ്പള്ളി
- പഞ്ചായത്ത് — തൊടിയൂർ
- വാർഡ് — തൊടിയൂർ

### വിസ്തീർണ്ണം

| No | Iteam | Remarks |
|---|---|---|
| 1 | ആകെ വിസ്തീർണ്ണം | 3.67 Ha |
| 2 | കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | 3.02 Ha |
| 3 | കൃഷി യോഗ്യമായ തരിശുഭൂമി | ഇല്ല |
| 4 | നെൽപ്പാടം | ഇല്ല |
| 7 | കുളങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ | കുളങ്ങൾ- 1 കിണർ- 2 |




## ജൈവവൈവിധ്യം സംബന്ധിക്കുന്ന വിവരങ്ങൾ

| ക്രമ നമ്പർ | സംരക്ഷിക്കുന്ന വൃക്ഷം/ചെടികൾ | ഇനം | എണ്ണം |
|---|---|---|---|
| 1 | തെങ്ങ് | ലക്ഷദ്വീപ് ഓർഡിനറി | 256 |
| | | മലയൻ കുറിയ മഞ്ഞ | 2 |
| | | ചാവക്കാട് കുറിയ ഓറഞ്ച് | 20 |
| | | മലയൻ കുറിയ പച്ച | 8 |
| | | കോമാടൻ | 1 |
| | | T X D | 9 |
| | | WCT | 2 |
| 2 | പ്ലാവ് | കൂഴ | 1 |
| | | വരിക്ക | 2 |
| 3 | ആഞ്ഞിലി | | 2 |
| 4 | വാളൻപുളി | | 1 |
| 5 | കുടംപുളി | | 1 |
| 6 | മഹാഗണി | | 2 |
| 7 | ബദാം | | 2 |

## പ്രധാന പ്രവർത്തനങ്ങൾ / സേവനങ്ങൾ

കൊല്ലം ജില്ലയിലെ വിവിധ കൃഷി ഭവനുകളിലേയ്ക്കും സമീപ ജില്ലകളിലേയ്ക്കും ആവശ്യമായ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക എന്നുള്ളതാണ് 9 ഏക്കർ വിസ്തൃതിയുള്ള കരുനാഗപ്പള്ളി സ്റ്റേറ്റ് കോക്കനട്ട് നേഴ്സറിയുടെ പ്രധാന ലക്ഷ്യം. ഫാമിന്റെ പ്രധാന ലക്ഷ്യ

മായ തെങ്ങിൻ തൈ ഉത്പാദനത്തിനുപുറമെ പച്ചക്കറി തൈകൾ, പച്ചക്കറി വിത്ത്, വാഴകൃഷി, ടിഷ്യൂകൾച്ചർ വാഴ തൈകളുടെ ഹാർഡണിംഗ്, മരച്ചീനി, ചേന തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളുടെ ഉത്പാദനവും വിപണനവും, വെളിച്ചെണ്ണ ഉത്പാദനം, പോളി ബാഗിലുള്ള തെങ്ങിൻ തൈകളുടെ ഉത്പാദനം, കുരുമുളക് വള്ളികൾ, കശുമാവ് ഗ്രാഫ്റ്റ്, അലങ്കാര ചെടികൾ, പലവൃക്ഷ തൈകൾ എന്നിവയും ഫാമിൽ ആവശ്യാനുസരണം ഉത്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു.

## നിർമ്മിതികൾ

| | | |
|---|---|---|
| ഓഫീസ് കെട്ടിടം | - | 625 ച.മീ. |
| ലേബേഴ്സ് റെസ്റ്റ് ഹൗസ് | - | 480 ച.മീ. |
| കാറ്റിൽ ഷെഡ് | - | 800 ച.മീ. |
| ഗോഡൗൺ | - | 250 ച.മീ. |
| ഗ്രീൻ ഹൗസ് - 4 എണ്ണം | - | 200 ച.മീ. |
| മിസ്റ്റ് ചേംബർ | - | 350 ച.മീ. |
| മഴമറ | - | 50 ച.മീ. |
| വിൽപന കൗണ്ടർ | - | 120 ച.മീ. |
| ക്വാട്ടേഴ്സ് | - | 400 ച.മീ. |
| പമ്പ് ഹൗസ് | - | 100 ച.മീ. |

## വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ




## യന്ത്രോപകരണങ്ങൾ

ജലസേചനത്തിനായി പമ്പ് സെറ്റുകളാണ് ഉപയോഗിക്കുന്നത്.

## ജലസേചനം

3 കിണറും , 1 കുഴൽ കിണറും ഒരു കുളവും ഫാമിലുണ്ട്. ഇവിടെ നിന്നും പമ്പ് സെറ്റ് ഉപയോഗിച്ചാണ് ജലസേചനം നടത്തുന്നത്.

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | സീനിയർ കൃഷി ഓഫീസർ | 1 | 1 |
| 2 | കൃഷി അസിസ്റ്റന്റ് | 1 | 1 |
| 3 | ഓഫീസ് അറ്റന്റന്റ് | 1 | 1 |
| 4 | വാച്ച് മാൻ | 1 | 1 |
| 5 | ഓയിൽ എഞ്ചിൻ ഡ്രൈവർ | 1 | 0 |
| 6 | പെർമനന്റ് സെർവന്റ് | 1 | 0 |

## തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമ. നം | തൊഴിലാളികൾ /ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരം തൊഴിലാളികൾ | 4 | 8 |
| എ | അനുവദിച്ചിട്ടുള്ള തസ്തികകൾ | 4 | 8 |
| ബി | നിലവിലുള്ളവ | 4 | 8 |
| സി | ഒഴിവ് | - | - |
| 2 | ദിവസവേതന തൊഴിലാളികൾ | 3 | 24 |

## മൂല്യവർദ്ധനവ്

തേങ്ങയിൽ നിന്നും വെളിച്ചെണ്ണ ഉത്പാദനം, മരച്ചീനിയിൽ നിന്നും ചിപ്സ് നിർമ്മാണം, നാടൻ പശുക്കളിൽ നിന്നും പഞ്ചഗവ്യ നിർമ്മാണം, ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ ചാണകപ്പൊടിയുടെ നിർമ്മാണം എന്നിവ മൂല്യവർദ്ധനവിനുള്ള സാധ്യതകളാണ്.

## ഫാം ടൂറിസം

നിലവിലുള്ള കുളം കേന്ദ്രീകരിച്ച് മത്സ്യകൃഷി, താറാവ് വളർത്തൽ എന്നിവ ആരംഭിക്കുക, നിലവിലുള്ള വൃക്ഷങ്ങളും വിവിധയിനം തെങ്ങുകളും ഇനം തിരിച്ച് ലേബൽ ചെയ്ത് സംരക്ഷിക്കുക എന്നീ നടപടികൾ പരിഗണനയിലുണ്ട്. ഇവ സ്വീകരിച്ചുകൊണ്ട് ചെറിയ തോതിൽ ഫാം ടൂറിസത്തിന് സാധ്യതയുണ്ട്.

## ഫാമിൽ നിന്നുള്ള വസ്തുക്കളുടെ വിൽപ്പന വിവരം

| ക്രമ. നം. | ഇനം | വാർഷിക ഉത്പാദനം (അവസാന വർഷം ) | ഉത്പാദന ശേഷി |
|---|---|---|---|
| 1 | നടീൽ വസ്തുക്കൾ | | |
| 1 | തെങ്ങിൻ തൈകൾ | 42379 | 1,10,000 |
| 2 | പച്ചക്കറി തൈകൾ | 50450 | |

| | | | |
|---|---|---|---|
| 3 | ഫലവൃക്ഷതൈകൾ | 90000 | 2,50,000 |
| 4 | കുരുമുളക് തൈകൾ | 37300 | 1,50,000 |
| 5 | അലങ്കാര തൈകൾ | 1200 | |
| 6 | കശുമാവ് ഗ്രാഫ്റ്റ് | 900 | |
| 7 | കമുകിൻ തൈകൾ | 300 | |

## സംയോജിത കൃഷി രീതികൾ

നാടൻ ജനുസുകളായ വെച്ചൂർ, കാസർകോഡ് കുള്ളൻ, കൃഷ്ണ എന്നീ ഇനങ്ങളിലായി 7 പശുക്കളെ പരിപാലിച്ച് വരുന്നു.

തെങ്ങ്, മറ്റ് ഫലവൃക്ഷങ്ങൾ, പച്ചക്കറി എന്നിവയുടെ പോളിനേഷൻ വർദ്ധിപ്പിച്ച് അതുവഴി വിളവ് വർദ്ധിപ്പിക്കുകയും തൊഴിലാളികൾക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്ന ഉദ്ദേശം മുൻനിർത്തി 50 തേനീച്ചപ്പെട്ടികൾ പരിപാലിച്ച് വരുന്നു.

## പ്രത്യേകതകൾ

- തെങ്ങിൻതൈ ഉത്പാദനത്തിന് അനുയോജ്യമായ കാലാവസ്ഥയും മണ്ണും
- തേങ്ങയിൽ നിന്നും വെളിച്ചെണ്ണ ഉത്പാദനം, മരച്ചീനിയിൽ നിന്നും ചിപ്സ് നിർമ്മാണം, നാടൻ പശുക്കളിൽ നിന്നും പഞ്ചഗവ്യനിർമ്മാണം തുടങ്ങിയ മൂല്യവർദ്ധന യൂണിറ്റുകൾക്ക് സാധ്യതയുണ്ട്.
- മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം വഴി ഫാമിന്റെ വാർഷിക വരുമാനം ഒരു കോടി രൂപ എന്ന ലക്ഷ്യം സാധ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു.

## വികസനത്തിനായുള്ള ഭാവി പരിപാടികൾ

നാടൻ പശുക്കളുടെ ചാണകവും മറ്റും ഉപയോഗപ്പെടുത്തി പഞ്ചഗവ്യം പോലുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന സംരംഭം ആരംഭിക്കുക. തേനീച്ചയിൽ നിന്നും തേനിന് പുറമെ ബീ വാക്സ് ഉത്പാദിപ്പിക്കുക. ട്രൈക്കോഡർമ സമ്പുഷ്ട ചാണകം വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുക എന്നിവ പരിഗണനയിലുള്ള ഭാവി പദ്ധതികളാണ്.

# അടൂർ
## സംസ്ഥാന വിത്തുത്പാദന കേന്ദ്രം

**സ്റ്റേറ്റ് സീഡ് ഫാം, മൂന്നാളം, അടൂർ പി.ഒ., പത്തനംതിട്ട** - 691 523
**ഫോൺ**: 04734 - 227868, 93834 70516
**ഇ-മെയിൽ**: stateseedfarmadoor@gmail.com

അടൂർ ബൈപാസ്സിൽ വട്ടത്തറപ്പടിയിൽ നിന്നും മണക്കാലയ്ക്കുള്ള റോഡിൽ മൂന്നാളം ജംഗ്ഷനിൽ നിന്നും 300 മീറ്റർ അകലെ (അടൂർ മുനിസിപ്പാലിറ്റി 25-ാം വാർഡ് ) അടൂർ സ്റ്റേറ്റ് സീഡ് ഫാം സ്ഥിതി ചെയ്യുന്നു.

ഫാമിന്റെ പ്രവർത്തനം 1960 ൽ ആരംഭിച്ചു. ആദ്യ കാലത്ത് ഫാമിൽ നെൽ വിത്ത് ഉല്പാദനം മാത്രമായിരുന്നു. പിന്നീട് പച്ചക്കറി, വാഴ, കിഴങ്ങ് വർഗ്ഗ വിളകൾ, തെങ്ങ് എന്നിവയുടെ കൃഷിയും നടപ്പിലാക്കി. പോളി ഹൗസുകൾ സ്ഥാപിച്ചതിനു ശേഷം വേരു പിടിപ്പിച്ച കുരുമുളക് വള്ളികൾ, പച്ചക്കറി തൈകൾ, ഫല വൃക്ഷത്തൈകൾ, ടിഷ്യൂ കൾച്ചർ വാഴവിത്തുകൾ മുതലായവ ഉല്പ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

### അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ▪ അക്ഷാംശം | $9^{0}$.14474' N |
| രേഖാംശം | $76^{0}$.72322' E |
| ▪ ജില്ല | പത്തനംതിട്ട |
| ▪ ബ്ലോക്ക് | പറക്കോട് |
| ▪ താലൂക്ക് | അടൂർ |
| ▪ മുൻസിപ്പാലിറ്റി | അടൂർ |
| ▪ വാർഡ് | 25 |

### വിസ്തീർണ്ണം

| നമ്പർ | ഇനം | അഭിപ്രായം |
|---|---|---|
| 1 | ആകെ വിസ്തീർണ്ണം | 10.25 ഹെക്ടർ |
| 2 | കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | 8.5 ഹെക്ടർ |
| 3 | കൃഷി യോഗ്യമായ തരിശു ഭൂമി | ഇല്ല |
| 4 | നെൽപ്പാടം | 8.5 ഹെക്ടർ |
| 5 | മറ്റു ജലാശയങ്ങൾ(വിസ്തീർണ്ണം ഉൾപ്പെടെ) | 0.25 ഹെക്ടർ |

| | | |
|---|---|---|
| 6 | കൃഷി യോഗ്യമല്ലാത്ത തരിശു ഭൂമി | ഇല്ല |
| 7 | കുളങ്ങൾ മറ്റു ജലസ്രോതസ്സുകൾ (വിസ്തീർണ്ണം ഉൾപ്പെടെ) | കിണറുകൾ- 3 എണ്ണം കുളങ്ങൾ - 2 എണ്ണംആകെ 0.1 ഹെ. |
| 8 | മന്ദിരങ്ങൾ, റോഡ്(വിസ്തീർണ്ണം ഉൾപ്പെടെ) | 0.75 ഹെക്ടർ |
| 9 | അഗ്രോമെറ്റ് ഒബ്സർവേറ്ററി | 0.5 സെന്റ് |
| 10 | വന പ്രദേശം | ഇല്ല |
| 11 | വിളകൾ (വിസ്തീർണ്ണം ഉൾപ്പെടെ) | നെല്ല്- 5 ഹെ., വാഴ - 0.5 ഹെ., പച്ചക്കറി - 1 ഹെ., കിഴങ്ങ് വർഗ്ഗ വിളകൾ - 1 ഹെ., പുൽ കൃഷി-0.5 ഹെ., തെങ്ങ് - 1 ഹെ. |
| 12 | നഴ്സറി (വിസ്തീർണ്ണം ഉൾപ്പെടെ) | 0.25 ഹെക്ടർ |
| 13 | മറ്റു കാര്യങ്ങൾ | |



## വിളകൾ

1. നെൽകൃഷി – മുണ്ടകൻ
2. പച്ചക്കറി
3. വാഴ
4. കിഴങ്ങുവർഗ്ഗങ്ങൾ

## നിർമ്മിതികൾ

| | | |
|---|---|---|
| ഓഫീസ് കെട്ടിടം | – | 1 എണ്ണം |
| പോളി ഹൗസുകൾ | – | 3 എണ്ണം |
| സീഡ് സ്റ്റോർ | – | 1 എണ്ണം |
| തൊഴിലാളികളുടെ വിശ്രമ മുറി | – | 1 എണ്ണം |
| വളത്തിന്റെയും കീടനാശിനിയുടെയും സ്റ്റോർ | – | 1 എണ്ണം |

## യന്ത്രോപകരണങ്ങൾ

| | | |
|---|---|---|
| ട്രാക്ടർ | – | 1 എണ്ണം |
| ടില്ലർ | – | 3 എണ്ണം |
| നടീൽ യന്ത്രം | – | 1 എണ്ണം |
| മിനി ടില്ലർ | – | 1 എണ്ണം |
| പാറ്റ് മെതി യന്ത്രം | – | 1 എണ്ണം |

## ജീവനക്കാരുടെ വിവരം

| ക്രമ നം. | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ | 1 | 1 |
| 2 | അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് | 1 | 1 |
| 3 | സീനിയർ ക്ലർക്ക് | 1 | 1 |
| 4 | ഓഫീസ് അറ്റൻഡന്റ് | 1 | 1 |
| 5 | പാർട് ടൈം സ്വീപ്പർ | 1 | 1 |

## തൊഴിലാളികളുടെ വിവരം

| ക്രമ നം. | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരം തൊഴിലാളികൾ | | |
| a | അനുവദിച്ചിട്ടുള്ള തസ്തികകൾ | 9 | 18 |
| b | നിലവിലുള്ളവ | 9 | 18 |
| c | ഒഴിവ് | ഇല്ല | ഇല്ല |
| 2 | ദിവസ വേതന തൊഴിലാളികൾ (കാഷ്വൽ) | 5 | – |

## കൃഷി ചെയ്യുന്ന വിവിധ വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ




## പ്രധാന പ്രവർത്തനങ്ങൾ

നെല്ല്, വാഴ, പച്ചക്കറികൾ, കുരുമുളക്, കിഴങ്ങ് വർഗ്ഗ വിളകൾ, ഫലവൃക്ഷങ്ങൾ എന്നിവയുടെ നടീൽ വസ്തുക്കളുടെ ഉല്പാദനം, കന്നുകാലി വളർത്തൽ, പച്ചക്കറി വികസന പദ്ധതിയിൽ ഗ്രോബാഗുകളുടെയും പച്ചക്കറി തൈകളുടെയും വിതരണം എന്നിവയാണ് ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ.

## മൂല്യ വർദ്ധിത ഉല്പന്നങ്ങൾ

സംപുഷ്ടീകരിച്ച ജൈവവളത്തിന്റെ ഉല്പാദനം നടത്തണം.

## ഫാം ടൂറിസം

നിലവിൽ നെൽകൃഷി കാണുന്നതിനും പഠിക്കുന്നതിനും സ്കൂൾ കുട്ടികൾ എത്തുന്നുണ്ട്. പച്ചക്കറി വിത്തുകളും തൈകളും വാങ്ങുന്നതിന് ധാരാളം ആളുകൾ എത്താറുണ്ട്.

## നടീൽ വസ്തുക്കൾ / ഉൽപന്നങ്ങൾ

| ക്രമ നം. | ഇനം | വാർഷിക ഉല്പാദനം | ഉല്പാദനക്ഷമത |
|---|---|---|---|
| 1. | നടീൽ വസ്തുക്കൾ | | 2700 കി.ഗ്രാം./ഹെ. |
| 1 | നെൽ വിത്ത് | 20 ടൺ | 38 കി.ഗ്രാം./ഹെ. |
| 2 | പച്ചക്കറി വിത്ത് | 114 കിലോഗ്രാം | |
| 3 | പച്ചക്കറി തൈകൾ | 165000 എണ്ണം | |

| | | | |
|---|---|---|---|
| 4 | ഫല വൃക്ഷത്തൈകൾ | 38000 എണ്ണം | |
| 5 | വേരു പിടിപ്പിച്ച കുരുമുളക് വള്ളികൾ | 25000 എണ്ണം | |
| 2. | മൂല്യ വർദ്ധിത ഉല്പ്പന്നങ്ങൾ | | |
| 3. | ഉല്പ്പന്നങ്ങൾ | | |
| 1 | തേങ്ങ | 3000 എണ്ണം | ഒരു തെങ്ങിന് 30 തേങ്ങ |
| 2 | കിഴങ്ങ് വർഗ്ഗ വിളകൾ | 2 ടൺ | 2 ടൺ |
| 3 | കച്ചി | 15 ടൺ | 3 ടൺ / ഹെ. |
| 4 | മറ്റിനങ്ങൾ | | |

## സംയോജിത കൃഷി രീതികൾ

നിലവിൽ കറവയുള്ള 3 പശുക്കളും ഒരു പശുക്കിടാവും ഒരു കാളയും മൂന്നു കാളക്കിടാവുകളും ഉണ്ട്. ഫാമിൽ ഉല്പ്പാദിപ്പിക്കുന്ന കച്ചിയും പച്ചപ്പുല്ലും തീറ്റയായി നൽകുന്നു. ഫാമിലെ കൃഷിയ്ക്കാവശ്യമായ ചാണകം ലഭിക്കുന്നു.

## പ്രത്യേകതകൾ

- ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നു.
- മഴയേയും കെ.ഐ.പി. കനാലിനേയും, പള്ളിക്കലാറിനെയും ആശ്രയിച്ച് കൃഷി നടത്തുന്നു. കരഭൂമി ഒരു ഹെക്ടർ മാത്രമേയുള്ളൂ.
- വെള്ളം കയറിയിറങ്ങി പോകുന്നതിനാൽ ഇവിടുത്തെ നെൽകൃഷി കഴിഞ്ഞ രണ്ട് പ്രളയത്തേയും അതിജീവിച്ചു.
- ഫാമിന് ചുറ്റുമതിൽ കെട്ടി പൂർണ്ണമായി സംരക്ഷിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

1. ഫാം മെക്കനൈസേഷൻ ഫലപ്രദമായി നടപ്പിലാക്കണം
2. തേനീച്ച വളർത്തൽ, മത്സ്യക്കൃഷി, താറാവു വളർത്തൽ, കോഴി വളർത്തൽ എന്നിവ നടപ്പിലാക്കുന്നതിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കണം
3. ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് വഴിയായി തൈകൾ ഉല്പാദിപ്പിച്ച് വിതരണം നടത്തണം.
4. സെയിൽസ് കൗണ്ടർ സ്ഥാപിയ്ക്കണം

# പന്തളം
## കരിമ്പ് വിത്തുത്പാദന കേന്ദ്രം

**കരിമ്പ് വിത്തുത്പാദനകേന്ദ്രം, കടയ്ക്കാട്, പന്തളം,**
**പത്തനംതിട്ട – 689501**
**ഫോൺ:** 04734-252500, 9383470517

പന്തളം പത്തനംതിട്ട റൂട്ടിൽ പന്തളം ജംഗ്ഷനിൽ നിന്നും 1 കിലോമീറ്റർ ദൂരെയായി കടക്കാട് ക്ഷേത്രത്തിന് മുമ്പിലായി ഫാം സ്ഥിതി ചെയ്യുന്നു.

പത്തനംതിട്ട ജില്ലയിൽ പന്തളം മുൻസിപ്പാലിറ്റിയിൽ 1963 ൽ ആണ്ഫാം സ്ഥാപിതമായത്. കാർഷിക വികസന കർഷകക്ഷേമവകുപ്പിന്റെ കീഴിൽ വരുന്ന ഈ സ്പെഷ്യൽ ഫാമിൽ നിന്നും കരിമ്പ് കർഷകർക്കുള്ള നടീൽ വസ്തു (തലക്കം) നൽകുന്നതോടൊപ്പം കർഷകർക്ക് തെങ്ങിൻ തൈകൾ, പച്ചക്കറിതൈ, ഗ്രോബാഗ്, പച്ചക്കറിവിത്ത്, കൊക്കോ തൈകൾ തുടങ്ങിയ മുന്തിയയിനം നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ച് നല്കുന്നു.

### അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — 9°.222714"
  രേഖാംശം — 76°.691217"
- ജില്ല — പത്തനംതിട്ട
- താലൂക്ക് — അടൂർ
- മുനിസിപ്പാലിറ്റി — പന്തളം
- വാർഡ് — 10, കടയ്ക്കാട്
- വില്ലേജ് — കുരമ്പാല

### വിസ്തീർണ്ണം

| ക്രമ. നം. | ഇനം | വിസ്തീർണ്ണം/എണ്ണം |
|---|---|---|
| 1 | ആകെ വിസ്തീർണ്ണം | 10.692 ha.(26.73) |
| 2 | കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | 9.9 ha |
| 3 | കൃഷിയോഗ്യമായ തരിശുഭൂമി | ഇല്ല |
| 4 | നെൽപ്പാടം | ഇല്ല |
| 5 | മറ്റു ജലാശയങ്ങൾ | ഇല്ല |
| 6 | കൃഷിയോഗ്യമല്ലാത്ത തരിശുഭൂമി | ഇല്ല |

| | | |
|---|---|---|
| 7 | കുളങ്ങൾ, മറ്റു ജല സ്രോതസ്സുകൾ | 1 |
| 8 | മന്ദിരങ്ങൾ | 0.792 ha |

## ഫാമിന്റെ പ്രവർത്തനങ്ങൾ

കരിമ്പിൻതലക്കം, കുരുമുളക് തൈ, കുറ്റിക്കുരുമുളക്  പച്ചക്കറിത്തൈകൾ, തെങ്ങിൻ തൈകൾ, പച്ചക്കറി വിത്തുകൾ, കൊക്കോ തൈകൾ എന്നിവ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. കരിമ്പിന്റെ മൂല്യവർധിത ഉത്പന്നമായ പതിയൻ ശർക്കര, ഉണ്ട ശർക്കര, ചുക്കുണ്ട എന്നിവയും ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

## കൃഷി ചെയ്യുന്ന വിവിധ വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ

കരിമ്പ് – വർഷം മുഴുവൻ
പച്ചക്കറി -  ഫെബ്രുവരി – മാർച്ച്
കിഴങ്ങ് വർഗ്ഗങ്ങൾ - ഫെബ്രുവരി – മാർച്ച്

## നിർമ്മിതികൾ

ഓഫീസ് കെട്ടിടം - 1, പോളിഹൌസ്-3 , ലേബർഷെഡ് -1, ഡയറിയൂണിറ്റ് -1, ശർക്കര സംസ്കരണ പാക്കിങ്സെൻറർ-1 ,



## യന്ത്രോപകരണങ്ങൾ

ട്രാക്ടർ - 2 എണ്ണം
ടില്ലർ - 1 എണ്ണം
കുബോട്ട - 1 എണ്ണം
പിക് അപ് - 1 എണ്ണം
ബൊലേറോ - 1 എണ്ണം
407 - എണ്ണം

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നമ്പർ | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | കൃഷി ഓഫീസർ | 1 | 1 |
| 2 | കൃഷി അസിസ്റ്റന്റ് | 2 | 2 |
| 3 | ഓഫീസ് അറ്റന്റർ | 1 | 1 |
| 4 | നൈറ്റ് വാച്ച്മാൻ | 1 | 1 |

## തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | തൊഴിലാളികൾ / ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരം തൊഴിലാളികൾ | | |
| a | അനുവദിച്ചിട്ടുള്ള തസ്തികകൾ | | |
| b | നിലവിലുള്ളവ | 7 | 15 |
| c | ഒഴിവ് | | |
| 2 | ദിവസവേതന തൊഴിലാളികൾ | 5 | 2 |

## മൂല്യ വർദ്ധനവിനുള്ള നടപടികൾ/ പ്രവർത്തനങ്ങൾ

കരിമ്പ് സംസ്കരണവും ശർക്കര ഉത്പാദനവും

## ഫാമിൽ നിന്നുമുള്ള വസ്തുക്കളുടെ വില്പനവിവരം

| ക്രമ നമ്പർ | ഇനം | വാർഷിക ഉത്പാദനം (2020-21) |
|---|---|---|
| 1 | നടീൽ വസ്തുക്കൾ | 5.16 ലക്ഷം |
| a | പച്ചക്കറിത്തൈ | 6.21 ലക്ഷം |
| b | ചേന, കാച്ചില്, കിഴങ്ങ് | 3255 കി.ഗ്രാം. |
| c | കരിമ്പിന്റെ തലക്കം | 17.5 MT |
| d | തെങ്ങിന് തൈ | 5912 എണ്ണം |
| e | കൊക്കോ | 4750 എണ്ണം |
| f | കുരുമുളക് വള്ളി | 144330 എണ്ണം |
| 2 | മൂല്യവർദ്ധിത ഉത്പന്നങ്ങൾ | |

| | | |
|---|---|---|
| 1 | ശർക്കര ഉത്പന്നങ്ങൾ<br>(പതിയൻ ശർക്കര, ഉണ്ട ശർക്കര, ചുക്കുണ്ട) | 8500 കി.ഗ്രാം. |

## സംയോജിത കൃഷി രീതികൾ (IFS)

സംയോജിത കൃഷിരീതിയുടെ ഭാഗമായി പശു, ആട്, മീൻവളർത്തൽ തേനീച്ച കൃഷി എന്നിവ അനുവർത്തിച്ച് വരുന്നു. പശുവിൽ നിന്നും ലഭിക്കുന്ന ചാണകം ഫാമിലെ കൃഷിക്കും ബയോഗ്യാസ് ജനറേറ്ററിന്റെ പ്രവർത്തനത്തിനും ഉപയോഗിക്കുന്നു. കൂടാതെ ഇവയിൽ നിന്നും ലഭിക്കുന്ന ജൈവ മാലിന്യങ്ങളെ സംസ്കരിച്ച് വളമാക്കുന്നതിന് മണ്ണിര കമ്പോസ്റ്റ് യൂണിറ്റും പ്രവർത്തിച്ച് വരുന്നു.

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

1. ക്രോപ്പ് മ്യൂസിയം സ്ഥാപിക്കൽ
2. ഹോർട്ടികൾച്ചർ നഴ്സറി നിർമ്മാണം

# കോന്നി
## മാതൃക ജൈവ കൃഷിത്തോട്ടം

**കരിമ്പ് വിത്തുത്പാദനകേന്ദ്രം, കൈടയ്ക്കാട്, പന്തളം,**
**പത്തനംതിട്ട ജില്ല – 689 501**
**ഫോൺ: 04734-252500, 93834 70517**

പത്തനംതിട്ട ജില്ലയിലെ അരുവാപ്പുലം പഞ്ചായത്തിലെ 10 ഹെ.സ്ഥലം 3/2/11 ലെ ജി.ഒ (എം.എസ്) നം. 57/11/റവന്യൂ പ്രകാരം പന്തളം കൃഷിഫാമിന്റെ വികസനത്തിനായി അനുവദിക്കുകയും 9/1/2012 ലെ ജി.ഒ (എം.എസ്) 3/2012/കൃഷി പ്രകാരം ആയതിന് കോന്നി മോഡൽ ഓർഗാനിക് ഫാം എന്ന് പുനഃനാമകരണം ചെയ്ത് കൃഷിവകുപ്പിന്റെ കീഴിലെ സ്പെഷ്യൽ ഫാമുകളിലൊന്നായി നിലനിർത്തുകയും ചെയ്തു.

ഫാമിന്റെ പ്രാരംഭ നടപടികൾ ആരംഭിക്കവേ പ്രസ്തുത 10 ഹെ. ഭൂമിയിൽ നിന്നും കോന്നി മെഡിക്കൽ കോളേജിന്റെ ആവശ്യത്തിനായി 8.5504 ഹെ.ഭൂമി സർക്കാർ തിരിച്ചെടുത്തതുമൂലം നിലവിൽ 1.571 ഹെ.സ്ഥലമാണ് ഫാമിന്റേതായി നിലവിലുള്ളത്.

കോന്നി മോഡൽ ഓർഗാനിക് ഫാമിന്റെ അധിക ചുമതല നിർവ്വഹിക്കുന്നത് പന്തളം കരിമ്പിൻ തോട്ടത്തിലെ കൃഷി ഓഫീസറാണ്.

### അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — $9^0$.2236' N
  രേഖാംശം — $76^0$.69151' E
- ജില്ല — പത്തനംതിട്ട
- ബ്ലോക്ക് — കോന്നി
- താലൂക്ക് — കോന്നി
- പഞ്ചായത്ത് — അരുവാപ്പുലം

### വിസ്തീർണം

കരഭൂമി - 1.571 ഹെ.

### ജീവനക്കാരുടെ വിവരങ്ങൾ

ജീവനക്കാരുടെ സ്ഥിരം തസ്തികൾ സൃഷ്ടിച്ചിട്ടില്ല. നിലവിൽ ഫാമിന്റെ അധിക ചുമതല പന്തളം കരിമ്പിൻ തോട്ടത്തിലെ കൃഷി ഓഫീസറാണ് നിർവ്വഹിക്കുന്നത്.

### തൊഴിലാളികളുടെ വിവരങ്ങൾ

തൊഴിലാളികളുടെ സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടില്ല

### പ്രത്യേകതകൾ

ഫാമിന്റേതായി നിലവിലുള്ള 1.571 ഹെ. സ്ഥലത്തിന് നടവിലൂടെ റോഡ് നിർമ്മിച്ചതുമൂലം ഫാമിന്റെ സ്ഥലം റോഡിനുവശങ്ങളിലായാണ് ഇപ്പോഴുള്ളത്.

GOK-AGRI-SSF-5

# പുല്ലാട്
## സംസ്ഥാന വിത്തുത്പാദന കേന്ദ്രം

സംസ്ഥാന വിത്തുത്പാദന കേന്ദ്രം, പുല്ലാട്, പത്തനംതിട്ട - 689 548
ഫോൺ: 0469 - 2661917, 93834 70514
ഇ-മെയിൽ: ssfpullad@gmail.com

പുല്ലാട് സംസ്ഥാന വിത്തുൽപാദന കേന്ദ്രം 1960ൽ രൂപീകൃതമാകുകയും പുല്ലാട് നിന്നും 2 കി മി പരിധിയിൽ ആറാട്ടുപുഴ പുല്ലാട് റോഡിന് സമീപമായി സ്ഥിതി ചെയ്യുന്നു. നെല്ല് , പച്ചക്കറി തൈ, കുരുമുളക് തൈ, ഗ്രോബാഗ്, ഗ്രാഫ്റ്റ് തൈകൾ ഉല്പാദനവും വിതരണവും ആണ് മുഖ്യ ലക്ഷ്യം. ഏകദേശം 6.46 ഹെക്ടർ കൃഷിക്കായി ഉപയോഗിച്ചുവരുന്നു

### അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ▪ അക്ഷാംശം | $9^0$.35457' N |
| രേഖാംശം | $76^0$.66878' E |
| ▪ ജില്ല | പത്തനംതിട്ട |
| ▪ ബ്ലോക്ക് | പുല്ലാട് |
| ▪ താലൂക്ക് | തിരുവല്ല |
| ▪ പഞ്ചായത്ത് | കോയിപ്രം |
| ▪ വാർഡ് | 15 |

### വിസ്തീർണ്ണം

| ക്രമ. നം. | ഇനം | വിസ്തീർണ്ണം/എണ്ണം |
|---|---|---|
| 1 | ആകെവിസ്തീർണ്ണം | 7.2 ഹെക്ടർ |
| 2 | കൃഷിചെയ്യുന്ന സ്ഥലത്തിന്റെവിസ്തീർണ്ണം | 6.46 ഹെക്ടർ |
| 3 | കൃഷിയോഗ്യമായതരിശുഭൂമി | 0.5 ഹെക്ടർ |
| 4 | നെൽപ്പാടം | 3.2 ഹെക്ടർ |
| 5 | കുളങ്ങൾ, മറ്റു ജലസ്രോതസ്സുകൾ | 0.24 ഹെക്ടർ |

### നിർമ്മിതികൾ

1. പോളി ഹൗസ് - 500Sq Mtr (2 എണ്ണം)
2. പോളി ഹൗസ് - 100 Sq Mtr (1 എണ്ണം)
3. കാലിതൊഴുത്ത് - 1 എണ്ണം
4. മെതിക്കളം - 1 എണ്ണം

| | | | |
|---|---|---|---|
| 5. | സീഡ് സ്റ്റോർ | - | 1 എണ്ണം |
| 6. | വളപ്പുര | - | 1 എണ്ണം |
| 7. | തൊഴിലാളികളുടെ വിശ്രമ മുറി | - | 1 എണ്ണം |
| 8. | ഡ്രയിങ് യാർഡ് | - | 1 എണ്ണം |

## യന്ത്രോപകരണങ്ങൾ

| | | | |
|---|---|---|---|
| 1. | പവർ ടില്ലർ | - | 3 എണ്ണം |
| 2. | പവർ സ്പ്രേയർ | - | 2 എണ്ണം |
| 3. | സ്പ്രേയർ ബാക്ക്പാക്ക് | - | 4 എണ്ണം |
| 4. | വീട് കട്ടർ | - | 4 എണ്ണം |
| 5. | ത്രഷർ കം വിന്നോവർ | - | 1 എണ്ണം |
| 6. | ട്രാൻസ്പ്ലാന്റർ | - | 1 എണ്ണം |
| 7. | ഗാർഡൻ ടില്ലർ | - | 1 എണ്ണം |
| 8. | റീപ്പർ | - | 1 എണ്ണം |
| 9. | കോണോവീഡർ | - | 1 എണ്ണം |



## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം. | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | സീനിയർ കൃഷി ഓഫീസർ | 1 | 1 |
| 2 | കൃഷി അസ്സിസ്റ്റന്റ് ഗ്രേഡ് 1 | 1 | 1 |
| 3 | സീനിയർ ക്ലാർക്ക് | 1 | 1 |
| 4 | ഓഫീസ് അറ്റെൻഡന്റ് | 1 | 1 |

## തൊഴിലാളികളുടെ വിവരം

| ക്രമ നം | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരംതൊഴിലാളികൾ | | |
| | അനുവദിച്ചിട്ടുള്ളതസ്തികകൾ | 7 | 16 |
| | നിലവിലുള്ളവ | 5 | 12 |
| | ഒഴിവ് | 2 | 4 |
| 2 | ദിവസവേതന തൊഴിലാളികൾ | 2 | 2 |

## കൃഷിചെയ്യുന്ന വിവിധ വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ

| കൃഷി | JAN | FEB | MAR | APR | MAY | JUN | JUL | AU G | SEP | OC T | NOV | DEC |
|---|---|---|---|---|---|---|---|---|---|---|---|---|
| *നെൽ കൃഷി വിരിപ്പ്* | | | | | | | | | | | | |
| | | | | | | | | | | | | |
| *നെൽ കൃഷി മുകൻ* | | | | | | | | | | | | |
| | | | | | | | | | | | | |
| *പച്ചക്കറി മറ്റുള്ളവ* | | | | | | | | | | | | |
| | | | | | | | | | | | | |
| *ശീതകാല പച്ചക്കറി* | | | | | | | | | | | | |
| | | | | | | | | | | | | |
| *വാഴ* | | | | | | | | | | | | |
| | | | | | | | | | | | | |
| *കിഴങ്ങുവർ ഗ്ഗങ്ങൾ* | | | | | | | | | | | | |
| | | | | | | | | | | | | |

## ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ

ഉമ നെൽവിത്ത് മുണ്ടകൻ ,വിരിപ്പ് സീസണകളിൽ  കൃഷി ചെയ്യു വരുന്നു ,പുതിയ ഇനം പച്ചക്കറി തൈകൾ ഉത്പാദിപ്പിച്ചു ഡിപ്പാർട്ട്മെന്റ് വെജിറ്റബിൾ സ്കീമുകളിൽ  ബ്ലോക്ക് തലം  വഴി കൃഷി ഭവനുകളിൽ എത്തിക്കുന്നു.  കൂടാതെ കർഷകർക്ക് നേരിട്ട് വില്പന നടത്തുന്നു. വിവിധ ഇനം പച്ചക്കറി

തൈകളുടെ വിത്തുകൾ പയർ, വെണ്ട, പാവൽ, പടവലം, വെള്ളരി, കൂടാതെ വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ പച്ചക്കറി വികസന പദ്ധതി വഴി ഗ്രോബാഗും, കിഴങ്ങ് വർഗങ്ങളായ ചേന ചേമ്പ് കാച്ചിൽ, മരച്ചീനി, ഇഞ്ചി, വാഴ എന്നിവ കൃഷി നടത്തുന്നു. ഫാമിൽ രണ്ടു പശു, രണ്ടു പശുക്കിടാവ്, രണ്ട് കാളകളെയും പരിപാലിച്ചു വരുന്നു .

പുല്ലാട് സ്റ്റേറ്റ് സീഡ് ഫാമിൽ ആകെയുള്ള 7.2 ഹെക്ടർ സ്ഥലത്തിൽ, 0.74 ഹെക്ടർ ഒഴിച്ച് ബാക്കിയുള്ള സ്ഥലത്ത് എല്ലാം വിവിധ കൃഷികൾ ചെയ്തുവരുന്നു. നെൽവിത്ത് ഉല്പാദനത്തിനുവേണ്ടിയാണ് ഫാം ആരംഭിച്ചതെങ്കിലും ഇപ്പോൾ കുരുമുളക് വള്ളികൾ, പച്ചക്കറി തൈകൾ, ഫലവൃക്ഷതൈകൾ തുടങ്ങിയവയും ഇവിടെ ഉല്പാദിപ്പിക്കുന്നു. ജലസേചന സൗകര്യം ഉണ്ടെങ്കിലും കാലവർഷ സമയത്തുള്ള വെള്ളപ്പൊക്ക ഭീഷണി ഫാമിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. പലപ്പോഴും നെൽകൃഷി നശിക്കാൻ ഇതുമൂലം ഇടയാകുന്നു. ഫാമിലൂടെയുള്ള തോട് വീതികൂട്ടുകയും, ബണ്ടു നിർമ്മിക്കുകയും, പി ഐ പി കനാൽ വൃത്തിയാക്കുന്നതും വഴി ആയത് പരിഹരിക്കാവുന്നതാണ്.

## ഫാം ടൂറിസം

നിലവിൽ ഈ ഫാമിൽ ഫാം ടൂറിസം പദ്ധതികൾ /പ്രവർത്തനങ്ങൾ നടക്കുന്നില്ല. ഇത് സംബന്ധിച്ച ജില്ലാ പഞ്ചായത്തുമായി പുതിയ പദ്ധതികൾ സംയുക്തമായി ആലോചിച്ചു നടപ്പിൽ വരുത്തുവാൻ ശ്രമിച്ചു വരുന്നു.

## മൂല്യവർദ്ധനവിനുള്ള നടപടികൾ/പ്രവർത്തനങ്ങൾ

നിലവിൽ ഈ ഫാമിൽ മൂല്യവർധനത്തിനുള്ള പദ്ധതികൾ /പ്രവർത്തനങ്ങൾ നടക്കുന്നില്ല .ഇത് സംബന്ധിച്ച ജില്ലാ പഞ്ചായത്തുമായി പുതിയ പദ്ധതികൾ സംയുക്തമായി ആലോചിച്ചു നടപ്പിൽ വരുത്തുവാൻ ശ്രമിച്ചു വരുന്നു.

## ഫാമിൽ നിന്നുള്ളവസ്തുക്കളുടെവിൽപന വിവരം

| ക്രമ നം | ഇനം | വാർഷിക ഉല്പാദനം |
|---|---|---|
| 1 | നടീൽവസ്തുക്കൾ | |
| 1 | വെണ്ട | 3150 എണ്ണം |
| 2 | തക്കാളി | 11672 എണ്ണം |
| 3 | പയർ | 11250 എണ്ണം |
| 4 | മുളക് | 10875 എണ്ണം |
| 5 | വഴുതന | 9625 എണ്ണം |
| 6 | പടവലം | 6050 എണ്ണം |
| 7 | പാഷൻ ഫ്രൂട്ട് | 17100 എണ്ണം |
| 8 | ഓമ തൈ | 14700 എണ്ണം |
| 9 | മുരിങ്ങ | 1600 എണ്ണം |
| 10 | പേര തൈ | 7500 എണ്ണം |
| 11 | കുരുമുളക് വള്ളി | 7000 എണ്ണം |

## സംയോജിതകൃഷിരീതികൾ(IFS)

നിലവിൽ ഈ ഫാമിൽ സംയോജിതകൃഷിരീതികളായ നെല്ല്, പശു വളർത്തൽ വാഴ, ചേന, ചേമ്പ്, കപ്പ തുടങ്ങിയ കൃഷികളെ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഇത് സംബന്ധിച്ച ജില്ലാ പഞ്ചായത്തുമായി പുതിയ പദ്ധതികൾ സംയുക്തമായി ആലോചിച്ച നടപ്പിൽ വരുത്തുവാൻ ശ്രമിച്ച വരുന്നു.

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

കാലിവളർത്തലിൽ നിന്നുള്ള ചാണകവും മറ്റു ജൈവ മാലിന്യവും ഉപയോഗിച്ച് ബയോഗ്യാസ് പ്ലാൻറ്റ്, കമ്പോസ്റ്റ് നിർമ്മാണം ആരംഭിക്കാവുന്നതാണ്. ഒട്ടച്ചിറ ഭാഗത്തെ നിലം ആഴം കൂട്ടി മീൻ വളർത്തലും സോളാർ പാനലും സ്ഥാപിക്കാവുന്നതാണ്.

GOK-AGRI-SSF-6

# അറുന്നൂറ്റിമംഗലം
## സംസ്ഥാന വിത്തുത്പാദന കേന്ദ്രം

**സംസ്ഥാന വിത്തുത്പാദന കേന്ദ്രം അറുന്നൂറ്റിമംഗലം,**
**മാവേലിക്കര, ആലപ്പുഴ** - 690 110
**ഫോൺ:** 0479 - 2358700, 93834 70690
**ഇ-മെയിൽ:** ssfarlm@gmail.com

ആലപ്പുഴ ജില്ലയിലെയും സമീപ ജില്ലകളിലെയും കർഷകർക്കാവശ്യമായ നെൽവിത്തുല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെകൂടി 1964 ൽ ആരംഭിച്ചതാണ് അറുന്നൂറ്റിമംഗലം സംസ്ഥാന വിത്തുത്പാദനകേന്ദ്രം. ആലപ്പുഴ ജില്ലയിലെ മാവേലിക്കര ബ്ലോക്കിൽ പെട്ട തഴക്കരപഞ്ചായത്തിൽ 16, 19 വാർഡുകളായി കിടക്കുന്ന ഈ ഫാം ആലപ്പുഴ ജില്ലാ കൃഷി തോട്ടത്തിൽ നിന്നും ഏകദേശം 5 കി.മി ദൂരത്തിൽ സ്ഥിതി ചെയ്യുന്നു. നെൽഉത്പാദനം എന്ന നിലയിൽ ആരംഭിച്ച ഈ ഫാമിൽ തുടർന്ന് വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ, അലങ്കാര ചെടികൾ എന്നിവയുടെ നടീൽ വസ്തുക്കളും, പച്ചക്കറി വിത്ത്, ഗ്രോ ബാഗുകളിൽ പച്ചക്കറി തൈകൾ ഉത്പാദിപ്പിച്ച വിതരണം ചെയ്യുന്നു. ആധുനിക കാർഷിക മേഖലകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾ അനുസരിച്ച നടീൽ വസ്തുക്കൾ ഉണ്ടാകുന്നതിനായി പോളി ഹൗസുകളിലും ഗ്രീൻ ഹൗസുകളിലും കൃഷി നടപ്പാക്കുന്നുണ്ട്.

### അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ▪ അക്ഷാംശം | $9^0$.2280332' N |
| രേഖാംശം | $76^0$.5755' E |
| ▪ ജില്ല | ആലപ്പുഴ |
| ▪ ബ്ലോക്ക് | മാവേലിക്കര |
| ▪ താലൂക്ക് | മാവേലിക്കര |
| ▪ പഞ്ചായത്ത് | തഴക്കര |
| ▪ വാർഡ് | 16, 19 |

### വിസ്തീർണ്ണം

| ക്രമ. നം. | ഇനം | വിസ്തീർണ്ണം/എണ്ണം |
|---|---|---|
| 1 | ആകെവിസ്തീർണ്ണം | 8.58ഹെക്ടർ |
| 2 | കൃഷിചെയ്യുന്ന സ്ഥലത്തിന്റെവിസ്തീർണ്ണം | 7.78 ഹെക്ടർ |
| 3 | കൃഷിയോഗ്യമായതരിശുഭൂമി | ഇല്ല |
| 4 | നെൽപ്പാടം | 5.6 ഹെക്ടർ |

| | | |
|---|---|---|
| 5 | കരഭൂമി | 2.18 ഹെക്ടർ |
| 6 | മറ്റുജലാശയങ്ങൾ (വിസ്തീർണ്ണംഉൾപ്പെടെ) | 0.12 |
| 7 | കൃഷിയോഗ്യമല്ലാത്ത തരിശ്ഭൂമി | ഇല്ല |
| 8 | കുളങ്ങൾ, മറ്റു ജലസ്രോതസ്സുകൾ (വിസ്തീർണ്ണംഉൾപ്പെടെ) | 0.04 |
| 9 | മന്ദിരങ്ങൾ, റോഡ്(വിസ്തീർണ്ണംഉൾപ്പെടെ) | 0.24 |
| 12 | വിളകൾ(വിസ്തീർണ്ണംഉൾപ്പെടെ) | നെൽ (5.6 Ha), മരച്ചീനി (0.08 Ha), പച്ചക്കറി (1.56 Ha), വാഴ (0.2 Ha), ചേന (0.04 Ha), ഇഞ്ചി (0.1 Ha), മഞ്ഞൾ (0.02 Ha) |
| 13 | നഴ്സറി(വിസ്തീർണ്ണംഉൾപ്പെടെ) | 0.04 ഹെക്ടർ |
| 14 | മറ്റുകാര്യങ്ങൾ | പോളി ഹൗസിലും, മഴ മറയിലും ഉള്ള പച്ചക്കറി കൃഷി യുടെ വിസ്തീർണം, പച്ചക്കറി  വിള വിസ്തീർണ ത്തിൽ ഉൾപെട്ടിട്ടുള്ളതാണ് |

## വിളകൾ

നെല്ല്, പച്ചക്കറി, ഇഞ്ചി, മരിച്ചീനി, മഞ്ഞൾ

## നിർമ്മിതികൾ

ഓഫീസ് ബിൽഡിംഗ്, സീഡ് സ്റ്റോർ 2 എണ്ണം, ഫെർട്ടിലൈസർ ഗോഡൗൺ‌ന (2 എണ്ണം), വെർമി കമ്പോസ്റ്റ് ഷെഡ് (2 എണ്ണം), പോളി ഹൗസ്, റെയിൻ ഷെൽട്ടർ, തൊഴിലാളികളുടെ വിശ്രമ മുറി, ഡ്രയിങ് യാർഡ്, പോട്ടിങ് ഷെഡ്.

## യന്ത്രോപകരണങ്ങൾ

| | | |
|---|---|---|
| പവർ ടില്ലർ വിത്ത് ബേസിൻ മേക്കർ | - | 1 എണ്ണം |
| പവർ ടില്ലർ | - | 3 എണ്ണം |
| പാഡി സീഡ് ഡ്രം | - | 1 എണ്ണം |
| പാഡി വീഡർ | - | 1 എണ്ണം |
| സോളാർ ലൈറ്റ് ട്രാപ് | - | 3 എണ്ണം |
| മെതി യന്ത്രം | - | 1 എണ്ണം |
| വിന്നോവർ | - | 1 എണ്ണം |
| വീഡ്  കട്ടർ | - | 1 എണ്ണം |
| മണ്ണെണ്ണ പമ്പ് സെറ്റ് | - | 1 എണ്ണം |



| | | |
|---|---|---|
| പമ്പ് സെറ്റ് | - | 6 എണ്ണം |
| നാപ് സാക്ക് സ്പ്രേയർ | - | 4 എണ്ണം |
| റോക്കർ സ്പെയർ | - | 2 എണ്ണം |
| പവർ സ്പെയർ | - | 1 എണ്ണം |

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1. | സീനിയർ അഗ്രികൾച്ചറൽ ഓഫീസർ | 1 | 1 |
| 2. | അഗ്രികൾച്ചറൽ അസ്സിസ്റ്റന്റ് | 1 | 1 |
| 3. | ക്ലാർക്ക് | 1 | 1 |
| 4 | ഓഫീസ് അറ്റെൻഡന്റ് | 1 | 1 |
| 5. | പാർട്ട് ടൈം സ്വീപ്പർ | 1 | 1 |

## തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമ നം | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരംതൊഴിലാളികൾ | 7 | 15 |
| | അനുവദിച്ചിട്ടുള്ള തസ്തികകൾ | 9 | 13 |
| | നിലവിലുള്ളവ | 7 | 15 (സർക്കാർ ഉത്തരവ്161/2017 dated 23/12/2017 പ്രകാരം പുരുഷ തൊഴിലാളികളുടെ അഭാവത്തിൽ പുരുഷ തൊഴിലാളികളുടെ തസ്തികയിൽ 2 സ്ത്രീ തൊഴിലാളികളെ നിയമിച്ചു |
| | ഒഴിവ് | ഇല്ല | ഇല്ല |
| 2 | ദിവസവേതന തൊഴിലാളികൾ | ഇല്ല | ഇല്ല |
| | കാഷ്വൽ തൊഴിലാളികൾ | 0 | 3 |

## ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ

അത്യുല്പാദനശേഷിയുള്ള നെൽ വിത്തിനങ്ങളുടെ ഉത്പാദനം, പച്ചക്കറി തൈകളുടെ ഉല്പാദനവും വിതരണവും, പച്ചക്കറി വിത്തുകളുടെ ഉല്പാദനവും വിതരണവും, കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി തൈകളുടെ ഉല്പാദനവും വിപണനവും, ഓർക്കിഡ് മറ്റ് അലങ്കാര സസ്യങ്ങൾ എന്നിവയുടെ വിപണനം, ഗ്രോബാഗിലെ പച്ചക്കറി തൈകളുടെ ഉല്പാദനവും വിപണനവും, ടിഷ്യുകൾച്ചർ വാഴയുടെ വിപണനം, തെങ്ങിൻ തൈകളുടെ ഉത്പാദനം, പോളി ഹൗസിൽഉള്ള പച്ചക്കറി കൃഷി, ഫല വൃക്ഷ തൈകളുടെ ഉല്പാദനവും വിതരണവും. നെൽ വിത്തുല്പാദനം എന്ന നിലയിൽ ആരംഭിച്ച ഫാമിൽ ഇപ്പോൾ വാഴ, കിഴങ്ങു വർഗങ്ങൾ, പച്ചക്കറികറികൾ, പച്ചക്കറി വിത്തുകൾ, അലങ്കാര

സസ്യങ്ങൾ, തെങ്ങിൻ തൈകൾ എന്നിവ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നു.

ഫാമിന് സ്വന്തമായി ഒരു വിപണന കേന്ദ്രം നിലവിൽ ഇല്ല എന്നുള്ളത് ഈ ഫാമിന്റെ ഒരു കുറവായി കാണുന്നു.ഫാമിന് മുന്നിലൂടെ ബസ് സൗകര്യം അപര്യപ്തമായതു കാരണം പൊതു ജന ങ്ങൾക്ക് ഫാമിൽ എത്താൻ ബുദ്ധിമുട്ട് നേരിടുന്നു. ഫാമിലെ നെൽപാടത്തിനു ചുറ്റും കര തോടും അതിന്റെ പിന്നിലായി സംരക്ഷണ വേലിയും സ്ഥാപിക്കാത്തതുമൂലം ജലസേചന ജലനിർഗമന ത്തെ ദോഷമായി ബാധിക്കുകയും കയ്യേറ്റങ്ങളും മോഷണവും നടത്തുവാൻ സഹായകമാകുകയും ചെയ്യുന്നു. ഫാമിൽ ഉദ്യോഗസ്ഥർക്ക് താമസിക്കാൻ കെട്ടിടം ഇല്ലാത്തത് ഒരു കുറവായി കാണുന്നു. ഗ്രാഫ്റ്റിങ്, ബഡിങ് മുതലായവ ചെയ്യുന്നതിന് ആവശ്യമായ പ്രോജ്നി ഓർച്ചാർഡ് ഇല്ലാത്തതും ചെയ്യാൻ അറിയുന്ന തൊഴിലാളികൾ ഇല്ലാത്തതും ഒരു കുറവായി കാണുന്നു. ആർജവത്തോടെ പ്രവർത്തിക്കുന്ന തൊഴിലാളികൾ ഈ ഫാമിന്റെ മുതൽ കൂട്ടാണ്. നെൽ വിത്ത് ഉത്പാദനം ലക്ഷ്യ മാക്കിയിട്ടുള്ള ഇ ഫാമിലെ നെൽ പാടം ചതുപ്പ് ആയി മാറി കൊണ്ടിരിക്കുന്നു. പമ്പ ജലസേചന പദ്ധതി കനാലിൽ നിന്നും ക്രമാതീതമായ ചോർച്ച ഫാമിൽ നിന്നും പുറത്തേക്കുള്ള ജലനിർഗമ നം തടസ്സപ്പെട്ടുകൊണ്ടും നെല്പാടത്തു വെള്ളകെട്ടുണ്ടായി ഉത്പാദനം കുറഞ്ഞു ചതുപ്പായി മാറി ക്കൊണ്ടിരിക്കുന്ന ഈ പാടത്തെ ട്രാക്ടർ പോലും ഉപയോഗിക്കാൻ സാധിക്കാത്തതു മൂലം ഉല്പാദന ചെലവ് ക്രമാതീതമായി വർധിച്ചു. കൂടിയ ഉല്പാദന ചിലവും കുറഞ്ഞ ഉല്പാദന ക്ഷമതയും ഫാമിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു.

## മൂല്യവർദ്ധനവിനുള്ള നടപടികൾ/പ്രവർത്തനങ്ങൾ

മരച്ചീനി, ചക്ക കൂടുതലുള്ള സമയങ്ങളിൽ മൂല്യ വർദ്ധിത ഉത്പന്നങ്ങളായ ചക്ക ഉപ്പേരി, ചീനി ഉപ്പേരി എന്നിവ തയ്യാറാക്കി വിപണനം നടത്തിയിരുന്നു

## ഫാം ടൂറിസം വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങളെആകർഷിക്കുന്നതിനുമായുള്ള പ്രവർത്തനങ്ങൾ

പൊതു ജനങ്ങളെ ആകർഷിക്കുന്നതിനായി ഫാം സൗന്ദര്യ വത്കരണത്തിനും അലങ്കാര സസ്യ ങ്ങളുടെ വിപണനത്തിനും കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ടുള്ള നടപടികൾ നടത്തി വരുന്നു .

## നടീൽ വസ്തുക്കൾ / ഉൽപന്നങ്ങളും വിവരങ്ങളും

| ക്രമ നം | ഇനം | വാർഷിക ഉത്പാദനം (ലക്ഷം) | ഉല്പാദനക്ഷമത |
|---|---|---|---|
| 1 | നടീൽവസ്തുക്കൾ | | |
| a | നെൽവിത്ത് | 20 ടൺ | 2.5 ടൺ |
| b | പച്ചക്കറി തൈകൾ | 2 ലക്ഷം | |
| c | പച്ചക്കറി വിത്ത് | | |
| d | വാഴ | 0.008 | 12.5 ടൺ / ഹെ. |
| e | ഇഞ്ചി | | 7.5 ടൺ / ഹെ. |
| f | ചേന | | |
| g | മരച്ചീനി | 0.005 ടൺ | 35 ടൺ / ഹെ. |
| 8 | അലങ്കാര സസ്യങ്ങൾ | 0.01 | |

| | | | |
|---|---|---|---|
| 9 | ഫല വൃക്ഷ തൈകൾ | 0.5 | |
| 10 | തെങ്ങിൻ തൈ | 0.375 | |
| 3 | ഉത്പന്നങ്ങൾ | | |
| 1 | ഇഞ്ചി | 0.008 ടൺ | |
| 2 | ചേന | 0.003 ടൺ | |
| 3 | മഞ്ഞൾ | 0.05 ടൺ | 10 ടൺ / ഹെ. |
| 4 | സാലഡ് വെള്ളരി | 2 ടൺ | |
| 5 | ചീര | 250 കിലോ | |
| 6 | പച്ചക്കറി വിത്ത് | 0.002 | |
| 7 | ചക്ക | 3 ടൺ | |

## പ്രത്യേകതകൾ

- അത്യുത്പാദന ശേഷിയുള്ള നെൽവിത്തിനങ്ങൾ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുകയാണ് ഫാമിന്റെ പ്രധാന ദൗത്യം. ഫാമിൽ ഇപ്പോൾ കിഴങ്ങു വർഗങ്ങൾ, പച്ചക്കറി വിത്തുകൾ, അലങ്കാര സസ്യങ്ങൾ, എന്നിവയും ഉത്പാദിപ്പിച്ചു വിതരണം നടത്തുന്നു.
- ഫാമിന് സ്വന്തമായി ഒരു വിപണന കേന്ദ്രം നിലവിൽ ഇല്ല എന്നുള്ളത് ഈ ഫാമിന്റെ ഒരു കുറവായി കാണുന്നു. ഈ ഫാമിലെ നെൽപാടത്തിനു ചുറ്റും കര തോടും അതിന്റെ പിന്നിലായി സംരക്ഷണ വേലിയും സ്ഥാപിക്കാത്തതുമൂലം ജലസേചനജലനിർഗമനത്തെ ദോഷമായി ബാധിക്കുന്നു.
- നെൽ വിത്ത് ഉത്പാദനം ലക്ഷ്യമാക്കിയിട്ടുള്ള ഇ ഫാമിലെ നെൽ പാടം ചതുപ്പ് ആയി മാറികൊണ്ടിരിക്കുന്നു.
- കൂടിയ ഉല്പാദന ചിലവും കുറഞ്ഞ ഉല്പാദന ക്ഷമതയും ഫാമിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു.

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

സംയോജിത കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ആദ്യ പടിയായിആട്ടിൻ കൂടു നിർമാണത്തിനും ആടിനെ വളർത്തുന്നതിനുമായി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അതോടൊപ്പം തന്നെ കോഴി, മുയൽ, എന്നിവ വളർത്തി വിപണനം നടത്തി ഫാമിന്റെ വരുമാനം വർധിപ്പിക്കുന്നതിനും പൊതു ജനങ്ങളെ ആകർഷിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഫാമിന് ഒരു വിപണന കേന്ദ്രം ആരംഭിക്കേണ്ടതായി ഉണ്ട്.

GOK-AGRI-SF-4

# മാവേലിക്കര
## ജില്ലാ കൃഷിത്തോട്ടം

**ജില്ലാകൃഷിത്തോട്ടം, കല്ലിമേൽ.പി.ഒ, മാവേലിക്കര, ആലപ്പുഴ** - 690 108
**ഫോൺ:** 0479-2357690, 93834 70692, 93834 70691
**ഇ-മെയിൽ:** noorekkar@gmail.com

1964 ൽ തെക്കൻ കേരളത്തിന്റെ സമഗ്ര കാർഷിക പുനരുദ്ധാരണത്തിന്റെ ഭാഗമായി വിവിധ ജില്ലകളിലായി ജില്ലാ കൃഷിത്തോട്ടങ്ങൾ സ്ഥാപിച്ചപ്പോൾ ആലപ്പുഴ ജില്ലയിലെ തഴക്കര പഞ്ചായത്തിൽ 100 ഏക്കർ വിസ്തൃതിയിൽ സ്ഥാപിതമായതാണ് മാവേലിക്കര ജില്ലാ കൃഷിത്തോട്ടം. ഫലവൃക്ഷ-പച്ചക്കറി വിളകളുടെയും നടീൽ വസ്തുക്കളുടേയും ഉത്പാദനം നടത്തിവരുന്നു. ആലപ്പുഴ ജില്ലയിലേയും മറ്റ് സമീപ ജില്ലകളിലേയും കർഷകർക്ക് ഈ ഫാമിന്റെ പ്രയോജനം ലഭിക്കുന്നു. നൂറ് ഏക്കർ വിസ്തൃതിയിൽ സ്ഥാപിതമായ ഈ കൃഷിത്തോട്ടം 'മാവേലിക്കര നൂറേക്കർ' എന്ന പേരിലും അറിയപ്പെടുന്നു. ആലപ്പുഴ ജില്ലാ ആസ്ഥാനത്തു നിന്നും 60 കി.മീ. തെക്ക് എം.സി റോഡിൽ നിന്നും 15 കി.മീ പടിഞ്ഞാറായി ഈ ഫാം സ്ഥിതി ചെയ്യുന്നു. ഫാമിലെ മണ്ണിന്റെ തരം പ്രധാനമായും ലാറ്ററൈറ്റ് വിഭാഗത്തിൽപ്പെടുന്നു. ഫാമിൽ ഒരു വർഷം ശരാശരി 2900 മീ.മീ. മഴ ലഭിക്കുന്ന ഈ ഫാമിലെ അന്തരീക്ഷതാപം ശരാശരി 30°C - 40°C ആകുന്നു. 34.72 ഹെക്ടറിൽ നിന്നും 1.2 ഹെക്ടർ ഹോർട്ടികോർപ്പിന് ലീസിന് കൊടുത്തിട്ടുണ്ട്. നിലവിൽ 33.52 ഹെക്ടർ സ്ഥലമാണ് നിലവിലുള്ളത്.

### അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ▪ അക്ഷാംശം | $9^0$.2378252' N |
| രേഖാംശം | $76^0$.5864917' E |
| ▪ ജില്ല | ആലപ്പുഴ |
| ▪ ബ്ലോക്ക് | മാവേലിക്കര, എറവൻകര ഡിവിഷൻ |
| ▪ താലൂക്ക് | തഴക്കര |
| ▪ പഞ്ചായത്ത് | തഴക്കര |
| ▪ വാർഡ് | XVII, അറുനൂറ്റി മംഗലം |

### വിസ്തീർണ്ണം

| ക്രമ. നം. | ഇനം | വിസ്തീർണ്ണം/എണ്ണം |
|---|---|---|
| 1 | ആകെ വിസ്തീർണ്ണം | 37.66 ഹെക്ടർ |
| 2 | കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | 30.12 ഹെക്ടർ |
| 3 | ജലാശയങ്ങൾ | 0.8 ഹെക്ടർ |
| 4 | കുളങ്ങൾ, മറ്റു ജല സ്രോതസ്സുകൾ | 0.80 ഹെക്ടർ |

| | | |
|---|---|---|
| 5 | നിർമ്മിതികൾ, റോഡ് | 7.50 ഹെക്ടർ |
| 6 | അഗ്രോമെറ്റ് ഒബ്സർവേറ്ററി | 0.004 ഹെക്ടർ |
| 7 | വിളകൾ | 29.0 ഹെക്ടർ |
| 8 | നഴ്സറി | 1.12 ഹെക്ടർ |

## പ്രധാന പ്രവർത്തനങ്ങൾ

### തെങ്ങിൻ തൈ ഉത്പാദനം

വിവിധയിനങ്ങളിലുള്ളതും സങ്കര വർഗ്ഗത്തിലുള്ളതുമായ തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. തെങ്ങിൻ തൈ ഉത്പാദന മാന്വൽ പ്രകാരമുള്ള എല്ലാ ശാസ്ത്രീയ മുറകളും വിത്ത് ശേഖരണം മുതൽ തൈ വിതരണം വരെയുള്ള ഘട്ടങ്ങളിൽ കർശനമായും പരിപാലിച്ചാണ് ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്നത്.

### പച്ചക്കറിവിത്ത് ഉത്പാദനം

പച്ചക്കറി വിത്തുൽപ്പാദനത്തിന്റെ ഭാഗമായി 19 ഇനം പച്ചക്കറി വിത്തുകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. കേരളത്തിലെ പ്രധാനപ്പെട്ട മൂന്ന് സീസണുകളിലും കൃഷിചെയ്യുന്നതിനാവശ്യമായ പച്ചക്കറി വിത്തുകൾ ഈ കേന്ദ്രത്തിൽ എപ്പോഴും ലഭ്യമാണ്.

### ഫലവൃക്ഷ മാതൃ സസ്യത്തോട്ടം

ഈ കേന്ദ്രത്തിൽ വിവധ തരത്തിലുള്ള ഫലവൃക്ഷങ്ങളുടെ വിശാലമായ മാതൃസസ്യശേഖരം ശാസ്ത്രീയമായി പരിപാലിക്കപ്പെട്ടു വരുന്നു. 12 ഏക്കറോളം വരുന്ന പ്രസ്തുത തോട്ടത്തിൽ നാടനം



വിദേശികളുമായ നൂറ്റിയിരുപതോളം ഫലവൃക്ഷയിനങ്ങൾ പരിപാലിക്കപ്പെട്ടു വരുന്നു. നിലവിൽ 24 ഇനം മാവുകളുടെ ശേഖരം ശാസ്ത്രീയമായിത്തന്നെ ഒരുക്കി പരിപാലിക്കുന്നുണ്ട്. ഇവയിൽ നിന്നുള്ള ഗ്രാഫ്റ്റുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ വിവിധയിനം പ്ലാവുകൾ, പേര, ചാമ്പ മറ്റു വിദേശയിനം ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകളും ലെയറുകളും ബഡ്ഡുകളും വ്യാവസായികാടിസ്ഥാനത്തിൽതന്നെ ഉൽപ്പാദിപ്പിച്ച് വരുന്നു.

## കുരുമുളക് കൃഷി

വേരുപിടിപ്പിച്ച കുരുമുളക് തൈകൾ എല്ലാ വർഷവും ഈ കേന്ദ്രത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു.കൂടാതെ ദേശീയ സുഗന്ധവിളകേന്ദ്രത്തിന്റെ നിർദ്ദേശാനുസരണമുള്ള പ്രത്യേക തരം കുരുമുളക് തൈ ഉത്പാദന യൂണിറ്റ് - വെർട്ടിക്കൽകോളം രീതി ഈ കേന്ദ്രത്തിൽ സജ്ജമാക്കി വരുന്നു. ഇതുമൂലം എല്ലാ മാസവും വിവിധതരത്തിലുള്ള കുരുമുളക്തൈ - കുറ്റിക്കുരുമുളക്, ഞാർവാലി, മേൽത്തല എന്നിവ ഉത്പാദിപ്പിക്കുന്നതിന് സാധിക്കും.

## വാഴക്കൃഷി

എല്ലാ പ്രധാന നടീൽ സമയങ്ങളിലും കർഷകർക്ക് വാഴവിത്ത് ലഭ്യമാക്കുക അതോടൊപ്പം എല്ലാ ദിവസവും വിപണിയിൽ വാഴക്കുല ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിവിധയിനം വാഴകൃഷി നടത്തിവരുന്നു. നേന്ത്രൻ,ഞാലിപ്പൂവൻ, പാളയംകോടൻ എന്നീ പ്രധാന ഇനങ്ങളുടെ വിത്തുകൾ കൂടാതെ കദളിപ്പൂവൻ, നാഗപ്പൂവൻ, ഗ്രാന്റ് നൈൻ, ചങ്ങാലിക്കോടൻ എന്നിവയുടെ ടിഷ്യുകൾച്ചർ തൈകളും ഇവിടെ നിന്നും കർഷകർക്ക് ലഭ്യമാക്കിവരുന്നു.

## ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ

1. വിവിധ നടീൽ വസ്തുക്കളുടെ ഉത്പ്പാദനവും വിതരണവും
2. കർഷകർക്കും വിദ്യാർത്ഥികൾക്കുമുള്ള പരിശീലന പരിപാടികൾ
3. വിവിധ കാർഷികോല്പാദന പ്രവർത്തനങ്ങളുടെ മാതൃക പ്രദർശനത്തോട്ടം

## കൃഷി ചെയ്യുന്ന വിവിധ വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ

| വിള | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|
| പച്ചക്കറി വിത്ത് | | | | | | | | | | | | |
| നഴ്സറി | | | | | | | | | | | | |
| ഫലവൃക്ഷ തൈ | | | | | | | | | | | | |
| വാഴ | | | | | | | | | | | | |

## നിർമ്മിതികൾ

| | | |
|---|---|---|
| മഴമറ | : | 1600 $m^2$ |
| പോളി ഹൗസ് | : | 750 $m^2$ |

## യന്ത്രോപകരണങ്ങൾ

| | | |
|---|---|---|
| ട്രാക്ടർ 45 Hp | - | 2 എണ്ണം |

| | | |
|---|---|---|
| പവർ ടില്ലർ | - | 4 എണ്ണം |
| ഗാർഡൻ ടില്ലർ | - | 4 എണ്ണം |
| ഫറോ മേക്കർ | - | 1 എണ്ണം |
| ബണ്ട് ഫോർമർ | - | 1 എണ്ണം |
| പ്ലാസ്റ്റിക് മൾച്ചിങ് മെഷീൻ | - | 1 എണ്ണം |

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം. | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1. | ഫാം സൂപ്രണ്ട് | 1 | 1 |
| 2. | കൃഷി ആഫീസർ | 1 | 1 |
| 3. | ജൂനിയർ സൂപ്രണ്ട് | 1 | 1 |
| 4. | കൃഷി അസിസ്റ്റന്റ് | 3 | 3 |
| 5. | സീനിയർ ക്ലർക്ക് | 1 | 1 |
| 6. | ക്ലർക്ക് | 1 | 1 |
| 7. | ഓഫീസ് അറ്റൻഡന്റ് | 1 | 1 |
| 8. | വാച്ച്മാൻ | 2 | 2 |
| 9. | ട്രാക്ടർ ഡ്രൈവർ | 1 | 1 |
| 10. | ഡ്രൈവർ | 1 | 1 |
| 11. | പി.റ്റി.എസ് | 1 | 1 |

## തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമനം. | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരം തൊഴിലാളികൾ | 19 | 39 |
| a | അനുവദിച്ചിട്ടുള്ള തസ്തികകൾ | 32 | 26 |
| b | നിലവിലുള്ളവ | 18 | 39 |
| c | ഒഴിവ് | - | - |
| 2 | ദിവസവേതനത്തൊഴിലാളികൾ | - | - |
| 3 | കാഷ്വൽ തൊഴിലാളികൾ | - | 33 |

## ഫാമിൽ നിന്നുള്ള ഉത്പന്നങ്ങൾ

| ക്രമ നം. | ഇനം | വാർഷിക ഉത്പാദനം |
|---|---|---|
| 1 | നടീൽ വസ്തുക്കൾ | |
| 2 | TXD തെങ്ങിൻതൈ | 3500 എണ്ണം |
| 3 | ഡബ്ല്യൂ.സി.റ്റി തെങ്ങിൻതൈ | 2400 എണ്ണം |
| 4 | കുറിയയിനം തെങ്ങിൻതൈ | 270 എണ്ണം |
| 5 | പച്ചക്കറി വിത്ത് | 370 കിലോ |

| | | |
|---|---|---|
| 6 | പച്ചക്കറിത്തൈകൾ | 4 ലക്ഷം |
| 7 | ടിഷ്യുകൾച്ചർ വാഴ | 77000 എണ്ണം |
| 8 | വിവിധയിനം ഗ്രാഫ്റ്റുകൾ | 280 എണ്ണം |
| 9 | വിവിധയിനം ലെയറുകൾ | 350 എണ്ണം |
| 10 | വേരുപിടിപ്പിച്ച കുരുമുളക് തൈകൾ | 3.5 ലക്ഷം |

## സംയോജിത കൃഷിരീതികൾ (IFS)

ഫാമിൽ നിലവിൽ തേനീച്ച, ബി.വി 380 ഇനം മുട്ടക്കോഴി എന്നിവയെ ഇവിടെ പരിപാലിക്കുന്നു. ഹോർട്ടികോർപ്പ് മുഖേന 250 തേനീച്ചക്കോളനികൾ ശാസ്ത്രീയ അടിസ്ഥാനത്തിൽ സ്ഥാപിച്ച് പ്രവർദ്ധനം ചെയ്തുവരുന്നു. ആധുനിക രീതിയിലുള്ള കോഴിക്കൂടും അനുബന്ധ സൗകര്യങ്ങളും 500 കോഴികളെ പരിചരിക്കുന്നതിനായി ഇവിടെ ഒരുക്കിയിട്ടുണ്ട്.

## പ്രത്യേകതകൾ

ഫലഭൂയിഷ്ഠമായ ലാറ്ററൈറ്റ് വിഭാഗത്തിൽപ്പെടുന്ന മണ്ണ് ഫാമിന്റെ പ്രധാന പ്രത്യേകതയാണ്. വേനൽ സമയത്ത് ജലലഭ്യതയുടെ കുറവ് ഫാമിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

1. ഫാമിലെ മൊത്തം സാധന സാമഗ്രികളുടെ ശേഖരണവും വിതരണവും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് അംഗീകൃത കമ്പ്യൂട്ടർ സോഫ്റ്റ് വെയർ രൂപപ്പെടുത്തുക.
2. കൂടുതൽ മാതൃ സസ്യത്തോട്ടങ്ങൾ തയ്യാറാക്കുക
3. ഫാം യന്ത്രവത്ക്കരണം പൂർണ്ണതോതിൽ നടപ്പിലാക്കുക
4. ഹോർട്ടികൾച്ചറൽ പ്ലാന്റിങ് മെറ്റീരിയൽ പ്രൊഡക്ഷൻ ഹബ്ബ് എന്ന പദ്ധതി നടപ്പിലാക്കുക

# വീയപുരം
## സംസ്ഥാന വിത്തുത്പാദന കേന്ദ്രം

**സംസ്ഥാന വിത്തുത്പാദന കേന്ദ്രം, വിയപുരം, പായിപ്പാട് പി.ഒ., ഹരിപ്പാട്**
**ആലപ്പുഴ** - 690 514.
**ഫോൺ:** 0479-2358490, 0479-2958490, 93834 70689.
**ഇ-മെയിൽ:** ssfagrivpm@gmail.com

ആലപ്പുഴ ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കേരളാ കൃഷി വകുപ്പിന്റെ കുട്ടനാട്ടിലുള്ള ഏക ഫാം. 1962 ലാണ് ഈ ഫാം നിലവിൽ വന്നത്. വിയപുരം പഞ്ചായത്തിൽ പമ്പാ നദിയുടേയും അച്ചൻകോവിലാറിന്റേയും തീരത്തായി സ്ഥിതി ചെയ്യുന്നു. വർഷത്തിൽ 4 - 5 മാസം വെള്ളം മൂടി കിടക്കുന്നതിനാൽ പുഞ്ച സീസണിൽ മാത്രമാണ് നിലവിൽ നെൽകൃഷി ചെയ്യുന്നത്. 20 ഹെക്ടറിൽ പുഞ്ച നെൽകൃഷിക്കു പുറമേ ലഭ്യമായ 0.16 ഹെക്ടർ കര ഭൂമിയിൽ വിവിധയിനം പച്ചക്കറികളും ഗ്രോ ബാഗ് പച്ചക്കറി കൃഷിയും ചെയ്ത് വിത്തുത്പാദനം നടത്തുന്നു. കൂടാതെ പുറം ബണ്ടിൽ തെങ്ങുകളും കൃഷി ചെയ്തിട്ടുണ്ട്. നെൽ കൃഷിയിൽ നിലമുഴൽ, കൊയ്ത്ത്, ജലസേചനം എന്നിവയൊഴികെ മറ്റെല്ലാ പ്രവർത്തനങ്ങളും മനുഷ്യപ്രയത്നത്താലാണ് നടത്തുന്നത്.

### അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ▪ അക്ഷാംശം | $9^0$.32192' N |
| രേഖാംശം | $76^0$.46150' E |
| ▪ ജില്ല | ആലപ്പുഴ |
| ▪ ബ്ലോക്ക് | ഹരിപ്പാട് |
| ▪ താലൂക്ക് | കാർത്തികപ്പള്ളി |
| ▪ പഞ്ചായത്ത് | വീയപുരം |
| ▪ വാർഡ് | 11 |

### വിസ്തീർണ്ണം

| ക്രമ. നം. | ഇനം | വിസ്തീർണ്ണം/എണ്ണം |
|---|---|---|
| 1 | ആകെവിസ്തീർണ്ണം | 21. 68 ഹെക്ടർ |
| 2 | കൃഷിചെയ്യുന്ന സ്ഥലത്തിന്റെവിസ്തീർണ്ണം | 20.16 ഹെക്ടർ |
| 3 | കൃഷിയോഗ്യമായതരിശുഭൂമി | ഇല്ല |
| 4 | നെൽപ്പാടം | 20 ഹെക്ടർ |
| 5 | മറ്റുജലാശയങ്ങൾ (വിസ്തീർണ്ണംഉൾപ്പെടെ) | - |
| 6 | കൃഷിയോഗ്യമല്ലാത്ത തരിശ്ഭൂമി | ഇല്ല |

| | | |
|---|---|---|
| 7 | കുളങ്ങൾ, മറ്റു ജലസ്രോതസ്സുകൾ (വിസ്തീർണ്ണംഉൾപ്പെടെ) | ബോർവെൽ - 2 |
| 8 | മന്ദിരങ്ങൾ, റോഡ്(വിസ്തീർണ്ണംഉൾപ്പെടെ) | 0.52 ഹെക്ടർ |
| 9 | ബാഹ്യ ബണ്ട് | 1 ഹെക്ടർ |
| 10 | അഗ്രോമെറ്റ്ഒബ്സർവേറ്ററി | - |
| 11 | വനപ്രദേശം | ഇല്ല |
| 12 | വിളകൾ(വിസ്തീർണ്ണംഉൾപ്പെടെ) | നെല്ല് - 20 ഹെക്ടർ<br>പച്ചക്കറി - 0.16 ഹെക്ടർ<br>തെങ്ങ് - 0.6 ഹെക്ടർ |

## വിളകൾ

- നെല്ല്
- പച്ചക്കറി - ചീര, വെണ്ട, പയർ, പടവലം

## നിർമ്മിതികൾ

- ഓഫീസ് ബിൽഡിംഗ്
- 2 കി മീ നീളത്തിൽ കരിങ്കൽകെട്ടോടു കൂടിയ പുറം ബണ്ട്.
- 530 ചതുരശ്ര മീറ്ററിൽ വിത്ത് ഉണക്കുന്നതിനുള്ള ഡ്രൈയിംഗ് യാർഡ്.
- വിത്ത് സംഭരണശാല - 2 എണ്ണം.
- ആധുനിക വിത്ത് സംസ്കരണശാല - 1 എണ്ണം.
- പോളി ഹൗസ് - 100 സ്ക്വയർ മീറ്റർ - 1 എണ്ണം.



## യന്ത്രോപകരണങ്ങൾ

- ജലസേചനത്തിനായി ഒരു 15 എച്ച് പി പമ്പും മറ്റൊരു 1 എച്ച് പി പമ്പും അനുബന്ധ യൂണിറ്റും.
- ജലനിർഗ്ഗമനത്തിനായി 20 എച്ച് പി മോട്ടോറോടുകൂടിയ പെട്ടിയും പറയും.
- ബാക്ക് പാക് സ്പ്രേയർ - 5 എണ്ണം.
- ട്രയിലറോടു കൂടിയ പവർ ടില്ലർ - 2 എണ്ണം.
- 6 എച്ച് പി മോട്ടോറോടുകൂടിയ പവർ ത്രഷർ - 1 എണ്ണം.

## കൃഷിചെയ്യുന്ന വിവിധ വിളകളുടെസീസൺ അനുസരിച്ചുള്ളകലണ്ടർ

| കൃഷി | JAN | FEB | MAR | APR | MAY | JUN | JUL | AU G | SEP | OC T | NOV | DEC |
|---|---|---|---|---|---|---|---|---|---|---|---|---|
| നെൽ കൃഷി | | | | | | | | | | | | |
| | | | | | | | | | | | | |
| നെൽ വിത്ത് | | | | | | | | | | | | |
| | | | | | | | | | | | | |
| പച്ചക്കറി വെ | | | | | | | | | | | | |
| | | | | | | | | | | | | |
| പച്ചക്കറി- പയർ | | | | | | | | | | | | |
| | | | | | | | | | | | | |
| പച്ചക്കറി- ചീര | | | | | | | | | | | | |
| | | | | | | | | | | | | |
| പടവലം | | | | | | | | | | | | |
| | | | | | | | | | | | | |
| പഴവർഗ്ഗ ചെടികൾ | | | | | | | | | | | | |
| | | | | | | | | | | | | |

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെഎണ്ണം |
|---|---|---|---|
| 1 | സീനിയർ കൃഷി ഓഫീസർ | 1 | 1 |
| 2 | കൃഷി അസിസ്റ്റന്റ്മാർ | 2 | 2 |
| 3 | യു ഡി ക്ലർക്ക് | 1 | 1 |
| 4 | ഓഫീസ് അറ്റന്റന്റ് | 1 | 1 |
| 5 | വാച്ച്മാൻ | 1 | 1 |
| 6 | പാർട്ട് ടൈം സ്വീപ്പർ | 1 | 1 |

## തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമ നം | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരംതൊഴിലാളികൾ | | |
| a | അനുവദിച്ചിട്ടുള്ളതസ്തികകൾ | 7 | 18 |
| b | നിലവിലുള്ളവ | 7 | 16 |
| c | ഒഴിവ് | | 2 |
| 2 | കാഷ്വൽ തൊഴിലാളികൾ | 1 | 14 |
| 3 | ദിവസവേതന തൊഴിലാളികൾ | 0 | 0 |

## ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ

അപ്പർ കുട്ടനാടൻ മേഖലയിൽ സ്ഥിതി ചെയ്യുന്ന ഫാം ആയതിനാൽ പുഞ്ച നെൽ കൃഷി ചെയ്ത് നെൽ വിത്ത് ഉല്പാദിപ്പിക്കുകയാണ് പ്രധാന പ്രവർത്തനം ഉമ ഇനത്തിൽ പെട്ട നെൽ വിത്ത് ഒരു വർഷം ശരാശരി 80 ടൺ നിരക്കിൽ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു. കൂടാതെ പച്ചക്കറി വിത്ത്, ഹൈബ്രിഡ് പച്ചക്കറി തൈകൾ, ഫല വൃക്ഷ തൈകൾ, ഗ്രോ ബാഗ് തൈകൾ ഇവയും ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

## ഫാം ടൂറിസം

ഫാമിന്റെ മുഖ്യ ഉത്തരവാദിത്വം വിത്തുത്പാദനമാണ്. നിലവിൽ ഫാം സന്ദർശിക്കുന്നതിനും വിത്തുകളും മറ്റു നടീൽ വസ്തുക്കളും വാങ്ങുന്നതിനുമുള്ള സൗകര്യമുണ്ട്.

## ഫാമിൽ നിന്നുള്ള വസ്തുക്കളുടെ വിൽപ്പന വിവരം

| ക്രമ നം | ഇനം | വാർഷിക ഉത്പാദനം |
|---|---|---|
| 1 | നടീൽവസ്തുക്കൾ | |
| a | നെൽ വിത്ത് | 8 ടൺ |
| b | പച്ചക്കറി വിത്ത് | 65 കിലോ ഗ്രാം |
| c | പച്ചക്കറി തൈകൾ | 80,000 എണ്ണം |
| d | ഫല വൃക്ഷ തൈകൾ | 6500 എണ്ണം |
| 2 | ഉത്പന്നങ്ങൾ | |
| a | തേങ്ങ | 4000 എണ്ണം |
| 3 | മറ്റ് ഇനങ്ങൾ | |
| | ഗ്രോ ബാഗ് തൈകൾ | 1500 എണ്ണം |

## പ്രത്യേകതകൾ

- ഫലഭൂയിഷ്ഠമായ മണ്ണ് , ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ബലപ്പെടുത്തുന്ന പുറം ബണ്ട്.
- വർഷത്തിൽ 4 - 5 മാസം വെള്ളം മൂടിക്കിടക്കുന്നു.
- കര ഭൂമിയുടെ അപര്യാപ്തത

- സീസണിൽ തൊഴിലാളികളുടെ ലഭ്യത ക്കുറവ്
- വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ ആവശ്യകത
- നെൽ കൃഷിയിൽ വരി നെല്ലിന്റെ സാന്നിധ്യം
- വെള്ളപ്പൊക്ക ഭീഷണി
- തറ നിരപ്പിലുള്ള സീഡ് ഗോഡൗൺ

## വികസനത്തിനായുള്ള  ഭാവി പദ്ധതികൾ

ആർ കെ വി വൈ പദ്ധതിയിൽ ഉൾപ്പെടുത്തി പുറം ബണ്ട് ശക്തിപ്പെടുത്തുന്നതിനാൽ നിലവിലെ കൃഷി കൂടാതെ ഒരു സീസണിൽ കൂടി കൃഷി ചെയ്യാൻ സാധിക്കും.

GOK-AGRI-SSF-8

# വാലാച്ചിറ
## സംസ്ഥാന വിത്തുത്പാദന കേന്ദ്രം

**സംസ്ഥാന വിത്തുത്പാദനകേന്ദ്രം,**
**വാലാച്ചിറ, കടുത്തുരുത്തി പി ഒ., കോട്ടയം** - 686 604
**ഫോൺ:** 93834 70720
**ഇ-മെയിൽ:** adassfvalachira@gmail.com

കടുത്തുരുത്തി ടൗണിൽ നിന്നും 2 കിലോമീറ്റർ പടിഞ്ഞാറു ഭാഗത്തായി സംസ്ഥാന വിത്തുത്പാദനകേന്ദ്രം വാലാച്ചിറ സ്ഥിതി ചെയ്യുന്നു. തോട്ടടുത്തുള്ള റെയിൽവേ സ്റ്റേഷനായ കടുത്തുരുത്തി റെയിൽവേ സ്റ്റേഷൻ ബസ് സ്റ്റോപ്പ് ആയ വാലാച്ചിറ എന്നിവയിൽ നിന്നും ഫാമിലേക്ക് 1 കിലോമീറ്റർ ദൂരമുണ്ട്.

20/8/1960 ൽ സ്ഥാപിതമായി. സ്ഥാപിതമായപ്പോൾ 1.54 ഏക്കർ കര ഭൂമിയും 12 ഏക്കർ നിലവുമാണ് ഉണ്ടായിരുന്നത്. പിന്നീട് 1962 ൽ 2,51 ഏക്കർ കരഭൂമിയും 14.73 ഏക്കർ നിലവും അക്വയർ ചെയ്യുകയുണ്ടായി. ബസ് സ്റ്റോപ്പിൽ നിന്നും ഒരു കിലോമീറ്റർ ഉള്ളിലായി സ്ഥിതിചെയ്യുന്ന ഫാമിലേക്കായി1969-70 കാലത്ത് 1.97 ഏക്കർ ഭൂമി അക്വയർ ചെയ്ത്അപ്രോച്ച് റോഡ് നിർമ്മിച്ചു.

### അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — $9^0$.745941' N
  രേഖാംശം — $76^0$.487366' E
- ജില്ല — കോട്ടയം
- ബ്ലോക്ക് — കടത്തുരുത്തി
- താലൂക്ക് — വൈക്കം
- പഞ്ചായത്ത് — കടത്തുരുത്തി
- വാർഡ് — 11, വാലാച്ചിറ

### വിസ്തീർണ്ണം

| ക്രമ. നം. | ഇനം | വിസ്തീർണ്ണം/എണ്ണം |
|---|---|---|
| 1 | ആകെവിസ്തീർണ്ണം | 12.3 ഹെ. |
| 2 | കൃഷിചെയ്യുന്ന സ്ഥലത്തിന്റെവിസ്തീർണ്ണം | 11.2 ഹെ. |
| 3 | കൃഷിയോഗ്യമായ തരിശുഭൂമി | ഇല്ല |
| 4 | നെൽപ്പാടം | 9.36 ഹെ. |
| 5 | മറ്റുജലാശയങ്ങൾ | 0.04ഹെ. |

| | | |
|---|---|---|
| 6 | കൃഷിയോഗ്യമല്ലാത്ത തരിശ്ഭൂമി | ഇല്ല |
| 7 | കുളങ്ങൾ, മറ്റു ജലസ്രോതസ്സുകൾ | 0.06 ഹെ. |
| 8 | മന്ദിരങ്ങൾ, റോഡ് | 0.21 ഹെ. |
| 9 | അഗ്രോമെറ്റ്ഒബ്സർവേറ്ററി | |
| 10 | വനപ്രദേശം | ഇല്ല |
| 11 | വിളകൾ | 9.36 ഹെ. - നെല്ല്, 1.8 ഹെ തെങ്ങ് ഇടവിളകൾ<br>(a) പച്ചക്കറി 0.4 ഹെ<br>(b) നേന്ത്രൻ 0.4 ഹെ<br>(c) കിഴങ്ങു വർഗ്ഗങ്ങൾ 0.4 ഹെ |
| 12 | നഴ്സറി | 1 എണ്ണം 100 ചതുരശ്ര മീറ്റർ |



## വിളകൾ

നെല്ല്, പടവലം, ചീര, പയർ, വെണ്ട

## നിർമ്മിതികൾ

| | | |
|---|---|---|
| ഓഫീസ് ബിൽഡിങ് | - | 1 എണ്ണം |
| സീഡ് സ്റ്റോർ | - | 1 എണ്ണം |
| ഗോഡൌൺ | - | 2 എണ്ണം |
| ഡ്രയിങ് യാർഡ് | - | 1 എണ്ണം |
| സ്റ്റാഫ് ക്വാർട്ടേഴ്സ് | - | 2 എണ്ണം |
| തൊഴിലാളികളുടെ വിശ്രമ മന്ദിരം | - | 1 എണ്ണം |

## യന്ത്രോപകരണങ്ങൾ

| | | |
|---|---|---|
| പവർ ടില്ലർ | - | 2 എണ്ണം |
| പൊർട്ടബിൾ ബാഗ് ക്ലോസർ | - | 1 എണ്ണം |
| മോയിസ്ചർ മീറ്റർ | - | 1 എണ്ണം |
| പവർ റീപ്പർ | - | 1 എണ്ണം |
| വിന്നോവർ | - | 1 എണ്ണം |
| മിനി ത്രഷർ | - | 1 എണ്ണം |
| ഡ്രയർ | - | 1 എണ്ണം |
| പവർ സ്പ്രേയർ | - | 2 എണ്ണം |
| വീഡ് കട്ടർ | - | 2 എണ്ണം |

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1. | സീനീയർ കൃഷി ഓഫീസർ | 1 | 1 |
| 2. | കൃഷി അസിസ്റ്റന്റ് | 1 | 1 |
| 3. | ക്ലാർക്ക്/സീനിയർ ക്ലാർക്ക് | 1 | 1 |
| 4 | ഓഫീസ് അറ്റന്റന്റ് | 2 | 2 |
| 5 | പാർട്ട് ടൈം സ്വീപ്പർ | 1 | 1 |

## തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമ നം | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരം തൊഴിലാളികൾ | | |
| a | അനുവദിച്ചിട്ടുള്ള തസ്തികകൾ | 5 | 14 |
| b | നിലവിലുള്ളവ | 5 | 9 |

| | | | |
|---|---|---|---|
| c | ഒഴിവ് | 0 | 5 |
| 2 | ദിവസവേതന തൊഴിലാളികൾ | ഇല്ല | ഇല്ല |

## വിളകളുടെ സീസൺ അനുസരിച്ചുള്ളകലണ്ടർ

| Crop | May | June | July | August | September | October | November | December | January | February | March | April |
|---|---|---|---|---|---|---|---|---|---|---|---|---|
| Paddy Mundakan | | | | | | (green) | (green) | (green) | (green) | (green) | | |
| Snake Guard | | | (orange) | (orange) | (orange) | (orange) | (orange) | (blue) | (blue) | (blue) | (blue) | (blue) |
| Cowpea | | | | (navy) | (navy) | (navy) | (navy) | | | | | |
| Amaranthus | | | | | | | | | (yellow) | (yellow) | (yellow) | |
| Bhindi | | | | | (red) | (red) | (red) | | | | | |
| Cucumber | | | | | | | | | (orange) | (orange) | (orange) | (orange) |
| | | | | | | | | | | | | |

## പ്രധാന പ്രവർത്തനങ്ങൾ

1. നെൽ വിത്ത് ഉത്പാദനം.
2. പച്ചക്കറി വിത്ത് ഉത്പാദനം.
3. കുരുമുളക് വള്ളി ഉത്പാദനം.
4. ഫലവൃക്ഷ തൈകളുടെ ഉത്പാദനം.
5. നേന്ത്രവാഴ കൃഷി
6. മീൻ വളർത്തൽ



## മൂല്യവർദ്ധിത ഉത്പന്നങ്ങൾ

നിലവിൽ ഒരു ഡ്രയർ ഉണ്ട്. ഇതുപയോഗിച്ച് കപ്പ ചക്ക മുതലായവ ഉണക്കി പാക്കറ്റിലാക്കി വിപണനം ചെയ്യുന്നുണ്ട്.

## ഫാം ടൂറിസം

പ്രകൃതിരമണീയമായ സ്ഥലം എന്നതുകൊണ്ടുതന്നെ ഫാം ടൂറിസത്തിന് നല്ല സാദ്ധ്യതകൾ ഉണ്ട്. പെഡൽ ബോട്ടിങ്ങ് സൗകര്യം ടൂറിസ്റ്റുകൾക്ക് മത്സ്യബന്ധനത്തിനുള്ള സൗകര്യം എന്നിവ ഏർപ്പെടുത്താവുന്നതാണ്.

## നടീൽ ഉൽപ്പന്നങ്ങളുടെ വിവരം

| ക്രമ നം | ഇനം | വാർഷിക ഉത്പാദനം |
|---|---|---|
| 1 | നടീൽവസ്തുക്കൾ | |
| a | നെൽവിത്ത് | 35 ടൺ |
| b | പച്ചക്കറി വിത്ത് | 10 കിലോ ഗ്രാം |
| c | കുരുമുളക് വള്ളി | 50,000 എണ്ണം |
| 2 | മൂല്യവർദ്ധിത ഉത്പന്നങ്ങൾ | |
| a | ഉണക്ക കപ്പ | 20 കിലോ ഗ്രാം |
| 3 | ഉത്പന്നങ്ങൾ | |
| a | നാളികേരം | 300 കിലോ ഗ്രാം |
| b | വാഴക്കുല | 250 കിലോ ഗ്രാം |
| 4 | മറ്റ് ഇനങ്ങൾ | |
| a | ചേന | 2,000 കിലോ ഗ്രാം |
| b | കപ്പ | 500 കിലോ ഗ്രാം |

## സംയോജിതകൃഷിരീതികൾ

ആട് താറാവ് എന്നിവ വളർത്തി സംയോജിത കൃഷി നടപ്പാക്കാം കൂടാതെ തേനീച്ച കൃഷി നടത്താനുള്ള സാധ്യതയും ഉണ്ട്

## പ്രത്യേകതകൾ

- ഫലഭൂയിഷ്ഠമായ മണ്ണ്, ജലസേചന സൗകര്യം
- തൊഴിലാളികളുടെ അപര്യാപ്തത
- വിത്തിനും നടീൽ വസ്തുക്കൾക്കുമുള്ള ആവശ്യകത, യന്ത്രവത്ക്കരണ സാധ്യതകൾ, മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കുള്ള സാധ്യതകൾ
- അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം, കിളി, തത്ത എന്നിവ മൂലമുള്ള കൃഷി നാശം.

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

ബണ്ട് ബലപ്പെടുത്തി രണ്ടുസീസൺ നെല്ക്കൃഷി നടപ്പിലാക്കൽ, അത്യുത്പാദനശേഷിയുള്ള പച്ചക്കറി വിത്തുകളുടെ ഉത്പാദനം,ഫാം ടൂറിസം നടപ്പിലാക്കൽ

# കോഴാ
## സംസ്ഥാന വിത്തുത്പാദന കേന്ദ്രം

സംസ്ഥാന വിത്തുത്പാദന കേന്ദ്രം, കോഴാ പി.ഒ., കോട്ടയം - 686 633
ഫോൺ: 93834 70719
ഇ-മെയിൽ: ssfkozha@gmail.com

കോട്ടയം ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുള്ള ഈ സ്ഥാപനം 1957 ൽ നവംബർ മാസം ആണ് പ്രവർത്തനം തുടങ്ങിയത്. പ്രധാനമായും 2 സീസണിലും നെൽകൃഷിയും അതിലൂടെ ഗുണനില വാരമുള്ള നെൽ വിത്ത് ഉത്പാദിപ്പിച്ച് വിതരണം ചെയ്യുക എന്നതാണ് പ്രധാന പ്രവർത്തനം. ഫാമിന്റെ 90% ഭൂമിയും നെൽപ്പാടങ്ങളാണ്. നെൽപ്പാടങ്ങൾ എം.സി. റോഡിന്റെ ഇരുവശങ്ങളിലു മായി സ്ഥിതി ചെയ്യുന്നു.

### അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — $9^0$.762448' N
  രേഖാംശം — $76^0$.566888' E
- ജില്ല — കോട്ടയം
- ബ്ലോക്ക് — ഉഴവൂർ
- താലൂക്ക് — മീനച്ചിൽ
- പഞ്ചായത്ത് — കുറവിലങ്ങാട്
- വാർഡ് — 5. കോഴ

### വിസ്തീർണ്ണം

| ക്രമ. നം. | ഇനം | വിസ്തീർണ്ണം/എണ്ണം |
|---|---|---|
| 1 | ആകെവിസ്തീർണ്ണം | 11.67 ഹെ. |
| 2 | കൃഷിചെയ്യുന്ന സ്ഥലത്തിന്റെവിസ്തീർണ്ണം | 11.37 ഹെ. |
| 3 | കൃഷിയോഗ്യമായതരിശുഭൂമി | ഇല്ല |
| 4 | നെൽപ്പാടം | 8.2 ഹെ. |
| 5 | മറ്റുജലാശയങ്ങൾ | കുളം10 : 10മീറ്റർ |
| 6 | കൃഷിയോഗ്യമല്ലാത്ത തരിശ്ഭൂമി | ഇല്ല |
| 7 | കുളങ്ങൾ, മറ്റു ജലസ്രോതസ്സുകൾ | കുളം 2 ച. മീറ്റർ കിണർ 15 മീറ്റർഡയ മീറ്റർ 1എണ്ണം കിണർ 4 എണ്ണം (3 മീ. ഡ.മീ) |

|  |  |  |
|---|---|---|
| 8 | മന്ദിരങ്ങൾ, റോഡ് | ഓഫീസ് ബിൽഡിങ്ങ് 1 എണ്ണം, സീഡ്സ്റ്റോർ 2 എണ്ണം വളംസ്റ്റോർ 1 എണ്ണം ഷെഡ് 3 എണ്ണം. |
| 9 | അഗ്രോമെറ്റ് ഒബ്സർവേറ്ററി | ഇല്ല |
| 10 | വനപ്രദേശം | ഇല്ല |
| 11 | വിളകൾ | നെല്ല് -8.2 ഹെ., തെങ്ങ്, ഇടവിളകൾ-3.17 ഹെ |
| 12 | നഴ്സറി | ഫലവർഗ്ഗ നഴ്സറി(Rainshelters40ft *20ft) |

## ജൈവവൈവിധ്യ വിവരങ്ങൾ

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | തെങ്ങ് WCT | 300 |

## നിർമ്മിതികൾ

മഴമറ (ഷെഡ്) (40ft*20ft)



## യന്ത്രോപകരണങ്ങൾ

| | |
|---|---|
| ട്രാക്ടർകംട്രെയിലർ | 1 എണ്ണം |
| നെൽവിത്ത് പാറ്റൽ യന്ത്രം | 1 എണ്ണം |
| നെൽകറ്റമെതിയന്ത്രം | 1 എണ്ണം |
| പവ്വർടില്ലർ | 1 എണ്ണം |

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1. | സീനിയർ കൃഷി ഓഫീസർ | 1 | 1 |
| 2. | കൃഷി അസിസ്റ്റന്റ് | 1 | 1 |
| 3. | ക്ലാർക്ക്/സീനിയർ ക്ലാർക്ക് | 1 | 1 |
| 4 | ഓഫീസ് അറ്റന്റന്റ് | 2 | 2 |
| 5 | പാർട്ട്ടൈം സ്വീപ്പർ | 1 | 1 |

## തൊഴിലാളികളുടെ വിവരം

| ക്രമ നം | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരംതൊഴിലാളികൾ | | |
| a | അനുവദിച്ചിട്ടുള്ള തസ്തികകൾ | 08 | 13 |
| b | നിലവിലുള്ളവ | 07 | 12 |
| c | ഒഴിവ് | 01 | 01 |
| 2 | ദിവസവേതന തൊഴിലാളികൾ | ഇല്ല | ഇല്ല |

## കൃഷിചെയ്യുന്ന വിവിധ വിളകളുടെസീസൺ അനുസരിച്ചുള്ള കലണ്ടർ






| | | |
|---|---|---|
| നെല്ല് | – | മെയ് – സെപ്റ്റംബർ, ഒക്ടോബർ (വിരിപ്പ്) സെപ്റ്റംബർ, ഒക്ടോബർ, ജനുവരി, ഫെബ്രുവരി മുണ്ടകൻ) |
| കിഴങ്ങുവർഗ്ഗ വിളകൾ | – | ഫെബ്രുവരി, മാർച്ച്, ജനുവരി, ഫെബ്രുവരി (ഇടവിളകൃഷി) |
| പച്ചക്കറികൾ | – | എല്ലാസീസണിലും |
| | | കുരുമുളക് നഴ്സറി, ജീവനി പച്ചക്കറിതൈ നഴ്സറി, ഫലവർഗ്ഗതൈനഴ്സറി ഇവയും നടപ്പിലാക്കിവരുന്നു. |
| വാഴ | – | രണ്ട് സീസണിലും |

## ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ

കാർഷിക സർവ്വകലാശാല, നെല്ല് ഗവേഷണകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന ബ്രീഡർ നെൽവിത്ത് കൃഷിചെയ്ത് ഗുണമേന്മയുള്ള നെൽവിത്തുകൾ ഉദ്പാദിപ്പിക്കുന്നു. കൂടാതെ ലഭ്യമായ സ്ഥലങ്ങളിൽ പച്ചക്കറികൃഷി ചെയ്ത് വിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് വിൽക്കുന്നു. സാധ്യമായ സ്ഥലങ്ങളിൽ കിഴങ്ങുവർഗ്ഗവിളകൾ കൃഷിചെയ്യുന്നു. കുരുമുളക് തൈ പച്ചക്കറിതൈ നഴ്സറി, ഫലവർഗ്ഗതൈ നഴ്സറി മുതലായവയും ചെയ്ത് കൃഷിഭവനുകൾ മുഖേന കർഷകർക്ക് വിതരണം ചെയ്യുന്നു.

## പ്രത്യേകതകൾ

- ഫാമിലെ കൃഷിഭൂമികൾ ഭൂരിഭാഗവും നെൽപ്പാടങ്ങൾആയതിനാൽ നെൽകൃഷിക്കുശേഷം പയർവർഗ്ഗങ്ങൾ കൃഷിചെയ്യുന്നു. ഫാമിലെ മുഴുവൻ ഭൂമിയും ഫലപ്രദമായിവിനിയോഗിക്കുവാൻ സാധിക്കുന്നു.

## ഫാം ടൂറിസം

എം.സി. റോഡിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന ഫാം ആയതിനാൽ നെൽപ്പാടത്തിനോടനുബന്ധിച്ച് ഫാം ടൂറിസത്തിനുള്ള സാധ്യതകൾ ഉണ്ട്.

## നടീൽവസ്തുക്കൾ/ ഉത്പന്നങ്ങളുടെ വിവരം

| ക്രമ നം | ഇനം | വാർഷിക ഉത്പാദനം |
|---|---|---|
| 1 | നെല്ല്വിത്ത് | 40 MT |
| 2 | നേന്ത്രക്കുല | 5 MT |
| 3 | മറ്റ്വാഴകൾ | 1 MT |
| 4 | ചേന | 6 MT |
| 5 | മരച്ചീനി | 3 MT |

## വികസനത്തിനായുള്ള ഭാവിപദ്ധതികൾ

നെൽക്യഷി വിസ്തൃതി രണ്ടുസീസണിലും പൂർണ്ണമായും കൃഷി ചെയ്യുക എന്നത്ഏറ്റവും പ്രാധാന്യം അർഹിക്കുന്നു.അത്യുല്പാദന ശേഷിയുള്ള പച്ചക്കറിവിത്തുത്പാദനം ഊർജ്ജിതപ്പെടുത്തി ഇരട്ടിയാക്കുക. പുതിയ ഇനം കുരുമുളകുവള്ളികളുടെ തൈകൾ, ഫലവൃക്ഷ തൈകൾഉത്പാദനം.

# കോഴാ
## ജില്ലാ കൃഷിത്തോട്ടം

**കോഴാ, ജില്ലാ കൃഷിത്തോട്ടം  കോഴാ പി.ഒ, കോട്ടയം -686633**
**ഫോൺ നമ്പർ:** 93834 70721
**ഇ-മെയിൽ:** dafkozha@gmail.com

കോട്ടയം ജില്ലയിൽ കുറവിലങ്ങാടിനടുത്ത് ഏറ്റുമാനൂർ-കൂത്താട്ടുകുളം എം.സി റോഡിനരികിൽ കോഴാ എന്ന സ്ഥലത്ത് ഫാം സ്ഥിതി ചെയ്യുന്നു. ഏറ്റവും അടുത്തുള്ള ബസ് സ്റ്റാൻഡ് – കുറവില ങ്ങാടും റയിൽവേസ്റ്റേഷൻ കോട്ടയവും ആണ്. അത് യഥാക്രമം 5 കി.മീ., 35 കി.മീ. വീതം ആണ്.

നിലവിൽ കോട്ടയം ജില്ലാപഞ്ചായത്തിനു കൈമാറിയിട്ടുള്ള ഈ സ്ഥാപനം 1958-ൽ സ്ഥാപിതമാ യി. ഏകദേശം 15 ഓളം പ്രാദേശിക ജന്മിമാരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന 100 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്താണ് ജില്ലാ കൃഷിത്തോട്ടം കോഴാ ആയി പരിവർത്തനം ചെയ്തത്. 37.87 ഹെ ക്ടറിൽ നിന്നും 11.045 ഹെക്ടർ സയൻസ് സിറ്റി പ്രോജക്ടിന് നൽകിയശേഷം നിലവിൽ 26.825 ഹെക്ടർ സ്ഥലമാണ് ബാക്കിയുള്ളത്. ആദ്യകാലങ്ങളിൽ തെങ്ങ്, മാവ്, പ്ലാവ് എന്നിവയുടെ ഉല്പാ ദനമായിരുന്നു പ്രധാനമായും ഉണ്ടായിരുന്നത്. കോട്ടയം ജില്ലയിൽ സയൻസ് സിറ്റി വന്നതോടെ ജില്ലാ കൃഷിത്തോട്ടം കോഴയുടെ 30 ഏക്കർ ഭൂമി സയൻസ് സിറ്റിക്ക് നൽകേണ്ടി വന്നതിനാൽ നിലവിൽ 70 ഏക്കർ മാത്രമാണ് ഫാമിന്റെ ഉടമസ്ഥതയിൽ ഉള്ളത്.

### അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — $9^0$.7715793' N
  രേഖാംശം — $76^0$.56926' E
- ജില്ല — കോട്ടയം
- ബ്ലോക്ക് — ഉഴവൂർ
- താലൂക്ക് — മീനച്ചിൽ
- പഞ്ചായത്ത് — കുറവിലങ്ങാട്
- വാർഡ് — 4

### വിസ്തീർണ്ണം

| No | Item | Remarks |
|---|---|---|
| 1 | ആകെ വിസ്തീർണ്ണം | 26.825 ഹെക്ടർ |
| 2 | കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | 20.10 ഹെക്ടർ |
| 3 | കൃഷി യോഗ്യമായ തരിശുഭൂമി | ഇല്ല |

| | | |
|---|---|---|
| 4 | നെൽപ്പാടം | ഇല്ല |
| 5 | മറ്റു ജലാശയങ്ങൾ | ഇല്ല |
| 6 | കൃഷി യോഗ്യമല്ലാത്ത തരിശ് ഭൂമി | ഇല്ല |
| 7 | കുളങ്ങൾ, മറ്റു ജലസ്രോതസ്സുകൾ | 15 സെൻറ് കുഴൽക്കിണർ-4, കിണർ-1, കുളം-4, മഴവെള്ളസംഭരണി-1, പമ്പ്സെറ്റ്-5 |
| 8 | മന്ദിരങ്ങൾ, റോഡ് | 6.73 ഹെക്ടർ |
| 9 | അഗ്രോമെറ്റ് ഒബ്സർവേറ്ററി | 1 എണ്ണം |
| 10 | വനപ്രദേശം | ഇല്ല |
| 11 | വിളകൾ | 8 ഹെക്ടർ |
| 12 | നഴ്സറി | 2 ഹെക്ടർ |

## ജൈവവൈവിധ്യ വിവരങ്ങൾ

| 1 | വിളകളുടെ വിവരം | വിദേശ ഇനം ഫലവൃക്ഷ തൈകൾ | ചക്ക | മാവ് | മറ്റിനം |
|---|---|---|---|---|---|
| 2 | ഇനവും പേരും | അവക്കാഡോ, സ്വീറ്റ് സാന്റോൾ, ലോങ്കാൻ, മാങ്കോസ്റ്റീൻ, ദുരിയാൻ, പുലസാൻ, റംപൂട്ടാൻ, അബ്‌ല്യ | കുരുവില്ലാത്ത ചക്ക വിയറ്റ്നാം സൂപ്പർ ഏർളി തേൻ വരിക്ക | മൽഗോവ, കോശ്ശേരി, കൊളംബ്, മല്ലിക, കോട്ടൂർകോണം, കലപാടി, എല്ലാ സീസണിലെയും മാവിനങ്ങൾ, അൽഫോൻസ, കർപ്പൂരം, മൂവാണ്ടൻ | കിർണ്ണി മരം |
| 3 | നമ്പർ | 1 ഹെക്ടർ | 50 സെന്റ് | 1 ഏക്കർ | 4 എണ്ണം |

## അടിസ്ഥാന നിർമ്മിതികൾ

1. ഓഫീസ് ബിൽഡിംഗ്
2. പോളീഹൌസ് - 10 എണ്ണം
3. മഴമറ - 7 എണ്ണം
4. വളം ഗോഡൗൺ - 1 എണ്ണം
5. കീടനാശിനി സ്റ്റോർ - 1 എണ്ണം
6. സീഡ് സ്റ്റോർ - 1 എണ്ണം
7. കമ്പോസ്റ്റ് സ്റ്റോർ - 1 എണ്ണം
8. വിത്ത് തേങ്ങ സ്റ്റോർ - 1 എണ്ണം

## ലഭ്യമായ യന്ത്രോപകരണങ്ങൾ

1. പിക്കപ് വാൻ - 1 എണ്ണം
2. ട്രാക്ടർ - 1 എണ്ണം
3. ടില്ലർ - 1 എണ്ണം
4. ഗാർഡൻ ടില്ലർ - 1 എണ്ണം
5. പവർ സ്പ്രേയർ - 2 എണ്ണം
6. റോക്കർ സ്പ്രേയർ - 4 എണ്ണം
7. ബ്രഷ് കട്ടർ - 5 എണ്ണം

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം. | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | ഫാം സൂപ്രണ്ട് | 1 | 1 |
| 2 | കൃഷി ഓഫീസർ | 2 | 2 |
| 3 | കൃഷി അസിസ്റ്റന്റ് | 3 | 3 |
| 4 | ജൂനിയർ സൂപ്രണ്ട് | 1 | 1 |
| 5 | ക്ലർക്ക് | 2 | 2 |
| 6 | ടൈപ്പിസ്റ്റ് | 1 | 1 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 | 1 |
| 8 | വാച്ച്മാൻ | 3 | 3 |
| 9 | മാലി | 3 | 3 |
| 10 | പി.റ്റി.എസ് | 3 | 3 |

## തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമ നം | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരം തൊഴിലാളികൾ | | |
| | അനുവദിച്ചിട്ടുള്ള തസ്തികകൾ | 26 | 61 |
| | നിലവിലുള്ളവ | 21 | 47 |
| | ഒഴിവ് | 5 | 14 |
| 2 | ദിവസവേതന തൊഴിലാളികൾ | ഇല്ല | ഇല്ല |

## കൃഷി ചെയ്യുന്ന വിവിധ വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ

| | | May | June | July | Aug | Sep | Oct | Nov | Dec | Jan | Feb | Mar | Apr |
|---|---|---|---|---|---|---|---|---|---|---|---|---|---|
| കുരുമുളക് | | | | | | | | | | | | | |
| തെങ്ങുംതൈ | | | | | | | | | | | | | |
| ഫലവൃക്ഷ തൈകൾ | | | | | | | | | | | | | |
| ഇഞ്ചി, മഞ്ഞൾ | | | | | | | | | | | | | |
| ചേന, ചേമ്പ് | | | | | | | | | | | | | |
| കാച്ചിൽ, ചെറുകിഴങ്ങ് | | | | | | | | | | | | | |
| കുമ്പളങ്ങ, ) | | | | | | | | | | | | | |
| കോവക്ക, മുളക് | | | | | | | | | | | | | |
| പീച്ചിങ്ങ | | | | | | | | | | | | | |
| വഴുതന | | | | | | | | | | | | | |
| തക്കാളി | | | | | | | | | | | | | |
| ചീര | | | | | | | | | | | | | |
| വെണ്ട | | | | | | | | | | | | | |

## പ്രധാന പ്രവർത്തനങ്ങൾ

1. പച്ചക്കറി വിത്ത്, തൈകൾ ഉല്പാദനം
2. കുരുമുളക് വള്ളി ഉത്പാദനം
3. ഫലവൃക്ഷതൈകളുടെ ഉല്പാദനം
4. അലങ്കാരച്ചെടികളുടെ ഉല്പാദനം
5. കിഴങ്ങുവർഗ്ഗ വിളകളുടെ ഉല്പാദനം
6. സുഗന്ധവ്യഞ്ജനങ്ങളുടേയും (ഇഞ്ചി, ജാതി) പലവ്യഞ്ജനങ്ങളുടേയും ഉല്പാദനം
7. തെങ്ങിൻതൈ ഉല്പാദനം
8. വാഴ കൃഷി

## പ്രത്യേകതകൾ

- ഫാമിന്റെ സ്ഥാനം, ഫലഭൂയിഷ്ഠമായ മണ്ണ്

## ഫാം ടൂറിസം

സയൻസ് സിറ്റിയോട് ചേർന്നു കിടക്കുന്ന പ്രദേശമായതിനാൽ ഫാം ടൂറിസത്തിന് വരും കാലങ്ങളിൽ ഏറെ സാധ്യതകളാണുള്ളത്. പൊതുജനങ്ങളെ ആകർഷിക്കുന്നതിനായി അലങ്കാരസസ്യങ്ങൾ, ഇൻഡോർ സസ്യങ്ങൾ എന്നിവയുടെ ഉല്പാദനം, കൃത്യതാ കൃഷി വെർട്ടിക്കൽ ഫാമിംഗ്, എന്നിവ അനുവർത്തിക്കുന്നതാണ്.



## മൂല്യവർദ്ധനവ് ഉല്പന്നങ്ങൾ

നിലവിൽ ഫാമിൽ മൂല്യവർദ്ധനവിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ല. എന്നാൽ ഈ വർഷം പരീക്ഷണാടിസ്ഥാനത്തിൽ ഉണക്കകപ്പ ഉല്പാദിപ്പിച്ചു. വിപണന സാധ്യതകൾ കണക്കിലെടുത്ത് വരും കാലങ്ങളിൽ പാഷൻ ഫ്രൂട്ട്, മാങ്ങ എന്നിവയുടെ സ്ക്വാഷ്, മഞ്ഞൾ പൊടി എന്നിവ ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു.

## നടീൽ വസ്തുക്കൾ/ഉത്പന്നങ്ങളുടെ വിവരം

| ക്രമ നം. | ഇനം | വാർഷിക ഉത്പാദനം |
|---|---|---|
| 1 | നടീൽ വസ്തുക്കൾ | |
| 1 | പച്ചക്കറി വിത്ത് | 21 ക്വിൻറൽ |
| 2 | പച്ചക്കറി തൈകൾ | 2.75 ലക്ഷം |
| 3 | കുരുമുളക് വള്ളി | 4 ലക്ഷം |
| 4 | ഫലവൃക്ഷ തൈകൾ | 1.75 ലക്ഷം |
| 5 | തെങ്ങിൻ തൈകൾ | 24000 എണ്ണം |
| 6 | കപ്പ | 5 ടൺ |
| 7 | കാച്ചിൽ | 1 ടൺ |
| 8 | ചേന | 1.2 ടൺ |
| 9 | ഇഞ്ചി | 0.5 ടൺ |
| 10 | അലങ്കാര ചെടികൾ | 2000 എണ്ണം |

## ഉത്പാദനക്ഷമത

| | | |
|---|---|---|
| 1 | വേരുപിടിപ്പിച്ച കുരുമുളക് തൈകൾ | 400000 എണ്ണം |
| 2 | ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ | 25000 എണ്ണം |
| 3 | പച്ചക്കറി തൈകൾ | 300000 എണ്ണം |
| 4 | ഇഞ്ചി | 300 kg |
| 5 | കുരുമുളക് | 500 kg |
| 6 | ജാതി | 500 kg |
| 7 | പച്ചക്കറി വിത്തുകൾ | 500 kg |
| 8 | കിഴങ്ങുവർഗ്ഗങ്ങൾ | 8 tonnes |
| 9 | തേങ്ങ | 15000 എണ്ണം |

## സംയോജിത കൃഷി രീതികൾ(IFS)

നിലവിൽ അനുവർത്തിക്കുന്നില്ല.

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

1. കുറ്റികുരുമുളക് ഉല്പാദനം
2. കശുമാവ് തൈ ഉല്പാദനം
3. മത്സ്യകൃഷി

# വണ്ടിപ്പെരിയാർ
## സംസ്ഥാന പച്ചക്കറിത്തോട്ടം

GOK-AGRI-SF-5

**സംസ്ഥാന പച്ചക്കറിത്തോട്ടം, വണ്ടിപ്പെരിയാർ, ഇടുക്കി - 685 533**
**ഫോൺ :** 04869 253543, 93834 70834
**ഇ-മെയിൽ:** svfvandiperiyar@gmail.com

1967-ലാണ് ഫാം പ്രവർത്തനം ആരംഭിച്ചത്. പ്രധാനമായും കിഴങ്ങ് വർഗ്ഗ വിളകൾ, ശീതകാല പച്ചക്കറികൾ മുതലായ ഭക്ഷ്യ വിളകൾക്ക് വേണ്ടിയാണ് ഫാം ആരംഭിച്ചത്.

1977-ൽ അന്നത്തെ കൃഷി ഡയറക്ടറായിരുന്ന ശ്രീ. എസ്. ഗോപാലൻ ഉൾപ്പെടുന്ന വിദഗ്ധസമിതി ഫാം സന്ദർശിക്കുകയും കുരുമുളക്, കാപ്പി, ഏലം മുതലായ നാണ്യവിളകൾ കൃഷി ചെയ്യുന്നതിന് ശുപാർശ ചെയ്യുതു മൂലമാണ് ഫാം ഇന്ന കാണുന്നതുപോലെ കുരുമുളക്, കാപ്പി, ഏലം, വിവിധതരം പച്ചക്കറികൾ, വാഴ, തെങ്ങ് എന്നിവ അടങ്ങുന്ന സമ്മിശ്ര കൃഷിക്ക് വേദിയായത്.

### അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — 9⁰.5817701' N
  രേഖാംശം — 77⁰.1177256' E
- ജില്ല — ഇടുക്കി
- ബ്ലോക്ക് — സ്പ്രിംഗ് വാലി ഡിവിഷൻ
- പഞ്ചായത്ത് — വണ്ടിപ്പെരിയാർ
- വാർഡ് — VIII വാളാർഡി

### വിസ്തീർണ്ണം

| ക്രമ. നം. | ഇനം | വിസ്തീർണ്ണം/എണ്ണം |
|---|---|---|
| 1 | ആകെവിസ്തീർണ്ണം | 40.45 ഹെക്ടർ |
| 2 | കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | 31.96 ഹെക്ടർ |
| 3 | കുളങ്ങൾ, മറ്റു ജലസ്രോതസ്സുകൾ | കുളം : 3, കിണർ : 3, കുഴൽകിണർ :2, വെള്ളം ടാങ്ക് : 10, ചെക്ക്ഡാം : 1 |
| 4 | നിർമ്മിതികൾ, റോഡ് | 3.70 ഹെക്ടർ |
| 5 | നഴ്സറി | 0.24 ഹെക്ടർ |

### ജൈവവൈവിധ്യ വിവരങ്ങൾ

1. പെപ്പിനോ (*Solanum muricatum*) സലാഡ് പച്ചക്കറി
2. ലില്ലിക്കുട്ടി തക്കാളി - വലുപ്പമുള്ളത് (Average size -250 gm)

3. ആകാശ വെള്ളരി (*Passiflora quadrangularis*) ഭക്ഷ്യയോഗ്യമായ ഫലം.
4. വേങ്ങേരി വഴുതന – നീളമുള്ള വയലറ്റും പച്ചയും ഇടകലർന്ന നിറത്തോടു കൂടിയത്.
5. ചായാ മൻസ (മലേഷ്യൻ ചീര) – (*Cnidoscolus aconitifolius*) ഇലകൾ ഭക്ഷ്യയോഗ്യം.
6. ഊദ് മരങ്ങൾ (*Agar wood – Acquilaria malaccensis*) സുഗന്ധ ദ്രവ്യമുണ്ടാക്കാൻ ഉപയോഗിക്കുന്ന മരം.
7. ചായം ലോക്കൽ – വള്ളിപ്പയർ ഇനം

## ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ

ഇടുക്കി ജില്ലയിലെ കർഷകർക്കാവശ്യമായ വിത്തുകളും നടീൽ വസ്തുക്കളും ഉത്പാദിപ്പിച്ച് വിതരണം നടത്തുക എന്നുള്ളതാണ് ഫാമിന്റെ പ്രധാന പ്രവർത്തനം. പാവൽ, പയർ, വെണ്ട, വഴുതന, പച്ചമുളക്, ചീര, പടവലം, ചുരയ്ക്ക മുതലായവ കൃഷിചെയ്യുന്നു. കൂടാതെ കാബേജ്, കോളിഫ്ളവർ, ബ്രോക്കോളി ഉൾപ്പെടെ വിവിധയിനം ശീതകാല പച്ചക്കറികളുടെ തൈകളും ഉത്പാദിപ്പിക്കുന്നു. അതാതുസമയത്തെ കൃഷിവകുപ്പിന്റെ പദ്ധതികളനുസരിച്ചും ജനകീയാസൂത്രണ പദ്ധതി പ്രകാരം വിവിധ കൃഷിഭവനുകളിൽ നിന്ന് ലഭിക്കുന്ന ഇൻഡന്റുകൾ അനുസരിച്ചുമാണ് പച്ചക്കറി വിത്തുകളും തൈകളും ഉത്പാദിപ്പിക്കുന്നത്. ഒരുലക്ഷം തൈകളും 15000 ഗ്രാഫ്റ്റുകളും ഉത്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു. ഫാമിൽ ആദ്യമായി 2020–21 വർഷം തെങ്ങിൻതൈ നഴ്സറി ആരംഭിച്ചു. ഇതിനായി 20000 WCT വിത്തുതേങ്ങകൾ പാകി മുളപ്പിച്ചിട്ടുണ്ട്. ടിഷ്യൂകൾച്ചർ വാഴത്തൈകൾ ഹാർഡനിങ് നടത്തി വിതരണം ചെയ്യുന്നു.

## കൃഷിചെയ്യുന്ന വിവിധ വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ

| വിള | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ |
|---|---|---|---|---|---|---|---|---|---|---|---|---|
| കുരുമുളക് തൈ | | | | | | | | | | | | |
| ഫലവൃക്ഷ തൈ | | | | | | | | | | | | |
| പച്ചക്കറി വിത്തുകൾ | | | | | | | | | | | | |
| കാബേജ് | | | | | | | | | | | | |
| കോളിഫ്ളവർ | | | | | | | | | | | | |

## നിർമ്മിതികൾ

| | | |
|---|---|---|
| ഓഫീസ് കെട്ടിടം | : | 1 എണ്ണം |
| പഴയ ഓഫീസ് കെട്ടിടം | : | 1 എണ്ണം |
| ട്രാക്ടർഷെഡ് | : | 1 എണ്ണം |
| സ്റ്റോർ കെട്ടിടം | : | 3 എണ്ണം |
| തൊഴിലാളി വിശ്രമകേന്ദ്രം | : | 1 എണ്ണം |
| പമ്പ് ഹൗസ് | : | 4 എണ്ണം |
| സ്റ്റാഫ് ക്വാർട്ടേഴ്സ് | : | 6 എണ്ണം |

| | | |
|---|---|---|
| പോളി ഹൗസ് | : | 5 എണ്ണം |
| മഴമറ | : | 7 എണ്ണം |
| ഏലക്കാ ഡ്രയർ | : | 1 എണ്ണം |
| മിസ്റ്റ് ചേമ്പർ | : | 1 എണ്ണം |

## യന്ത്രോപകരണങ്ങൾ

| | | |
|---|---|---|
| 1 | ഏലക്കാ ഡ്രയർ | 1 എണ്ണം |
| 2 | വീഡ്കട്ടർ | 4 എണ്ണം |
| 3 | പവർ ഹാന്റ് സോ | 2 എണ്ണം |
| 4 | ടില്ലർ | 1 എണ്ണം |
| 5 | പവർ ടില്ലർ | 1 എണ്ണം |
| 6 | ഹോൾ ഡിഗ്ഗർ | 2 എണ്ണം |
| 7 | പവർ സ്പ്രെയർ | 1 എണ്ണം |
| 8 | നാപ് സാക്ക് സ്പ്രെയർ | 3 എണ്ണം |
| 9 | റോക്കർ സ്പ്രെയർ | 1 എണ്ണം |
| 10 | ഷേഡ് റെഗുലേഷൻസോ | 2 എണ്ണം |

## വാഹനങ്ങൾ

| | | |
|---|---|---|
| 1 | ട്രാക്ടർ | 2 എണ്ണം |
| 2 | പിക് അപ് | 1 എണ്ണം |



## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | ഫാം സൂപ്രണ്ട് | 1 | 1 |
| 2 | കൃഷി ഓഫീസർ | 1 | 0 |
| 3. | കൃഷി അസിസ്റ്റന്റ് | 2 | 2 |
| 4 | ക്ലർക്ക് | 1 | 1 |
| 5. | യു.ഡി. ടൈപ്പിസ്റ്റ് | 1 | 1 |
| 6 | ഓഫീസ്അറ്റൻഡന്റ് | 1 | 1 |
| 7 | പാർട്ട് ടൈം സ്വീപ്പർ | 1 | 0 |
| 8 | സ്പെഷ്യൽ ഓഫീസർ (പോളിഹൗസ്), കൃഷി ഓഫീസർ (കരാർ നിയമനം) | 1 | 1 |
| 9 | സ്പെഷ്യൽ ഓഫീസർ (പോളിഹൗസ്), കൃഷി അസിസ്റ്റന്റ് (കരാർ നിയമനം) | 1 | 1 |
| 10 | സെക്യൂരിറ്റി ഗാർഡ്സ് (കരാർ നിയമനം) | 3 | 3 |

## തൊഴിലാളികളുടെ വിവരം

| ക്രമ നം | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരം തൊഴിലാളികൾ | | |
| | അനുവദിച്ചിട്ടുള്ള തസ്തികകൾ | 29 | 15 |
| | നിലവിലുള്ളവ | 29 | 15 |
| | ഒഴിവ് | 0 | 0 |
| 2 | ദിവസവേതന തൊഴിലാളികൾ | 0 | 1 |
| 3. | കാഷ്വൽ തൊഴിലാളികൾ | 3 | 1 |

## മൂല്യവർദ്ധനവിനുള്ള നടപടികൾ/പ്രവർത്തനങ്ങൾ

നിലവിൽ ഏലക്കായ വിളവെടുപ്പിനുശേഷം ഡ്രയറിൽ വച്ച് ഉണങ്ങി പായ്ക്കറ്റുകളിലാക്കി സെയിൽസ്കൗണ്ടറുകളിൽകൂടി വിതരണം ചെയ്യുന്നുണ്ട്. ഉണങ്ങിയ കുരുമുളകും അപ്രകാരം വിൽക്കുന്നുണ്ട്. കൂടാതെ നാടൻ പശുക്കളുടെ ചാണകവും മൂത്രവും ജൈവകൃഷിരീതിയിൽ തല്പരരായ പരിസരവാസികളായ കൃഷിക്കാർക്ക് വിലയ്ക്ക് നൽകുന്നുമുണ്ട്.

## ഫാമിൽ നിന്നുള്ള ഉത്പന്നങ്ങൾ

| ക്രമ നം | ഇനം | വാർഷിക ഉത്പാദനം/എണ്ണം | |
|---|---|---|---|
| **1** | **നടീൽവസ്തുക്കൾ** | | |
| a | വേര് പിടിപ്പിച്ച കുരുമുളക് തൈകൾ | 690898 | |

| | | | |
|---|---|---|---|
| b | പച്ചക്കറി തൈകൾ | 53880 | |
| c | ടിഷ്യൂകൾച്ചർ വാഴ തൈകൾ | 17350 | |
| d | കാപ്പിത്തൈകൾ | 4147 | |
| e | പാഷൻഫ്രൂട്ട് തൈകൾ | 57040 | |
| f | പേരത്തൈകൾ | 20000 | |
| g | കറിവേപ്പ് തൈകൾ | 2048 | |
| **2** | **ഉത്പന്നങ്ങൾ** | **വാർഷിക ഉത്പാദനം** | **ഉത്പാദന ക്ഷമത** |
| a | കുരുമുളക് | 900 കിലോ | 1500 കിലോ |
| b | കാപ്പിക്കുരു | 320 കിലോ | 500 കിലോ |
| c | ഏലക്കാ | 75 കിലോ | 200 കിലോ |
| 3 | മറ്റ് ഇനങ്ങൾ-തേങ്ങ | 650 കിലോ | 1000 കിലോ |

## സംയോജിത കൃഷിരീതികൾ (IFS)

സംയോജിതകൃഷിയുടെ ഭാഗമായി ഫാമിൽ 19-ഓളം നാടൻ പശുക്കളെ വളർത്തിവരുന്നു. ഇതിൽ വെച്ചൂർ പശു, കാസർഗോഡ്കുള്ളൻ, മറ്റ് പ്രാദേശിക ഇനങ്ങൾ എന്നിവ ഉൾപ്പെടുന്നു. പശുക്കളിൽ നിന്ന് ലഭിക്കുന്ന പാൽ സമീപത്തുള്ള പാൽസൊസൈറ്റിയിൽ കൊടുക്കുന്നു.

| | | | |
|---|---|---|---|
| നാടൻ പശുക്കൾ | – | 6 പശുക്കൾ + 3 കിടാങ്ങൾ | = 9 |
| വെച്ചൂർ പശുക്കൾ | – | 2 പശുക്കൾ + 1 കിടാവ് | = 3 |
| കാസർഗോഡ് കുള്ളൻ | – | 4 പശുക്കൾ + 3 കിടാങ്ങൾ | = 7 |

ഫാമിൽ 200-ഓളം കോഴികളെ വളർത്തുന്നു. മുട്ടക്കോഴികളായ ഗ്രാമപ്രിയ, ഔഷധഗുണമുള്ള കരി ങ്കോഴി, അലങ്കാരക്കോഴികൾ, ടർക്കി എന്നിവ ഇതിൽപ്പെടുന്നു. കോഴിമുട്ട, കോഴിക്കുഞ്ഞുങ്ങൾ എന്നിവ സർക്കാർ നിരക്കിൽ വിൽപന നടത്തുന്നു. കൂടാതെ കൂടുതലുള്ള പൂവൻ കോഴികളേയും പ്രായ മായ കോഴികളേയും വിൽപ്പന നടത്തുന്നു.

ഫാമിൽ 100 തേനീച്ചപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. അതിൽ നിന്ന് സമയാസമയങ്ങളിൽ തേൻ ശേ ഖരിച്ച് ആവശ്യക്കാർക്ക് നൽകുന്നു.

## പ്രത്യേകതകൾ

സമുദ്രനിരപ്പിൽ നിന്നും 800 - 900 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്നതിനാൽ സുഗന്ധദ്രവ്യങ്ങൾ കൃഷി ചെയ്യാൻ സാധിക്കുന്നു. കൂടാതെ അലങ്കാര സസ്യങ്ങളും ശീതകാല പച്ചക്കറികളും കൃഷി ചെയ്യാൻ സാധിക്കുന്നു. മാത്രവുമല്ല ഇത് ഫാം ടൂറിസത്തിനു വളരെ സാധ്യത കൂടിയ പ്രദേശമാണ്. കാട്ടുമൃഗങ്ങളുടെ ആക്രമണമാണ് ഫാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി.

## ഫാം ടൂറിസം

RKVY-പദ്ധതിയിൽപ്പെടുത്തി നടപ്പാക്കിയ ഫാം ടൂറിസം പദ്ധതിയുടെ ഉദ്ഘാടനം 2021 ഫെബ്രു വരി 5-ന് ബഹു. കൃഷിവകുപ്പ്മന്ത്രി നിർവ്വഹിച്ചു. ലോകപ്രശസ്ത വിനോദസഞ്ചാരകേന്ദ്രമായ തേ ക്കടിയോട് അടുത്ത് നിലകൊള്ളുന്ന ഫാമായതിനാൽ സ്വദേശികളും വിദേശികളുമായ ധാരാളം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് സാധിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി ട്രെക്കിം



ഗ്പാത്തുകളും അതിമനോഹരമായ പൂന്തോട്ടവും, ലാൻഡ്സ്കേപ്പിംഗും, കൃത്രിമവെള്ളച്ചാട്ടവും ഒരുക്കിയിട്ടുണ്ട്. പൂന്തോട്ടത്തിൽ നിന്നും ഫാമിനുള്ളിലേക്ക് കടക്കാൻ പാതകൾ ഒരുക്കിയിരിക്കുന്നു. സഞ്ചാരികൾക്ക് ഫാമിനുള്ളിലേക്ക് പ്രവേശിച്ച് വിവിധ സുഗന്ധവ്യഞ്ജനങ്ങളുടെ കൃഷികൾ നേരിട്ട് കണ്ട് മനസ്സിലാക്കുവാനും വിത്തുകളുടെയും നടീൽവസ്തുക്കളുടെയും ഉത്പാദന പ്രക്രിയ നേരിൽ കാണാനും അവസരമൊരുങ്ങുന്നു.

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

1. **റെസിഡൻഷ്യൽ ട്രെയിനിംഗ്സെന്ററിന്റെ നിർമ്മാണം**

   ഇതിൽ ജില്ലക്കകത്തും പുറത്തുമുള്ള കൃഷിക്കാർക്കും, കൃഷി ഉദ്യോഗസ്ഥർക്കും ഫാമിൽ താമസിച്ച് പരിശീലന പരിപാടികളിൽ പങ്കെടുക്കുവാൻ സൗകര്യമൊരുക്കുന്നു. ട്രെയിനിംഗ്ഹാൾ, ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നു.

2. **ജലസേചന സൗകര്യങ്ങളുടെ പുനഃക്രമീകരണം**

   ഫാമിൽ വളരെ പഴക്കംചെന്ന പൈപ്പ് ലൈനുകളും ടാങ്കുകളുമാണ് നിലവിലുള്ളത്. ഫാമിൽ ജലസേചന സൗകര്യങ്ങൾ പരിഷ്കരിക്കുന്നതിനായി സമഗ്രമായ ഒരു ഇറിഗേഷൻപ്ലാൻ ഉണ്ടാക്കി നടപ്പാക്കും.

3. **ഫാം റോഡുകളുടെ കോൺക്രീറ്റിംഗ്**

   നിലവിൽ ഫാമിലെ റോഡുകളെല്ലാം മൺറോഡുകളാണ്. മഴക്കാലത്ത് ഈ റോഡുകളിൽ

ചെളി നിറയുന്നതിനാൽ പോളിഹൗസുകളിൽ നിന്ന് നടീൽവസ്തുക്കൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിന് വലിയ ബുദ്ധിമുട്ട് നേരിടുന്നു. അതിനാൽ എല്ലാ ഫാം റോഡുകളും കോൺക്രീറ്റ് ചെയ്യേണ്ടതായിട്ടുണ്ട്.

4. **മത്സ്യംവളർത്തൽ**

സംയോജിത കൃഷിരീതിയുടെ ഭാഗമായി മത്സ്യ കൃഷി ആരംഭിക്കേണ്ടതായിട്ടുണ്ട്. ഫാമിലുള്ള വലിയകുളം അതിനായി തയ്യാറാക്കി മത്സ്യകൃഷി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

5. **കുരുമുളക് റണ്ണർവൈൻ ഉത്പാദനം**

നിലവിൽ പെപ്പർ നേഴ്സറിക്ക് ആവശ്യമായ റണ്ണർവൈൻ സ്വകാര്യവ്യക്തികളിൽ നിന്നുമാണ് ശേഖരിക്കുന്നത്. അതിന് മീറ്ററിന് 5 രൂപ വച്ച് അവർക്ക് നൽകുകയും ചെയ്യുന്നു. എന്നാൽ ഫാമിന് ആവശ്യമായ റണ്ണർവൈൻ ഫാമിൽതന്നെ ഉത്പാദിപ്പിക്കാനായാൽ ഫാമിന് വലിയരീതിയിൽ സാമ്പത്തിക നേട്ടമുണ്ടാകുന്നതാണ്.

6. **പ്രോജനി ഓർച്ചാഡിന്റെ നിർമ്മാണം**

നിലവിൽ ഫാമിൽ പ്രോജനി ഓർച്ചാഡ് ഇല്ലാത്തതിനാൽ ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് മുതലായ കായിക പ്രവർദ്ധന രീതികൾ ഒന്നും പ്രാവർത്തികമാക്കാൻ കഴിയുന്നില്ല. 2018-ൽ നട്ടുപിടുപ്പിച്ച പ്രോജനി ആ വർഷത്തെ മഴക്കെടുതിമൂലം നശിച്ചുപോകുകയാണ് ഉണ്ടായത്. 2020-21 വർഷം പഴവർഗ്ഗ ചെടികളുടെ പ്രോജനി നട്ടുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. റമ്പൂട്ടാൻ, ലിച്ചി, മാങ്കോസ്റ്റിൻ, അവൊക്കാഡോ, പ്ലാവ്, മാവ് മുതലായ വിവിധയിനം പഴവർഗ്ഗങ്ങളുടെ തൈകളാണ് നട്ടുപിടിപ്പിക്കുന്നത്.

# കരിമണ്ണൂർ
# സംസ്ഥാന വിത്തുത്പാദനകേന്ദ്രം

**സംസ്ഥാന വിത്തുത്പാദന കേന്ദ്രം, കരിമണ്ണൂർ പി.ഒ., ഇടുക്കി - 685 581**
**ഫോൺ : 04862-263560, 93834 70831**
**ഇ-മെയിൽ: ssfkarimannoor@gmail.com**

1959-ൽ ആണ് ഫാം രൂപീകൃതമായത്. കരിമണ്ണൂർ കുഴിക്കാട്ട് കുടുംബാംഗങ്ങളുടെ ഉടമസ്ഥതയിലായിരുന്ന ഭൂമി സർക്കാർ പൊന്നുംവിലയ്ക്കെടുത്തതും പുത്തൻപുരയ്ക്കൽ കുടുംബാംഗങ്ങളുടെ ഉടമസ്ഥതയിലായിരുന്ന ഭൂമി ജപ്തി നടപടിയിലൂടെ സർക്കാർ ഏറ്റെടുത്തതുമായ 5.37 ഹെക്ടർ ഭൂമിയിലാണ് ഫാം പ്രവർത്തിക്കുന്നത്. ആകെയുള്ള 5.37 ഹെക്ടറിൽ 4.34 ഹെക്ടർ പാടശേഖരവും 0.93 ഹെക്ടർ കരഭൂമിയും ഉൾപ്പെടുന്നു.

## അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — $9^0$.914363' N
  രേഖാംശം — $76^0$.771763' E
- ജില്ല — ഇടുക്കി
- ബ്ലോക്ക് — ഇളംദേശം
- താലൂക്ക് — തൊടുപുഴ
- പഞ്ചായത്ത് — കരിമണ്ണൂർ
- വാർഡ് — 12

## വിസ്തീർണ്ണം

| No. | Item | Area |
|---|---|---|
| 1 | ആകെ വിസ്തീർണ്ണം | 5.27 ഹെക്ടർ |
| 2 | കൃഷിചെയ്യുന്ന സ്ഥലത്തിൻറെ വിസ്തീർണ്ണം | 5.07 ഹെക്ടർ |
| 3 | കൃഷിയോഗ്യമായ തരിശ്ഭൂമി | ഇല്ല |
| 4 | നെൽപ്പാടം | 4.34 ഹെക്ടർ |
| 5 | മറ്റുജലാശയങ്ങൾ | ഇല്ല |
| 6 | കൃഷിയോഗ്യമല്ലാത്ത തരിശ ഭൂമി | ഇല്ല |
| 7 | കുളങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ | 0.1 ഹെക്ടർ |
| 8 | മന്ദിരങ്ങൾ, റോഡ് | 0.1 ഹെക്ടർ |
| 9 | അഗ്രോമെറ്റ്ഒബ്സർബേറ്ററി | ഇല്ല |

| | | |
|---|---|---|
| 10 | വനപ്രദേശം | ഇല്ല |
| 11 | വിളകൾ (വിസ്തീർണ്ണമുൾപ്പെടെ) | 0.63 പച്ചക്കറി, തെങ്ങ്, വാഴ |
| 12 | നഴ്സറി (വിസ്തീർണ്ണം ഉൾപ്പെടെ) | 0.1 ഹെക്ടർ |
| 13 | മറ്റു കാര്യങ്ങൾ | 0.1 ഹെക്ടർ |

## ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ/സേവനങ്ങൾ

അത്യുല്പാദന ശേഷിയുള്ള നെൽവിത്തിനങ്ങളുടെ ഉത്പാദനമാണ് ഫാമിന്റെ പ്രധാന ലക്ഷ്യം. ഇതു കൂടാതെ പച്ചക്കറി വിത്തുത്പാദനം ഈ ഫാമിൽ ചെയ്തുവരുന്നു.

## കൃഷിചെയ്യുന്ന വിവിധ വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ

| | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്ത് | ർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | |
| നെല്ല് (ഒന്നാം വിള -ഉമ ) | | | | | | | | | | | | |
| നെല്ല്(രണ്ടാം വിള -ഉമ ) | | | | | | | | | | | | |
| പടവലം ,വള്ളിപ്പയർ ,ചീര | | | | | | | | | | | | |
| വെണ്ട ,വെള്ളരി, മത്തൻ, മുളക് | | | | | | | | | | | | |
| ഫലവർഗ്ഗ തൈകൾ | | | | | | | | | | | | |



## നിർമ്മിതികൾ

ഓഫീസ് ബിൽഡിംഗ്, സീഡ് സ്റ്റോർ, ഗോഡൌൺ, ഡ്രയിങ്ങ് യാർഡ്, ക്വാർട്ടേഴ്സുകൾ, മഴമറകൾ, പോളിഹൌസ്.

## യന്ത്രോപകരണങ്ങൾ

ടില്ലർ, മിനിടില്ലർ, പവർസ്പ്രേയർ, ചെയിൻസോ.

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നമ്പർ | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | സീനിയർ അഗ്രികൾച്ചർ ഓഫീസർ | 1 | 1 |
| 2 | അഗ്രികൾച്ചർ അസിസ്റ്റന്റ് | 1 | 1 |
| 3 | ക്ലാർക്ക് | 1 | 1 |
| 4 | ഓഫീസ് അറ്റൻഡന്റ് | 2 | 1 |

## തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമനമ്പർ | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരം തൊഴിലാളികൾ | | |
| | അനുവദിച്ച തസ്തികകൾ | 2 | 6 |
| | നിലവിലുള്ളവ | 2 | 6 |
| | ഒഴിവ് | ഇല്ല | ഇല്ല |
| 2 | ദിവസവേതനതൊഴിലാളികൾ | ഇല്ല | ഇല്ല |
| 3 | ക്യാഷ്വൽ തൊഴിലാളികൾ | | |
| | അനുവദിച്ചിട്ടുള്ള തസ്തികകൾ | 2 | 6 |
| | ഒഴിവ് | ഇല്ല | 1 |



## മൂല്യ വർദ്ധനവിനുള്ള നടപടികൾ/പ്രവർത്തനങ്ങൾ

തേൻ, പാൽ ഉല്പന്നങ്ങളുടെ സംസ്കരണം, വിതരണം.

## ഫാമിൽ നിന്നുള്ള വസ്തുക്കളുടെ വില്പന വിവരം

| ക്രമ നം | ഇനം | വാർഷിക ഉല്പാദനം |
|---|---|---|
| 1 | നടീൽവസ്തുക്കൾ | |
| 1 | നെൽവിത്ത് | 20 ടൺ |
| 2 | ഫലവൃക്ഷതൈകൾ | 50000 എണ്ണം |
| 2 | ഉല്പന്നങ്ങൾ | |
| 1 | പച്ചക്കറികൾ | 300 കിലോ |
| 2 | പശുവിൻപാൽ | 500 ലിറ്റർ |
| 3 | മത്സ്യം | 500 കിലോ |
| 4 | തേങ്ങ | 350 എണ്ണം |
| 5 | വാഴക്കുല | 150 കിലോ |
| 6 | വൈക്കോൽ | 500 കിലോ |
| 7 | തേൻ | 100 കിലോ |

## സംയോജിത കൃഷിരീതികൾ (IFS)

സംയോജിത കൃഷിരീതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 3 പശുക്കൾ, 100 തേനീച്ചക്കോളനികൾ എന്നിവയെ പരിപാലിച്ച് വരുന്നു.

## പ്രത്യേകതകൾ

ഫാമിന്റെ സ്ഥാനം, ഫലഭൂയിഷ്ടമായ മണ്ണ്, കൃഷി യോഗ്യമായ ഭൂമി, ജലസേചന സൗകര്യം, ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുവാനാവശ്യമായ സൗകര്യം എന്നിവ ഫാമിന്റെ അനുകൂല ഘടകങ്ങളാണ്.

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

ഗുണമേന്മയുള്ള പച്ചക്കറി, ഫലവൃക്ഷ വിളകളുടെ ഗ്രാഫ്റ്റ്, തൈകൾ, മൂല്യവർദ്ധിത ഉൽപന്നങ്ങൾ, വീട്ടിനുള്ളിൽ വളർത്തുന്ന സസ്യങ്ങളുടെ ഉൽപാദനം, പരിപാലനം.

# അരീക്കുഴ

## ജില്ലാ കൃഷിത്തോട്ടം

ഇടുക്കി ജില്ലാ കൃഷിത്തോട്ടം, അരിക്കുഴ, അരിക്കുഴ പി ഒ, ഇടുക്കി - 685 608
ഫോൺ : 0486-2278599, 93834 70832
ഇ-മെയിൽ: dafidukki@gmail.com

ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്കിൽ മണക്കാട് വില്ലേജിൽ ഉൾപ്പെടുന്ന മണക്കാട് ഗ്രാമ പഞ്ചായത്തിലെ II - വാർഡിൽ തൊടുപുഴ രാമമംഗലം റോഡിൽ അരിക്കുഴക്കടുത്തായി മണ്ണത്താം ചേരിയിൽ ഫാം സ്ഥിതിചെയ്യുന്നു. കോട്ടയം റെയിൽവേ സ്റ്റേഷനിൽ നിന്നും 52 കിലോമീറ്ററും തൊടുപുഴ ബസ് സ്റ്റാൻഡിൽ നിന്നും 8 കിലോമീറ്ററും ദൂരമാണുള്ളത്.

ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ മണക്കാട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന അരിക്കുഴ യിൽ തൊടുപുഴയാറിന്റെ ഇടത്തെ തീരത്തോടുചേർന്ന് 1986-ലാണ് ഫാം സ്ഥാപിതമായത്. അരി ക്കുഴയിൽ താമസിച്ചിരുന്ന ആലംകോട്ട് ഇല്ലം വക ഭൂമി അന്യാധീനപ്പെട്ട സമയത്ത് വനം വകുപ്പ് ഏറ്റെടുക്കുകയും തേക്ക് പ്ലാന്റേഷൻ ആക്കുകയും ചെയ്തിരുന്നു. ഈ ഭൂമിയാണ് പിന്നീട് ഫാം ആയി പരിവർത്തനം ചെയ്തെടുത്തത്. 29.6 ഹെക്ടറിൽ നിന്നും 4 ഹെക്ടർ കേരള ഫീഡ്സിന് ലീസിന് കൊടുത്തതിനുശേഷം നിലവിൽ 25.66 ഹെക്ടർ സ്ഥലമാണ് ഉള്ളത്.

### അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ▪ അക്ഷാംശം | $9^{0}$.9145832' N |
| രേഖാംശം | $76^{0}$.6567987' E |
| ▪ ജില്ല | ഇടുക്കി |
| ▪ ബ്ലോക്ക് | തൊടുപുഴ |
| ▪ താലൂക്ക് | തൊടുപുഴ |
| ▪ പഞ്ചായത്ത് | മണക്കാട് |
| ▪ വാർഡ് | 2 |

### വിസ്തീർണ്ണം

| ക്രമ. നം. | ഇനം | വിസ്തീർണ്ണം/എണ്ണം |
|---|---|---|
| 1 | ആകെ വിസ്തീർണം | 25.66 ഹെ. |
| 2 | കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണം | 23.67 ഹെ. |
| 3 | കൃഷിയോഗ്യമായ തരിശുഭൂമി | ഇല്ല |

| | | |
|---|---|---|
| 4 | നെൽപ്പാടം | ഇല്ല |
| 5 | മറ്റു ജലാശയങ്ങൾ (വിസ്തീർണം ഉൾപ്പെടെ) | 0.25 ഹെ. |
| 6 | കൃഷിയോഗ്യമല്ലാത്ത തരിശുഭൂമി | 0.4 ഹെ. |
| 7 | കുളങ്ങൾ, മറ്റു ജലസ്രോതസ്സുകൾ (വിസ്തീർണം ഉൾപ്പെടെ) | 0.25 ഹെ. |
| 8 | മന്ദിരങ്ങൾ, റോഡ് (വിസ്തീർണം ഉൾപ്പെടെ) | 1.99 ഹെ. |
| 9 | അഗ്രോമെറ്റ് ഒബ്സർവേറ്ററി | ഇല്ല |
| 10 | വനപ്രദേശം | ഇല്ല |
| 11 | വിളകൾ (വിസ്തീർണം ഉൾപ്പെടെ) | 21.67 ഹെ. |
| 12 | നഴ്സറി (വിസ്തീർണം ഉൾപ്പെടെ) | 0.6 ഹെ. |
| 13 | പ്രോജനി ഓർച്ചാർഡ് | 1.4 ഹെ. |

## വിളകൾ

കുരുമുളക്, തേങ്ങ, പടവലം, കത്തിരിയ്ക്ക, ചീര, വെള്ളരി, വെണ്ട, പയർ

## ജൈവവൈവിധ്യ വിവരങ്ങൾ

മികച്ചയിനം ഫല വൃക്ഷതൈകൾ കർഷകർക്ക് ഉത്പാദിപ്പിച്ചുനൽകുക എന്ന ലക്ഷ്യത്തോടെ മാവ്, പ്ലാവ്, വിദേശയിനം ഫലവൃക്ഷങ്ങൾ, കശുമാവ്, നാരകം, പേര എന്നിവയുടെ മാതൃഫലവൃക്ഷത്തോട്ടങ്ങൾ ഫാമിൽ പരിപാലിച്ചുവരുന്നു.

| ക്രമ നം | വിള | ഇനം |
|---|---|---|
| 1. | മാവ് | മൂവാണ്ടൻ, കോശേരി, ചന്ദ്രകാരൻ, അൽഫോൻസാ, നീലം, ബ്ലാക് & റോസ്, ബംഗനപ്പള്ളി, മല്ലിക ,നമ്പ്യാർ, കല്ലുകെട്ടി, പ്രിയൂർ, കൊളമ്പ്, ചക്കര, കോട്ടൂർക്കോണം |
| 2. | പ്ലാവ് | ജാക്ക് J 11, ജാക്ക് വിയറ്റ്നാം, പത്താമുട്ടം, ഗം ലെസ്സ് , വിയറ്റ്നാം സൂപ്പർ ഏർലി , ബെർലിയർ, ചുങ്കപ്പുര സോഫ്റ്റ്, മുട്ടം വരിക്ക, സിന്ദൂർ, ജാക്ക് ഡാങ് സൂര്യ, സീഡ് ഫ്രീ ജാക്ക് |
| 3. | വിദേശയിനം ഫലവൃക്ഷങ്ങൾ | റംബൂട്ടാൻ – റോങ് റിയാൻ, ബിൻ ജായ്, മഹാലിക, സ്കൂൾ ബോയ്, E 35 |
| | | ദുരിയാൻ– റെഡ് പ്രോൺ, മുസാങ് കിംഗ് , മോന്തോങ് & Muar gaiding |
| | | സാന്തോൾ, മാങ്കോസ്റ്റീൻ, അച്ചാചെരു, ലോങ്ങാൻ, കെപ്പൽ, പുലാസാൻ, അബിയു, ബറാബ |
| 4. | കശുമാവ് | ധരശ്രീ, അമൃത , പ്രിയങ്ക |

## നിർമ്മിതികൾ

ഓഫീസ് ബിൽഡിംഗ്, സീഡ് സ്റ്റോർ, ഫെർട്ടിലൈസർ സ്റ്റോർ, ഇമ്പ്ലിമെൻറ്സ് സ്റ്റോർ, ട്രാക്ടർ ഷെഡ്, പോട്ടിങ് മിക്സ്ചർ ഷെഡ്, തൊഴിലാളികളുടെ വിശ്രമമുറി-2 എണ്ണം , പോളിഹൗസ് - 4

| 11 | പച്ചക്കറി (ഇടവിള) | 2 ഹെക്ടർ | 1500 കിലോ | 650/ഹെക് |
| 12 | ഔഷധ സസ്യം (ഇടവിള) | 2 ഹെക്ടർ | | |
| 13 | ഹെലിക്കോർണിയ (ഇടവിള) | 0.2 ഹെക്ടർ | | |
| 14 | നാടൻ ഫല വൃക്ഷങ്ങൾ | 1.4 ഹെക്ടർ | 500 കിലോ | 350/ഹെക്ടർ |
| 15 | വിദേശയിനം ഫല വൃക്ഷങ്ങൾ | 2.5 ഹെക്ടർ | | |
| 16 | തീറ്റപ്പുല്ല് (സി. ഒ. ഫൈവ്, സൂപ്പർ നേപ്പിയർ) | 2 ഹെക്ടർ | | |

## ഫാമിൽ നടന്നുവരുന്ന പ്രധാന പ്രവർത്തനങ്ങൾ

### നടീൽ വസ്തുക്കളുടെ ഉത്പാദനം

ഫാമിന്റെ പ്രധാന ലക്ഷ്യം എന്ന് പറയുന്നത് ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക എന്നതാണ്. ഇതിനാവശ്യമായ നഴ്സറികൾ പരിപാലിച്ച് തൈകളും, വിത്തുകളും ഉത്പാദിപ്പിക്കുന്നു. കൂടാതെ നാളികേരവും, കശുവണ്ടിയും, കുരുമുളകും, വിവിധയിനം പച്ചക്കറികളും ഉത്പാദിപ്പിക്കുന്നു. മാവിന്റേയും, പ്ലാവിന്റേയും, കശുമാവിന്റേയും ഗ്രാഫ്റ്റുകൾ ഉത്പാദിപ്പിക്കുന്നതിനായി പ്രോജനി ഓർച്ചാഡുകൾ പരിപാലിക്കുന്നുമുണ്ട്.

**A. ഹോർട്ടികൾച്ചർ നഴ്സറി**

ഒരു ഹോർട്ടികൾച്ചർ നഴ്സറി ഫാമിൽ പ്രവർത്തിക്കുന്നു. ഇവിടെ നിന്നും വിവിധ തരം പഴവർഗതൈകൾ,ഗ്രാഫ്റ്റുകൾ, ലയറുകൾ, എന്നിവ ഉത്പാദിപ്പിക്കുന്നു. അപ്രോച്ച് ഗ്രാഫ്റ്റിംഗ്, സോഫ്റ്റ് വുഡ് ഗ്രാഫ്റ്റിംഗ്, എയർ ലയറിംഗ് തുടങ്ങിയ കായിക പ്രജനന രീതികൾ അവലംബിക്കുന്നു.

**B. കുരുമുളക് നഴ്സറി**

ഗുണമേൻമയുള്ള കുരുമുളക് ചെന്തലകൾ കർഷകരിൽനിന്നും, സമിതികളിൽ നിന്നും, ഫാമുകളിൽ നിന്നും, കൃഷി ശാസ്ത്രജ്ഞരുടെ മേൽനോട്ടത്തിൽ ഫാമിൽ എത്തിച്ച്, ശാസ്ത്രീയമായി വേര് പിടിപ്പിച്ച് കർഷകർക്ക് യഥാസമയം വിതരണം ചെയ്യുന്നു.

**C.ഫലവൃക്ഷ തൈകൾ**

പ്ലാവ്,മാവ്,മുരിങ്ങ, പേര, അനാർ, നാരകം,എന്നിവയുടെ ലയർ, ഗ്രാഫ്റ്റ് എന്നിവ ഉത്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

**D. പച്ചക്കറി തൈകൾ**

പച്ചക്കറി വികസന പദ്ധതി പ്രകാരം പയർ,മുളക്, വഴുതന, തക്കാളി,അമര, വെണ്ട,മത്തൻ,കുമ്പളം, വെള്ളരി  എന്നിവയുടെ തൈകൾ ഉത്പാദിപ്പിച്ച് കൃഷിഭവൻ വഴിയും, നേരിട്ടും വിതരണം ചെയ്യുന്നു.

**E. പച്ചക്കറി വിത്തുകൾ**

ജില്ലയിലെ പച്ചക്കറി മേഖലയിൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധയിനം പച്ചക്കറി വിത്തുകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

**F. കിഴങ്ങുവർഗ്ഗങ്ങൾ**

ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ, കാച്ചിൽ, സ്പെയിൻ മരിയ ഇനത്തിൽപെട്ട കപ്പ എന്നിവ കൃഷി ചെയ്ത് വരുന്നു.

**G. അലങ്കാരച്ചെടികൾ**

വിവിധയിനം അലങ്കാര ചെടികൾ മിതമായ വിലയിൽ ഫാമിൽ നിന്നും വിൽപന നടത്തുന്നു.

**H. തീറ്റപ്പുല്ല്**

സി.ഒ. ഫൈവ്, സൂപ്പർ നേപ്പിയർ ഇനത്തിൽപ്പെട്ട പുല്ല് വർഗ്ഗങ്ങളാണ് ഫാമിൽ വളർത്തുന്നത്.

**I. വാഴ**

നേന്ത്രൻ, പൂവൻ, മൈസൂർ പൂവൻ ഇനത്തിൽ പെട്ട വാഴകൾ ഫാമിൽ കൃഷി ചെയ്യുന്നു.

### J. കറിവേപ്പ്

50 സെന്റ് സ്ഥലത്ത് കറിവേപ്പ് കൃഷി ചെയ്യുന്നുണ്ട്.

### K. തെങ്ങിൻതൈനേഴ്സറി

കുറ്റ്യാടി (WCT) ഇനത്തിൽപെട്ട തെങ്ങിൻ തൈകൾ തെങ്ങിൻതൈ നേഴ്സറിയിൽ പരിപാലിച്ച് വിതരണം ചെയ്യുന്നു.

## സംയോജിത കൃഷിമുറകൾ (IFS)

### A. മലബാറി ആടുകൾ

ഫാമിൽ ഏകദേശം 75ൽപരം നാടൻ പെണ്ണാടുകളെയും മൂന്ന് ഹൈബ്രിഡ് ഇനത്തിൽപ്പെട്ട ആടുകളെയും വളർത്തുന്നു. ഹൈബ്രിഡ് ആടുകൾക്ക് കിലോയ്ക്ക് 350/- രൂപയും നാടൻ ആടുകൾക്ക് കിലോയ്ക്ക് 300/- രൂപയും ആണ് സർക്കാർ നിശ്ചയിച്ച വില. ഈ വിലയ്ക്ക് കർഷകർക്ക് ഫാമിൽ നിന്ന് ആടുകളെ വാങ്ങാവുന്നതാണ്.

### B. തേനീച്ച കൃഷി

ഏകദേശം 225 തേനിച്ച കോളനികൾ ഫാമിൽ പരിപാലിച്ചു പോരുന്നു. ഇവയിൽ നിന്ന് 1500 കിലോ തേൻ ഒരുവർഷം ലഭിക്കുന്നു. കിലോയ്ക്ക് സർക്കാർ നിശ്ചയിച്ച വിലയായ 250/- രൂപയ്ക്ക് ഫാമിൽ നിന്നും വില്പന നടത്തുന്നു.

### C. കാസർക്കോടൻ കുള്ളൻ പശുക്കൾ

കാസർകോടൻ കുള്ളൻ ഇനത്തിൽപെട്ട 6 പശുക്കളെ ഫാമിൽ വളർത്തുന്നുണ്ട്. ഇവയുടെ ഗോമൂത്രവും ചാണകവും ഉപയോഗിച്ച് നിർമ്മിക്കുന്ന ജീവാമൃതം, ബിജാമൃതം മുതലായ ജൈവവളക്കൂട്ടുകൾ കൃത്യമായ ഇടവേളകളിൽ നൽകിവരുന്നു

### D. മത്സ്യകൃഷി

ഫാമിൽ പുതുതായി നിർമ്മിച്ച മൂന്ന് മത്സ്യക്കുളങ്ങളിൽ ഏകദേശം 6000 തിലോപ്യ ഇനം മത്സ്യങ്ങളെ വളർത്തുന്നു. ആറുമാസം വളർച്ചയെത്തിയ മത്സ്യങ്ങൾക്ക് ഏകദേശം 500 ഗ്രാം തൂക്കം ലഭിക്കും. ഇവയ്ക്ക് സർക്കാർ വിലയായ കിലോയ്ക്ക് 250/- രൂപ നിരക്കിൽ ഫാമിൽനിന്നും വില്പനനടത്തുന്നതാണ്.

## പ്രോജനി ഓർച്ചാഡ്സ്

### A. മാവ് പ്രോജനി

2 ഹെക്ടർ സ്ഥലത്ത് വിവിധ ഇനം മാവുകളുടെ മാതൃശേഖരം ലഭ്യമാണ്.

### B. കശുമാവ് പ്രോജനി.

2 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്ത് വരുന്നു. ഇതിൽ നിന്നും ഫാമിന് നല്ലൊരു വരുമാനം ലഭിക്കുന്നു. കൂടാതെ1 ഹെക്ടർ സ്ഥലത്ത് പുതിയ കശുമാവ് പ്രോജനി നിർമ്മിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

### C. വിദേശഇനം ഫലവർഗ്ഗ പ്രോജനി.

35-ൽപരം വിവിധയിനം വിദേശ ഫലവൃക്ഷങ്ങൾ ഇപ്പോൾ ഫാമിൽ കൃഷി ചെയ്തുവരുന്നു. ഇവയിൽ വിയറ്റ്നാം ഏർളി പ്ളാവ്, അബിയു, റൊളിനിയ, മിറാക്കിൾ ഫ്രൂട്ട്, പീനട്ട് ബട്ടർഫ്രൂട്ട്, റമ്പുട്ടാൻ

എന്നിവയുടെ നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു.

D. പ്ലാവ് പ്രോജനി

E. സപ്പോട്ട പ്രോജനി

F. നാരകം പ്രോജനി

G. കുടംപുളി പ്രോജനി

H. ജാതി പ്രോജനി

I. വെസ്റ്റ് ഇൻഡ്യൻ ചെറി പ്രോജനി

J. ഫാഷൻഫ്രൂട്ട് പ്രോജനി

K. ഡ്രാഗൺ ഫ്രൂട്ട് പ്രോജനി

## ഇടവിളകൃഷി

A. കമുക് കൃഷി

B. പച്ചക്കറി കൃഷി

C. വാഴ കൃഷി

D. ഹെലികോർണിയ ചെടികൃഷി

E. തീറ്റപ്പുല്ല് കൃഷി

F. ഇഞ്ചി കൃഷി

G. മഞ്ഞൾ കൃഷി

H. ചേന കൃഷി

I. ചേമ്പ് കൃഷി

J. കാച്ചിൽ കൃഷി

K. ഔഷധസസ്യം

## പോളി ഹൗസ്, മഴ മറ, ഗ്രീൻ ഷെൽറ്റർ.

ഫാമിൽ 2 പോളി ഹൗസ്, 1 മഴമറ, 3 ഗ്രീൻ ഷെൽറ്ററുകൾ എന്നിവ നിലവിലുണ്ട്. വിവിധയിനം പച്ചക്കറി തൈകൾ, ഫലവൃക്ഷതൈകൾ, ഗ്രാഫ്റ്റുകൾ, ലെയറുകൾ എന്നിവ ഇവിടെ ഉത്പാദിപ്പിച്ച് പരിപാലിക്കുന്നു.

| Production of planting materials for last three years<br>DISTRICT AGRICULTURAL FARM CHUNGATHARA LOCATION-NILAMBUR, MALAPPURAM DISTRICT<br>(TANSFERED FARM) PHONE-7902869660 | | | | |
|---|---|---|---|---|
| Sl No. | Items | 2019-20 | 2018-19 | 2017-18 |
| 1 | Graft | 3407 | 3051 | 156 |
| 2 | layer | 342 | 600 | 252 |
| 3 | Seedlings | 3322 | 7959 | 12538 |

| | | | | |
|---|---|---|---|---|
| 4 | Pepper Cuttings | 108332 | 137518 | 138973 |
| 5 | veg.seedlings | 129053 | 43961 | 87587 |
| 6 | Medicinal Plants | 435 | 74 | 0 |
| 7 | BMP Suckers | 152 | 33 | 8 |
| 8 | Fodder Grass Slip | 4650 | 400 | 250 |
| 9 | Turmeric | 37.3 | 17.5 | 0 |
| 10 | Azolla | 12.05 | 2.5 | 0 |
| 11 | Fish (Gift Thilapia)Kg | 1116.2 | 326.19 | 0 |
| 12 | Goat (nos) | 50 | 37 | 0 |
| 13 | Honey (kg) | 685.2 | 338 | 0 |
| 14 | Ornamental plants | 2692 | 619 | 0 |
| 15 | Vegetable seeds (ton) | 0.118114 | 0.07341 | 0.04311 |

# മുണ്ടേരി
## സീഡ് ഗാർഡൻ കോംപ്ലക്സ്

**സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി, തമ്പുരാട്ടിക്കല്ല്, മലപ്പുറം - 679 334**
**ഫോൺ:** 0431-209044, 93834 71631
**ഇ-മെയിൽ:** sgcmunderi@gmail.com

1979 ൽ മലപ്പുറം ജില്ലയിലെയും, തൊട്ടടുത്തുള്ള ജില്ലകളിലേയും കർഷകർക്ക് ഗുണമേൻമയുള്ള നടീൽ വസ്തുക്കളും, വിത്തുതേങ്ങകളും ഉത്പ്പാദിപ്പിച്ച് നൽകുന്നതിനായി സ്ഥാപിക്കപ്പെട്ടു. ഏഷ്യയിലെ ഏറ്റവും വലിയ MYD തെങ്ങിനങ്ങളുടെ മാതൃവൃക്ഷശേഖരമുള്ളതും DxT ഹൈബ്രിഡ് തൈകളുടെ MYD x WCT, COD x WCT, MOD x WCT, MGD x WCT എന്നീ 4 സംയോഗത്തിലും ഉൽപ്പാദിപ്പിക്കുന്നതിലും പ്രശസ്തിയാർജിച്ച സ്ഥാപനമാണിത്. ഒട്ടനവധി നടീൽവസ്തുക്കൾ, കശുമാവ്, കുരുമുളക്, ജാതി, ഒട്ടുമാവ്, പ്ലാവ് എന്നിവയുടെ ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിക്കുന്നു.

### അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — 11.4447
  രേഖാംശം — 76.24714
- ജില്ല — മലപ്പുറം
- ബ്ലോക്ക് — നിലമ്പൂർ
- താലൂക്ക് — നിലമ്പൂർ
- പഞ്ചായത്ത് — പോത്തുകൽ
- വാർഡ് — II, തമ്പ്രാട്ടിക്കല്ല്

### വിസ്തീർണ്ണം

| ക്രമ. നം. | ഇനം | വിസ്തീർണ്ണം/എണ്ണം |
|---|---|---|
| 1 | ആകെ വിസ്തീർണ്ണം | 505.29 ഹെക്ടർ |
| 2 | കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | 298.06 ഹെക്ടർ |
| 3 | കൃഷിയോഗ്യമായ തരിശുഭൂമി | 192.23 ഹെക്ടർ |
| 4 | കുളങ്ങൾ, മറ്റു ജലസ്രോതസ്സുകൾ | കുളം - 5 എണ്ണം<br>കുഴൽകിണർ - 1 എണ്ണം<br>കിണർ - 5 എണ്ണം |
| 5 | നിർമ്മിതികൾ, റോഡ് | 15 ഹെക്ടർ |
| 6 | നഴ്സറി | 11.6 ഹെക്ടർ |

## ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ

- ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കലും വിതരണം ചെയ്യലും
- ഹൈബ്രിഡ് ഇനത്തിലുള്ള തെങ്ങിൻതൈ ഉത്പാദനം.
- വിവിധയിനം കമുകിൻ തൈകൾ, വിത്തടയ്ക്ക എന്നിവയുടെ ഉത്പാദനവും വിതരണവും
- വിവിധയിനം കുരുമുളക് തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യൽ.
- വിവിധയിനം ഫലവൃക്ഷത്തൈകൾ (ഗ്രാഫ്റ്റ്, ബഡ്) ഉത്പാദനവും വിതരണവും.
- വിവിധയിനം പച്ചക്കറിതൈകളുടെയും, വിത്തുകളുടെയും ഉത്പാദനവും വിതരണവും.
- മാവ്, പ്ലാവ്, സപ്പോട്ട, ജാതി, വിദേശ ഫലവൃക്ഷങ്ങൾ, കുടംപുളി തുടങ്ങിയ മാതൃവൃക്ഷതൈകളുടെ പരിപാലനം.

## കൃഷിചെയ്യുന്ന വിവിധ വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ

| വിളകൾ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ |
|---|---|---|---|---|---|---|---|---|---|---|---|---|
| കിഴങ്ങുവർഗ്ഗങ്ങൾ | | | | | | | | | | | | |
| പയർ വർഗങ്ങൾ | | | | | | | | | | | | |
| വെള്ളരി | | | | | | | | | | | | |
| മുളക്, തക്കാളി, വഴുതന | | | | | | | | | | | | |
| കുരുമുളക് നഴ്സറി | | | | | | | | | | | | |

## നിർമ്മിതികൾ, മറ്റു അടിസ്ഥാന സൗകര്യങ്ങൾ

ഇരുനില അസ്ഥാനമന്ദിരം, ഇരുമ്പുപണിപ്പുര, തേങ്ങ ഉണക്കുപുര, സ്റ്റോർ റൂം, നഴ്സറി, 4 പോളിഹൗസ്, റെയിൻ ഷെൽറ്ററുകൾ, കാലിതൊഴുത്ത്, ഡക്ക് ഷെഡ്, സ്റ്റാഫ് ക്വാർട്ടേഴ്സ് ക്വാർട്ടേഴ്സുകൾ, ഉദ്യാനങ്ങൾ, മീൻകുളങ്ങൾ, പമ്പുഹൗസുകൾ. ജലസേചനത്തിനുവേണ്ടി പറക്കൽ ഭാഗത്തുള്ള പ്രകൃതിദത്തമായ നീരുറവകൾ ഉപയോഗിക്കുന്നു. പുഴയോട്ചേർന്ന കൃഷിസ്ഥലത്ത് കുഴൽകിണറിൽ നിന്നുള്ള വെള്ളം ഉപയോഗിക്കുന്നു.

## യന്ത്രോപകരണങ്ങൾ

3 ട്രാക്ടറുകൾ, 2 സ്ക്കൂട്ടറുകൾ, 2 ടില്ലറുകൾ, 5 ബ്രഷ് കട്ടർ, ലോൺ മൂവർ, 2 വുഡ് കട്ടർ

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | ഡെപ്യൂട്ടി ഡയറക്ടർ | 1 | 1 |
| 2 | സീനിയർ കൃഷി ഓഫീസർ | 2 | 1 |
| 3 | അക്കൗണ്ട്സ് ഓഫീസർ | 1 | 1 |
| 4 | കൃഷി ഓഫീസർ | 3 | 2 |
| 5 | കൃഷി അസിസ്റ്റന്റ് | 12 | 12 |
| 6 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | 1 |
| 7 | ഹെഡ് ക്ലാർക്ക് | 1 | 0 |

| | | | |
|---|---|---|---|
| 8 | ക്ലാർക്ക് | 5 | 5 |
| 9 | ടൈപ്പിസ്റ്റ് | 1 | 1 |
| 10 | ഓവർസിയർ ഗ്രേഡ്- I | 1 | 0 |
| 11 | ഓവർസിയർ ഗ്രേഡ്- II | 1 | 1 |
| 12 | വർക്ക് സൂപ്രണ്ട് | 4 | 0 |
| 13 | ഡ്രൈവർ (എച്ച്.ഡി.വി) | 2 | 0 |
| 14 | ഡ്രൈവർ (എൽ.എം.വി) | 2 | 2 |
| 15 | ഓഫീസ് അറ്റൻഡന്റ് | 4 | 4 |
| 16 | വാച്ച്മാൻ | 1 | 1 |
| 17 | പാർട്ടം സ്വീപ്പർ | 1 | 1 |
| 18 | ട്രാക്ടർ ഡ്രൈവർ | 3 | 0 |

## തൊഴിലാളികളുടെ വിവരം

| ക്രമ നം | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരം തൊഴിലാളികൾ | | |
| a | അനുവദിച്ചിട്ടുള്ള തസ്തികകൾ | 302 | 54 |
| b | നിലവിലുള്ളവ | 173 | 20 |
| c | ഒഴിവ് | 129 | 34 |
| 2 | സ്കിൽഡ് തൊഴിലാളികൾ | 27 | 0 |












## മൂല്യവർദ്ധനവ്

വെളിച്ചെണ്ണ ഉത്പാദനം, തേൻ, മഞ്ഞൾപൊടി, മാങ്ങ അച്ചാർ, കൂവപൊടി, കശുവണ്ടിപുട്ട്, കശുവണ്ടി പരിപ്പ് എന്നിവ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാണ്.

## ഫാമിൽ നിന്നുള്ള ഉത്പന്നങ്ങൾ

| ക്രമ നം | ഇനം | വാർഷിക ഉത്പാദനം |
|---|---|---|
| I | **നടീൽ വസ്തുക്കൾ (തെങ്ങിൻതൈ)** | |
| 1 | WCT | 32025 എണ്ണം |
| 2 | $D_XT$ | 2000 എണ്ണം |
| 3 | MYD | 5464 എണ്ണം |
| 4 | MGD | 201 എണ്ണം |
| 5 | MOD | 261 എണ്ണം |
| 6 | COD | 708 എണ്ണം |

| | | |
|---|---|---|
| 7 | അടക്ക വിത്ത് | 10000 എണ്ണം |
| 8 | ഒട്ടുമാവ് | 2437 എണ്ണം |
| 9 | ഒട്ടുപ്ലാവ് | 765 എണ്ണം |
| 10 | ഒട്ടുകശുമാവ് | 3997 എണ്ണം |
| 11 | ജാതി ഗ്രാഫ്റ്റ് | 101 എണ്ണം |
| 12 | സപ്പോട്ട ഗ്രാഫ്റ്റ് | 1980 എണ്ണം |
| 13 | കുടംപുളി | 3486 എണ്ണം |
| 14 | ചെറുനാരകം | 317 എണ്ണം |
| 15 | പേര | 1570 എണ്ണം |
| 16 | നാരകം | 1570 എണ്ണം |
| 17 | പുളി | 50 കി.ഗ്രാം |
| 18 | പച്ചക്കറി വിത്ത് | 48000 (പാക്കറ്റ്) |
| 19 | ഔഷധസസ്യം | 13000 എണ്ണം |
| 20 | അലങ്കാര സസ്യം | 950 എണ്ണം |
| II | **മൂല്യവർദ്ധിത ഉൾപ്പന്നങ്ങൾ** | |
| 1 | മഞ്ഞൾപൊടി | 1500 കി.ഗ്രാം |
| 2 | വെളിച്ചെണ്ണ | 1300 കി.ഗ്രാം |
| III | **ഉൽപ്പന്നങ്ങൾ** | |
| 1 | തേൻ | 400 കി.ഗ്രാം |
| 2 | കുരുമുളക് | 25 കി.ഗ്രാം |
| 3 | കൂവപൊടി | 50 കി.ഗ്രാം |
| IV | **മറ്റ് ഇനങ്ങൾ** | |
| 1 | കശുവണ്ടി | 1600 കി.ഗ്രാം |
| 2 | അടക്ക | 5000 കി.ഗ്രാം |

## സംയോജിതകൃഷി രീതികൾ (IFS)

മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിൽ തെങ്ങ്, കമുങ്ങ്, കശുമാവ്, ജാതി, ഗ്രാമ്പു, ഏലം, എന്നിവയ്ക്ക് പുറമെ വാഴ, പച്ചക്കറി, താറാവ്, മീൻ, തേനീച്ച തുടങ്ങിയവും സംയോജിപ്പിച്ച് കൃഷി ചെയ്തുവരുന്നു.

## പ്രത്യേകതകൾ

ഫലഭൂയിഷ്ടമായ ഫോറസ്റ്റ് മണ്ണായതിനാൽ ജൈവ കൃഷി മികച്ച രീതിയിൽ നടത്താൻ സാധിക്കുന്നു. വിശാലമായ ഓഫീസ് കെട്ടിടവും അതുപോലെതന്നെ ജീവനക്കാർക്കുള്ള ക്വട്ടേഴ്സ് സൗകര്യങ്ങളും ഉള്ളതും ഈ ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നു.

ജലദൗർലഭ്യം ഫാം നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. വന്യമൃഗ ശല്യവും പ്രകൃതി ദുരന്തങ്ങളും ഫാമിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

1. നിലവിലുള്ള തെങ്ങ്, കമുങ്ങ്, ജാതി, കശുമാവ് തുടങ്ങിയവയുടെ ഇനങ്ങൾ സംരക്ഷിക്കപ്പെടുക.
2. സുഗന്ധവിളകൾക്ക് ഒരോന്നിനും പ്രത്യേകിച്ച് പ്രോജനി ഓർച്ചാഡ് നിർമ്മിക്കുക.
3. ഇന്റഗ്രേറ്റഡ് ഫാമിങ്ങ് സിസ്റ്റം നടപ്പിലാക്കി വിളകളോടൊപ്പം മുട്ട, മീൻ, മാംസ്യം തുടങ്ങിയവയുടെ ഉത്പാദന വിപണനം ആരംഭിക്കുക.
4. ഫാം ടൂറിസം തുടങ്ങുക.
5. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ (വെളിച്ചെണ്ണ, തേൻ, മഞ്ഞൾപൊടി, മാങ്ങഅച്ചാർ കൂവപൊടി, കശുവണ്ടിപുട്ട്, കശുവണ്ടിപരിപ്പ് മുതലായവ) വിൽപ്പന വിപുലീകരിക്കുയും ചെയ്ത് ഫാമിന്റെ വരുമാനം വർദ്ധിപ്പിക്കുക.

GOK-AGRI-SSF-29

# പുതുപ്പാടി
## സംസ്ഥാന വിത്തുത്പാദന കേന്ദ്രം

**സംസ്ഥാന വിത്ത് ഉല്പാദന കേന്ദ്രം, പുതുപ്പാടി, കോഴിക്കോട്**
**ഫോൺ:** 0496-2512340
**ഇ-മെയിൽ:** saossfputhuppadi@gmail.com

ഗുണമേന്മയുള്ള നല്ലയിനം നെൽ വിത്തുകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി 1962-ലാണ് പുതുപ്പാടി സംസ്ഥാന വിത്ത് ഉല്പാദന കേന്ദ്രം ആരംഭിച്ചത്.

### അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — $11^0$.440100" N
  രേഖാംശം — $75^0$.967754" E
- ജില്ല — കോഴിക്കോട്
- ബ്ലോക്ക് — താമരശ്ശേരി
- താലൂക്ക് — താമരശ്ശേരി
- പഞ്ചായത്ത് — പുതുപ്പാടി
- വാർഡ് — 16, മലപുറം

### വിസ്തീർണ്ണം

| ക്രമനമ്പർ | ഇനം | വിസ്തീർണ്ണം (ഹെ) |
|---|---|---|
| 1. | ആകെ വിസ്തീർണ്ണം | 11.62 ഹെ. |
| 2. | കൃഷി ചെയ്യുന്ന സ്ഥല വിസ്തീർണ്ണം | 10.026 ഹെ. |
| 3. | കൃഷിയോഗ്യമായ തരിശുഭൂമി | ഇല്ല |
| 4. | നെൽപ്പാടം | 7 ഹെ. |
| 5 . | മറ്റ് ജലാശയങ്ങൾ വിസ്തീർണ്ണം | തോട് |
| 6. | കൃഷിയോഗ്യമല്ലാത്ത തരിശുഭൂമി | ഇല്ല |
| 7. | കുളങ്ങൾ, മറ്റുജലസ്രോതസ്സുകൾ വിസ്തീർണ്ണം | കിണർ 4, കുളങ്ങൾ 2 |
| 8. | മന്ദിരങ്ങൾ, റോഡ് വിസ്തീർണ്ണം | 1.59 ഹെ |
| 9. | അഗ്രോമെറ്റ്ഒബ്സർവേറ്ററി | 0.002 ഹെ |
| 10. | വനപ്രദേശം | ഇല്ല |

## ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ

നെൽ വിത്ത് ഉല്പാദനം
പച്ചക്കറി വിത്ത് ഉല്പാദനം
പച്ചക്കറി തൈ ഉല്പാദനം
ഫലവൃക്ഷ തൈ ഉല്പാദനം
മണ്ണിര വളം ഉല്പാദനം

## കൃഷി ചെയ്യുന്ന വിവിധ വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ

| | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റം | ഒക്ടോ | നവം | ഡിസം | ജനുവരി | ഫെബ്രു | മാർച്ച് | ഏപ്രിൽ |
|---|---|---|---|---|---|---|---|---|---|---|---|---|
| പാഡി -വിരിപ്പ് | | | | | | | | | | | | |
| പാഡി-പുഞ്ച | | | | | | | | | | | | |
| പച്ചക്കറി വിത്ത് | | | | | | | | | | | | |



## നിർമ്മിതികൾ

മഴമറ
ഓഫീസ് കെട്ടിടം
നെല്ല് മെതിക്കുന്നതിനുള്ള ഷെഡ്
സീഡ് സ്റ്റോർ
ഡ്രൈയിങ്ങ് യാർഡ്
വളം സ്റ്റോർ
തൊഴിലാളികളുടെ ഡ്രസ്സിങ്ങ് റൂം
ഡയറി ഷെഡ്

## യന്ത്രോപകരണങ്ങൾ

| ക്രമ നമ്പർ | ഉപകരണങ്ങൾ | എണ്ണം |
|---|---|---|
| 1 | പമ്പ് സെറ്റ് - ഡീസൽ | 2 |
| 2 | പമ്പ് സെറ്റ് - ഇലക്ട്രിക്കൽ | 4 |
| 3 | ട്രാക്ടർ | 1 |
| 4 | നാപ്സാക്ക് സ്പ്രെയർ | 2 |
| 5 | മെതിയന്ത്രം | 1 |

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | തസ്തിക | അനുവദിച്ചുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | സീനിയർ കൃഷി ഓഫീസർ | 1 | 1 |
| 2 | കൃഷി അസിസ്റ്റന്റ് | 1 | 1 |
| 3 | ക്ലർക്ക് | 1 | 1 |
| 4 | ഓഫീസ് അറ്റൻഡന്റ് | 2 | 2 |

## തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമ നം | തൊഴിലാളികൾ - ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരം തൊഴിലാളികൾ | | |
| a | അനുവദിച്ചിട്ടുള്ള തസ്തികകൾ | 6 | 22 |
| b | നിലവിലുള്ളവ | 6 | 22 |
| c | ഒഴിവ് | 0 | 0 |
| 2 | ദിവസവേതന തൊഴിലാളികൾ | 0 | 0 |
| 3 | താൽക്കാലിക തൊഴിലാളികൾ | 19 | 2 |

## ഫാമിൽ നിന്നുള്ള ഉൽപന്നങ്ങൾ

| 1 | നടീൽ വസ്തുക്കൾ | വാർഷിക ഉത്പാദനം |
|---|---|---|
| a | നെൽ വിത്ത് | 13 ടൺ |
| b | പച്ചക്കറി വിത്ത് | 150 കിലോ |
| c | ഫലവൃക്ഷ തൈ | 20000 എണ്ണം |
| 2 | ഉത്പന്നങ്ങൾ | |
| a | നാളികേരം | 35000എണ്ണം |
| b | വാഴക്കുല | 4000 കിലോ |
| c | കോഴിമുട്ട | 8000എണ്ണം |

## സംയോജിത കൃഷിരീതികൾ

സംയോജിത കൃഷിയുടെ ഭാഗമായി 20 തേനീച്ച കോളനികൾ, 50 ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ട കോഴികൾ, 5 പശുവുള്ള ഡയറി ഫാം എന്നിവ പരിപാലിച്ചു വരുന്നു.

## പ്രത്യേകതകൾ

- കൃഷി ചെയ്യാൻ അനുകൂലമായ സ്ഥലം
- വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ലഭ്യത കുറവ്
- വേനൽക്കാലത്ത് ജലസ്രോതസ്സുകളിൽ വെള്ളം ലഭ്യത കുറവ് ഒരു വെല്ലുവിളിയാണ്.

GOK-AGRI-CN-7

# തിക്കോടി
## തെങ്ങിൻതൈ ഉല്പാദനകേന്ദ്രം

**തെങ്ങിൻ തൈ ഉല്പാദന കേന്ദ്രം,**
**തിക്കോടി പോസ്റ്റ്, കോഴിക്കോട് -673 529**
**ഫോൺ:** 0496-2606788, 9383 471810
**ഇ-മെയിൽ:** adathikkodi@gmail.com

കോഴിക്കോട് ജില്ലയിലും അയൽജില്ലയിലും ആവശ്യമായ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുക എന്നതാണ് ഈ ഫാമിന്റെ ലക്ഷ്യം. തെങ്ങിൻ തൈകൾ കൂടാതെ പച്ചക്കറിതൈകൾ,വിത്തുകൾ, ഫലവൃക്ഷ തൈകൾ, അലങ്കാര ചെടികൾ മുതലായവയും ഇവിടെ ഉത്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു.

1954 കോഴിക്കോട് ജില്ലയിലെ ഏക തെങ്ങിൻതൈ വളർത്തുകേന്ദ്രം തിക്കോടിയിൽ സ്ഥാപിതമായി. കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കണ്ണൂർ റൂട്ടിൽ 35 കിലോമീറ്റർ അകലെ നാഷണൽ ഹൈവേയുടെ അരികിൽ ആയാണ് ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നത്. മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ തിക്കോടി പഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ 2.6 ഹെക്ടർ സ്ഥലത്താണ് ഈ സ്ഥാപനം വ്യാപിച്ചുകിടക്കുന്നത്. ഏറ്റവും മികച്ച ഇനം തെങ്ങിൻ തൈകൾ കർഷകർക്ക് കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്ന രീതിയിൽ ഉൽപാദിപ്പിച്ച് എടുക്കുന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രധാനലക്ഷ്യം. 2.68 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന ഫാമിന്റെ 0.36 ഹെ ഭാഗവും റെയിൽവേ ലൈൻ അടുത്താണ് സ്ഥിതിചെയ്യുന്നത് റോഡരികിൽ ആയതുകൊണ്ട് തന്നെ ജനങ്ങൾക്ക് പെട്ടെന്ന് എത്തിച്ചേരുവാനും വാങ്ങിക്കൊണ്ടു പോകുവാനുമുള്ള സൗകര്യവുമുണ്ട് എന്നുള്ളതാണ് ഈ സ്ഥാപനത്തിന്റെ പ്രത്യേകത. തിക്കോടി ബസ് സ്റ്റോപ്പിൽ നിന്നും 50 മീറ്റർ ദൂരവും റെയിൽവേ സ്റ്റേഷനിൽ നിന്നും 50 മീറ്റർ ദൂരത്തിൽ ആയാണ് തെങ്ങും തൈ വളർത്തു കേന്ദ്രം സ്ഥിതി ചെയ്യുന്നത്.

### അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ▪ അക്ഷാംശം | 11.4952° N |
| രേഖാംശം | 75.6239° E |
| ▪ ജില്ല | കോഴിക്കോട് |
| ▪ ബ്ലോക്ക് | തിക്കോടി |
| ▪ താലൂക്ക് | കൊയിലാണ്ടി |
| ▪ പഞ്ചായത്ത് | തിക്കോടി |
| ▪ വാർഡ് | 12, പാലൂർ |




## വിസ്തീർണ്ണം

| നമ്പർ | തരം | റിമാർക്സ് |
|---|---|---|
| 1 | ആകെ വിസ്തീർണ്ണം | 6.85 ഏക്കർ |
| 2 | കൃഷിചെയ്യുന്ന സ്ഥലത്തിന്റെവിസ്തീർണ്ണം | 5.022 ഏക്കർ |
| 3 | കൃഷി യോഗ്യമായ തരിശുഭൂമി | ഇല്ല |
| 4 | നെൽപ്പാടം | ഇല്ല |
| 5 | മറ്റുജലാശയങ്ങൾ | 5 കിണർ |
| 6 | കൃഷിയോഗ്യമല്ലാത്ത തരിശ്ഭൂമി | ഇല്ല |
| 7 | കുളങ്ങൾ, മറ്റു ജലസ്രോതസ്സുകൾ | |
| 8 | മന്ദിരങ്ങൾ, റോഡ് | 1.825 ഏക്കർ |
| 9 | അഗ്രോമെറ്റ്ഒബ്സർവേറ്ററി | ഇല്ല |
| 10 | വനപ്രദേശം | ഇല്ല |

| | | |
|---|---|---|
| 11 | വിളകൾ | |
| 12 | നഴ്സറി | 5.022 ഹെക്ടർ |
| 13 | മറ്റുകാര്യങ്ങൾ | മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് 1 |

## ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ

അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുക എന്നതാണ് ഫാമിന്റെ പ്രധാന പ്രവർത്തികളിൽ ഒന്ന്. കൂടാതെ അലങ്കാര ചെടികൾ, പച്ചക്കറിതൈകൾ, പച്ചക്കറിവിത്തുകൾ എന്നിവയും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു.

## നിർമ്മിതികൾ

ഗ്രീൻ ഹൗസ് /പോളി ഹൗസ് - 4 എണ്ണം

മിസ്റ്റ് ചേമ്പർ - 1 എണ്ണം

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | തസ്തിക | അനുവദിച്ചിട്ടുള്ളഎണ്ണം | നിലവിലെഎണ്ണം |
|---|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് | 2 | 2 |
| 2 | വാച്ച് മാൻ | 1 | 1 |

## തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമ നം | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരംതൊഴിലാളികൾ | | |
| a | അനുവദിച്ചിട്ടുള്ളതസ്തികകൾ | 7 | 5 |
| b | നിലവിലുള്ളവ | 4 | |
| c | ഒഴിവ് | 1 | |
| 2 | ദിവസവേതന തൊഴിലാളികൾ | 0 | |

## മൂല്യവർദ്ധനവിനുള്ള നടപടികൾ/പ്രവർത്തനങ്ങൾ

മൂല്യ വർദ്ധിത ഉല്പന്നമായി വെളിച്ചെണ്ണ ഉത്പാദിപ്പിക്കാൻ ഫാമിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഫാമിൽ നിന്നു ലഭിക്കുന്ന തേങ്ങയിൽ നിന്ന് വെളിച്ചെണ്ണ ഉണ്ടാക്കി വില്പന നടത്താവുന്നതാണ് .

അലങ്കാര മത്സ്യം വളർത്തുന്നതിനുള്ള സൗകര്യം ഫാമിലുണ്ട് .അലങ്കാര മത്സ്യങ്ങളുടെ വിൽപ്പന തുടങ്ങിയാൽ അത് ഫാമിലെ വരുമാനം വർധിപ്പിക്കുന്നതാണ്.

ജൈവ വളങ്ങൾ, ജീവാണു വളങ്ങൾ, ജൈവ കീടനാശിനികൾ കർഷകർക്ക് ലഭ്യമാക്കുക വഴി വരുമാനം വർദ്ധിപ്പിക്കാം.




## ഫാമിൽ നിന്നുള്ള ഉത്പന്നങ്ങൾ

| ക്രമ നം | ഇനം | വാർഷിക ഉത്പാദനം |
|---|---|---|
| 1 | നടീൽവസ്തുക്കൾ | |
| a | തെങ്ങിൻ തൈകൾ | 42701 |
| b | പച്ചക്കറിതൈകൾ | 70000 |
| c | ഫലവൃക്ഷ തൈകൾ | 13000 |
| 2 | മറ്റ് ഇനങ്ങൾ | |
| a | പച്ചക്കറിവിത്തുകൾ | 20 കി ഗ്രാം |
| b | അലങ്കാര ചെടികൾ | 2000 |

## പ്രത്യേകതകൾ

- ദേശീയ പാതയോടു ചേർന്ന നിൽക്കുന്ന സ്ഥലത്താണ് തിക്കോടി കോക്കനട്ട് നഴ്സറി സ്ഥിതി ചെയ്യുന്നത്. ആയതിനാൽ വിവിധ ആവശ്യക്കാർക്ക് സുഗമമായി എത്തിച്ചേരുവാൻ കഴിയും.
- സ്ഥല പരിമിതിയാണ് തിക്കോടി ഫാം നേരിടുന്ന പ്രധാന വെല്ലുവിളി.

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ–

- അലങ്കാര മത്സ്യം വളർത്തുന്നതിനുള്ള സൗകര്യം ഫാമിലുണ്ട്.
- മൂല്യ വർദ്ധിത ഉല്പന്നമായി വെളിച്ചെണ്ണ ഉത്പാദിപ്പിക്കാൻ ഫാമിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്.
- ജൈവ വളങ്ങൾ, ജീവാണു വളങ്ങൾ, ജൈവ കീടനാശിനികൾ കർഷകർക്ക് ലഭ്യമാക്കുക വഴി വരുമാനം വർദ്ധിപ്പിക്കാം.

GOK-AGRI-SSF-28

# പേരാമ്പ്ര
## സംസ്ഥാന വിത്തുത്പാദന കേന്ദ്രം

**സ്റ്റേറ്റ് സീഡ് ഫാം പേരാമ്പ്ര, പേരാമ്പ്ര പി.ഒ., കോഴിക്കോട് ജില്ല** - 673 529
**ഫോൺ:** 0490-2345766, 93834 71808
**ഇ-മെയിൽ:** saossfperambra@gmail.com

കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര ബസ് സ്റ്റാന്റിൽ നിന്നും 1.5 കി.മീ. ദൂരത്ത് പേരാമ്പ്ര വടകര റോഡിൽ ഫാം സ്ഥിതി ചെയ്യുന്നു. കൊയിലാണ്ടി താലൂക്കിൽ എരവട്ടൂർ വില്ലേജിൽ 1964ൽ ഫാം സ്ഥാപിതമായി. സ്വകാര്യ വ്യക്തിയിൽ നിന്നും സർക്കാർ ഏറ്റെടുത്ത സ്ഥലത്താണ് ഫാം ആരംഭിച്ചത്. ഈ സ്ഥാപനത്തിന്റെ ലക്ഷ്യം ഗുണമേന്മയുള്ള നെൽ വിത്തിനങ്ങൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുക എന്നതാണ്. പച്ചക്കറികൾ, ഫലവർഗ്ഗങ്ങൾ എന്നിവയുടെ നല്ലയിനം വിത്തുകളും നടീൽ വസ്തുക്കളും തയ്യാറാക്കി ഇപ്പോൾ കർഷകർക്ക് നൽകിവരുന്നുണ്ട്.

### അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — 11.5657° N
  രേഖാംശം — 75.7528° E
- ജില്ല — കോഴിക്കോട്
- ബ്ലോക്ക് — പേരാമ്പ്ര
- താലൂക്ക് — കൊയിലാണ്ടി
- പഞ്ചായത്ത് — പേരാമ്പ്ര
- വാർഡ് — 15, കിഴിഞ്ഞാണ്യം

### വിസ്തീർണ്ണം

| ക്രമനമ്പർ | ഇനം | വിസ്തീർണ്ണം (ഹെ) |
|---|---|---|
| 1. | ആകെ വിസ്തീർണ്ണം | 11.964 |
| 2. | കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | 8.508 |
| 3. | കൃഷിയോഗ്യമായ തരിശ് ഭൂമി | 1.992 |
| 4. | നെൽപാടം | 8.612 |
| 5. | കൃഷിയോഗ്യമല്ലാത്ത തരിശ് ഭൂമി | ഇല്ല |
| 6. | കുളങ്ങൾ മറ്റു ജല സ്രോതസ്സുകൾ | 0.100 |
| 7. | മന്ദിരങ്ങൾ റോഡ് | ഇല്ല |
| 8. | അഗ്രോമെൻറ് ഒബ്സർവേറ്ററി | 2.364 |

| | | |
|---|---|---|
| 9. | വനപ്രദേശം | ഇല്ല |
| 10 | വിളകൾ:-<br>1. നെല്ല് a. വിരിപ്പ്<br>b. മുണ്ടകൻ<br>2. തെങ്ങ്<br>3. വാഴ<br>4. മറ്റുള്ളവ | <br>6.612<br>2.988<br>1.400<br>1.250<br>0.250 |

## ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ/സേവനങ്ങൾ

1. നെൽ വിത്ത് ഉൽപാദനം
2. പച്ചക്കറി വിത്ത് ഉൽപാദനം
3. കുരുമുളക് വള്ളി ഉൽപാദനം
4. ഫലവൃക്ഷ തൈകളുടെ ഉൽപാദനം

## വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ

| വിള | May | Jun | Jul | Aug | Sep | Oct | Nov | Dec | Jan | Feb | Mar | Apr |
|---|---|---|---|---|---|---|---|---|---|---|---|---|
| നെല്ല് ഒന്നാം വിള | | | | | | | | | | | | |
| നെല്ല് രണ്ടാം വിള | | | | | | | | | | | | |
| പച്ചക്കറി വിത്തിനു വേണ്ടി | | | | | | | | | | | | |
| വാഴ | | | | | | | | | | | | |
| കിഴങ്ങുവർഗ്ഗ വിളകൾ (മരച്ചീനി, ചേമ്പ്) | | | | | | | | | | | | |
| കുരുമുളക് നേഴ്സറി | | | | | | | | | | | | |
| ഫലവർഗ്ഗ വിളകളുടെ നേഴ്സറി | | | | | | | | | | | | |

## നിർമ്മിതികൾ

ഓഫീസ്സ് ബിൽഡിംഗ്, മഴമറകൾ - 4 എണ്ണം, (500 ച.മീ.) പോളി ഹൗസ് - 1 എണ്ണം, (100 ച.മീ.) ക്വാർട്ടേഴ്സ് 3 - എണ്ണം, കാലി തൊഴുത്ത് - 1 എണ്ണം

## യന്ത്രോപകരണങ്ങൾ

| | |
|---|---|
| ട്രാക്ടർ | 1 എണ്ണം |
| പവർ സ്പ്രേയർ | 2 എണ്ണം |
| മെതിയന്ത്രം | 1 എണ്ണം |
| പമ്പ് സെറ്റ് | 5 എണ്ണം |
| വുഡ് കട്ടർ | 1എണ്ണം |




## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമനമ്പർ | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1. | സീനിയർ കൃഷി ഓഫീസർ | 1 | 1 |
| 2. | കൃഷി അസിസ്റ്റന്റ് | 1 | 1 |
| 3. | ക്ലർക്ക്/സീനിയർ ക്ലർക്ക് | 1 | 1 |
| 4. | ഓഫീസ്സ് അസിസ്റ്റന്റ് | 2 | 2 |

## തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമ. നമ്പർ | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1. | സ്ഥിരം തൊഴിലാളികൾ | | |
| a. | അനുവദിച്ച തസ്തികകൾ | 5 | 17 |
| b. | നിലവിൽ ഉള്ളത് | 5 | 17 |
| c. | ഒഴിവ് | ഇല്ല | ഇല്ല |
| 2. | കാഷ്വൽതൊഴിലാളികൾ | 3 | 30 |

## ഫാമിൽ നിന്നും ഉള്ള ഉല്പന്നങ്ങളുടെ വിവരം

| ക്രമ നമ്പർ | ഇനം | വാർഷിക ഉൽപാദനം |
|---|---|---|
| 1. | നെൽവിത്ത് | 8 ടൺ |
| 2. | പച്ചക്കറി വിത്ത് | 171 കിലോ |

| | | |
|---|---|---|
| 3. | കുരുമുളക് വള്ളി | 27000 എണ്ണം |
| 4. | ഫലവൃക്ഷ തൈകൾ | 10266 എണ്ണം |
| 5. | മൂല്യ വർദ്ധിത ഉൽപന്നങ്ങൾ | ഇല്ല |
| 6. | നാളികേരം | 12000 എണ്ണം |
| 7. | വാഴക്കുല | 3000 കിലോ |
| 8 | മറ്റ് ഇനങ്ങൾ<br>(കപ്പ, ചേന, ചേമ്പ് മുതലായവ) | 1260 കിലോ |

## സംയോജിത കൃഷിരീതികൾ:-

നിലവിൽ നാല് കിടാരികൾ ഒരു അക്വാ പേണിക്സ് യൂണിറ്റ് (demonstration) എന്നിവ ഉണ്ട്

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ:-

1) കരഭൂമി കുറച്ചെങ്കിലും പുതുതായി ഏറ്റെടുത്ത് അലങ്കാര ചെടികളുടെ പ്രവർത്തനവും വിതരണവും വിപുലപ്പെടുത്തണം
2) പ്രായം കൂടിയ ഉൽപാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടി മാറ്റി പുതിയവ നടണം.

# കൂത്താളി
## ജില്ലാ കൃഷിത്തോട്ടം

**ജില്ലാ കൃഷിത്തോട്ടം, പെരുവണ്ണാമൂഴി, കോഴിക്കോട് - 673528.**
**ഫോൺ:** 0496-2662264, 9383471807
**ഇ-മെയിൽ:** kotthalifarm@gmail.com

ചക്കിട്ടപ്പാറ പഞ്ചായത്തിൽ അണ്ണകുട്ടൻ ചാൽ എന്ന സ്ഥലത്താണ് ആദ്യമായി കൂത്താളി കൃഷിത്തോട്ടം പ്രവർത്തനമാരംഭിച്ചത് . തുടർന്ന് പെരുവണ്ണാമൂഴി ഡാം ആരംഭിച്ചതോടു കൂടി ഈ തോട്ടം മാറ്റേണ്ടതായി വന്നു. ആ കാലഘട്ടത്തിലായിരുന്നു പെരുവണ്ണാമൂഴി ഡാമിനോട് ചേർന്ന് കൃഷിക്ക് അനുയോജ്യമാക്കാവുന്ന 100 ഏക്കർ തോട്ടം ഫാമിന് വിട്ടുകൊടുക്കുവാൻ ആപ്രദേശത്തെ ഒരു ജന്മി തയ്യാറായത്. പ്രതിഫലമായി അദ്ദേഹം ആഗ്രഹിച്ചത് ഫാമിന്റെ പേര് കൂത്താളി കൃഷി ഫാം എന്ന് പുറംലോകം അറിയപ്പെടുണം എന്ന് മാത്രമായിരുന്നു. അങ്ങനെയാണ് ചങ്ങരോത്ത് പഞ്ചായത്തിൽ നിലകൊള്ളുന്ന ഈ കൃഷിത്തോട്ടം ഇപ്പോഴത്തെ പേരിൽ അറിയപ്പെടുന്നത്. ആങ്ങനെ 1963-ൽ കൂത്താളി കൃഷിത്തോട്ടം നിലവിൽ വന്നു. കിഴക്ക്ഭാഗം പെരുവണ്ണാമൂഴി ഡാമുമായി ബന്ധപ്പെട്ട് ഒഴുകുന്ന കുറ്റ്യാടി പുഴയാണ്. പടിഞ്ഞാറ് ഭാഗം ചങ്ങരോത്ത് പഞ്ചായത്തുമായി ബന്ധപ്പെട്ട് കിടക്കുന്നു. തെക്ക് ഭാഗം സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള സ്ഥലങ്ങളാണ്. റോഡിന്റെ ഇരുവശങ്ങളിലുമായി തോട്ടം വ്യാപിച്ചു കിടക്കുന്നു.

### അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — 11$^0$.601451" N
  രേഖാംശം — 75$^0$.812279" E
- ജില്ല — കോഴിക്കോട്
- ബ്ലോക്ക് — പേരാമ്പ്ര
- താലൂക്ക് — കൊയിലാണ്ടി
- പഞ്ചായത്ത് — ചക്കിട്ടപ്പാറ
- വാർഡ് — 15, പിള്ള പെരുവണ്ണം

### വിസ്തീർണ്ണം

| ക്രമ. നം. | ഇനം | വിസ്തീർണ്ണം / എണ്ണം |
|---|---|---|
| 1 | ആകെ വിസ്തീർണ്ണം | 40 ഹെക്ടർ |
| 2 | കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | 30 ഹെക്ടർ |
| 3 | കൃഷി യോഗ്യമായ തരിശുഭൂമി | 0.18 ഹെക്ടർ |
| 4 | നെൽപ്പാടം | ഇല്ല. |
| 5 | മറ്റു ജലാശയങ്ങൾ | കുറ്റ്യാടിപ്പുഴ, കനാൽ |

| | | |
|---|---|---|
| 6 | കൃഷി യോഗ്യമല്ലാത്ത തരിശ്ഭൂമി | 2.8640 |
| 7 | കുളങ്ങൾ, മറ്റു ജലസ്രോതസ്സുകൾ | 0.08 ഹെക്ടർ |
| 8 | മന്ദിരങ്ങൾ, റോഡ് | 3.8640 |
| 9 | അഗ്രോമെറ്റ് ഒബ്സർവേറ്ററി | 1 എണ്ണം |
| 10 | വിളകൾ | മൊത്തം കൃഷി ഭൂമിയെ 22 ചെറു ഫീൽഡുകളായി വിഭജിച്ച് കൃഷിയിറക്കുന്നു. |
| 11 | നഴ്സറി | 1.412 ഹെക്ടർ |

## കൃഷി വിസ്തീർണ്ണം

| | | |
|---|---|---|
| തെങ്ങ് | - | 5.51 ഹെ. |
| തെങ്ങ്, കമുക് (സമ്മിശ്രം) | - | 6.688 ഹെ. |
| ഫലവൃക്ഷങ്ങൾ | - | 8.55 ഹെ. |
| തെങ്ങ് നേഴ്സറി | - | 1.62 ഹെ. |
| കശുമാവ് | - | 1.62 ഹെ. |
| കുരുമുളക് | - | 1.215 ഹെ. |
| മാവ്, മാതൃവൃക്ഷത്തോട്ടം | - | 0.405 ഹെ. |
| കമുക്, കുരുമുളക് (സമ്മിശ്രം) | - | 0.81 ഹെ. |
| കമുക്, പച്ചക്കറി (സമ്മിശ്രം) | - | 2.633 ഹെ. |
| പച്ചക്കറി | - | 2835 ഹെ. |
| മറ്റു സസ്യങ്ങൾ | - | 1.215 ഹെ. |

## ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ

ദീർഘകാല വിളകളായ തെങ്ങ്, കവുങ്ങ് എന്നിവയുടെ അത്യുൽപാദനശേഷിയുള്ള സങ്കര ഇനങ്ങളുടെ ഒരു ശേഖരം തന്നെ ഇവിടെ ദൃശ്യമാണ്. വിളഞ്ഞ് പാകമായി നിൽക്കുന്ന പഴവർഗ്ഗതോട്ടങ്ങളും, പൂത്തുലഞ്ഞ് കാണുന്ന പൂന്തോട്ടവും ഫാമിന്റെ സൗന്ദര്യത്തിനു മാറ്റുകൂട്ടുന്നു. ഇന്നത്തെ കാലഘട്ടത്തിൽ അനിവാര്യമായിരിക്കുന്ന വിവിധതരം ഔഷധക്കൂട്ടുകൾക്ക് ആവശ്യമായ ഔഷധ സസ്യങ്ങളുടെ ഒരു പ്രദർശനത്തോട്ടവും ഇവിടെ കാണാവുന്നതാണ്. സുഗന്ധവിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കിഴങ്ങ് വർഗ്ഗങ്ങളായ ചേന, ചേമ്പ്, കപ്പ എന്നിവയ്ക്ക് പുറമെ പല ഗ്രൂപ്പുകളായി തിരിച്ചുള്ള പച്ചക്കറി കൃഷിയും ഇവിടെ നടത്തിവരുന്നു. അത്യുൽപാദനശേഷിയുള്ള വിത്തുകളും തൈകളും ഉൽപാദിപ്പിക്കുന്ന ഒരു യൂണിറ്റ് ഇവിടെ പ്രവർത്തിച്ചുവരുന്നു. പാലിന്റെ ഉൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തേക്കാളുപരി ഫാമിലെ വിളകൾക്കാവശ്യമായ ചാണകവളം ഉൽപാദിപ്പിക്കുക എന്ന ലക്ഷ്യം വച്ച് വിവിധ ഇനങ്ങളിലുള്ള പശുക്കളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഡയറി ഫാം ഇവിടെ നടത്തി വരുന്നു. നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന മണ്ണിര കമ്പോസ്റ്റ് ഉൽപാദനയൂണിറ്റും ഇവിടെ കാണാവുന്നതാണ്. അത്യുൽപാദന ശേഷിയുള്ള, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഇനങ്ങൾ ഉൽപാദിപ്പിക്കുവാൻ ആവശ്യമായ ബഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിങ്ങ് എന്നിവയും കുത്താളി ഫാമിന്റെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുന്നു. ഫാമിനോട് ചേർന്ന് ഒഴുകുന്ന കുറ്റ്യാടി പുഴയിലെ ജലം തോട്ടത്തിലെ വിളകളെ നനച്ച് കിളിർപ്പിക്കുന്നു. പുഴയിലെയും, കനാലിലെയും വെള്ളം ഉപയോഗപ്പെടുത്താം എന്നുള്ളതുകൊ

ണ്ട് തന്നെ മറ്റൊരു ജലസ്രോതസ്സിനെ ആശ്രയിക്കേണ്ടതായും വരുന്നില്ല. അതോടൊപ്പം തന്നെ സ്ഥിരം തൊഴിലാളികൾക്കുപുറമെ താൽക്കാലിക തൊഴിലാളികളായി 678-ഓളം വ്യക്തികൾക്ക് തൊഴിൽ കൊടുക്കുവാൻ സാധിക്കുന്നു എന്നുള്ളതും ഈ ഫാമിന്റെ എടുത്തു പറയത്തക്ക ഒരു മേന്മ യാണ്. കൃഷി മേഖലയിലെ നട്ടെല്ലായി തീരേണ്ട ഫാമുകൾക്ക് ഒരു ഉത്തമ മാതൃകയാണ് കുത്താളി ജില്ലാ കൃഷിത്തോട്ടം.

## നിർമ്മിതികൾ

കാവൽക്കാരന്റെ ഷെഡ്, ഹാർഡനിംഗ് യൂണിറ്റ്, പമ്പ് ഹൗസ്, കാന്റീൻ, വില്പന കൗണ്ടർ, ബഡ്ഡിംഗ് & ഗ്രാഫ്റ്റിംഗ് ഷെഡ്, സൂപ്രണ്ട് ക്വാർട്ടേഴ്സ്, പച്ച ചാണക സ്ലറിക്കുള്ള ടാങ്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ്, ജലസംഭരണി, വിത്ത് സൂക്ഷിപ്പ് മുറി, കോൺക്രീറ്റ് ചാണക ഷെഡ്, കോൺക്രീറ്റ് ഗ്രാഫ്റ്റിംഗ് ഷെഡ്, ഓഫീസ് ബിൽഡിങ്ങുകൾ, ഫാം ഉല്പന്ന പ്രദർശന യൂണിറ്റ്, തൊഴിലാളികളുടെ വെയിറ്റിംഗ് ഷെഡ്, ഫെറോ സിമന്റ് ജല സംഭരണി, പഴയ ഓഫീസ് ബിൽഡിങ്ങുകൾ, പുതിയ വില്പന പ്രദർശന യൂണിറ്റ്, തുറന്ന കിണർ, കുട്ടികൾക്കുള്ള പാർക്ക്, പൂന്തോട്ടം, ട്രെയിംഗ് സെന്റർ, കംഫർട്ട് സ്റ്റേഷൻ, വെള്ള ടാങ്ക്, കൊപ്ര ഡ്രയർ, മീൻകുളം, കോൺക്രീറ്റ് പില്ലർ ജി ഐ പൈപ്പ് അടക്കം, പന്നി ഫാം, പച്ചക്കറിക്കുള്ള സ്ഥിരം പന്തൽ.

## യന്ത്രോപകരണങ്ങൾ

1) ബൊലേറോ പിക്ക് വാൻ – K.L.56.J.7631,
2) ട്രാക്ടർ, ബ്രഷ് കട്ടർ, ടില്ലർ, ചെയിൻ സോ, ഗാർഡൻ ടില്ലർ, പോൾ പ്രൂണർ.

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | ഫാം സൂപ്രണ്ട് | 1 | 1 |
| 2 | കൃഷി ഓഫീസർ | 1 | 1 |
| 3 | കൃഷി അസിസ്റ്റന്റ് | 3 | 2 |
| 4 | ഹെഡ് ക്ലാർക്ക് | 1 | 1 |
| 5 | ക്ലാർക്ക് | 4 | 4 |
| 6 | ടൈപ്പിസ്റ്റ് | 1 | 1 |
| 7 | ഓഫീസ് അറ്റന്റന്റ് | 1 | 1 |
| 8 | വാച്ച്മാൻ | 1 | 1 |

## തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമ നം | തൊഴിലാളികൾ /ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരം തൊഴിലാളികൾ | | |
| | അനുവദിച്ചിട്ടുള്ള തസ്തികകൾ | 16 | 51 |
| | നിലവിലുള്ളവ | 16 | 51 |
| | ഒഴിവ് | ഇല്ല | ഇല്ല. |
| 2 | ദിവസവേതന തൊഴിലാളികൾ | 35 | 32 |

## കൃഷി ചെയ്യുന്ന വിവിധ വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ

| തരം | ഇനം | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| പടവലങ്ങ | വിത്തുകൾ | | | ■ | ■ | ■ | ■ | | ■ | ■ | ■ | ■ | ■ |
| പയർ | വിത്തുകൾ | | | ■ | ■ | ■ | ■ | | | ■ | ■ | ■ | ■ |
| ചീര | വിത്തുകൾ | | | ■ | ■ | ■ | ■ | | | ■ | ■ | ■ | ■ |
| വെണ്ട | വിത്തുകൾ | | | ■ | ■ | ■ | ■ | | | ■ | ■ | ■ | ■ |
| കുമ്പളങ്ങ | വിത്തുകൾ | | | ■ | ■ | ■ | ■ | | | ■ | ■ | ■ | ■ |
| മത്തൻ | വിത്തുകൾ | | | ■ | ■ | ■ | ■ | | | ■ | ■ | ■ | ■ |
| കൈപ്പ | വിത്തുകൾ | | | | | | | ■ | ■ | ■ | ■ | ■ | ■ |
| അലങ്കാര ചെടികൾ | തൈകൾ | ■ | ■ | ■ | | | ■ | ■ | ■ | ■ | ■ | ■ | ■ |
| ഔഷധ സസ്യങ്ങൾ | തൈകൾ | ■ | ■ | ■ | | | ■ | ■ | ■ | ■ | | ■ | ■ |
| പഴ വർഗ്ഗ ചെടികൾ | തൈകൾ | | | | ■ | ■ | ■ | ■ | ■ | ■ | ■ | ■ | ■ |
| തെങ്ങ് | തൈകൾ | ■ | ■ | ■ | ■ | ■ | ■ | ■ | ■ | ■ | ■ | ■ | ■ |
| കവുങ്ങ് | തൈകൾ | | | ■ | ■ | ■ | ■ | ■ | ■ | ■ | ■ | ■ | ■ |
| ശീതകാല പച്ചക്കറികൾ | തൈകൾ | | | | | | | | ■ | ■ | ■ | | |

## ഫാമിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ

| ക്രമ നം | ഇനം | വാർഷിക ഉത്പാദനം |
|---|---|---|
| 1 | **നടീൽ വസ്തുക്കൾ** | |
| a | പച്ചക്കറി വിത്തുകൾ | 300 കിലോ |
| b | കുരുമുളക് വള്ളി | 20000 എണ്ണം |
| c | തെങ്ങിൻ തൈകൾ | 16000 എണ്ണം |
| d | ഫലവൃക്ഷ തൈകൾ | 1.25 ലക്ഷം എണ്ണം |
| e | ശീതകാല പച്ചക്കറി തൈകൾ | 80000 എണ്ണം |
| f | അലങ്കാര, ഔഷധ  തൈകൾ | 5000 എണ്ണം |
| g | ഗ്രാഫ്റ്റ്, ലെയർ, ഫല വൃക്ഷ തൈകൾ | 750 എണ്ണം |
| h | വേനൽക്കാല പച്ചക്കറി തൈകൾ | 50000 എണ്ണം |
| 2 | **മൂല്യവർദ്ധിത ഉൾപന്നങ്ങൾ** | |
| a | മഞ്ഞൾ പൊടി | 21.500 കി.ഗ്രാം. |
| 3 | **ഉത്പന്നങ്ങൾ** | |
| a | നാളികേരം | 75000 എണ്ണം |
| b | വാഴക്കുല | 830 കി.ലോ |
| c | കശുവണ്ടി | 510 കി.ഗ്രാം. |
| d | ഇളനീർ | 750 എണ്ണം |
| e | പാൽ | 1500 ലിറ്റർ |

| | | |
|---|---|---|
| 4 | **മറ്റ് ഇനങ്ങൾ** | |
| a | വെർമി കമ്പോസ്റ്റ് | 1200 കി.ഗ്രാം |
| b | വെർമി വാഷ് | 100 ലിറ്റർ |
| c | ഉണക്ക ചാണകം | 1500 കി.ഗ്രാം |

## സംയോജിത കൃഷി രീതികൾ

തെങ്ങ്, കവുങ്ങ്, ജാതി, വിവിധയിനം ഫല വൃക്ഷ തൈകൾ എന്നിവ മിശ്രവിളയായും തനിവിളയായും കൃഷി ചെയ്തുവരുന്നു. നിലവിൽ ഹൈടെക്ക് ഡയറി ഫാമിൽ പതിനഞ്ചോളം പശുക്കളെ പരിപാലിച്ച് വരുന്നു. ഡയറി ഫാമിൽ നിന്നുള്ള ചാണകം ജൈവവളമായും കൃഷിക്ക് ഉപയോഗിക്കുന്നു. കൂടാതെ വെർമി കമ്പോസ്റ്റ് യൂണിറ്റിൽ നിന്നുള്ള ജൈവവളവും ഫാമിൽ സംയോജിത കൃഷിക്കായി ഉപയോഗിക്കുന്നു. ഫാമിലെ കുളങ്ങളിൽ മത്സ്യങ്ങളെ വളർത്തുന്നുണ്ട്.

## പ്രത്യേകതകൾ

- പെരുവണ്ണാമൂഴി ഡാമിനോട് ചേർന്ന പ്രകൃതി രമണീയമായ സ്ഥലം, ഫലഭൂയിഷ്ഠം
- ഫാമിലെ കൃഷിസ്ഥലം കൂടുതലും താഴ്ന്ന് കിടക്കുന്ന വെള്ളക്കെട്ടിനു സാധ്യതയുള്ള ഒരു ഭൂപ്രദേശമാണ്, കുറ്റ്യാടി ഡാമിനോട് ചേർന്ന് കിടക്കുന്ന കൂത്താളി ഫാമിൽ മഴക്കാലത്ത് വെള്ളം കയറുന്നതിനുള്ള സാധ്യത കൂടുതലാണ്.
- ഫാം ടൂറിസത്തിനു അനുയോജ്യമായ ഭൂ പ്രകൃതി, പെരുവണ്ണാമൂഴി ഇക്കോ ടൂറിസത്തോട് ചേർന്ന പ്രദേശം
- വനമേഖലയോട് ചേർന്ന് കിടക്കുന്ന ഭൂ പ്രദേശമായതിനാൽ രൂക്ഷമായ വന്യമൃഗ ശല്യം ഒരു വെല്ലുവിളിയാണ്. പ്രത്യേകിച്ച് കുരങ്ങ്, പന്നി, മുള്ളൻപന്നി മുതലായവയുടെ.

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

ജില്ലാ പഞ്ചായത്തും കാർഷിക വികസന കർഷകക്ഷേമ വകുപ്പും വർഷാ വർഷങ്ങളിൽ ആസൂത്രണം ചെയ്ത്‌വരുന്ന പദ്ധതികളും, ഫാം ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾക്കും രൂപം നൽകി വരുന്നു. എല്ലാ വിഭാഗത്തിലും ഉൾപ്പെടുന്ന നടീൽ വസ്തുക്കളുടെ ഉൽപാദനവും, വിതരണവും ഇരട്ടി ആക്കുന്നതിനുള്ള പ്രവർത്തികളും ലക്ഷ്യമിടുന്നു.



# പാലയാട്
## തെങ്ങിൻതൈ ഉല്പാദന കേന്ദ്രം

**തെങ്ങിൻതൈ ഉല്പാദന കേന്ദ്രം, പാലയാട് പി.ഒ, തലശ്ശേരി, കണ്ണൂർ - 670661**
**ഫോൺ:** 0490-2345766, 93834 72049
**ഇ-മെയിൽ:** cnpalayad @ gmail .com

കണ്ണൂർ ടൗണിൽ നിന്നും 24 കിലോമീറ്റർ കണ്ണൂർ- മേലൂർ റോഡിൽ ഫാം സ്ഥിതി ചെയ്യുന്നു. തലശ്ശേരി റെയിൽവേ സ്റ്റേഷനിൽ നിന്നും 8 കിലോമീറ്റർ ദൂരെയാണ് പാലയാട് ഫാം.

1967 ൽ സ്റ്റേറ്റ് കോക്കനട്ട് നഴ്സറി പാലയാട് പ്രവർത്തനം ആരംഭിച്ചു. ഫാമിന്റെ പ്രധാന പ്രവർത്തനം ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉത്പാദനവും വിതരണവുമാണ്.

### അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ▪ അക്ഷാംശം | $11^0$.79598" N |
| രേഖാംശം | $75^0$.46654" E |
| ▪ ജില്ല | കണ്ണൂർ |
| ▪ ബ്ലോക്ക് | തലശ്ശേരി |
| ▪ താലൂക്ക് | തലശ്ശേരി |
| ▪ പഞ്ചായത്ത് | ധർമ്മടം |
| ▪ വാർഡ് | പാലയാട് |

### വിസ്തീർണ്ണം

| ക്രമ. നം. | ഇനം | വിസ്തീർണ്ണം / എണ്ണം |
|---|---|---|
| 1 | ആകെ വിസ്തീർണം | 4.644 Ha |
| 2 | കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണം | 3.8 Ha |
| 3 | കൃഷി യോഗ്യമായ തരിശു ഭൂമി | ഇല്ല |
| 4 | നെൽപ്പാടം | ഇല്ല |
| 6 | കൃഷി യോഗ്യമല്ലാത്ത തരിശുഭൂമി | ഇല്ല |
| 7 | കുളങ്ങൾ മറ്റു ജലസ്രോതസുകൾ | 0.2 ha |
| 8 | മന്ദിരങ്ങൾ റോഡ് | 0.434 ha |
| 9 | അഗ്രോമെറ്റ് ഒബ്സർവേറ്ററി | 0.01 ha |
| 10 | വനപ്രദേശം | ഇല്ല |

| | | |
|---|---|---|
| 11 | വിളകൾ<br>1 . തെങ്ങ്<br>2. മാവ്<br>3. കശുമാവ്<br>4. പച്ചക്കറി<br>5. വാഴ<br>6. ഇഞ്ചി ,മഞ്ഞൾ<br>7. പ്ലാവ് ,മറ്റുള്ളവ | <br>3.02 Ha<br>0.1 Ha<br>0.2 Ha<br>0.2 Ha<br>0.1 Ha<br>0.04 Ha<br>0.1 Ha |
| 12 | നഴ്സറി | 2 Ha |
| 13 | മറ്റിനങ്ങൾ<br>1 വിത്തു തേങ്ങ സംഭരണം സ്ഥലം | 0.2 Ha |

## ജൈവവൈവിധ്യ വിവരങ്ങൾ

| | | |
|---|---|---|
| തെങ്ങ് | - | 3.02 ഹെ. |
| മാവ് | - | 0.1 ഹെ. |
| കശുമാവ് | - | 0.2 ഹെ. |
| പച്ചക്കറി | - | 0.2 ഹെ. |
| വാഴ | - | 0.1 ഹെ. |
| ഇഞ്ചി, മഞ്ഞൾ | - | 0.04 ഹെ. |
| പ്ലാവ്, മറ്റുള്ളവ | - | 0.04 ഹെ. |

## കൃഷി ചെയ്യുന്ന വിവിധ വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ

| വിളകൾ | Jan | feb | Mar | Apr | may | June | july | Aug | Sept | Oct | Nov | Dec |
|---|---|---|---|---|---|---|---|---|---|---|---|---|
| ഇഞ്ചി/മഞ്ഞൾ | | | | | ■ | ■ | | | | | | |
| ചേന | | ■ | ■ | ■ | | | | | | | | |
| മറ്റു കിഴങ്ങു വർഗ്ഗങ്ങൾ | | | | | ■ | ■ | | | | | | |
| പച്ചക്കറി | | | | | | | | | ■ | ■ | ■ | ■ |
| കുരുമുളക് നഴ്സറി | ■ | ■ | ■ | | | | | | | | | |
| വാഴ | | | | | | ■ | ■ | ■ | ■ | | | |
| തെങ്ങുനഴ്സറി | | | | | | ■ | ■ | ■ | ■ | ■ | | |

## ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ

1 . തെങ്ങിൻതൈ ഉത്പാദനം
2 . പച്ചക്കറിതൈ ഉത്പാദനം
3 . വേര് പിടിപ്പിച്ച കുരുമുളക് തൈ ഉത്പാദനം
4 . ഫല വൃക്ഷതൈകളുടെ ഉത്പാദനം

5 . അലങ്കാര ചെടികളുടെ ഉത്പാദനം

6 . ഔഷധ ചെടികളുടെ ഉത്പാദനം

## നിർമ്മിതികൾ

| | | | |
|---|---|---|---|
| 1 ) | ഓഫീസ് | - | 150 ച.മീ. |
| 2) | സ്റ്റോർ റൂം | - | 1 എണ്ണം |
| 3) | ക്വാർട്ടേഴ്സ് | - | 3 എണ്ണം |
| 4) | വില്പനകേന്ദ്രം | - | 1 എണ്ണം |
| 5) | ലേബർ ഷെഡ് | - | 1 എണ്ണം |
| 6) | തൊഴിലാളി വിശ്രമകേന്ദ്രം | - | 1 എണ്ണം |
| 7) | പോളി ഹൗസ് | - | 2 എണ്ണം |
| 8) | മഴമറ | - | 3 എണ്ണം |
| 9) | മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് | - | 1 എണ്ണം |

## യന്ത്രോപകരണങ്ങൾ

| | | | |
|---|---|---|---|
| 1 . | ബ്രഷ്കട്ടർ | - | 2 എണ്ണം |
| 2 | ചെയിൻസോ | - | 1 എണ്ണം |
| 3 | റോക്കർ സ്പ്രെയർ | - | 2 എണ്ണം |



## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | തസ്തിക | അനുവദിച്ചിട്ടുള്ള തസ്തിക | നിലവിലുള്ള തസ്തിക |
|---|---|---|---|
| 1 | സീനിയർ കൃഷി ഓഫീസർ | 1 | 1 |
| 2 | കൃഷി അസിസ്റ്റന്റ് | 1 | 1 |
| 3 | ക്ലാർക്ക് | 1 | 1 |
| 4 | ഓഫീസ് അറ്റെൻഡന്റ് | 1 | 1 |
| 5 | നൈറ്റ് വാച്ച്മാൻ | 1 | 1 |

## തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമ നം | തൊഴിലാളികൾ /ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരം തൊഴിലാളികൾ<br>അനുവദിച്ചിട്ടുള്ള തസ്തികകൾ<br>നിലവിലുള്ളവ<br>ഒഴിവ് | <br>2<br>2<br>ഇല്ല | <br>13<br>13<br>ഇല്ല |
| 2 | കാഷ്വൽ തൊഴിലാളികൾ | | 2 |



## ഫാമിൽ നിന്നുള്ള ഉല്പന്നങ്ങൾ

| ക്രമ നം | ഇനം | വാർഷിക ഉത്പാദനം/എണ്ണം |
|---|---|---|
| 1 | നടീൽ വസ്തുക്കൾ<br>a) തെങ്ങിൻ തൈ<br>b) കുരുമുളക് വള്ളിത്തല<br>c) പച്ചക്കറി തൈ<br>d) കശുമാവ് ഗ്രാഫ്റ്റ്<br>e) അലങ്കാര ചെടികൾ<br>f) ഫലവൃക്ഷതൈകൾ | <br>75037<br>80000<br>100000<br>2500<br>6000<br>50000 |
| 2 | മൂല്യവർധിത ഉത്പന്നങ്ങൾ | ഇല്ല |
| 3 | ഉത്പന്നങ്ങൾ<br>a) നാളികേരം<br>b) കശുവണ്ടി<br>c) മാങ്ങ | <br>12000 Nos.<br>400 kg<br>50 kg |
| 4 | മറ്റ് ഇനങ്ങൾ<br>a) ഗ്രോബാഗ് | 1000 |

## പ്രത്യേകതകൾ

- ജലസേചന സൗകര്യങ്ങൾ
- നഴ്സറിക്ക് അനുയോജ്യമായ സ്ഥലം
- വൈവിധ്യവത്കരണത്തിനുള്ള സാധ്യത
- നടീൽ വസ്തുക്കൾക്കുള്ള ഡിമാൻറ്

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

വൈവിധ്യ വത്കരണം നടപ്പിലാക്കുക, തേനീച്ച കൃഷി, മത്സ്യ കൃഷി, കോഴി വളർത്തൽ, കമ്പോസ്റ്റ് നിർമ്മാണം, പഴവർഗ്ഗ കൃഷി വ്യാപകമാക്കി മൂല്യവർധിത ഉത്പന്നങ്ങളുടെ ഉത്പാദനം, ബുഷ് പെപ്പർ അത്യുല്പാദന ശേഷിയുള്ള കുരുമുളക്, കശുമാവ് ഇനങ്ങളുടെ കൃഷി, പ്രദർശന തോട്ടങ്ങൾ വിവിധ ഇനം തെങ്ങുകളുടെ പ്ലോട്ടുകൾ സ്ഥാപിക്കുക, പച്ചക്കറി തൈകളുടെ ഉത്പാദനം വർദ്ധിപ്പിക്കുക, പച്ചക്കറി കിഴങ്ങു വർഗ്ഗ കൃഷി വ്യാപനം.

GOK-AGRI-SSF-31

# വേങ്ങാട്
## സംസ്ഥാന വിത്തുത്പാദന കേന്ദ്രം

**സംസ്ഥാന വിത്തുത്പാദന കേന്ദ്രം, വേങ്ങാട് പി.ഒ, കണ്ണൂർ - 670 612,**
**ഫോൺ: 0490-2308047, 93834 72047**
**ഇ-മെയിൽ: seedfarmvengad@gmail.com**

1960ൽ ഫാം പ്രവർത്തനം ആരംഭിച്ചു. കണ്ണൂർ ജില്ലയിലെ കിണവക്കൽ - വേങ്ങാട് - അഞ്ചരക്കണ്ടി റോഡിൽ സ്ഥിതി ചെയ്യുന്നു. നെൽ വിത്ത് ഉല്പാദനം കുരുമുളക് തൈകളുടെ ഉല്പാദനം, പച്ചക്കറി തൈ പച്ചക്കറി വിത്ത് ഉല്പാദനം, ഫല വൃക്ഷ തൈകളുടെ ഉല്പാദനം, കന്നുകാലി വളർത്തൽ, പുഷ്പ ചെടികളുടെ ഉല്പാദനം, പച്ചക്കറി കൃഷി, തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

### അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ▪ അക്ഷാംശം | $11^0$.8842" N |
| രേഖാംശം | $75^0$.5326" E |
| ▪ ജില്ല | കണ്ണൂർ |
| ▪ ബ്ലോക്ക് | തലശ്ശേരി |
| ▪ താലൂക്ക് | തലശ്ശേരി |
| ▪ പഞ്ചായത്ത് | വേങ്ങാട് |
| ▪ വാർഡ് | 3 |

### വിസ്തീർണ്ണം

| ക്രമനമ്പർ | ഇനം | വിസ്തീർണ്ണം (ഹെ) |
|---|---|---|
| 1 | ആകെവിസ്തീർണ്ണം | 10.66 ഹെ |
| 2 | കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | 10.03 ഹെ |
| 3 | കൃഷിയോഗ്യമായ തരിശുഭൂമി | ഇല്ല |
| 4 | നെൽപ്പാടം | 7 ഹെ |
| 5 | മറ്റു ജലാശയങ്ങൾ | ഇല്ല |
| 6 | കൃഷിയോഗ്യമല്ലാത്ത തരിശ്ഭൂമി | ഇല്ല |
| 7 | കുളങ്ങൾ, മറ്റു ജലസ്രോതസ്സുകൾ | 3 കുളം (8 സെന്റ്) 5 കിണർ |
| 8 | മന്ദിരങ്ങൾ, റോഡ് | 8 ബിൽഡിംഗ് ( 30 സെന്റ്) |
| 9 | അഗ്രോമെറ്റ് ഒബ്സർവേറ്ററി | 1 എണ്ണം |
| 10 | വനപ്രദേശം | ഇല്ല |

| | | |
|---|---|---|
| 11 | വിളകൾ | നെല്ല്- 7 ഹെ<br>തെങ്ങ്- 2.64 ഹെ<br>കവുങ്ങ്- 2 ഹെ<br>കശുമാവ്-0.2ഹെ<br>വാഴ - 0.4 ഹെ<br>വെജിറ്റബിൽ- 1.5 ഹെ<br>പയർ - 0.3 ഹെ<br>തീറ്റ പുൽ- 0.2 ഹെ<br>ചോളം - 0.1 ഹെ |
| 12 | നഴ്സറി | 550 സ്ക്വയർ മീറ്റർ |
| 13 | മറ്റിനങ്ങൾ | കന്നുകാലി ഫാം |

## വിളകൾ

| ക്രമ നം | വിളകൾ | വിസ്തീർണ്ണം | ഇനം |
|---|---|---|---|
| 1 | നെല്ല് | 7 ഹെ. | ജ്യോതി, ആതിര |
| 2 | തെങ്ങ് | 2.64 ഹെ. | WCT, TxD |
| 3 | കശുമാവ് | 0.2 ഹെ. | |
| 4 | പച്ചക്കറി | 1.5 ഹെ. | ചീര (അരുൺ), വെണ്ട (സൽ കീർത്തി), മഞ്ഞൾ (അമ്പിളി), ഇളവൻ (KAU), പയർ (ലോല), വെള്ളരി (സൗഭാഗ്യ) |
| 5 | കമുക് | 2 ഹെ. | മോഹിത് നഗർ |
| 6 | വാഴ | 0.4 ഹെ. | |
| 7 | പയർ | 0.3 ഹെ. | കുറ്റി പയർ |
| 8 | ചോളം | 0.1 ഹെ. | സ്വർഗം/മണിച്ചോളം |
| 9 | തീറ്റപ്പുൽ | 0.2 ഹെ. | $CO_3$ |

## ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ/സേവനങ്ങൾ

നെൽ വിത്ത് ഉല്പാദനവും വിതരണവും (വിരിപ്പ്, മുണ്ടകൻ), കുരുമുളക് തൈകളുടെ ഉല്പാദനവും വിതരണവും, പച്ചക്കറി തൈകൾ, പച്ചക്കറി വിത്ത് എന്നിവയുടെ ഉല്പാദനം വിതരണം, ഫല വൃക്ഷ തൈകളുടെ ഉല്പാദനം വിതരണം, കന്നുകാലി വളർത്തൽ പാലുൽപാദനം വിതരണം, പുഷ്പ ചെടികളുടെ ഉല്പാദനം, പച്ചക്കറി കൃഷി, തെങ്ങ് കൃഷി പരിചണവും വിളവെടുപ്പും. കശുവണ്ടി വിളവെടുപ്പ്. പയർ വർഗ്ഗ കൃഷി, തീറ്റപുൽ കൃഷി ഗ്രോബാഗിൽ പച്ചക്കറി തൈ ഉല്പാദനം, വാഴ, ചേന എന്നിവയുടെ കൃഷി.

## നിർമ്മിതികൾ

| | |
|---|---|
| ഓഫീസ് കെട്ടിടം | - 500 ച.മീ. |
| ഡ്രൈയിംഗ് യാർഡ് | - 250 ച.മീ. |
| സംഭരണ കേന്ദ്രം | - 550 ച.മീ. |

| | |
|---|---|
| മഴമറ | - 200 ച.മീ. |
| ഷെയ്ഡ് ഹൗസ് | - 150 ച.മീ. |
| തൊഴിലാളികളുടെ വിശ്രമകേന്ദ്രം | - 125 ച.മീ. |
| വാച്ച്മാൻ കാബിൻ | - 40 ച.മീ. |

## യന്ത്രോപകരണങ്ങൾ

പവർ ടില്ലർ - 1 എണ്ണം, ട്രാക്ടർ - 1 എണ്ണം, ബ്രഷ് കട്ടർ - 2 എണ്ണം, Conoweeder - 6 എണ്ണം, മെതിയന്ത്രം - 1 എണ്ണം, പാറ്റ് യന്ത്രം - 1 എണ്ണം, സ്പ്രേയർ - 4 എണ്ണം

## കൃഷി ചെയ്യുന്ന വിവിധ വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ

| ക്രമ നം | പ്രധാന പ്രവർത്തനങ്ങൾ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി | ഫിബ്രുവരി | മാർച്ച് | ഏപ്രിൽ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | നെൽ വിത്തുല്പാദനം, പച്ചക്കറി തൈ ഉല്പാദനം, പഴവർഗ്ഗ ചെടി വിതരണം | | | | | | | | | | | | |
| 2 | നെൽ വിത്തുല്പാദനം - 2-ാം വിള, പച്ചക്കറി കൃഷി, പച്ചക്കറി വിത്തുല്പാദനം | | | | | | | | | | | | |
| 3 | കുരുമുളക് തൈ ഉല്പാദനം, പഴവർഗ്ഗ ചെടികളുടെ ഉൽപാദനം, പയർ വർഗ വിളകളുടെ കൃഷി, പച്ചക്കറി വിത്തുല്പാദനം, നെൽവിത്ത് വിതരണം | | | | | | | | | | | | |
| 4 | കന്നുകാലി പരിപാലനം | | | | | | | | | | | | |

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | തസ്തിക | അനുവദിച്ചിട്ടുള്ളഎണ്ണം | നിലവിലെഎണ്ണം |
|---|---|---|---|
| 1 | സീനിയർ കൃഷി ഓഫീസർ | 1 | 1 |
| 2 | കൃഷി അസിസ്റ്റന്റ് | 1 | 1 |
| 3 | ക്ലാർക്ക് | 1 | 1 |
| 4 | ഓഫീസ് അറ്റന്റന്റ് | 1 | 1 |




## തൊഴിലാളികളുടെ വിവരം

| ക്രമ നം | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരം തൊഴിലാളികൾ | | |
| a | അനുവദിച്ചിട്ടുള്ള തസ്തികകൾ | 6 | 15 |
| b | നിലവിലുള്ളവ | 6 | 15 |
| 2 | ഒഴിവ് | ഇല്ല | ഇല്ല |
| 3 | ദിവസവേതന തൊഴിലാളികൾ | ഇല്ല | ഇല്ല |

## ഫാമിൽ നിന്നുള്ള വസ്തുക്കളുടെവിൽപ്പന വിവരം

| ക്രമ നം | ഇനം | വാർഷിക ഉത്പാദനം |
|---|---|---|
| 1 | നടീൽവസ്തുക്കൾ | |
| a | നെൽവിത്ത് | 12 ടൺ |
| b | പച്ചക്കറി വിത്ത് | 211 കി.ഗ്രാം |
| c | പച്ചക്കറി തൈ | 25800 എണ്ണം |
| d | കുരുമുളക് | 30,000 എണ്ണം |
| 2 | ഉത്പന്നങ്ങൾ | |

| | | |
|---|---|---|
| a | തേങ്ങ | 10000 എണ്ണം |
| b | അടക്ക | 400 കി.ഗ്രാം |
| c | വാഴക്കുല | 500 കി.ഗ്രാം |
| d | പച്ചക്കറി | 500 കി.ഗ്രാം |
| e | പാൽ | 10800 ലിറ്റർ |
| f | ചാണകവളം | 9500 കി.ഗ്രാം |

## സംയോജിതകൃഷിരീതികൾ(IFS)

9 പശുക്കളടങ്ങുന്ന ഡയറി ഫാം പ്രവർത്തിച്ചു വരുന്നു. അവയുടെ ചാണകം നെല്ല്, തെങ്ങ്, പച്ചക്കറി, കമുക്, പോട്ടിങ്ങ് മിശ്രിത നിർമ്മാണം എന്നിവയ്ക്ക് ഉപയോഗിക്കുന്നു. ഗോമൂത്രം പരിമിതമായ അളവിൽ പച്ചക്കറി നെല്ല് എന്നിവക്ക് ഉപയോഗിക്കുന്നു. ചാണകം, ഗോമൂത്രം, പയർ എന്നിവ ഉപയോഗിച്ച് ജീവാമൃതം തയ്യാറാക്കി കൃഷിയിൽ ഉപയോഗിക്കുന്നു. തീറ്റപുല്ല് ഉപയോഗിച്ച് കാലി വളർത്തൽ നടത്തുന്നു. നെൽകൃഷിയിൽ നിന്നുള്ള വൈക്കോൽ പശുക്കൾക്ക് തീറ്റയായി നൽകുന്നു. വാഴക്കുല വെട്ടിയതിന് ശേഷമുള്ള വിളാവശിഷ്ടങ്ങൾ ഉപയോഗിച്ച് മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുന്നു.

## വികസനത്തിനായുള്ള ഭാവി പദ്ധതികൾ

a) E ബ്ലോക്കിലെ കുളത്തിൽ ടാങ്കും ഡ്രിപ്പ്/സ്പ്രിങ്ക്ളർ സംവിധാനം ഏർപ്പെടുത്തൽ
b) കിണർ റിച്ചാർജ്ജ്, മഴവെള്ള സംഭരണം
c) വില്പന യൂണിറ്റ് സ്ഥാപിക്കൽ
d) മാതൃ വൃക്ഷത്തിന്റെ തോട്ടം സ്ഥാപിക്കൽ
e) മഴമറ യൂണിറ്റുകൾ സ്ഥാപിക്കൽ

GOK-AGRI-SF-12

# ചാലോട്

## കോക്കനെട്ട് ഹൈബ്രിഡൈസേഷൻ സെന്റർ

**കോക്കനെട്ട് ഹൈബ്രിഡൈസേഷൻ സെന്റർ**
**ചാലോട്, പി.ഒ എടയന്നൂർ, കണ്ണൂർ** - 670 595
**ഫോൺ:** 0490-2486 220, 93834 72048.
**ഇ-മെയിൽ:** tadchalode@gmail.com

കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്കിലെ കീഴല്ലൂർ ഗ്രാമ പഞ്ചായത്തിൽ ചാലോട് എന്ന സ്ഥലത്ത് ഡെമോൺസ്ട്രേഷൻ സെന്ററായി 1959ലാണ് സ്ഥാപിതമായത്. ഇത് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള കൃഷി ഫാമുകളിലൊന്നാണ്. കണ്ണൂർ റോഡിൽ ചാലോട് ബസ് സ്റ്റാന്റിന്റെ മുൻ വശത്തായാണ് ഫാം സ്ഥിതി ചെയ്യുന്നത്. കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും 22 കിലോമീറ്ററും ചാലോട് ബസ് സ്റ്റാന്റിൽ നിന്ന് 200 മീറ്റർ അകലെയുമാണ് ഫാമിന്റെ സ്ഥാനം.

### അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം — 11$^0$.9291591" N
  രേഖാംശം — 75$^0$.503843" E
- ജില്ല — കണ്ണൂർ
- ബ്ലോക്ക് — ഇരിട്ടി
- താലൂക്ക് — തലശ്ശേരി
- പഞ്ചായത്ത് — കീഴല്ലൂർ
- വാർഡ് — I, ചാലോട്

### വിസ്തീർണ്ണം

| ക്രമ. നം. | ഇനം | വിസ്തീർണ്ണം/എണ്ണം |
|---|---|---|
| 1 | ആകെ വിസ്തീർണ്ണം | 0.90 ഹെക്ടർ |
| 2 | കൃഷി ചെയ്യുന്ന സ്ഥലത്തിന്റെവിസ്തീർണ്ണം | 0.804 ഹെക്ടർ |
| 3 | കുളങ്ങൾ, മറ്റു ജലസ്രോതസ്സുകൾ | കിണർ-1 |
| 4 | നിർമ്മിതികൾ, റോഡ് | 0.096 ഹെക്ടർ |
| 5 | അഗ്രോമെറ്റ് ഒബ്സർവേറ്ററി | ഒന്ന് |

| | | |
|---|---|---|
| 6 | വിളകൾ | തെങ്ങ്-43<br>മാവ്- 13<br>പ്ലാവ്- 3<br>കൊക്കോ-6<br>കശുമാവ്-11<br>സപ്പോട്ട-6<br>പേര-1<br>നാരകം-1<br>കൊടംപുളി-3<br>പച്ചക്കറികൾ- 10സെന്റ്<br>കുരുമുളക്-40 |
| 7 | നഴ്സറി | അലങ്കാരച്ചെടികൾ<br>പച്ചക്കറിതൈകൾ<br>കുരുമുളക് തൈകൾ |
| 8 | മറ്റുകാര്യങ്ങൾ | മത്സ്യ കൃഷിക്കാവശ്യമായ കുളം-1<br>മണ്ണിര കമ്പോസ്റ്റ് ടാങ്ക്-1 |






## ഫാമിന്റെ പ്രധാന പ്രവർത്തനങ്ങൾ

1) ടിXഡി ഹൈബ്രിഡൈസേഷൻ പ്രവൃത്തികൾ
2) ടിXഡി, ഡബ്ല്യു.സി.ടി, ഡ്വാർഫ് വിത്ത് തേങ്ങ സംഭരണം
3) പച്ചക്കറിത്തൈകളുടെ ഉത്പാദനം
4) പോട്ടിംഗ് മിക്സ്ചർ നിറച്ച ഗ്രോബാഗ് വിതരണം
5) വേര് പിടിപ്പിച്ച കുരുമുളക് വള്ളിത്തൈകളുടെ ഉത്പാദനം
6) അലങ്കാരച്ചെടികളുടെ ഉത്പാദനം
7) ഫലവൃക്ഷത്തൈകളുടെ ഉത്പാദനം
8) ജൈവവളങ്ങളുടെ (മണ്ണിരകമ്പോസ്റ്റ്, ചകിരിച്ചോറ്കമ്പോസ്റ്റ്, ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച കാലി വളം) ഉത്പാദനവും വിതരണവും

## നിർമ്മിതികൾ , മറ്റു അടിസ്ഥാന സൗകര്യങ്ങൾ

| | | | |
|---|---|---|---|
| 1. | ഓഫീസ് കെട്ടിടം | - | 1 എണ്ണം |
| 2. | ഇരിട്ടി എ.ഡി.എ ഓഫീസ് കെട്ടിടം | - | 1 എണ്ണം |
| 3. | പഴയ ഓഫീസ് കെട്ടിടം(തൊഴിലാളികളുടെ വിശ്രമ മുറി) | - | 1 എണ്ണം |
| 4. | വാച്ച്മാൻ കാബിൻ | - | 1 എണ്ണം |
| 5. | പോളീഹൗസ് | - | 1 എണ്ണം |
| 6. | ഹാർഡെനിംഗ് ചെയ്മ്പർ | - | 1 എണ്ണം |
| 7. | റെയിൻ ഷെൽട്ടർ | - | 2 എണ്ണം |
| 8. | പോട്ടിംഗ് ഷെഡ് | - | 4 എണ്ണം |

## കൃഷി ചെയ്യുന്ന വിവിധ വിളകളുടെ സീസൺ അനുസരിച്ചുള്ള കലണ്ടർ

| വിള | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| കുരുമുളക് തൈ | | | | | | | | | | | | |
| അലങ്കാര ചെടികൾ | | | | | | | | | | | | |
| ഫലവൃക്ഷ തൈ | | | | | | | | | | | | |
| വാഴ | | | | | | | | | | | | |
| തെങ്ങിൻ തൈ | | | | | | | | | | | | |

## യന്ത്രോപകരണങ്ങൾ

1. ഗാർഡൻ ടില്ലർ(ഹോണ്ട) - 1 എണ്ണം
2. പവർ സ്പ്രെയർ - 2 എണ്ണം
3. ക്നാപ് സാപ് സ്പ്രെയർ - 3 എണ്ണം
4. റോക്കർ സ്പ്രെയർ - 1 എണ്ണം
5. വീഡ് കട്ടർ - 1 എണ്ണം
6. ഗ്രോ ബാഗ് ഫില്ലിംഗ് മെഷീൻ - 1 എണ്ണം
7. ഇലക്ട്രോണിക്ക് വെയിംഗ് മെഷീൻ - 2 എണ്ണം
8. ചെയ്ൻ സോ - 1 എണ്ണം
9. സീലിംഗ് മെഷീൻ - 2 എണ്ണം
10. വീൽ ബാരൊ(ഡബ്ൾ) - 4 എണ്ണം
11 ലാഡർ - 1 എണ്ണം
12 പ്രൂണർ - 2 എണ്ണം

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം |
|---|---|---|---|
| 1 | സീനിയർ കൃഷി ഓഫീസർ | 1 | 1 |
| 2 | കൃഷി അസിസ്റ്റന്റ് | 6 | 6 |
| 3 | ഹെഡ് ക്ലർക്ക് | 1 | 0 |
| 4 | ക്ലർക്ക് | 1 | 1 |
| 5 | ഓഫീസ് അറ്റന്റന്റ് | 1 | 1 |
| 6 | നൈറ്റ് വാച്ച്മാൻ | 1 | 1 |

## തൊഴിലാളികളുടെവിവരങ്ങൾ

| ക്രമ നം | തൊഴിലാളികൾ/ഇനം | ആൺ | പെൺ |
|---|---|---|---|
| 1 | സ്ഥിരം തൊഴിലാളികൾ | | |
| a | അനുവദിച്ചിട്ടുള്ളതസ്തികകൾ | 3 | 3 |
| b | നിലവിലുള്ളവ | 1 | 4 |
| c | ഒഴിവ് | 1 | |
| 2 | ദിവസവേതന തൊഴിലാളികൾ | 0 | |
| 3 | സ്കിൽഡ് ലേബേർസ് | 0 | |

## ഫാമിൽ നിന്നുള്ള ഉത്പന്നങ്ങൾ

| ക്രമ നം | ഇനം | വാർഷിക ഉത്പാദനം |
|---|---|---|
| 1 | നടീൽവസ്തുക്കൾ | |
| a | പച്ചക്കറിത്തൈകൾ | 169068 എണ്ണം |
| b | വേര് പിടിപ്പിച്ച കുരുമുളക് വള്ളികൾ | 54692 എണ്ണം |
| c | ഫലവൃക്ഷത്തൈകൾ | 51431 എണ്ണം |
| d | അലങ്കാരച്ചെടികൾ | 1800 എണ്ണം |

## പ്രത്യേകതകൾ

ചാലോട് ടൗണിന് സമീപത്തായി സ്ഥിതി ചെയ്യുന്നതിനാൽ ഇവിടെ ഉൽപ്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾക്കും ഫാം ഉൽപ്പന്നങ്ങൾക്കും നല്ല വിപണനം ലഭിക്കുന്നുണ്ട്. മാർച്ച് ഏപ്രിൽ മാസങ്ങളിലെ ജല ലഭ്യത കുറവാണ് ഫാം നേരിടുന്ന പ്രധാന വെല്ലുവിളി.

# തളിപ്പറമ്പ
## ജില്ലാ കൃഷിത്തോട്ടം

GOK-AGRI-DAF-9

**ജില്ലാ കൃഷിത്തോട്ടം, തളിപ്പറമ്പ, പി.ഒ. കരിമ്പം, കണ്ണൂർ - 670142**
**ഫോൺ നമ്പർ - 0460 2206979, 0460 2203154, 9383472042**
email id – kannurdaf@gmail.com

കണ്ണൂർ റെയിൽവേ സ്റ്റേഷൻ നിന്നും 25 കിലോ മീറ്റർ ദൂരത്ത് തളിപ്പറമ്പ് ബസ് സ്റ്റാന്റിൽ നിന്നും 3 കിലോമീറ്റർ കിഴക്കായി ശ്രീകണ്ഠാപുരം - ഇരിട്ടി സ്റ്റേറ്റ് ഹൈവെ റോഡിൽ കരിമ്പം എന്ന സ്ഥലത്ത് ജില്ലാ കൃഷിത്തോട്ടം സ്ഥിതി ചെയ്യുന്നു.

ഒരു നൂറ്റാണ്ടിന് മുൻപ് അന്നത്തെ മദിരാശി സംസ്ഥാനത്തിൽ അടിക്കടി ഉണ്ടാകുന്ന ഭക്ഷ്യ ക്ഷാമത്തിന്റെ അടിസ്ഥാനത്തിൽ 1880-ൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച അന്വേഷണ കമ്മീഷന്റെ ശുപാർശ പ്രകാരം കുരുമുളക് കൃഷിയെ സംബന്ധിച്ച് പഠനം നടത്തുവാൻ തളിപ്പറമ്പിലെ കരിമ്പം എന്ന സ്ഥലത്ത് മദിരാശി സർക്കാർ ഫാം സ്ഥാപിച്ചു. മദിരാശി സർക്കാരിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനായിരുന്ന ഡോ. ചാൾസ് ആൽഫ്രഡ് ബാർബർ എന്ന ഇംഗ്ലീഷുകാരനാണ് 1905 - ൽ കരിമ്പം കൃഷിത്തോട്ടം സ്ഥാപിച്ചത്. കുരുമുളകിനെ ബാധിക്കുന്ന കീടങ്ങളേയും രോഗങ്ങളേയും സംബന്ധിച്ചായിരുന്നു ആദ്യമായി ഇവിടെ ഗവേഷണം ആരംഭിച്ചത്. വളരെയധികം ചെറുകിട കൃഷിക്കാരിൽ നിന്നും ഭൂമി പൊന്നിൻ വിലകൊടുത്താണ് അറുപത്തിരണ്ട് ഏക്കർ സ്ഥലത്ത് ഈ കേന്ദ്രം സ്ഥാപിച്ചത്.

മാവുകളെ സംബന്ധിച്ചുള്ള പഠനങ്ങളാണ് കൂടുതൽ ഇവിടെ നടന്നിട്ടുള്ളത്. 1955 - ൽ ഇന്ത്യയിൽ ആദ്യമായി മാവുകളിൽ ഹൈബ്രൈഡൈസേഷൻ നടത്തിയത് ഈ ഫാമിൽ ആണ്. 1965 - ൽ കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ച ഫാം 1975 മുതൽ തളിപ്പറമ്പ് ജില്ലാ കൃഷിത്തോട്ടം എന്ന പേരിൽ അറിയപ്പെട്ടു.

### ഫാം ബംഗ്ലാവ്/ഫാം റസ്റ്റ് ഹൗസ്

ഈ ഫാമിന്റെ സ്ഥാപകനായ ഡോ. ചാൾസ് ആൽഫ്രഡ് ബാർബർ പൂർണ്ണമായും തേക്കുതടി ഉപയോഗിച്ച് 1906 ൽ ഒരു ഫാം ബംഗ്ലാവ്/ഫാം റെസ്റ്റ് ഹൗസ് നിർമ്മിച്ചു. സ്വാതന്ത്ര്യാനന്തരം 1958 ഏപ്രിൽ24ന് പ്രധാനമന്ത്രി ജവഹർലാൽ നെഹ്രുവും മകൾ ഇന്ദിരാഗാന്ധിയും മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ് നമ്പൂതിരിപ്പാടും ഈ ബംഗ്ലാവിൽ ദിവസങ്ങൾ താമസിച്ചിട്ടുള്ളതും ഇവർ രേഖപ്പെടുത്തിയ സന്ദർശന രജിസ്റ്റർ ഇപ്പോഴും ഫാമിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്. 1989-വരെ നിരവധി പ്രമുഖ വ്യക്തികൾ ഈ ബംഗ്ലാവിൽ താമസിക്കുകയും ഫാം തോട്ടത്തിൽ തൈകൾ നടുകയും ചെയ്തിട്ടുണ്ട്. രാഷ്ട്രപതി വി.വി.ഗിരി, മുഖ്യമന്ത്രിമാരായിരുന്ന കെ. കരുണാകരൻ, ഇ.കെ. നായനാർ, പി.കെ. വാസുദേവൻ നായർ മന്ത്രിമാരായിരുന്ന കെ.ആർ. ഗൗരിയമ്മ, ഇ. ചന്ദ്രശേഖരൻനായർ,

പി.പി. ജോർജ്ജ് എന്നിവരൊക്കെ ബംഗ്ലാവിൽ തങ്ങി ഫാം സന്ദർശിച്ചിട്ടുണ്ട്.

തളിപ്പറമ്പ് ജില്ലാ കൃഷിത്തോട്ടത്തിൽ സ്ഥാപിച്ച ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള സൈറൺ ഗതകാല സ്മരണകളോടെ ഇന്നും ആളുകളെ ആകർഷിക്കുന്നു. വൈദ്യുതി ആവശ്യമില്ലാത്തതും കൈകൊണ്ട് തിരിച്ച് പ്രവർത്തിപ്പിക്കാവുന്ന യന്ത്ര സംവിധാനത്തോടുകൂടിയതുമായ പ്രസ്തുത സൈറൺ ആണ് 150 ഏക്കർ വ്യാപിച്ച് കിടക്കുന്ന കൃഷിത്തോട്ടത്തിലെ പ്രവൃത്തി സമയം വിളിച്ചറിയിക്കുന്നത്.


Visitors' Book of Talipuramba Farm.

Name and address of visitor. | Remarks.

PAUL HOLLIDAY
DEPT. AGRICULTURE
KUCHING, SARAWAK.

April 1958

Jawaharlal Nehru
(PRIME MINISTER OF INDIA)

Indira Gandhi (INDIRA GANDHI)

(Chief Minister - Kerala)

M. K. Abdul Hameed.
Chemical Engineer
F.A.C.T. Alwaye

## അടിസ്ഥാന വിവരങ്ങൾ

- അക്ഷാംശം 12.05⁰ N
  രേഖാംശം 75.35⁰ E
- ജില്ല കണ്ണൂർ
- ബ്ലോക്ക് തളിപ്പറമ്പ
- താലൂക്ക് തളിപ്പറമ്പ
- പഞ്ചായത്ത് കുറുമാത്തൂർ
